H.5

[illegible]

# SUCHARITHAKAL.

EDITED
BY
**K. NARAYANA MENON.**
AND
PUBLISHED
BY
**The Manager B. V. Press,**
TRICHUR.

No 4-5
3/4

Copies
Price (with photos) Rs 1—2—0
Price (without photos Rs 1—0—0

# സുചരിതകൾ.

പ്രസാധകൻ
കെ. നാരായണമേനോൻ.
പ്രകടനാധികൃതൻ
'ഭാരതവിലാസം' മാനേജർ
തൃശ്ശിവപേരൂർ.

പ്രതികൾ
ഛായകളോടുകൂടിയ പുസ്തകത്തിന്നു വില 1-2-0
ഛായകളില്ലാത്ത ടി ടി 1-0-0

ഭാരതവിലാസം അച്ചുകൂടത്തിൽ അച്ചടിച്ചത്.

1087.

# മുഖവുര.

ഞാൻ പ്രസാധകൻെറ നിലയിൽ ഈ പുസ്തകത്തെ കുറിച്ചു മുഖവുരയായി രണ്ടു വാക്കു പറയാതെയിരിക്കുന്നത് ഒട്ടും ഭംഗിയല്ലല്ലൊ. എന്നുതന്നെയല്ല, ഈ സംഗതിയിൽ പ്രത്യേകം ഒരു മുഖവുര ആവശ്യമായിത്തീൎന്നിട്ടുമുണ്ട്. ഇങ്ങിനെ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തേണമെന്നുള്ള ഉദ്ദേശം എനിക്ക് ഇന്നും ഇന്നലെയും ഉണ്ടായതല്ല. ഞാൻ 'ശാരദ' എന്ന മാസിക നടത്തുവാൻ ആരംഭിച്ചകാലം മുതൽക്കുതന്നെ ഈ ആഗ്രഹം എൻെറ മനസ്സിൽ കടന്നുകൂടി സ്ഥിരതാമസമാക്കീട്ടുണ്ട്. പക്ഷെ, ആകസ്മികമായി സംഭവിച്ച ചില സംഗതികൾനിമിത്തം ആ ഉദ്ദേശം സാധിക്കുവാനുള്ള സൌകൎയ്യം ഇതേവരെ സിദ്ധിച്ചില്ലെന്നേയുള്ളു. ദേഹാഭിമാനം നിമിത്തം 'മിടുമിടുക്കന്മാർ' എന്നു വിചാരിക്കുന്ന മനുഷ്യരുടെ ഉദ്ദേശസാദ്ധ്യത്തിന്നു പല പ്രതിബന്ധങ്ങളും നേരിടുന്നതു സാധാരണയാകുന്നു. സദുദ്ദേശങ്ങളുടെ ഫലപ്രാപ്തി കുറഞ്ഞും ദുരുദ്ദേശങ്ങളുടെ ഫലപ്രാപ്തി വൎദ്ധിച്ചും വരുമ്പോൾ, താല്ക്കാലികമായ ഗുണത്തിന്നുവേണ്ടി പ്രകൃത്യാ നീചപ്രകൃതികളായ മനുഷ്യർ കൃത്രിമോപചാരങ്ങൾകൊണ്ടു നിഷ്കളങ്കന്മാരെ വഞ്ചിക്കുവാൻ സന്നദ്ധരാകയാൽ, ദൈവനീതിക്കു വിപരീതമായ ഫലം അവരുടെ പ്രവൃത്തികളിൽനിന്നുണ്ടായി ലോകത്തിൽ കഷ്ടപ്പാടു വൎദ്ധിക്കാതിരിപ്പാൻവേണ്ടി മനുഷ്യരുടെ ബുദ്ധിക്ക് അഗോചരമായ ഒരു ദൈവികശക്തി അവിടെ പ്രത്യക്ഷപ്പെടുന്നതാണ്. എൻെറ ആദ്യത്തെ ശ്രമം നിഷ്ഫലമായെങ്കിലും വീണ്ടും ശ്രമിക്കുവാൻ എന്നെ പ്രോത്സാഹിപ്പിച്ചതും എൻെറ ഉദ്ദേശം ഇപ്പോഴെങ്കിലും സാധിപ്പിച്ചതും എനിക്കു മേൽപറഞ്ഞ തത്വത്തിലുള്ള ദൃഢവിശ്വാസമാണെന്നുമാത്രമെ ഈ അവസരത്തിൽ ഞാൻ പറയുന്നുള്ളു.

ഈ ഗ്രന്ഥം 'മഹതികൾ' എന്ന നാമധേയത്തിൽ പ്രസിദ്ധപ്പെടുത്തേണമെന്നാണ് ഞാൻ ആദ്യം വിചാരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ 'സുചരിതകൾ' എന്നു പേരിട്ടതിന്നു ന്യായമായ ഒരു കാരണമില്ലെന്നുമില്ല. ശ്രീമതി, ടി- ബി- കല്യാണിയമ്മ അവർകൾ ശാരദയിൽ എഴുതിയിരുന്ന നാലഞ്ചു ജീവചരിത്രങ്ങൾ ഒന്നായിചേൎത്തു 'മഹതികൾ' എന്ന നാമധേയത്തിൽ ഒരു പുസ്തകം അല്പം മുമ്പുതന്നെ പ്രസിദ്ധപ്പെടുത്തീട്ടുള്ളതുകൊണ്ട്, ഈ പുസ്തകത്തിന്നും ആ പേർതന്നെ കൊടുക്കാതെ, വേറെ വല്ല പേരുമായാൽ കൊള്ളാമെന്ന് ഒരു സ്നേഹിതൻ ഇയ്യിടെ എന്നോട് ആവശ്യപ്പെട്ടു. ആ വിദ്വാൻെറ അഭിപ്രായം ഒട്ടും

ന്യായരഹിതമല്ലെന്ന് എനിക്കും തോന്നി. അതുകൊണ്ടാണ് പേർ ഇങ്ങിനെ മാററിയത്. 'മഹതികളിലും' 'ഇന്ത്യയിലെ മഹതികളിലും' പ്രസിദ്ധപ്പെട്ടുത്തീട്ടുള്ള രണ്ടോ മൂന്നോ ജീവചരിത്രങ്ങൾ പക്ഷെ സുചരിതകളിലും കാണുമായിരിക്കാം. 'അതു തീരെ അനാവശ്യമല്ലെ?' എന്നു വല്ലവരും സംശയിക്കുന്നുണ്ടെങ്കിൽ, അവ വളരെ കാലം മുമ്പുതന്നെ ഈ പുസ്തകത്തിന്നുവേണ്ടി തയാറാക്കി വെച്ചിരുന്നതുകൊണ്ടുമാത്രമാണ് ഇങ്ങിനെ പ്രസിദ്ധം ചെയ്യുത് എന്നു സമാധാനപ്പെടേണ്ടതാകുന്നു.

'നാം ഇന്ത്യക്കാരല്ലെ? നമ്മുടെ സ്ത്രീകൾക്കു ദൃഷ്ടാന്തയോഗ്യമായ ജീവചരിത്രങ്ങൾ ഹിന്തുസ്ത്രീകളെ സംബന്ധിച്ചവയല്ലെ? വിദേശീയരെ മാതൃകയാക്കുന്നതു സ്വാഭിമാനത്തിനും സ്വദേശസ്നേഹത്തിനും പോരായ്കയല്ലെ?' എന്നും മററും ചോദിക്കുന്ന സ്വദേശാഭിമാനികളോടു ഞാൻ പൂൎണ്ണമായി യോജിക്കുന്നില്ലെന്നു വ്യസനപൂൎവ്വം പറയേണ്ടിയിരിക്കുന്നു. പുരാണപ്രസിദ്ധിയുള്ള സീത, ദമയന്തി മുതലായവരേയും ചരിത്രപ്രസിദ്ധിയുള്ള ദുൎഗ്ഗാവതി, ചാന്ദ് ബീബി മുതലായവരേയും കുറിച്ച് എനിക്കുള്ള അഭിമാനവും ബഹുമാനവും മററുള്ളവൎക്കുള്ളതിനേക്കാൾ ഒട്ടും കുറവല്ല. പക്ഷേ, സീതാ പ്രഭൃതികളുടെ പാതിവ്രത്യാദി സൽഗ്ഗുണങ്ങളേയും ദുൎഗ്ഗാവതി മുതലായവരുടെ ശൌൎയ്യവീൎയ്യാദിഗുണങ്ങളേയും അനുകരിക്കുവാനുള്ള ശ്രമം ആഗ്രഹിക്കത്തക്കതാണെങ്കിലും, ഇദാനീന്തനമാരായ നമ്മുടെ സ്ത്രീകളുടെ ഇടയിൽ സാമുദായികമായും മററും സംഭവിച്ചിട്ടുള്ള മാററങ്ങൾ നിമിത്തം അനുകരണവിഷയത്തിൽ അധികം സൌകൎയ്യം അവൎക്കു പാശ്ചാത്യമഹതികളെ മാതൃകയാക്കി പ്രവൎത്തിക്കുന്നതിനാണെന്നുള്ള സംഗതി അനുഭവസിദ്ധമാണല്ലൊ. കാലോചിതമായ സദാചാരനിരതക്കു ആസ്പദമായ മാനസികപരിഷ്കാരം നമുക്കു പാശ്ചാത്യന്മാരിൽനിന്നു സിദ്ധിച്ചതല്ലെന്നു പറയുവാൻമാത്രം ദുരഭിമാനമൊ കൃതഘ്നതയൊ നമുക്കില്ലാത്തതുകൊണ്ട് ഈ സംഗതിയിൽ ഞാൻ വലിയ അപരാധിയാണെന്ന് ആരും സംശയിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

ഈ അവസരത്തിൽ ലേഖനങ്ങൾകൊണ്ടും മററും എന്നെ നിൎവ്യാജമായി സഹായിച്ചിരിക്കുന്ന എൻെറ സുഹൃത്തുക്കളോടും 'സുചരിതകൾ' പ്രസിദ്ധപ്പെടുത്തുവാൻ സന്തോഷസമേതം ഭാരമേററ 'ഭാരതവിലാസം അച്ചുക്കൂടം' മാനേജർ അവർകളോടും ഞാൻ പ്രത്യേകം നന്ദിപറഞ്ഞുകൊള്ളുന്നു.

കെ. നാരായണമേനോൻ.

H. 5

# അവതാരിക.

അനുകരണശീലം മനുഷ്യൎക്കു സഹജമായ ഒരു ഗുണമാകുന്നു. മനുഷ്യൎക്കു വിശേഷജ്ഞാനമുള്ളതുകൊണ്ടു് ഓരോ വസ്തുക്കളെ കുറിച്ചു ഗുണദോഷവിവേചനം ചെയ്യുവാനും ഗുണകരമെന്നു തോന്നുന്നവയെ സ്വീകരിക്കുവാനും അന്യഥാ തിരസ്കരിക്കുവാനും കഴിയും. മനുഷ്യപ്രകൃതിയിൽ അനുകരണശക്തിയും വിവേകവും ശൂന്യമായിരുന്നെങ്കിൽ, നാം ഇപ്പോൾ പ്രാപിച്ചിരിക്കുന്ന പരിഷ്കൃതപദത്തിൽ ഒരിക്കലും എത്തുന്നതല്ലായിരുന്നു. നാം അനുകരിക്കുന്ന മാതൃകകൾ സുഖസാദ്ധ്യങ്ങളായിരിക്കേണമെന്നു മാത്രമല്ല, കാലദേശാവസ്ഥകൾക്കു് അനുരൂപമായി അനുകരിക്കത്തക്കവയുമായിരിക്കണം. സാംസൎഗ്ഗികവും സാന്മാൎഗ്ഗികവുമായി കാലോചിതമായ മാററങ്ങൾ സംഭവിക്കുന്നതു ലോകരീതിയാകുന്നു. മാഡാം സോർജിനെപ്പോലെ "യൂറോപ്പിൽവെച്ചു് ഏററവും ഭയങ്കരയായ സ്ത്രീ" എന്നു പേരു സമ്പാദിക്കത്തക്ക പരിഷ്കാരം നമ്മുടെ സ്ത്രീകൾക്കു സിദ്ധിച്ചിട്ടില്ല; അസ്വാതന്ത്ര്യംകൊണ്ടു കേവലം ആടുമാടുകളെപ്പോലെ അവർ കാലക്ഷേപം ചെയ്തിരുന്ന കാലവും കഴിഞ്ഞു. സ്വാൎത്ഥമായും പരാൎത്ഥമായുമുള്ള എല്ലാ ലൌകികപ്രവൃത്തികളിലും സത്യത്തോടും സാമൎത്ഥ്യത്തോടുംകൂടി പ്രവൎത്തിപ്പാൻ നമ്മുടെ സ്ത്രീകളെ പ്രാപ്തകളാക്കുന്ന മാതൃകകളെയാണു് അവർ ഇപ്പോൾ അനുകരിക്കേണ്ടതു്. ആ ഉദ്ദേശം ഈ ചെറിയ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്ന ജീവചരിത്രങ്ങൾകൊണ്ടു് ഏകദേശം സാധിക്കുമെന്നു വിശ്വസിക്കുന്നു.

ഉന്നതപദപ്രാപ്തികൊണ്ടു സ്ത്രീധൎമ്മത്തെ നിന്ദിക്കാതെ, അന്യസ്ത്രീകൾക്കു ദൃഷ്ടാന്തയോഗ്യമായ പാതിവ്രത്യനിഷ്ഠ, ബാലപരിചരണം മുതലായ കൎത്തവ്യങ്ങളെ നിയമേന നിൎവ്വഹിച്ചിരുന്ന "നമ്മുടെ അമ്മറാണി" എന്നു സുപ്രസിദ്ധയായ വിക്ടോറിയാ മഹാരാജ്ഞിയുടെ ജീവചരിത്രം ഏതു രാജ്യക്കാൎക്കും ജാതിക്കാൎക്കും അഭിമാനഹേതുകമാകുന്നു. അലക്സാൺഡ്രാ, ലക്ഷ്മീഭായി മുതലായ മഹാരാജ്ഞിമാരുടെ ഔദാൎയ്യവും സമസൃഷ്ടിസ്നേഹവും ദൃഷ്ടാന്തയോഗ്യമാണല്ലോ. പൂരംതിരുനാൾ അമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടും ഇക്കുഅമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടും ഉത്തമമായ മാതൃപദത്തിന്നു മതിയായ മാതൃകകളാണെന്നതിനു സംശയമില്ല. ചാന്ദ് ബീബി, റൂവൎണ്ണമായി, റാണീസാഹിബ് ഗൌരി മുതലാ

യ രാജ്ഞിമാരുടെ രാജ്യതന്ത്രനൈപുണ്യവും കൃത്യനിഷ്ഠയും ശൌര്യവീര്യാദി സൽഗുണങ്ങളും അനിതരവനിതാ സാധാരണമാണെങ്കിലും, സ്ത്രീജനങ്ങൾക്ക് എന്തെല്ലാം എത്രത്തോളം ചെയ്യാൻ കഴിയുമെന്നു തെളിയിക്കുന്നുണ്ട്. മിസ്സ് ഫ്ലോറൻസ് നൈറിംഗേയിൽ, സാറാമാർട്ടിൻ, ഡൊറോതിപാററിസൻ, എന്നീ സ്ത്രീരത്നങ്ങൾ സമസൃഷ്ടിസ്നേഹത്താൽ പ്രേരിതകളായി പ്രവത്തിച്ചിട്ടുള്ള ഓരോ പ്രവൃത്തികൾ സകല സ്ത്രീകൾക്കും മാർഗ്ഗദർശകമായ ദീപസ്തംഭങ്ങളാകുന്നു. സ്ത്രീകൾക്കു സഹജമായ സഹിഷ്ണുതയുടെ സ്മാരകസ്തംഭമാകുന്നു ലേഡി ജെയിൻഗ്രേ. ഭക്തികൊണ്ടു ദൈവത്തിൽ ഏകാഗ്രമായ മനസ്സിന്റെ പ്രവൃത്തികൾ ഈശ്വരചൈതന്യത്തോടു കൂടിയവയായിരിക്കുമെന്നു യോഹന്നയുടെ അതിമാനുഷപ്രവൃത്തികൾ വിശദമാക്കുന്നുണ്ടല്ലോ. മിസ്സിസ്സ് ഹച്ചിൻസന്റെ ഭത്തൃസ്നേഹവും ലേഡി ഗ്രിസ്സൻബേയിലിയുടെ പിതൃസ്നേഹവും അനുകരിക്കത്തക്കവയാകുന്നു. കലാവിദ്യകളിൽ, "ഇതുവരെ ആവാം, അപ്പുറത്തേക്കു പാടില്ല", എന്നു യാതൊരു നിബന്ധനയും സ്ത്രീകളെ സംബന്ധിച്ചുണ്ടായിട്ടില്ലെന്നു ഭാരതി, റോസാബോണോർ, തരുലതദത്ത മുതലായവരുടെ ജീവചരിത്രങ്ങളിൽനിന്നു നാം ഗ്രഹിക്കുന്നില്ലേ? താരാഭായി, കൃഷ്ണാകുമാരി മുതലായ രജപുത്രസ്ത്രീരത്നങ്ങളുടെ നിശ്ചലബുദ്ധിയും നിസ്തുല്യകീത്തിയും സകല സ്ത്രീകൾക്കും അഭിമാനദമാകുന്നു.

അനുകരണവിഷയത്തിൽ നമ്മുടെ സ്ത്രീകൾക്കു പ്രത്യേകമായ ഒരു സാമത്ഥ്യമുണ്ടെന്നുള്ള വാസ്തവം അല്പകാലത്തിന്നുള്ളിൽ അവരുടെ ഇടയിൽ പ്രചരിച്ചുകാണുന്ന പരിഷ്കാരം തെളിയിക്കുന്നുണ്ടല്ലോ. മനുഷ്യപ്രയത്നത്തിന്റെ വിജയപ്രാപ്തി ഏറെക്കുറെ ആത്മവിശ്വാസത്തെ ആശ്രയിച്ചാണിരിക്കുന്നത്. ആത്മവിശ്വാസം വരുന്നതു ദൃഷ്ടാന്തങ്ങൾകൊണ്ടും അനുഭവങ്ങൾകൊണ്ടുമാകുന്നു. സദ്വിഷയങ്ങളിൽ പ്രവത്തിപ്പാൻ സഹജമായ ശക്തിയുള്ള സ്ത്രീരത്നങ്ങൾ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. അവരുടെ ബുദ്ധിശക്തിയേയും സാമത്ഥ്യത്തേയും മേൽപറഞ്ഞ മാതൃകകളെ അനുകരിക്കാൻ ഉപയോഗിക്കുന്നപക്ഷം അവർ സ്ത്രീധമ്മത്തെ നിറവേറുമെന്നു മാത്രമല്ല, നിസ്തുല്യകീത്തിയോടെ പ്രശോഭിക്കുകയും ചെയ്യും.

തൃപ്പൂണിത്തുറ. കെ. നാരായണമേനോൻ.

# CONTENTS.


| | | | | ഭാഗം |
|---|---|---|---|---|
| 1. | വിക്ടോറിയാമഹാരാജ്ഞി | (Queen Victoria) | കെ. എൻ. എം. | 1 |
| 2. | ചാന്ദ് ബീബി | (Chand Bibi) | ടി | 26 |
| 3. | മിസ്സ് ഫ്ലോറൻസ് നൈററിംഗേയിൽ | (Miss Florence Nightingale) | ടി | 39 |
| 4. | താരാഭായ് | (Tharabai) | സി. എ. | 49 |
| 5. | അലക്സാണ്ഡ്രാ മഹാരാജ്ഞി | (Queen Alexandra) | കെ. എൻ. എം. | 60 |
| 6. | കൃഷ്ണാകുമാരി | (Krishnakumari) | സി. എ. | 69 |
| 7. | സാറാ മാർട്ടിൻ | (Sarah Martin) | കെ. എൻ. എം. | 76 |
| 8. | പത്മിനി | (Padmini) | എ. എം. എ. | 85 |
| 9. | ഡൊറോത്തി പാററിസൺ | (Dorothi Fattison) | കെ. എൻ. എം. | 97 |
| 10. | ഭാരതി | (Bharathi) | എ. എം. എ. | 102 |
| 11. | യോഹന്നാ | (Joan of Arch) | പി. ആർ. എം. | 111 |
| 12. | സുവർണ്ണമായി, സി. ഐ. | (Suvarnamai) | എ. കെ. എം. | 125 |
| 13. | മിസ്സിസ്സ്ഹച്ചിൻസൺ | (Mrs Hutchinson) | കെ. എൻ. എം. | 129 |
| 14. | ലക്ഷ്മീഭായ്, സി. ഐ. | (Lakshmee Bhai, C. I.) | ടി | 139 |
| 15. | റോസാബോണോർ | (Rosa Boneheur) | ടി | 145 |
| 16. | റാണീ സാഹിബ് ഗൌരി | (Rani Sahib Gouri) | ടി | 154 |
| 17. | ലേഡി ജേയിൻ ഗ്രേ | (Lady Jane Grey) | ടി | 164 |
| 18. | തരുലതദത്ത | (Taro Dutt) | സി. ജി. എ. | 172 |
| 19. | ലേഡി ഗ്രിസ്സൽ ബേയിലി | (Lady Grissel Bailey) | കെ. എൻ. എം. | 181 |
| 20. | പൂരംതിരുനാൾ തമ്പുരാട്ടി | (Pocramthirunal Thampuratti) | ആർ. കെ. എസ. | 193 |
| 21. | ഇക്കു അമ്മ തമ്പുരാൻ | (Ikku Amma Thampuran) | കെ. എൻ. എം. | 196 |


—*—

314
SRI KRISHNAVILASAM READING ROOM
MALAYINKEEL



QUEEN VICTORIA.

No 5/H
SRI KRISHNAVILASAM READING ROOM
MALAYINKEEL

# വിക്ടോറിയാമഹാരാജ്ഞി.

---

മൂന്നാമത്തെ ജോൎജ്ജ് മഹാരാജാവ് അന്ധതകൊണ്ടും പ്രായാധിക്യം നിമിത്തം സംഭവിച്ച ആരോഗ്യക്ഷയംകൊണ്ടും അത്യന്തം ദയനീയമായ സ്ഥിതിയിൽ ആസന്നമരണനായിരിക്കുകയായിരുന്നു. അടുത്ത അവകാശിയായ യുവരാജാവ് ഉപരാജാവായി രാജ്യകാൎയ്യം അന്വേഷിച്ചിരുന്നു എങ്കിലും, രാജസിംഹാസനത്തെ അലങ്കരിക്കത്തക്ക യോഗ്യതയൊ പ്രജകളുടെ പ്രീതി സമ്പാദിക്കത്തക്ക സൽസ്വഭാവമൊ അതേവരെ പ്രദൎശിപ്പിച്ചിട്ടില്ല. മഹാരാജാവിന്റെ മററു പുത്രന്മാർ പ്രായം ചെന്നവരും സന്തതികളില്ലാത്തവരുമായിരുന്നു. ഉപരാജാവിന്റെ പുത്രിയായ ചാർലോട്ട് രാജകുമാരിയെയാണ് ഈ രാജവംശത്തിലെ സന്താനവല്ലിയായി കരുതിയിരുന്നത്. പക്ഷെ, നിൎഭാഗ്യവശാൽ ആ രാജകുമാരി ചെറുപ്പത്തിൽതന്നെ മരിച്ചു. അതുകൊണ്ട് 1819-ാമാണ്ടിൽ ആംഗ്ലേയ രാജവംശത്തിന്റെ ഭാവികാലം വളരെ പ്രസന്നമായിരുന്നില്ല.

ചാർലോട്ട് രാജകുമാരിയുടെ മരണാനന്തരം, ഏറെ കാലതാമസം കൂടാതെ, വൃദ്ധനായ മഹാരാജാവിന്റെ രണ്ടാമത്തെ പുത്രനായ ക്ലാറൻസ് പ്രഭുവും മൂന്നാമത്തെ പുത്രനായ കെണ്ട് പ്രഭുവും വിവാഹം ചെയ്തു. ഇവരിൽ ക്ലാറൻസു പ്രഭുവും അദ്ദേഹത്തിന്റെ ഭാൎയ്യയുമാണ് നാലാമത്തെ വില്യം മഹാരാജാവും അഡിലേഡ് മഹാരാജ്ഞിയും എന്നും പറയപ്പെടുന്നത്. ഇവരുടെ മൂന്നു സന്താനങ്ങളും ശൈശവത്തിൽ തന്നെ മരിച്ചുപോയതുകൊണ്ടു രാജ്യാവകാശത്തിന്റെ കാൎയ്യത്തിൽ നേരിടാനിടയുണ്ടായിരുന്ന പല സംശയങ്ങളും തീൎന്നു.

ലിനിൻജനിലെ വിധവയായ രാജ്ഞിയെയാണ് കെണ്ട് പ്ര

ട്ടു വിവാഹം ചെയ്യുത്; ഈ രാജ്ഞിക്കു പുനർവിവാഹകാലത്ത് ഒരു പുത്രനും ഒരു പുത്രിയുമുണ്ടായിരുന്നു. ഈ ദമ്പതിമാർ ഒരു സന്താനം ഉല്പാദിക്കുന്നതുവരെ ജർമ്മനിയിൽതന്നെ താമസിച്ചു. പിന്നീട് ഇവരുടെ താമസം ലനാക്ക്ഷയറിലാക്കേണമെന്നാണ് വിചാരിച്ചിരുന്നത്; പക്ഷെ, അങ്ങിനെ ചെയ്യിരുന്നെങ്കിൽ, നമ്മുടെ മഹാരാജ്ഞി ഒരു സ്കോച്ച രാജ്ഞിയായിത്തീരുമായിരുന്നു. സംഗതിവശാൽ ഈ ദമ്പതിമാർ അവരുടെ സ്ഥിരവാസം കെൻസിങ്ങ്ടനിലാക്കിയതുകൊണ്ടു നമ്മുടെ നായിക ഒരു ആംഗ്ലേയരാജ്ഞിതന്നെയായി.

1819-ാമാണ്ടു മേ മാസം 24-ാംനു നമ്മുടെ മഹാരാജ്ഞി കെൻസിങ്ങ്ടൻ കൊട്ടരത്തിൽ ജനിച്ചു. അന്നു രഷ്യാരാജ്യം വാണിരുന്ന ചക്രവത്തിയുടേയും കെണ്ട് പ്രഭ്വിയുടേയും പേരുകൾ ചേത്ത് 'അലക്സാണ്ടറിനാവിക്ടോറിയാ' എന്നു രാജകുമാരിക്കു പേരിട്ടു. രാജകുമാരിയുടെ മാതുലനായ നാലാമത്തെ ജോർജ്ജുമഹാരാജാവിന്റെ ആഗ്രഹം 'ജോർജ്ജിയാനാ'യെന്നും പിതാവായ കെണ്ട് പ്രഭുവിന്റെ ആഗ്രഹം 'എലിസബത്ത്' എന്നും പേരിടേണമെന്നായിരുന്നു. ആംഗ്ലേയ രാജവംശത്തിലെ സന്താനങ്ങളിൽ ഡോക്ടർ ജന്നരുടെ ഗോവസൂരി പ്രയോഗത്തിന്റെ ഗുണം ആദ്യമായി അനുഭവിച്ചതു നമ്മുടെ കഥാനായികയാണ്.

മൂന്നാമത്തെ ജോർജ്ജുമഹാരാജാവിന്റെ ജീവചരിത്രത്തിൽ നമ്മുടെ കഥാനായികയെ കുറിച്ചു യാതൊന്നും പ്രസ്താവിച്ചു കാണാത്തതുകൊണ്ടു വിക്ടോറിയാ രാജകുമാരി ഒരു കാലത്ത് അതിവിസ്തീർണ്ണമായ ആംഗ്ലേയ സാമ്രാജ്യത്തിന്റെ മഹാ രാജ്ഞിയായിത്തീരുമെന്ന് ആരും സംശയിച്ചിരുന്നില്ലെന്നു വിശദമാകുന്നുണ്ട്. നാലാമത്തെ ജോർജ്ജുമഹാരാജാവിനു വളരെകാലം ജീവിച്ചിരിക്കാമായിരുന്നതുകൊണ്ടും പിന്നത്തെ അടുത്ത അവകാശിയായ ക്ലാറൻസു പ്രഭുവിനു സന്താനങ്ങൾ ഉണ്ടായിരുന്നതുകൊണ്ടും അന്നത്തെ ചരിത്രകാരന്മാർ ഈ രാജകുമാരിയുടെ കാര്യം തീരെ ഗൌനിക്കാതിരുന്നത് ഒട്ടും അപ്രകൃതമല്ല. 1820-ാമാണ്ടു ജനവരിമാസത്തിൽ രാജകുമാരിയുടെ പിതാവായ കെണ്ട് പ്രഭു മരിച്ചു.

അന്നു രാജകുമാരിക്ക് ഏഴു മാസം മാത്രമേ പ്രായമായിരുന്നുള്ളു. 'ഈ കുട്ടിയുടെ മുഖത്തു നല്ലവണ്ണം സൂക്ഷിച്ചുനോക്കുവിൻ; ഇവൾ ഒരു കാലത്ത് ഇംഗ്ലാണ്ടിലെ മഹാരാജ്ഞിയായിത്തീരും' എന്നു പിതാവായ പ്രഭു പലപ്പോഴും പറഞ്ഞിരുന്നതു കേവലം വാത്സല്യംകൊണ്ടു മാത്രമാണെന്നു പലരും വിചാരിച്ചിരുന്നു.

ഭർത്താവിന്റെ മരണാനന്തരം വിധവയായ പ്രഭ്വിയുടെ വാസം വിജനവും വ്യസനകരവുമായിത്തീർന്നു. പണച്ചുരുക്കം കൊണ്ടുണ്ടായ കഷ്ടപ്പാടും കുറവല്ലായിരുന്നു. പ്രഭ്വിയുടെ ഭർത്താവു മരിച്ചു വളരെനാൾ കഴിയുന്നതിനുമുമ്പായി ശ്വശ്രൂരനായ മഹാരാജാവും മരിച്ചു. പിന്നത്തെ മഹാരാജാവായ നാലാമത്തെ ജോൎജ്ജു നിർദ്ദയനും സ്വാർത്ഥതല്പരനുമായിരുന്നു. ഇങ്ങിനെ ആകസ്മികമായി സംഭവിക്കുന്ന ആപത്തുകളിൽ സാധാരണ സ്ത്രീകൾക്കുണ്ടാകാവുന്ന പരിഭ്രമം പ്രഭ്വിക്കുണ്ടായില്ല. രാജപദവിയോടുകൂടി ഇംഗ്ലാണ്ടിൽത്തന്നെ താമസിച്ചു. കാലക്ഷേപം ചെയ്യാൻ മാത്രം ദ്രവ്യമില്ലാതിരുന്നതുകൊണ്ടു പ്രഭ്വിയുടെ സ്വരാജ്യമായ ജൎമ്മനിയിലേക്കുതന്നെ തിരിച്ചു പോയെങ്കിലൊ എന്നു പലപ്പോഴും പ്രഭ്വിക്കു തോന്നിയിരുന്നെങ്കിലും, തന്റെ പുത്രിയെ ആംഗ്ലേയരീതി അനുസരിച്ചു വളൎത്തുന്നതിനു തീർച്ചയാക്കി, ഇംഗ്ലാണ്ടിൽ തന്നെ താമസം സ്ഥിരമാക്കി. ഈ അവസരത്തിൽ പ്രഭ്വിക്കു തന്റെ സഹോദരന്റെ സഹായം വലിയ ആശ്വാസമായിത്തീർന്നു.

നമ്മുടെ രാജകുമാരിയുടെ ശൈശവകാലം മുഴുവൻ കഴിച്ചുകൂട്ടിയതു കെൻസിങ്ങ്ടൻ കൊട്ടാരത്തിലും ക്ലെയർമണ്ട് രാജധാനിയിലുമാണ്. യോർക്കിലെ പ്രഭുവായ തന്റെ മാതുലൻ സമ്മാനമായി കൊടുത്ത കഴുതയുടെ പുറത്തു കയറി രാജകുമാരി സവാരി ചെയ്യാറുണ്ട്. കിളിവാതിലുകളുടെ ഇടയിൽ വെച്ചിരുന്ന പൂച്ചെടികൾ നനയ്ക്കുകയായിരുന്നു രാജകുമാരിയുടെ മറെറാരു വിനോദം. നമ്മുടെ രാജകുമാരിയുടെ ബാല്യത്തെ സംബന്ധിച്ചു രസകരമായ പല കഥകളുമുണ്ട്. രാജകുമാരിക്കു സംഗീതത്തിൽ വളരെ താല്പൎയ്യമുണ്ടായിരുന്നു. ഒരിക്കൽ വിശേഷമായ ചില പാട്ടുകൾ കേട്ടു രാജകുമാരി അപഹൃത ചിത്തയായിരുന്നുപോൽ. സംഗീതത്തിൽ വളരെ താല്പൎയ്യമുണ്ടായിരുന്നെങ്കിലും

സാധാരണ കുട്ടികളെ പോലെ രാജകുമാരി അതിനായി ക്ലേശിച്ചിരുന്നില്ല. "സംഗീതം പഠിക്കുന്നതിനു രാജവംശക്കാൎക്കു പ്രത്യേകം രാജവിധിയില്ലാ" എന്ന് ആരോ ഒരിക്കൽ പറഞ്ഞപ്പോൾ, രാജകുമാരി 'പിയാനൊ' അടച്ചു പൂട്ടി, 'എന്നാൽ അതിനു പ്രത്യേകം താല്പൎയ്യം ജനിക്കുന്നതുവരെ പഠിക്കുന്നതുമല്ല" എന്നു കളിയായി മറുപടി പറഞ്ഞുവത്രെ. സാധാരണ മദ്ധ്യമക്കാരായ കുടുംബക്കാരുടെ കുട്ടികളെ വളൎത്തുന്നതുപോലെയാണ് നമ്മുടെ രാജകുമാരിയെ വളൎത്തിയിരിക്കുന്നത്. പണമിടപെട്ട സംഗതികളിൽ പ്രത്യേകം മനസ്സിരുത്തേണ്ടതാണെന്നു ബാല്യത്തിൽതന്നെ രാജകുമാരിയെ ഗ്രഹിപ്പിച്ചിരുന്നു. രാജകുമാരിക്കു വല്ല സാധനവും വാങ്ങേണമെന്നു തോന്നിയാൽ, തല്ക്കാലം പണം മതിയായില്ലെങ്കിൽ, പണമുണ്ടാകുന്നതുവരെ ആ സാധനം വാങ്ങാതിരിക്കുന്നതല്ലാതെ, വല്ല വിധത്തിലും കടമായിട്ടോ മറ്റോ വാങ്ങാമെന്നു രാജകുമാരി ഒരിക്കലും വിചാരിച്ചിട്ടില്ല. ബ്രിട്ടീഷു ദ്വീപുകളിലുള്ള പ്രധാന പട്ടണങ്ങളേയും പള്ളികളേയും പററിയുള്ള പല സംഗതികളേയും ഗ്രഹിപ്പിക്കുന്നതിനായി പ്രഭ്വി രാജകുമാരിയെ ആ വക സ്ഥലങ്ങളിലേക്കു കൂട്ടിക്കൊണ്ടുപോവുക പതിവായിരുന്നു. 'ഐൽ ഓഫ് വൈററ്' എന്ന ദ്വീപിലുള്ള 'ബ്രേഡിങ്' എന്ന സ്ഥലത്തെ പള്ളിയുടെ മുററത്തിരുന്നു പ്രഭ്വിയും രാജകുമാരിയും കൂടെ വായിക്കുന്നതുകണ്ട് ഒരു അമേരിക്കക്കാരൻ താഴെ പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "അവർ 'പാൽക്കാരന്റെ മകൾ' എന്നു പേരായ ഒരു കഥയിലെ നായികയുടെ ശ്മശാന ഭൂമിയിൽ ഇരിക്കുകയായിരുന്നു; അക്കാലത്ത് ആ കഥയ്ക്കു വളരെ പ്രചാരമുണ്ടായിരുന്നു. പ്രഭ്വി ആ പുസ്തകം വായിക്കുമ്പോൾ രാജകുമാരിയുടെ കണ്ണിൽനിന്നു കണ്ണുനീർ വീണുകൊണ്ടിരുന്നു".

രാജവംശത്തിൽ ജനിച്ചവൎക്ക് ആഡംബരങ്ങളിൽ പ്രതിപത്തിയുണ്ടാകുന്നതു സാധാരണയാകുന്നു. എന്നാൽ നമ്മുടെ രാജകുമാരിയെ ഇങ്ങിനെയുള്ള ദോഷം ബാധിക്കാതിരിക്കാവാൻ വേണ്ടുന്ന മുൻകരുതലോടു കൂടിയാണ് പ്രഭ്വി പ്രവൎത്തിച്ചിരുന്നത്. രാജകുമാരിയുടെ മാതുലനായ ക്ലാറൻസു പ്രഭു 'വില്യം

നാലാമൻ' എന്ന നാമധേയത്തോടുകൂടി സിംഹാസനാരോഹണം ചെയ്തു പട്ടാഭിഷേകദിവസംപോലും രാജകുമാരിയെ ആ മഹോത്സവം കാണുവാൻ രാജധാനിയിലേക്കു കൊണ്ടുപോയിട്ടില്ല. ഈ സംഗതിയെക്കുറിച്ചു മഹാരാജാവിന് അല്പം പരിഭവമുണ്ടായി. അഡിലേഡ് മഹാരാജ്ഞിക്കു പ്രഭ്വിയെയും രാജകുമാരിയേയും വളരെ കാൎയ്യമായിരുന്നു. മഹാരാജ്ഞിയുടെ സന്താനങ്ങൾ മരിച്ചപ്പോൾ, ആ സുശീല നമ്മുടെ പ്രഭ്വിയോട് ഇങ്ങിനെ പറകയുണ്ടായി. "എന്റെ കുട്ടികൾ മരിച്ചു; എന്നാൽ നിങ്ങളുടെ കുട്ടി ജീവിച്ചിരിക്കുന്നുണ്ടല്ലൊ; അവൾ എന്റേയും പുത്രിയാണ്".

ഉപാദ്ധ്യായിനിയായ ഫ്ളാറിൻ ഇംഗ്ലണ്ടിൽ എത്തിയകാലത്തു നമ്മുടെ രാജകുമാരിക്കു രാജ്യാവകാശം സിദ്ധിക്കുമെന്ന സംഗതി സംശയരഹിതമായിരുന്നു. എന്തുകൊണ്ടെന്നാൽ, സന്താനമില്ലാതെ നാലാമത്തെ ജോർജ്ജ് മഹാരാജാവു മരിച്ചു. നാലാമത്തെ വില്യം മഹാരാജാവിന്റെ സന്തതികളെല്ലാം അകാലമൃത്യുവശഗരായിരുന്നു എന്നു മാത്രമല്ല, പ്രായാധിക്യത്താൽ ആ രാജദമ്പതിമാൎക്കു മേലിൽ സന്താനോല്പാദനം അസാദ്ധ്യവുമായിരുന്നു. അതുകൊണ്ടു വിക്ടോറിയാ രാജകുമാരി ആംഗ്ലേയരാജസിംഹാസനത്തിന്ന് അവകാശിയായിത്തീൎന്ന വാസ്തവാവസ്ഥ താവഴിക്രമത്തോടുകൂടി രാജകുമാരിയെ ഗ്രഹിപ്പിക്കുവാനുള്ള ഭാരം ഫ്ളാറിനെ ഏല്പിച്ചു.

തന്റെ താവഴിക്രമം പറഞ്ഞുകേട്ടപ്പോൾ രാജകുമാരി അല്പം പേടിയോടെ "ശരി! ഞാൻ വിചാരിച്ചിരുന്നതിൽ അധികം അടുത്ത അവകാശിയാണല്ലേ?" എന്നു ചോദിക്കുകയുണ്ടായി. വാസ്തവം അങ്ങിനെയാണെന്നു ഫ്ളാറിൻ പറഞ്ഞപ്പോൾ, രാജകുമാരി അല്പം ആലോചനയോടുകൂടി ഇപ്രകാരമാണ് മറുപടി പറഞ്ഞത്. "എന്റെ നിലയിൽ വളരെ കുട്ടികൾ അഹംഭാവികളായേക്കാം. എന്നാൽ ഒരു രാജ്ഞിയായാലത്തെ ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്ന് അവർ അറിയുന്നില്ല. രാജ്യാധിപത്യം പ്രതാപയുക്തമായ ഒരു യോഗമാണെങ്കിലും, വളരെ ഗൌരവമായ

ഭാരവാഹിത്വത്തോടു കൂടിയതാകുന്നു". ഇത്രയും പറഞ്ഞ ഉടനെ രാജകുമാരി ഫ്ളാറിന്റെ കൈ പിടിച്ചുംകൊണ്ടു 'ഞാൻ നല്ലവളായിരിക്കും' എന്നു പറഞ്ഞു. മഹാരാജ്ഞി നിറവേററീട്ടുള്ള തന്റെ പ്രതിജ്ഞകളിൽ മുഖ്യമായത് ഉപാദ്ധ്യായിനിയോടു താൻ ചെയ്യ ഈ വാഗ്ദത്തമാണ്. ഏകദേശം നാല്പതുകൊല്ലം കഴിഞ്ഞതിന്റെ ശേഷം വൃദ്ധയായ ഉപാദ്ധ്യായിനിയുടെ മരണത്തെപ്പററി പറഞ്ഞ കൂട്ടത്തിൽ മഹാരാജ്ഞി ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഞാൻ ആ സാധ്വിയെ ഭക്തിപുരസ്സരം പൂജിച്ചിരുന്നു. എനിക്ക് അവരുടെ പേരിൽ അതിരററ ബഹുമാനവും സ്നേഹവും ഉണ്ടായിരുന്നു".

ബാലയായ രാജകുമാരിയുടെ ഭാവിശ്രേയസ്സിന്നും സുഖത്തിന്നും ഹേതുകമായ ആദ്യസംഭവം ൧൮൩൬-ൽ തന്റെ മാതാവിന്റെ ഭാഗിനേയനായ സാക്ക്സ്കോബർഗ്ഗിലെ ആൽബട്ട് രാജകുമാരനുമായുണ്ടായ കൂടിക്കാഴ്ചയാണ്. ഇവർ രണ്ടുപേരും ഒരു മാസകാലം ഒന്നിച്ചു താമസിക്കുകയും ഇവരിൽ അന്യോന്യം അനുരാഗം ജനിക്കുകയും ചെയ്തു. പക്ഷെ, ഈ അനുരാഗത്തെകുറിച്ചു കുറെ കാലത്തേക്ക് ആരും അറിഞ്ഞിരുന്നില്ല; എന്തുകൊണ്ടെന്നാൽ, ഒന്നാമതായി, രാജകുമാരിക്കു പതിനേഴുവയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു; പിന്നെ രാജകുമാരന്റെ വിദ്യാഭ്യാസം പൂൎണ്ണമായിരുന്നില്ലെന്നു മാത്രമല്ല, അദ്ദേഹം അന്നു വിദ്യാൎത്ഥിയുടെ നിലയിൽ ദേശാടനം ചെയ്യുകയുമായിരുന്നു. രാജകുമാരൻ രാജ്യസഞ്ചാരം ചെയ്ത് ഓരോ വിനോദകരമായ വിശേഷവസ്തുക്കൾ നമ്മുടെ രാജ്യകന്യകയ്ക്കായിക്കൊണ്ടു ശേഖരിക്കുന്ന കാലത്ത്, ൧൮൩൭-ൽ, നാലാമത്തെ വില്യം മഹാരാജാവു തീപ്പെട്ടു എന്നും തന്റെ വാത്സല്യഭാജനമായ രാജകുമാരി മഹാരാജ്ഞിയായിത്തീൎന്നു എന്നും കേട്ടു.

മഹാരാജാവു തീപ്പെട്ട വൃത്താന്തം ഗ്രഹിപ്പിക്കുവാനായി മന്ത്രിമാർ ശയ്യാഗൃഹത്തിൽനിന്നു വെളുപ്പാൻകാലത്തു പുറത്തേക്കു വിളിച്ചപ്പോൾ, അശ്രുപൂരിതമായ നേത്രങ്ങളോടും വേപഥുക്കളായ അധരങ്ങളോടുംകൂടി ഒരു സാൽവ പുതച്ചുകൊണ്ടു ബാലയായ മഹാരാജ്ഞി അവരുടെ അടുക്കൽചെന്നു. ആ സന്ദൎഭത്തിൽ

മഹാരാജ്ഞി ഭീതയായിരുന്നെങ്കിലും, സ്ഖലിതധൈൎയ്യയല്ലായിരുന്നു എന്നു വെല്ലിങ്ങ്ടൻപ്രഭു പിന്നീടു പറയാറുണ്ടായിരുന്നു. മരിച്ച മഹാരാജാവിൻെറ പട്ടമഹിഷിയായ അഡിലേഡ് റാണിക്കു മഹാരാജ്ഞി സ്ത്രീസ്വഭാവത്തിന്ന് അനുരൂപമായ അനുകമ്പയോടുകൂടി അയച്ച എഴുത്തിൽ, റാണി തൻെറ ദേഹസുഖത്തേയും സൌകൎയ്യത്തേയും പററി മാത്രം ആലോചിച്ചാൽ മതിയെന്നും റാണിക്ക് ഇഷ്ടമുള്ള കാലംവരെ വിൻഡ്സർ കൊട്ടാരത്തിൽ താമസിക്കാൻ യാതൊരു വിരോധമില്ലെന്നും പ്രസ്താവിച്ചിരുന്നു. ആ എഴുത്തിൻെറ മേൽവിലാസം "വിധവയായ മഹാരാജ്ഞി" എന്നു താൻ എഴുതിയില്ല. അങ്ങിനെ എഴുതാതിരുന്നതിനെപ്പററി നമ്മുടെ മഹാരാജ്ഞി പറഞ്ഞ കാരണം "മഹാരാജ്ഞിയുടെ ഇപ്പോഴത്തെ അവസ്ഥാഭേദത്തെ കുറിച്ച് എനിക്കറിവുണ്ട്; പക്ഷെ, അതിനെപ്പററി ആദ്യമായി ഞാൻ ഓൎമ്മപ്പെടുത്തുന്നതല്ല" എന്നായിരുന്നു.

മഹാരാജ്ഞിയുടെ പട്ടാഭിഷേകമഹോത്സവം ൧൮൩൮-ാമാണ്ടു ജൂൺമാസം ൨൮-ാംനു വെസ്റ്റ്മിനിസ്റ്റർ ആബിയിൽ വെച്ചു നടത്തി. ആ സംഭവത്തെപ്പററി പലരും വൎണ്ണിച്ചെഴുതീട്ടുണ്ട്. കിരീടധാരണം കഴിഞ്ഞതിനു ശേഷം, സിംഹാസനത്തിൻെറ സമീപംവെച്ചു വൃദ്ധനായ റോൾ പ്രഭു ഉടുപ്പുതടഞ്ഞു താഴത്തു വീഴാൻ ഭാവിച്ചപ്പോൾ, മഹാരാജ്ഞി പെട്ടെന്നെഴുന്നേററ് അദ്ദേഹത്തിനെ ചെന്നു പിടിച്ചു; ആ സമയം മഹാരജ്ഞി പ്രദൎശിപ്പിച്ച സ്ത്രീസ്വഭാവാനുസൃതമായ ഉൽക്കണ്ഠയാണ് ആ മഹതിയുടെ സഹജമായ ഗുണങ്ങളിൽവെച്ച് ഏററവും സ്തുത്യൎഹമായിട്ടുള്ളത്.

മാതാവിനു പുത്രിയുടെ മേലുള്ള അധികാരത്തെ രാജ്യകാൎയ്യങ്ങളിൽ അനൎഹമായി ഉപയോഗിക്കുന്നു എന്നുള്ള ദുഷ്കീൎത്തിക്കു കാരണമുണ്ടാകുമെന്നുള്ള സംശയംനിമിത്തം രാജകീയമായ ആചാരങ്ങളെ അനുസരിച്ചു പ്രഭ്വി മഹാരാജ്ഞിയൊന്നിച്ചു താമസിക്കുവാൻ തരമില്ലാതെയായി. ഒരാളുടെ സന്മാൎഗ്ഗനിഷ്ഠയെ പരീക്ഷിച്ചറിവാനുള്ള പ്രായത്തിലാണ് നമ്മുടെ നായികയുടെ സിംഹാസനാരോഹണം. മഹാരാജ്ഞിയെ സ്തുതിക്കുവാൻ തയ്യാറായി

രുന്നവരിൽ മിക്കവരും ആക്ഷേപിക്കുവാനൊരുങ്ങി. പുത്രിയുടെ വിയോഗംനിമിത്തം മാതാവിന്നു സഹജമായുണ്ടായ മനോവേദന മഹാരാജ്ഞിയുടെ അനാദരവും സ്വേച്ഛാനുസൃതമായ പ്രവൃത്തിയും വൎദ്ധിപ്പിച്ചതേയുള്ളൂ. എന്നു തന്നെയല്ല, റാണി അല്പം സ്വാതന്ത്ര്യം കാണിച്ചുതുടങ്ങിയെന്നുകൂടെ സംസാരമുണ്ടായി. തന്റെ ദായാദിയായ ആൽബൎട്ട് രാജകുമാരന്റെ പേരിൽ തനിക്കു ശക്തിമത്തായ പ്രതിപത്തിയുണ്ടായിരുന്നിട്ടുകൂടെ, താൻ കുറെകാലത്തേക്കു വിവാഹത്തെപ്പററി ആലോചിക്കുകപോലും ചെയ്യുന്നതല്ലെന്നു മഹാരാജ്ഞി നിശ്ചയമായി പറഞ്ഞു. കെൻസിങ്ടൻ കൊട്ടാരത്തിൽ അത്യന്തം ശാന്തമായും ബാലേയമായും വളൎന്നുവന്ന സ്ഥിതിയിൽനിന്നു പെട്ടെന്ന് ഒരു മഹാരാജ്ഞിയുടെ അധികാരവും സ്വാതന്ത്ര്യവും ഉള്ള ഒരു അവസ്ഥയിലേക്കുണ്ടായ പരിണാമത്തിൽ വിക്ടോറിയാമഹാരാജ്ഞി വല്ല അവിവേകവും കാണിച്ചിട്ടുണ്ടെങ്കിൽ, അതു, മനുഷ്യപ്രകൃതിക്ക് അവസ്ഥാന്തരംകൊണ്ടു സംഭവിക്കാവുന്ന മാററങ്ങളെ താരതമ്യപ്പെടുത്തിനോക്കുമ്പോൾ, നിസ്സാരമാണെന്നു പറയാതെ തരമില്ല. കുറച്ചുകാലത്തേക്കു രാജ്ഞി രാജ്യകാൎയ്യസംബന്ധമായ ചില പക്ഷഭേദങ്ങൾക്കും കൊട്ടാരംസംബന്ധിച്ച സംഗതികളിൽ ചില ദുരാലോചനകൾക്കും അധീനയായെങ്കിലും, കാലോചിതമായി അവയിൽനിന്നു തന്നെത്താൻ നിവൎത്തയാവുകയും തന്റെ അവിവേകത്തെപ്പററി പശ്ചാത്തപിക്കുകയും ചെയ്തുകൊണ്ടുതന്നെ ആ സ്ത്രീരത്നത്തിന്റെ ഉദാരശീലത്തിൽ നമുക്കു പ്രത്യേകം ബഹുമാനം ജനിക്കുന്നതാണ്. 'ഒരു യുവതിക്കു രാജധാനി ആപൽക്കരമായ ഒരു പാഠശാലയാകുന്നു; എന്നുമാത്രമല്ല, അവളുടെ സ്വാഭാവികവികാരങ്ങളെ ദൂഷിപ്പിക്കുന്നതുമാകുന്നു' എന്നു രാജ്ഞി പറയാറുണ്ട്.

തനിക്ക് അത്യന്തം വാത്സല്യമുള്ള തന്റെ ദായാദിയുടെ നേരെ മഹാരാജ്ഞി കുറെകാലത്തേക്ക് അശ്രദ്ധയോടെ വൎത്തിച്ചിരുന്നെങ്കിലും, അതുകൊണ്ടൊന്നും ആൽബൎട്ട്‌രാജകുമാരൻ അവരുടെ ദാമ്പത്യസംഗതിയെക്കുറിച്ച് അധൈൎയ്യപ്പെട്ടില്ല. 'പക്ഷെ, നിരാശക്ക് അവകാശമില്ലെന്നു നിശ്ചയമായി പറയുന്നതായാൽ, അതു വിശ്വസിച്ചു താമസിക്കാൻതയ്യാറാണ്. എന്നാൽ

രണ്ടോ മൂന്നോ കൊല്ലം ഞാൻ ഇതു വിശ്വസിച്ചു കാത്തിരുന്നതിനു ശേഷം രാജ്ഞി വിവാഹം ചെയ്യുന്നില്ലെന്നാണ് തീൎച്ചയാക്കുന്നത് എങ്കിൽ, എന്റെ പിന്നത്തെ അവസ്ഥ വളരെ പരിഹാസയോഗ്യമായിത്തീരുമെന്നു മാത്രമല്ല, എന്റെ ഭാവിശ്രേയസ്സിന് അതു വലിയ ഒരു ന്യൂനതയുമായിത്തീരും'. എന്നു രാജകുമാരൻ പറഞ്ഞതിനു വിരോധമായി ഒന്നും രാജ്ഞി പറയുകയുണ്ടായില്ല.

അനുരാഗം ബാല്യത്തിൽ ഉണ്ടാകുന്ന അഭിമാനത്തേക്കാളും യൌവനത്തിൽ തോന്നുന്ന ശക്തിയേക്കാളും ശക്തിയേറിയതാണെന്നു പ്രത്യക്ഷപ്പെട്ടു; സ്ത്രീത്വം രാജത്വത്തേക്കാൾ മഹത്താണെന്നും വന്നു. ൧൮൩൯-ാമാണ്ട് ഒക്ടോബർമാസം ൧൫-ാംനു- നമ്മുടെ രാജ്ഞിയും രാജകുമാരനും തമ്മിൽ കാണുകയും ആ മാസം ൧൫-ാംനു-, തന്റെ വിവാഹം അടുത്തിരിക്കുന്നു എന്നു രാജ്ഞി പ്രധാന മന്ത്രിയെ അറിയിക്കുകയും ചെയ്തു. രാജ്ഞിയുടെ സ്നേഹിതന്മാരെല്ലാം ഈ സന്തോഷവൎത്തമാനം കേട്ടു പരമാനന്ദിച്ചു.

വിവാഹം അടുത്തിരിക്കുന്ന സാധാരണ വധൂജനങ്ങളെപോലെ മഹാരാജ്ഞി വസ്ത്രാദ്യാലങ്കാരാദികളിൽ അത്യന്തം താല്പൎയ്യം കാണിക്കുകയൊ താനാണ് പ്രധാനമായി ഗണിക്കപ്പെടേണ്ടുന്ന ആൾ എന്നു വിചാരിക്കുകയൊ ചെയ്തില്ല. ഈ വിവാഹഹേതുവായി ആൽബൎട്ട് രാജകുമാരനു തന്റെ രാജ്യത്തേയും ഗൃഹത്തേയും സഹോദരനേയും വേർപിരിഞ്ഞിരിക്കേണ്ടതായി വന്നു. അദ്ദേഹം ഇങ്ങിനെ സകലതും ഉപേക്ഷിച്ചതു തനിക്കുവേണ്ടിയാണെന്നു മഹാരാജ്ഞി പലപ്പോഴും പറയാറുണ്ടായിരുന്നു. 'ഇത്ര ഭാഗ്യം എനിക്കുണ്ടാകത്തക്കവണ്ണം എന്തു യോഗ്യതയാണ് എനിക്കുള്ളത്' എന്നു രാജകുമാരൻ ചോദിക്കാറുണ്ട്. എന്നാൽ മഹാരാജ്ഞിയുടെ പ്രാൎത്ഥന "ഈ പ്രിയതമനായ ധന്യപുരുഷനു സന്തോഷവും സംതൃപ്തിയും ഉണ്ടാകത്തക്കവണ്ണം തനിക്കു ഭാഗ്യമുണ്ടായിരിക്കേണമെ" എന്നായിരുന്നു.

ഈ വിവാഹകാൎയ്യത്തെപ്പററി തന്റെ എണ്ണത്ത് ആലോ

ഷന്ന സഭാംഗങ്ങളോടു നേരിട്ടു പറയേണ്ടതിന്ന തക്കതായ ധൈൎയ്യം ജനിക്കുവാൻ വേണ്ടി മഹാരാജ്ഞി രാജകുമാരന്റെ ഛായാപടമുള്ള ഒരു ചെറിയ കങ്കണം ധരിച്ചുകൊണ്ടാണ് സഭയിൽ പ്രവേശിച്ചത്. നവമ്പർമാസം ൨൩-ാംനു- ഈ വിവാഹകാൎയ്യം സദസ്സിൽ വെച്ചു പ്രസ്താവിച്ചു. ആചാരമൎയ്യാദപ്രകാരം കാൎയ്യങ്ങൾ നടത്തേണ്ടതിന്നായി ഈ വിവാഹകാൎയ്യം പാർളിമെണ്ടു സഭക്കാരെ ൧൮൪൦ ജനവരിമാസം ൧൬-ാംനു- അറിയിച്ചു.

൧൮൪൦-ാമാണ്ടു ഫെബ്രുവരിമാസം ൧൦-ാംനു- സെണ്ട്ജേംസ് കൊട്ടാരത്തിനോടു ചേൎന്ന പള്ളിയിൽ വെച്ചു വിവാഹക്രിയ നടത്തി. ഈ വിവാഹാവസരത്തെപ്പററി മഹാരാജ്ഞിയുടെ സഖിമാരിൽ ഒരുത്തി ഇപ്രകാരം ഒരു എഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നു: "മഹാരാജ്ഞിയുടെ മുഖഭാവവും മററും വളരെ മനോഹരമായിരുന്നു; നേത്രങ്ങൾ അശ്രുപൂരിതമായിരുന്നെങ്കിലും അവയിൽ സന്തോഷവും സംതൃപ്തിയും സുവ്യക്തമായിരുന്നു; ഭാൎയ്യാഭൎത്താക്കന്മാരുടെ നിലയിൽ അവർ പുറത്തേക്കിറങ്ങിയപ്പോൾ, മഹാരാജ്ഞി രാജകുമാരനിൽ ആശ്വാസത്തോടും വിശ്വാസത്തോടും കൂടെ നോക്കിയിരുന്നത് ആകൎഷരസപ്രദമായിരുന്നു". വിവാഹാനന്തരം ഈ രാജദമ്പതിമാർ വിൻഡ്സർ കൊട്ടാരത്തിൽ താമസിച്ചതിനുശേഷം രാജ്യകാൎയ്യാൎത്ഥം തിരിയെ ലണ്ടൻ പട്ടണത്തിലേക്കു തന്നെ പോന്നു.

ഇപ്രകാരം മഹാരാജ്ഞിയുടെ ശാന്തവും സന്തോഷകരവുമായ ദാമ്പത്യദശ ആരംഭിച്ചു. ആൽബട്ട് രാജകുമാരന്റെ അഭിരുചി നാട്ടുപുറനിവാസത്തിലും വിനോദങ്ങളിലുമായിരുന്നതുകൊണ്ടു മഹാരാജ്ഞി, ഒരു പതിഹിതകരിയായ ഭാൎയ്യയെ പോലെ ഭൎത്താവിന്റെ ഹിതാഹിതങ്ങൾക്കു കേവലം കീഴടങ്ങുക മാത്രമല്ല, അദ്ദേഹത്തിന്റെ അഭിരുചികൾ തനിക്കു സഹജമായിട്ടുള്ളവയാണെന്നു കരുതി പ്രവൎത്തിക്കുകയും ചെയ്തിരുന്നു. വിവാഹശേഷം ഒരു കൊല്ലം തികയുന്നതിന്നു മുമ്പായി മഹാരാജ്ഞി അവരുടെ ഗൈഹിക സുഖത്തെപ്പററി ഇപ്രകാരം പറയുകയുണ്ടായി: "മുമ്പ് എനിക്കു ലണ്ടൻ പട്ടണത്തിലേക്കു പോകുന്ന

ത്തു വളരെ സന്തോഷകരമായിരുന്നു എന്നുമാത്രമല്ല, അവിടെനിന്നു പുറത്തു പോകുന്നതു വ്യസനകരവുമായിരുന്നു; എന്നാൽ ഇപ്പോൾ, മംഗളകരമായ വിവാഹമുഹൂൎത്തശേഷം, പ്രത്യേകിച്ചു ഗ്രീഷ്മകാലത്തിൽ, നാട്ടുപുറത്തുനിന്നു പട്ടണത്തിലേക്കു പോകുന്നതിനു വളരെ വൈമനസ്യമുണ്ട്; എന്നു തന്നെയുമല്ല, തരമുണ്ടെങ്കിൽ പട്ടണത്തിലേക്കു പോകാതെ കഴിച്ചാൽ കൊള്ളാമെന്നാണ് എന്റെ വിചാരം. ലണ്ടൻ നഗരത്തിലെ വിനോദങ്ങൾ ചിലപ്പോൾ രസകരമാണെങ്കിലും, ഉദാരനായ എന്റെ ഭൎത്താവോടുകൂടി സ്വൈരമായി നാട്ടുപുറത്തു വസിച്ച് അനുഭവിക്കുന്ന വിമലമായ വിനോദങ്ങളെപ്പോലെ അവ സന്തോഷകരമല്ല".

ഈ രാജദമ്പതിമാരുടെ പ്രാതൽ ഭക്ഷണം ഒമ്പതു മണിക്കായിരുന്നു; കുറെ ദിവസത്തേക്ക് ഈ ഭക്ഷണത്തിനു സമയം വൈകിയിരുന്നു; അതു മഹാരാജ്ഞിയുടെ തെറ്റുകൊണ്ടാണ്. പ്രാതൽ കഴിഞ്ഞാൽ പിന്നെ ഉച്ചഭക്ഷണം കാലാവുന്നതു വരെ കളിക്കുകയൊ ചില്ലറ വല്ല ജോലികൾ ചെയ്യുകയൊ പതിവായിരുന്നു. ഉച്ചയ്ക്കുള്ള ഭക്ഷണം കഴിഞ്ഞതിനുശേഷം അന്നത്തെ പ്രധാന മന്ത്രിയായിരുന്ന മെൽബോൺ പ്രഭുവോടുകൂടി രാജ്യകാൎയ്യങ്ങൾ ആലോചിക്കും. കാൎയ്യാലോചനകൾ കഴിഞ്ഞതിനുശേഷം കുതിരപ്പുറത്തു കയറി സവാരി ചെയ്കയൊ വെറുതെ നടക്കുകയൊ ചെയ്യുന്നതായിരുന്നു വ്യായാമം. വൈകുന്നേരം എട്ടുമണിക്ക് അത്താഴം കഴിഞ്ഞാൽ പിന്നെ പാതിരയാകുന്നതുവരെ സ്നേഹിതന്മാരൊന്നിച്ചു വെടി പറയും. ഈ രാജദമ്പതിമാർ രണ്ടുപേരും സംഗിതത്തിൽ വളരെ താല്പൎയ്യമുള്ളവരായിരുന്നു. പ്രജകളുടെ ഇടയിൽ പ്രായേണ പ്രചാരമുണ്ടായ ഉൽകൃഷ്ടസംഗിതത്തിൽ അവൎക്ക് ആദ്യമായി അഭിരുചി ജനിപ്പിച്ചത് ആൽബൎട്ട് രാജകുമാരനാകുന്നു. മഹാരാജ്ഞിക്കു സംഗീതത്തിൽ ചില ന്യൂനതകൾ ഉണ്ടെന്നു ചൂണ്ടിക്കാണിച്ചെങ്കിലും, അതിലുള്ള സാമൎത്ഥ്യം അസാധാരണയായാണെന്നു മെൻഡെൽസോൻ എന്ന പ്രസിദ്ധഗായകൻ പ്രശംസിച്ചു പറയുകയുണ്ടായി.

൧൮൪൦ാമാണ്ടു നവമ്പർമാസം ൨൧-ാംനു മഹാരാജ്ഞി

യുടെ സീമന്തപുത്രി ജനിച്ചു. ൧൮൪൧-ാമാണ്ടു നവമ്പർമാസം ൯-ാംനു 'വെയിൽസിലെ രാജകുമാരൻ' ജനിച്ചു. പിന്നെ ഈ രാജകുടുംബം ക്രമേണ വൎദ്ധിച്ചുവന്നു. സന്തതികളുടെ വൎദ്ധനയോടുകൂടി രാജദമ്പതിമാരുടെ ഭാരവാഹിത്വവും വൎദ്ധിച്ചു. കുട്ടികളുടെ വിദ്യാഭ്യാസത്തെപ്പററി ആൽബെട്ട്‌രാജകുമാരന്റെ സ്നേഹിതനായ സ്റ്റോക്ക്മാർ പ്രഭു പറഞ്ഞിട്ടുള്ളത്, "ഒരു മനുഷ്യന്റെ വിദ്യാഭ്യാസം അയാളുടെ ജനനദിവസംമുതൽ ആരംഭിക്കും" എന്നാണ്. ബാലപരിചരണവിഷയത്തിൽ ഈ സദുപദേശത്തെ നല്ലവണ്ണം ധരിച്ചാണ് നമ്മുടെ മഹാരാജ്ഞി പ്രവൎത്തിച്ചിട്ടുള്ളത്. രാജ്യകാൎയ്യം നിമിത്തം കുട്ടികളെ പ്രാൎത്ഥന മുതലായ ദൈവിക വിഷയങ്ങളിൽ പരിചയിപ്പിക്കുന്നതിനു പ്രത്യേകം ദൃഷ്ടിവെക്കാൻ സൌകൎയ്യമില്ലാതെ വരുന്നതിനെ കുറിച്ചു മഹാരാജ്ഞി വളരെ വ്യസനിക്കാറുണ്ട്. മതത്തെ സംബന്ധിച്ചു മഹാരാജ്ഞിക്കുണ്ടായിരുന്ന അഭിപ്രായം താഴെ പറയുംപ്രകാരമായിരുന്നു.

'കുട്ടികൾ അവരുടെ മതത്തിലും ദൈവത്തിലും വളരെ ബഹുമാനവും ഭക്തിയുമുള്ളവരായിരിക്കേണമെന്നതിനു സംശയമില്ല; പക്ഷെ, ആ ഭക്തിക്കും വിശ്വാസങ്ങൾക്കും കാരണം ഭയമായിരിക്കരുത്. മരണത്തേയും പുനൎജ്ജന്മത്തേയും പററി പരിഭ്രമവും വെറപ്പും തോന്നത്തക്കവണ്ണം വല്ലതും പറഞ്ഞ് അവരെ മനസ്സിലാക്കരുത്. എന്നുതന്നെയല്ല, യാതൊരു മതവും മററു മതങ്ങളോട് ആന്തരമായ വ്യത്യാസമുള്ളതാണെന്ന് അവരെ ഒരിക്കലും ധരിപ്പിക്കയുമരുത്".

കുട്ടികൾ സ്വാഭാവികമായി കഥകൾ കേൾക്കാൻ ആഗ്രഹിക്കുന്നവരാകയാൽ, അവരോടു പറയുന്ന കഥകളുടെ കാൎയ്യത്തിൽ മഹാരാജ്ഞി പ്രത്യേകം മനസ്സിരുത്താറുണ്ട്. കുട്ടികളെ അധികം ലാളിക്കാറില്ല. മഹാരാജ്ഞിയുടെ സന്തതികളുടെ ഭക്ഷണം, സാധാരണ നാട്ടുകാരുടെ കുട്ടികളുടെ ഭക്ഷണപദാൎത്ഥങ്ങൾപോലെ അല്ലാതെ, രാജപദവിക്ക് അനുസരിച്ചവണ്ണം, വേണ്ടിയും വേണ്ടാതെയുമുള്ള അനേകവിധം പദാൎത്ഥങ്ങളോടുകൂടിയതായിരുന്നില്ല. മഹാരാജ്ഞിയുടെ മിതമായ നിത്യവൃത്തി

ജയെ സംബന്ധിച്ച ഭൃത്യന്മാർ ഇങ്ങിനെ പറയാറുണ്ട്. "മഹാരാജ്ഞിക്ക് ഒരു ദരിദ്ര്യൻെറ ഭാൎയ്യയെപ്പോലെ മാന്യമാകുംവണ്ണം കാലക്ഷേപം ചെയ്യാൻ കഴിയും." രാജകുമാരിമാർ തന്നെത്താനാണ് അവരുടെ തൊപ്പി തുടച്ചു പൊടി കളയുക മുതലായവ ചെയ്തിരുന്നത്. സ്ഥാനവലിപ്പവും അധികാരവും ഉള്ളവൎക്ക് അഹംഭാവംകൊണ്ടും മററുള്ളവരുടെ മുഖസ്തുതികൊണ്ടും പലപ്രകാരത്തിലും സംഭവിക്കാവുന്ന ദോഷങ്ങൾ തൻെറ സന്താനങ്ങളെ ബാധിക്കാതിരിക്കുവാനുള്ള മുൻകരുതലോടു കൂടിയാണ് നിസ്സാരമായ സംഗതികളിൽകൂടെ മഹാരാജ്ഞി ഇത്ര നിഷ്കൎഷിച്ചിരുന്നത്. ഈ രാജസന്താനങ്ങളെ, അവർ ഒരു കാലത്തു അലങ്കരിക്കേണ്ടിവരുന്ന ഉന്നത പദത്തിന്ന് അനുരൂപമാകുംവണ്ണം മാനസികവും കായികവുമായ സകല വിദ്യകളും ഉത്തമരീതിയിൽ അഭ്യസിപ്പിച്ചിരുന്നു എങ്കിലും, രാജധാനിയിലെ ആഡംബരങ്ങളിൽ ആഗ്രഹം ജനിപ്പിക്കാത്തവിധത്തിലാണ് പരിചയിപ്പിച്ചിട്ടുള്ളത്. ഈ കുട്ടികൾ മഹാരാജ്ഞിയുടെ സഖിമാരെപ്പോലും നല്ലവണ്ണം അറിഞ്ഞിരുന്നില്ലെന്നു കേൾക്കുമ്പോൾ, അവർ എത്ര ഭദ്രമായിട്ടാണ് വളൎത്തപ്പെട്ടിരുന്നത് എന്നു നമുക്ക് ഏറക്കുറെ ആലോചിച്ചറിയാമല്ലൊ. മാതാപിതാക്കന്മാരൊന്നിച്ചു സവാരിക്കു പോകുമ്പോഴോ അത്താഴത്തിനു ശേഷമോ അല്ലാതെ അവരെ സ്വാതന്ത്ര്യമായി പുറത്തിറങ്ങാൻ സമ്മതിച്ചിരുന്നില്ല.

ഓസ്ബൎണ്ണിൽ സമുദ്രതീരത്തുള്ള രാജധാനിയും ബാൽമൊറൽ കോട്ടയുമായിരുന്നു ഈ രാജകുടുംബത്തിൻെറ പ്രധാന വസതികൾ. ഓസ്ബൎൺ കൊട്ടാരത്തിൽവെച്ചാണ് കുട്ടികൾ ഗൃഹഭരണം അഭ്യസിച്ചിരുന്നത്. അവരുടെ പ്രത്യേക ഉപയോഗത്തിനായി അവിടെ അടുക്കള, കലമറ, തോട്ടം മുതലായവ ഉണ്ടാക്കീട്ടുണ്ട്. രാജകുമാരിമാർ പാകം ചെയ്യു ഭക്ഷണസാധനങ്ങൾ ഭക്ഷിക്കുന്നതിനു മാതാപിതാക്കന്മാരെ വിരുന്നുകാരായി ക്ഷണിക്കുക പതിവായിരുന്നു. ഓരോ കുട്ടിക്കും തൻെറ അഭിരുചിക്ക് അനുരൂപമായ സദ്വിഷയങ്ങളിൽ പ്രവൎത്തിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. സ്കോട്ട്ലാണ്ടിലുള്ള മലപ്രദേശങ്ങളിൽ താമസിക്കു

ന്ന കാലത്തു അവിടത്തെ നിവാസികളായ കൃഷിക്കാരോട്, അവസ്ഥ നടിക്കാതെ, സമന്മാരോടെന്നപോലെ, സംസൎഗ്ഗം ചെയ്യേണമെന്നും അവരുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും എന്തെല്ലാമാണെന്ന് അടുത്തു പെരുമാറി മനസ്സിലാക്കേണമെന്നും അവരോട് ആദരവും മമതയും കാണിക്കേണമെന്നും നമ്മുടെ രാജസന്താനങ്ങളെ പ്രത്യേകം ശട്ടംകെട്ടിയിരുന്നു.

വിക്ടോറിയാ മഹാരാജ്ഞിയുടെ ജീവചരിത്രസംക്ഷേപത്തിൽ, ആ മഹതിയുടെ സ്വഭാവഗുണത്തെപ്പററി അല്പം പറയാമെന്നല്ലാതെ, അന്നത്തെ രാജ്യഭരണത്തെയോ ചരിത്രത്തെയോ സംബന്ധിച്ച ഒരു വിവരണം കേവലം സുഖസാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ, ഈ മഹാരാജ്ഞിയുടെ രാജ്യഭരണം ഒരു ശതാബ്ദത്തിൽ പകുതിയിലധികം കാലത്തോളം ഉണ്ടായി; ആ കാലത്തിനിടയിൽ അഭൂതപൂൎവ്വകമായ അനേകം സംഗതികൾ സംഭവിച്ചിട്ടുണ്ട്. യൂറോപ്പിൽ പൊതുവേ ഉണ്ടായ രാജ്യഭരണക്കുഴപ്പങ്ങൾ മഹാരാജ്ഞിയുടെ വാഴ്ചയുടെ ആരംഭത്തിൽ പല ദുൎഘടങ്ങൾക്കും കാരണമായി: പരന്ത്രീസ്സുരാജാവായ ലൂയി ഫിലിപ്പിന്റെ പുത്രനാണ് സ്പെയിനിലെ മഹാരാജ്ഞിയുടെ അനുജത്തിയെ വിവാഹം ചെയ്തിരുന്നത്; സ്പെയിനിലെ രാജ്യാവകാശം തന്റെ സന്തതികൾക്കു സിദ്ധിക്കേണമെന്ന ഉദ്ദേശത്തോടുകൂടി ചെയ്തതാണു ലൂയി ഫിലിപ്പ് മഹാരാജാവ് ഏൎപ്പാടു ചെയ്ത വിവാഹസംഗതിയെ സംബന്ധിച്ച പ്രാൻസും ഇംഗ്ലാണ്ടും തമ്മിലുള്ള ബന്ധുത്വത്തിനു ഭംഗം വരുമെന്നു ഭയപ്പെട്ടിരുന്നു. ഇസബെലാ മഹാരാജ്ഞിയുടെ നേരെ ലൂയി ഫിലിപ്പ് കാണിച്ച അധൎമ്മമായ സൂത്രപ്രവൃത്തിയിൽനിന്ന് ആ രാജ്ഞിക്കു നേരിടുവാനിടയുണ്ടായിരുന്ന ആപത്തു വിക്ടോറിയാ മഹാരാജ്ഞി ഗ്രഹിക്കാതിരുന്നില്ല; തനിക്കു പ്രെഞ്ച് രാജാവിലുള്ള സ്നേഹം നിമിത്തം അദ്ദേഹത്തിന്റെ അന്യായകൎമ്മം വിരോധിക്കാതിരിക്കേണമെന്നു തോന്നിയതുമില്ല. നമ്മുടെ മഹാരാജ്ഞി ഈ സംഗതിയെപ്പററി മാതുലനായ ബെൽജിയം മഹാരാജാവിന് ഇപ്രകാരം എഴുതിയിരുന്നു:

"ഞാൻ വളരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന

അദ്ദേഹത്തിന്ന് (ലൂയിഫിലിപ്പിന്) അനുകൂലമായി ഒരു വാക്കു പോലും പറയുവാൻ ഞാൻ അശക്തയാകുന്നു. ഈ സംഗതി എന്നെ എത്ര വ്യസനിപ്പിക്കുന്നുണ്ടെന്ന്, ആലോചിച്ചാൽ, അങ്ങേക്ക് അറിയാം. ഇപ്പോൾ സംഭവിച്ച സംഗതിയെക്കുറിച്ച് എനിക്കുള്ള ദ്വേഷ്യവും വ്യസനവും എത്രമാത്രമാണെന്നു മഹാരാജാവിനേയും മഹാരാജ്ഞിയേയും വേണ്ടുംവണ്ണം ധരിപ്പിക്കുവാൻ അവിടുന്നു സാധിക്കുമോ എന്നുതന്നെ സംശയമാണ്." കപ്പൽ മുങ്ങി തിരമാലകളുടെ ശക്തികൊണ്ടു കരയ്ക്കടുക്കുന്നവരെപ്പോലെ, ഫ്രഞ്ചിൽ അഭ്യന്തരകലഹംകൊണ്ടു രാജ്യഭ്രംശരായി ഇംഗ്ലണ്ടിൽ വന്ന് അഭയം പ്രാപിക്കുന്നതുവരെ, പരന്ത്രീസു രാജവംശത്തോടു വിക്ടോറിയാ മഹാരാജ്ഞിക്കുണ്ടായിരുന്ന സ്നേഹം, മേല്പറഞ്ഞ സംഭവത്തിനു ശേഷം, പൂർവ്വസ്ഥിതിയെ പ്രാപിച്ചില്ല. സാംസർഗ്ഗികമായ സ്നേഹബന്ധവും രാഷ്ട്രീയമായ മമതയും തമ്മിൽ അന്തരമുണ്ടെന്നുള്ള വാസ്തവം മഹാരാജ്ഞിയുടെ പ്രവൃത്തികൊണ്ട് അവരെ മനസ്സിലാക്കി.

മഹാരാജ്ഞിയുടെ വാഴ്ചകാലത്തുണ്ടായിട്ടുള്ള മുഖ്യസംഭവങ്ങളിൽ ഒന്ന് ഫ്രീട്രേഡ് പ്രശ്നങ്ങളുടെ ഏർപ്പാടാകുന്നു. അതിന്റെ ഗുണം ജനങ്ങൾ നല്ലവണ്ണം അനുഭവിക്കാൻ തുടങ്ങിയത് ഇപ്പോഴാണ്. ഈ ഏർപ്പാടിന്റെ ജന്മഹേതു ആൽബർട്ട്രാജകുമാരനാകുന്നു. അദ്ദേഹത്തിന്റെ അശ്രാന്തപരിശ്രമവും വ്യവസായശീലവും ജാഗ്രതയുമാണ് ഇതിന്റെ വിജയത്തിനു കാരണമായത്. സർ ജോസെഫ് പാക്സ്ടന്റെ ബുദ്ധിസാമർത്ഥ്യംകൊണ്ട് "ഹൈഡ്പാർക്ക്" എന്നു പ്രസിദ്ധമായ ഉപവനത്തിൽ ഒരു സ്ഫടികമന്ദിരം നിർമ്മിച്ചു; ഈ കെട്ടിടം പണിയേണ്ടുന്ന ആവശ്യത്തിന്നായി അവിടെ നിന്നിരുന്ന പല വൃക്ഷങ്ങളും വെട്ടികളഞ്ഞെങ്കിലും, ഈ മന്ദിരത്തിന്റെ ഉള്ളിൽ വിശേഷപ്പെട്ടതായ ഏതാനും വൃക്ഷങ്ങൾ കേടുകൂടാതെ നിർത്തിട്ടുണ്ട്. "സൂര്യനെ സന്ദർശിക്കുന്നതിനായി തൃണസമുച്ചയത്തിൽനിന്നു ഉല്പതിക്കുന്ന ഉൽപ്ലപ്രവാഹംപോലെ പ്രശോഭിതമായ ഒരു അച്ഛസ്ഫടികവൃത്തഖണ്ഡം" എന്ന് ഈ മന്ദിരത്തെപ്പററി "താക്കറെ" പറഞ്ഞിരിക്കു

ന്നത് ഒട്ടും അതിശയോക്തിയല്ലെന്ന് അനുഭവസ്ഥന്മാൎക്ക് അറിയാം. സ്ഫടികമന്ദിരത്തിൽ വെച്ച പ്രദൎശനകൎമ്മം ആദ്യമായി ആരംഭിച്ചതു മേ മാസം ൧-ാംനു-യാണ്. ആ സന്ദൎഭത്തെപ്പററി മഹാരാജ്ഞിയുടെ ദിനസരിക്കുറിപ്പിൽ ഇപ്രകാരം എഴുതിയിരുന്നു: “ആ ദിവസത്തെ സംഭവം ഇന്നും എൻെറ ഹൃദയത്തെ അഭിമാനംകൊണ്ടും കൃതാൎത്ഥതകൊണ്ടും വികസിപ്പിക്കുന്നു”.

പരന്ത്രീസു പ്രതിനിധിസഭാഗ്രാസനരായ ലൂയി നെപ്പോളിയന് ൧൮൫൧-ൽ ആകസ്മികമായി രാജ്യാധികാരം സിദ്ധിച്ച സംഗതിയെക്കുറിച്ചു മഹാരാജ്ഞി മാതുലനായ ലിയൊപ്പോൾഡ് മഹാരാജാവിന് അയച്ച എഴുത്തിൽ താഴെ വരും പ്രകാരം പറഞ്ഞിരിക്കുന്നു: ‘എനിക്കു രാജ്യകാൎയ്യങ്ങളിൽ ദിവസേന വിരക്തി വൎദ്ധിച്ചുവരുന്നു. സ്ത്രീകളായ ഞങ്ങളെ സൃഷ്ടിച്ചിരിക്കുന്നതു രാജ്യഭരണത്തിനല്ല; ഞങ്ങൾ സദ്വൃത്തകളാണെങ്കിൽ, പുരുഷയോഗ്യമായ പ്രവൃത്തികളിൽ വിരക്തകളായിരിക്കേണ്ടതാകുന്നു’.

ഏകദേശം ഈ കാലത്താണ് ആൽബൎട്ട് രാജകുമാരനെപ്പററി അന്യായമായ ചില കിംവദന്തികൾ ഉണ്ടായത്. “അദ്ദേഹം അനാവശ്യമായി രാജ്യകാൎയ്യങ്ങളിൽ അധികാരം പ്രവൎത്തിക്കുന്നു; അദ്ദേഹം പ്രജകളുടെ സ്വാതന്ത്ര്യത്തിനു പ്രതികൂലിയാണ്. അദ്ദേഹം സ്വേച്ഛാനുസൃതമായ രാജ്യഭരണസമ്പ്രദായമാണ് ഇഷ്ടപ്പെടുന്നത്” എന്നും മററുമായിരുന്നു സംസാരം. പക്ഷേ, ഈ ജനശ്രുതികൾ തെററാണെന്നും, നേരെ മറിച്ച് അദ്ദേഹം ഇംഗ്ലണ്ടിൻെറ ഉററ ബന്ധുവാണെന്നും ജനങ്ങൾക്കു മനസ്സിലാവാൻ വളരെ താമസം വേണ്ടിവന്നില്ല. അനൎഹമായ ഈ വക മിത്ഥ്യാപവാദങ്ങളെപ്പററി രാജകുമാരനേക്കാൾ അധികം വ്യസനിച്ചതു മഹാരാജ്ഞിയാണ്. ഈ രാജദമ്പതിമാരുടെ വിവാഹത്തിൻെറ വാൎഷികോത്സവദിവസത്തിൽ മഹാരാജ്ഞി ഇപ്രകാരം പറയുകയുണ്ടായി: “നമുക്കു പല കഷ്ടതകളും അനുഭവിക്കേണ്ടിവരും; എന്നാൽ നാം ഒന്നിച്ചിരിക്കുകയാണെങ്കിൽ, അവ നിസ്സാരങ്ങളാകുന്നു”.

൧൮൫൪-ൽ ‘ക്രിമിയൻ’ യുദ്ധം ആരംഭിച്ചു; ഈ യുദ്ധത്തിനു

കാരണം റഷ്യക്കാർ അവരുടെ അവകാശത്തെ അതിക്രമിച്ചതാണ്; അതിന് ഇംഗ്ലാണ്ടും ഫ്റാൻസും തുൎക്കിയും ഒരു ഭാഗമായി നിന്നു റഷ്യാക്കാരെ എതിൎക്കുകയാണുണ്ടായത്. നമ്മുടെ രാജദമ്പതിമാർ ഈ ഭയങ്കരമായ യുദ്ധത്തിന്റെ പരിണാമത്തെ അത്യന്തം ഉൽകണ്ഠയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഘോരമ- കഠിനമായ വൎഷംകൊണ്ടു കഷ്ടപ്പെടുന്ന സൈന്യങ്ങളുടെ ഉള്ളിലായിരുന്നു മഹാരാജ്ഞിയുടെ മനസ്സ്. സൈന്യങ്ങളുടെ ഉപയോഗത്തിന്നായി മഹാരാജ്ഞി തന്നെത്താൻ പലതരം ഉടുപ്പുകൾ തുന്നി അയച്ചുകൊടുത്തിരുന്നു. സൈന്യങ്ങളുടെ സൌകൎയ്യത്തിന്നു മതിയായ ഏൎപ്പാടുകൾ ചെയ്യാത്ത സംഗതിയെപ്പററി റാഗലൻ പ്രഭുവിന് എഴുതിയ ഒരു എഴുത്തിൽ മഹാരാജ്ഞി ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്: 'സൈന്യങ്ങൾക്കു കാപ്പിക്കുരു വറുത്തു പൊടിച്ചുകൊടുക്കാതെ പച്ചയായിട്ടുതന്നെയാണ് കൊടുക്കുന്നത് എന്നു കേട്ടു ഞാൻ വളരെ വ്യസനിക്കുന്നു. നിവൃത്തിയുള്ളിടത്തോളം അവരുടെ സുഖത്തിനുവേണ്ടുന്ന ഏൎപ്പാടുകൾ ചെയ്തുകൊടുപ്പാൻ അപേക്ഷിക്കുന്നു'. യുദ്ധത്തിൽ മരിച്ച ഭടന്മാരുടെ കുടുംബങ്ങളുടെ രക്ഷയ്ക്കു പണം ശേഖരിക്കാൻവേണ്ടി ഏൎപ്പെടുത്തിയ പ്രദൎശനത്തിന്നു മഹാരാജ്ഞിയുടെ പുത്രന്മാരും പുത്രിമാരും അവരവർ ഉണ്ടാക്കീട്ടുള്ള പല സാധനങ്ങളും അയച്ചു. യുദ്ധത്തിൽ അംഗഭംഗം സംഭവിച്ച ഭടന്മാർ തിരിയെ ഇംഗ്ലാണ്ടിൽ എത്തിയപ്പോൾ, നമ്മുടെ രാജദമ്പതിമാർ അവരെ ആശ്വസിപ്പിക്കുന്നതിനും അവരുടെ ദേഹസ്ഥിതിയെപ്പററി അന്വേഷിക്കുന്നതിനും സഹതാപത്തോടുകൂടി അവരുടെ അടുക്കൽപോയിരുന്നു. യുദ്ധകാലത്തു രോഗികളായിത്തീൎന്ന ഭടന്മാരെ നിൎവ്യാജമായി ശുശ്രൂഷിച്ചിരുന്ന മിസ്സ് ഫ്ളാറൻസ് നൈററിംഗേയിൽ എന്ന മഹതി യുദ്ധം കഴിഞ്ഞു തിരിയെ ഇംഗ്ലാണ്ടിൽ വന്നസമയം മഹാരാജ്ഞി ആ സ്ത്രീരത്നത്തിനെ രാജധാനിയിൽ ഒരു അതിഥിയായി ക്ഷണിച്ചുവരുത്തി സൽക്കരിച്ചു. ഈ സ്ത്രീയാണ് അക്കാലത്തെ സൈന്യങ്ങളെ സംബന്ധിച്ച ആസ്പത്രികളിലെ ന്യൂനതകളെ ചൂണ്ടികാണിക്കുകയും അവയിൽ അത്യാവശ്യമായ ചില പരിഷ്കാരങ്ങൾ ചെയ്യേണമെന്നു മഹാരാജ്ഞിയോടു പറയുകയും ചെയ്തത്.

ക്രിമീയൻയുദ്ധം കലാശിച്ചതോടുകൂടി ഇന്ത്യയിൽ ഭയങ്കരമായ ശിപായികലഹം ആരംഭിച്ചു. "ബഹുമാനവും യശസ്സും സിദ്ധിക്കാൻ മാർഗ്ഗമുണ്ടായിരുന്ന ക്രിമിയൻയുദ്ധത്തേക്കാൾ വളരെ വ്യസനകരമായിരുന്നു ഈ കലഹം" എന്നു മഹാരാജ്ഞി ഒരിക്കൽ പറയുകയുണ്ടായി. ഈ കലഹം കലാശിച്ചപ്പോൾ, ഇതിനു കാരണഭൂതന്മാരായവരെ യഥോചിതം ശിക്ഷിക്കേണമെന്നു ചില ആംഗ്ലേയർ സിദ്ധാന്തിച്ചതു മഹാരാജ്ഞിക്കു രസിച്ചില്ലെന്നു മാത്രമല്ല, അങ്ങിനെ നിർബ്ബന്ധിച്ചവരോടു വളരെ ദ്വേഷ്യം തോന്നുകയും ചെയ്തു. അന്ന് ഇന്ത്യയിൽ ഉപരാജാവായിരുന്ന കാനിങ്ങ്പ്രഭുവിനു മഹാരാജ്ഞി ഈ കാര്യത്തെക്കുറിച്ച് ഇപ്രകാരമാണ് എഴുതിയത്: "അക്രൈസ്തവബുദ്ധിയോടുകൂടി നിഷ്ഠുരതകാണിച്ച ഇന്ത്യക്കാരോടും, പ്രത്യേകിച്ചു നാട്ടുകാരായ ഭടന്മാരോടും നിങ്ങൾക്കുള്ളതുപോലെ തന്നെ ദ്വേഷ്യവും വ്യസനവും എനിക്കും തോന്നുന്നുണ്ട്. ശാന്തന്മാരായ രാജ്യനിവാസികളോടും, പ്രത്യേകിച്ച് അഭയംപ്രാപിച്ച നമ്മുടെ ജനങ്ങളെ സംരക്ഷിച്ചവരോടും, നമ്മളോടു മമതയും വിശ്വാസവുമുള്ളവരോടും നിങ്ങൾ വളരെ ആദരവും ദയയും കാണിക്കേണ്ടതാകുന്നു. അവരുടെ മഹാരാജ്ഞിയുടെ ആഗ്രഹം അവരെ സുഖവും സംതൃപ്തിയും അഭിവൃദ്ധിയുമുള്ളവരായി കാണേണമെന്നാകുന്നു എന്നു നാട്ടുകാരെ അറിയിക്കേണം".

ഈ അവസരത്തിൽ ഗൈഹികമായി ഈ രാജ്യകുടുംബത്തിൽ ഒരു വലിയ മാറ്റം സംഭവിച്ചു. മഹാരാജ്ഞിയുടെ സീമന്തപുത്രിയെ പ്രഷ്യയിലെ ഫ്രെഡ്രിക്ക് വില്യം എന്ന രാജാവിനു വിവാഹംചെയ്തുകൊടുപ്പാൻ തീർച്ചപ്പെടുത്തുകയും ൧൮൫൮-ാമാണ്ടു ജനുവരിമാസം ൨൫-ാംനു- വിവാഹം നടക്കുകയും ചെയ്തു. ഇതാണ് ആ കുടുംബയോഗത്തിൽ ആദ്യമായി സംഭവിച്ച വിയോഗം. "എൻ്റെ വികാരത്തെ സംബന്ധിച്ചിടത്തോളം വളരെ ഗൌരവമായ സംഭവങ്ങളിൽ ഇതു രണ്ടാമത്തേതാണ്" എന്നു മഹാരാജ്ഞിയുടെ ദിനസരികുറിപ്പിൽ എഴുതി കാണുന്നുണ്ട്. വിവാഹത്തിനുമുമ്പായി മഹാരാജ്ഞിയും പുത്രിയും ഒന്നിച്ചിരുന്ന് ഒരു ഛായ എടുപ്പിച്ചു; പക്ഷെ പുത്രിയെ വിട്ടുപിരിയേണ്ടുന്ന കാര്യത്തെക്കുറിച്ചു വിചാരിച്ചു മനസ്സ് അസ്വാസ്ഥ്യമായിരുന്നതുകൊണ്ടു ശരീരത്തിനുണ്ടായ ചലനംനിമിത്തം ഛായ നന്നായില്ലത്രെ.

൧൮൫൯-ാമാണ്ടു നവമ്പർ ൯-ാംനു വെയിൽസ് രാജകുമാരന്റെ പതിനെട്ടാമത്തെ ജന്മനക്ഷത്രദിവസം ആഘോഷിച്ചു. ആ അവസരത്തിൽ പുത്രനായ യുവരാജാവിനു മഹാരാജ്ഞി വളരെ വിശേഷമായ ഒരു എഴുത്തയച്ചു. ആ എഴുത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "വത്സന്റെ വിദ്യാഭ്യാസത്തിനുവേണ്ടി ഞങ്ങൾ ഏർപ്പെടുത്തിയിരുന്ന നിബന്ധനകൾ കുറെ കഠിനമാണെന്നു തോന്നീട്ടുണ്ടായിരിക്കാം; പക്ഷെ, അതൊക്കെ തന്റെ അഭിവൃദ്ധിക്കുവേണ്ടി ചെയ്തിട്ടുള്ള നിഷ്കൎഷകളാണ്; യുവാക്കൾ, പ്രത്യേകിച്ചു യുവരാജാക്കന്മാർ, മുഖസ്തുതിയുടെ ആകൎഷണത്തിനു പ്രായേണ പാത്രീഭവിക്കുന്നതുകൊണ്ട് ആ വക ദോഷങ്ങൾ സംഭവിക്കാതിരിക്കാൻമാത്രം ചെയ്ത മുൻകരുതലാണ്. പുരുഷപ്രാപ്തിവന്നതുകൊണ്ട് ഇപ്പോൾ തനിക്കു പൂൎണ്ണസ്വാതന്ത്ര്യം സിദ്ധിച്ചിരിക്കുന്നു; മേലിൽ ഞങ്ങൾ തന്റെമേൽ അധികാരത്തോടുകൂടി ഗുണദോഷിക്കുന്നതല്ല; ഞങ്ങളുടെ ഉപദേശം ആവശ്യമുള്ളപ്പോൾ തരുവാൻ ഞങ്ങൾ തയാറാണ്". ബുദ്ധിപൂൎവ്വമായ ഈ എഴുത്തു കൃതജ്ഞതാപൂൎവ്വം യുവരാജാവു സ്വീകരിച്ചു.

൧൮൬൦-ൽ മഹാരാജ്ഞി ഭൎത്തൃസമേതം ജൎമ്മനിയിൽ സഞ്ചരിക്കുന്ന കാലത്ത് ഒരു ദിവസം സവാരിചെയ്യുമ്പോൾ വണ്ടിമറിഞ്ഞു; ആൽബൎട്ട് രാജകുമാരന് അല്പം കേടുപററിയെങ്കിലും, അത് ആ സംഭവത്തിന്റെ ഭയങ്കരാവസ്ഥയെ അനുസരിച്ചു നിസ്സാരമായിരുന്നു. ഈ അപകടം ഉണ്ടായപ്പോൾ മഹാരാജ്ഞി ലേശം പരിഭ്രമംകൂടാതെ ശാന്തമായിരുന്നു. 'വികാരങ്ങളുടെ ശക്തികൊണ്ടു മനസ്സ് അസ്വസ്ഥമായിരിക്കുമ്പോഴാണ് താൻ അധികം ശാന്തമായിരിക്കുന്നത്' എന്നു മഹാരാജ്ഞി ഒരിക്കൽ പറകയുണ്ടായി. ആ ഭയങ്കരസംഭവത്തിൽനിന്ന് അത്യാപത്തുകൂടാതെ ഭൎത്താവു രക്ഷപ്പെട്ട ആ സ്ഥലത്ത് ആ സംഭവത്തിന്റെ സ്മാരകമായി എന്തെങ്കിലും ഒന്നു ചെയ്യേണമെന്നു മഹാരാജ്ഞി തീൎച്ചയാക്കി. പണ്ടാണെങ്കിൽ, ആ സ്ഥലത്തു സ്മാരകാൎത്ഥം സ്തംഭമോ മററുവല്ലതുമോ പണിയിക്കുമായിരുന്നു; പക്ഷെ, മഹാരാജ്ഞിക്ക് അവയിൽ അത്ര മനസ്സുണ്ടായിരുന്നില്ലെന്നു മാത്രമല്ല,

ആ സ്മരണയെ നിലനിറുത്തുന്നതു തന്റെ സമസൃഷ്ടികൾക്കു ശാശ്വതമായ ഗുണമുണ്ടാക്കുന്ന വല്ല ഏപ്പാട്ടും ചെയ്തിട്ടായിരിക്കേണമെന്നു വിചാരവുമുണ്ടായിരുന്നു. ഈ ആഗ്രഹത്തിന്റെ ഫലമായി കോബഗ്ഗിൽ 'വിക്ടോറിയാസ്റ്റിഫ്റ്റ്' ഏപ്പെട്ടുത്തി. സഹായാഹന്മാരായ യുവാക്കളുടെ കൈത്തൊഴിലാവശ്യത്തിന്നായി സാധനങ്ങൾ വാങ്ങി കൊടുത്ത് അവരെ ഓരോതരം വ്യവസായങ്ങളിൽ പ്രോത്സാഹിപ്പിക്കുക, നിർദ്ധനകളായ യുവതികൾക്കു വിവാഹകാലത്തു സ്ത്രീധനം കൊടുക്കുക, അവൎക്കു കാലക്ഷേപത്തിനുള്ള മാൎഗ്ഗങ്ങൾ ഉണ്ടാക്കി കൊടുക്കുക മുതലായ ഔദാൎയ്യങ്ങളാണ് ഈ ഏപ്പാടിൽ നിന്നു ജനങ്ങൾക്ക് അനുഭവിക്കാൻ സംഗതിയാക്കീട്ടുള്ളത്.

ആ കൊല്ലത്തിൽതന്നെ മഹാരാജ്ഞിയുടെ ദ്വിതീയപുത്രിയായ ആലിസ്സ് രാജകുമാരിയെ ഹെസ്സിയിലെ ലൂയിരാജകുമാരനു വിവാഹംചെയ്തുകൊടുപ്പാൻ തീൎച്ചയാക്കി. ഈ രാജകുമാരിയാണ് പിന്നീടു മഹാരാജ്ഞിയുടെ വൈധവ്യദശയുടെ ആദ്യകാലത്തു വിശ്വസ്തയായ സഹകാരിണിയായിത്തീൎന്നത്. ൧൮൬൧-ാമാണ്ടു ഫെബ്രുവരിമാസത്തിൽ നമ്മുടെ രാജദമ്പതിമാർ അവരുടെ വിവാഹത്തിന്റെ ഇരുപത്തൊന്നാമത്തെ വത്സരോത്സവം കൊണ്ടാടി. 'നമുക്ക് എന്നു മാത്രമല്ല, ജനങ്ങൾക്കു പൊതുവെ, മഹത്തായ ഒരു അനുഗ്രഹം നൽകിയതാണ് ഈ ദിവസം. സുഖസ്മൃതത്തിൽ സുഖപ്രദമായ ഒരു വിവാഹത്തിന്റെ ഫലം, നിശ്ചലമായ സ്നേഹം, വാത്സല്യം, മമത ഇവയാകുന്നു; എന്നാൽ, വിവാഹാനന്തരം ഇരുപത്തൊന്നുകൊല്ലം കഴിഞ്ഞിട്ടും ഇവയ്ക്കു ലവലേശം കുറവില്ലാതെ, ആദ്യത്തെപ്പോലെതന്നെ ശക്തിയോടുകൂടി വൎത്തിക്കുന്ന ദമ്പതിമാർ അധികമുണ്ടാകുമെന്നു തോന്നുന്നില്ല; പക്ഷെ, ഞങ്ങളിൽ വിവാഹദിവസം ഉണ്ടായിരുന്ന അന്യോന്യാനുരാഗത്തിന്ന് ഒരിക്കലും ഒരു ഭേദവും ഉണ്ടായിട്ടില്ല' എന്നു മഹാരാജ്ഞി ഒരിക്കൽ പറഞ്ഞിട്ടുണ്ട്. ആൽബൎട്ട് രാജകുമാരൻ മഹാരാജ്ഞിയുടെ വൃദ്ധമാതാവായ കെണ്ടിലെ പ്രഭ്വിക്ക് ഇപ്രകാരം എഴുതി അയച്ചു. "ഞങ്ങൾ ഭവതിയുടെനേരെ വളരെ വണക്കവും സ്നേഹവുമുള്ള മക്കളായി വൎത്തിക്കുന്നു എന്നു മാത്രമല്ല, ഞങ്ങൾ ഭവതിയിൽനിന്നു സ്നേഹവും വാത്സല്യവുമല്ലാതെ മറ്റൊന്നും അനുഭവിക്കുന്നുമില്ല".

ഈ രാജകുടുംബത്തെ ബാധിക്കാനിരുന്ന ആപത്തുകളിൽ ആദ്യത്തേതു പ്രഭ്വിയുടെ ചരമഗതിയാണ്. പ്രഭ്വി അധികമായ സുഖക്കേടുകൂടാതെ, പെട്ടെന്നാണ് മരിച്ചത്. മഹാരാജ്ഞിയും ഭർത്താവും മാതാവിന്റെ സമീപത്ത് എത്തിയപ്പോഴേയ്ക്കും ആ വയോധികയ്ക്കു സ്വബോധം വിട്ടുകഴിഞ്ഞു. ഈ സംഭവം മഹാരാജ്ഞിക്കു വളരെ വ്യസനകരമായിത്തീർന്നു. "ഞാൻ കേവലം ഒരു 'തള്ളയില്ലാപ്പിള്ള'യായിത്തീർന്നിരിക്കുന്നു" എന്നു മഹാരാജ്ഞി മാതൃവിയോഗത്തെപ്പററി മാതുലനായ ലിയോപ്പോൾഡ് മഹാരാജാവിന് എഴുതിയിരുന്നു. മഹാരാജ്ഞിയുടെ ജ്യേഷ്ഠസഹോദരിയും പ്രഭ്വിയുടെ ആദ്യഭർത്താവിലുള്ള പുത്രിയുമായ ഹോഹൻലോഹ് രാജ്ഞിക്കു മാതാവിന്റെ മരണസമയത്ത് ഇംഗ്ലണ്ടിൽ വരുവാൻ കഴിഞ്ഞില്ലെങ്കിലും, ആ രാജ്ഞി അനുതാപത്തോടുകൂടിയ ഒരു എഴുത്തു വിക്ടോറിയാമഹാരാജ്ഞിക്ക് അയച്ചിരുന്നു. മഹാരാജ്ഞി മാതൃവിയോഗം നിമിത്തം ഉണ്ടായ ദുഃഖദശയിൽ സ്വസന്താനങ്ങളെ പോലും കാണാതെ ഏകാന്തമായി ഭർത്തൃസന്നിധാനംകൊണ്ടുമാത്രം ആശ്വാസപ്പെട്ടു കുറെ ദിവസം കഴിച്ചുകൂട്ടി. തന്റെ ആശ്വാസഹേതുവായ പ്രിയഭർത്താവിന്റെ ശാശ്വതവിയോഗം ആസന്നമായിരുന്നു എന്ന് ആ സാധ്വിയായ മഹാരാജ്ഞി അറിഞ്ഞിരുന്നില്ല.

മഹാരാജ്ഞിയെ വിധവയാക്കിയതും ആംഗ്ലേയസാമ്രാജ്യത്തിന്റെ പ്രാജ്ഞനും നിഷ്കളങ്കനുമായ ഉപദേഷ്ടാവിനെ അപഹരിച്ചതുമായ ആപത്ത് ൧൮൬൧-ാമാണ്ടു ഡിസമ്പർമാസം ൧൪-ാംനു- സംഭവിച്ചു. മരിക്കുന്നതിന് അല്പകാലം മുമ്പുതന്നെ ആൽബെർട്ട് രാജകുമാരന്റെ ദേഹസ്ഥിതി ആരോഗ്യരഹിതമായിത്തീർന്നു. ഒരിക്കൽ സാൻഡർസ്റ്റിലേക്കു യാത്ര ചെയ്യുമ്പോഴാണ് രോഗം പ്രത്യക്ഷമായത്. രോഗസ്ഥിതി വൈഷമ്യമായാലോ എന്നു ഭയപ്പെട്ടിരുന്നെങ്കിലും, ക്രമേണ സുഖപ്പെടുമെന്ന് ആഗ്രഹിച്ചിരുന്നതുകൊണ്ടു മഹാരാജ്ഞി ഭർത്താവിന്റെ ദേഹസ്ഥിതിയെപ്പററി ജനങ്ങളെ അറിയിക്കാൻ മടിച്ചു. ഡിസമ്പർമാസാരംഭത്തോടുകൂടി രോഗം വർദ്ധിച്ചുതുടങ്ങിയപ്പോൾ, മഹാരാജ്ഞിയുടെ മനസ്സു സ്വപ്നപ്രായമായി. മഹാരാജ്ഞി പതിവായി പള്ളിയിൽ

പോകാറുണ്ടെങ്കിലും, അവിടെ നടക്കുന്ന സംഗതികളൊന്നും അറിയാറില്ല. ആ മാസം ൭-ാംനു- വരെ രോഗസ്ഥിതിയെപ്പററി ജനസാമാന്യത്തിനു യാതൊരു അറിവും ഉണ്ടായിരുന്നില്ല. ആൽബെട്ട്രാജകുമാരനെ ശുശ്രൂഷിച്ചിരുന്നത് അദ്ദേഹത്തിൻെറ പത്നിയും പുത്രിമാരും തന്നെയാണ്. മഹാരാജ്ഞി വേറെ വല്ലകാൎയ്യത്തിനുമായി തന്നെ വിട്ടുപിരിയുന്നത് അദ്ദേഹത്തിനു തീരെ സമ്മതമുള്ള കാൎയ്യമല്ലായിരുന്നു. രോഗം അസാദ്ധ്യമാണെന്നു പ്രത്യക്ഷപ്പെട്ടുതുടങ്ങിയതു ൧൧-ാംനു- മുതൽക്കാണ്. സുബോധമില്ലാതെ മൃത്യുവശഗനായ ഭൎത്താവിൻെറ അടുക്കൽ ഇരുന്ന് "ഇത് അങ്ങയുടെ സ്വന്തം ചെറിയ ഭാൎയ്യയാണ്" എന്നു മഹാരാജ്ഞി അദ്ദേഹത്തിൻെറ ചെവിയിൽ ഗൽഗദത്തോടുകൂടി മന്ത്രിക്കുന്ന ആ രംഗം ആൎക്കും അനുകമ്പയെ ജനിപ്പിക്കുന്നതായിരുന്നു. ഡിസമ്പർമാസം ൧൪-ാംനു- ശനിയാഴ്ച അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. ഇദ്ദേഹത്തിൻെറ മരണദിവസം, ഈ രാജകുടുംബത്തിൻെറ ചരിത്രത്തിൽ പിൻകാലങ്ങളിൽ ഒരു അസാധാരണമായ ദുൎന്നിമിത്തസൂചകദിവസമായിത്തീൎന്നു.

ആൽബെട്ട്രാജകുമാരൻ പ്രജകളാൽ പൂൎണ്ണമായി ബഹുമാനിക്കപ്പെട്ടത് അദ്ദേഹത്തിൻെറ മരണാനന്തരമാണ്. വാസ്തവത്തിൽ അദ്ദേഹം ഒരു മഹാമനസ്കനും നിഷ്കന്മഷനുമായിരുന്നു. സുസ്ഥിരമല്ലാത്ത പ്രജകളുടെ പ്രശംസ സമ്പാദിക്കാൻ ശ്രമിക്കാതെ ഉപകാരപ്രദമായ ഉദാരകൎമ്മങ്ങൾ ചെയ്യേണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം.

ഭൎത്താവിൻെറ മരണശേഷം മഹാരാജ്ഞി 'വിധവാ' എന്ന അഭിധാനത്തിന്ന് അൎഹയായിത്തീൎന്നു. രാജ്യകാൎയ്യങ്ങൾ നിൎവ്വഹിക്കുന്നതിനു സദാ സഹായിച്ചുകൊണ്ടിരുന്ന ഭൎത്താവിൻെറ മരണാനന്തരം, മഹാരാജ്ഞി ആ വക കാൎയ്യങ്ങൾ ധൈൎയ്യത്തോടെ നടത്തിയിരുന്നെങ്കിലും, രാജധാനിയിലെ ആഡംബരങ്ങളിൽ നിന്നും പട്ടണത്തിലെ വിനോദങ്ങളിൽ നിന്നും തീരെ പിൻവലിഞ്ഞാണിരുന്നത്. മഹാരാജ്ഞിയുടെ വാസം വിജനമായ ഓസ്ബൊൺ രാജധാനിയിലും, ബാൽമോറൽ കൊട്ടാരത്തിലുമായി കഴിച്ചു. ഭൎത്താവിൻെറ മരണശേഷം മഹാരാജ്ഞി രാജപദവിയോടുകൂ

ടി എപ്പോഴെങ്കിലും പുറത്തിറങ്ങീട്ടുണ്ടെങ്കിൽ, അതു സാധുക്കൾക്കും അശരണന്മാൎക്കും വേണ്ടി ഗുണപ്രദമായ എന്തെങ്കിലും ഒരു സല്ക്കൎമ്മം ചെയ്യുന്നതിനായിരുന്നു.

മഹാരാജ്ഞി വൈധവ്യം നിമിത്തം രാജകീയമായ ആഡംബരങ്ങളിലും വിനോദങ്ങളിലും വൈമനസ്യം കാണിക്കുന്നു എന്ന ആക്ഷേപം ജനങ്ങളുടെ ഇടയിൽ ധാരാളമായി പറഞ്ഞുതുടങ്ങി. നാട്ടിൽ ക്ഷാമവും ജനങ്ങളിൽ അലസതയും ഉണ്ടാകുന്നതിന് ഈ സംഗതി മുഖ്യമായ കാരണമാണെന്നായിരുന്നു ജനങ്ങളുടെ വിശ്വാസം. പക്ഷെ, ഇതു തെററായ ധാരണയാണെന്നു ജനങ്ങൾക്കു ക്രമേണ മനസ്സിലായി തുടങ്ങിയപ്പോൾ ആദ്യത്തെ ആക്ഷേപവും തീൎന്നു.

തന്റെ പിതാവു മരിച്ച് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ, ആലിസ്സ് രാജകുമാരി ലൂയി രാജകുമാരന്റെ വിവാഹം ചെയ്തു. ഭൎത്താവിന്റെ മരണശേഷം മഹാരാജ്ഞിക്കു മനസ്സമാധാനത്തിനുള്ള മാൎഗ്ഗം ആലിസ്സ് രാജകുമാരിയായിരുന്നു. തന്റെ അല്പമായ ജീവകാലത്തിനിടയിൽ ഈ രാജകുമാരി സ്ത്രീകൾക്കസാധാരണസംഭവിക്കുന്ന ഭൎത്തൃദുഃഖവും അനുഭവിച്ചു. ൧൮൭൮-ൽ തന്റെ പിതാവു മരിച്ച ദിവസം തന്നെ, ഈ മഹതിയും മരിച്ചു. ഈ രാജകുമാരി മരിക്കാറായി കിടക്കുമ്പോൾകൂടെ അന്വേഷിച്ചിരുന്നതു തന്റെ സംരക്ഷണയിൽ ഇരുന്നിരുന്ന അഗതികളുടേയും രോഗികളുടേയും സ്ഥിതിയെ പററിയായിരുന്നു. തന്റെ മരണംമൂലം മാതാവിനുണ്ടാകാവുന്ന മനോവേദനയെ ഓൎത്തിട്ടാണ് തനിക്കു ദുഃഖമുള്ളത് എന്നു രാജകുമാരി മരിക്കുന്നതിന്റെ തലേദിവസം ഡാക്ടർ വില്യം ജന്നരോടു പറയുകയുണ്ടായി.

൧൮൬൩-ാമാണ്ടു മാൎച്ച് മാസം ൧൦-ാംനു വെയിൽസിലെ രാജകുമാരൻ ഡന്മാൎക്കിലെ അലക്സാണ്ഡ്രാ രാജകുമാരിയെ വിവാഹം ചെയ്തു. ൧൮൭൧-ൽ, ഈ രാജകുടുംബത്തിലെ പ്രത്യേകം ദുൎദ്ദിനമായ ഡിസമ്പർമാസം ൧൪-ാംനു, തന്റെ പിതാവിനു പിടിപെട്ട രോഗം വെയിൽസു രാജകുമാരനെ ബാധിച്ചു. പക്ഷെ, ദൈവാനുഗ്രഹംകൊണ്ട് ആ രോഗത്തിൽ നിന്നു രാജകുമാരൻ രക്ഷപ്പെട്ടു.

മഹാരാജ്ഞിയുടെ മററെല്ലാ പുത്രിമാരേയും വിവാഹംചെയ്തു കൊടുത്തു. ഹെലീനാ രാജകുമാരി, വിവാഹവഴിക്കു, ഷെൽസ് വിഗ് ഹോൾസ്റ്റീൻ എന്നരാജ്യത്തു ക്രിസ്ത്യൻരാജകുമാരി എന്നനാമധേയത്തോടുകൂടി വാണു. രാജകുംബങ്ങളിൽ നിന്നു തെററി കല്യാണം കഴിച്ചതു ലൂയി രാജകുമാരി മാത്രമാണ്. പിന്നീട് ആർഗൈൽ പ്രഭുവായിത്തീൎന്ന ലോറൺപ്രഭുവിനെയാണ് ഈ രാജകുമാരി വിവാഹം ചെയ്തത്. തന്റെ മാതാവിനെ വിട്ടുപിരിയാതെ എല്ലായ്പോഴും പുത്രിയുടെ മുറയും ചെയ്തുകൊണ്ടു മഹാരാജ്ഞിയൊന്നിച്ചു താമസിച്ചിരുന്ന ബിയാട്രിസ്സ് രാജകുമാരി ബാററൻബൎഗിലെ ഹെൻറി രാജകുമാരനെ വിവാഹം ചെയ്തു. എഡിൻബറൊ പ്രഭുവായ ആൽഫ്രഡ് രാജകമാരൻ കഴിഞ്ഞുപോയ റഷ്യാചക്രവൎത്തിയുടെ മകളും ഇപ്പോഴത്തെ ചക്രവൎത്തിയുടെ സഹോദരിയുമായ രാജകന്യകയെ വിവാഹംചെയ്തു. ഇദ്ദേഹം ൧൮൯൩-ൽ സാക്സ്കോബഗ്ഗ് ഗോഥാ എന്ന രാജ്യത്തിന് അവകാശിയായിത്തീൎന്നു; ഇദ്ദേഹം ൧൯൦൦-ൽ മരിച്ചു. കൊനാട്ട്പ്രഭുവായ ആൎത്തർ രാജകുമാരൻ റഷ്യയിലെ ചാറൾസ് എന്ന രാജാവിന്റെപുത്രിയായ ലൂയിമാർഗാററ് എന്നരാജകുമാരിയെ വിവാഹംചെയ്തു. ആൽബണിയിലെ പ്രഭുവായ ലിയോപ്പോൾഡ് രാജകുമാരൻ വാൾഡാക്കിലെ ഹെലീനാ രാജകുമാരിയെ വിവാഹം ചെയ്തു. ഇദ്ദേഹം ബാല്യത്തിൽതന്നെ ആരോഗ്യമില്ലാത്ത ഒരാളായിരുന്നതുകൊണ്ട് ൧൮൮൪-ാമാണ്ടു മാൎച്ച്മാസം ൨൮-ാംനു- ബാലയായ തന്റെ പത്നിയെ വിധവയാക്കി.

വിക്ടോറിയാ മഹാരാജ്ഞി ൧൯൦൧-ാമാണ്ടു ജനവരിമാസം ൨൨-ാംനു- ഓസ്ബറൺ രാജധാനിയിൽവെച്ചു തീൎപ്പെട്ടു. മഹാരാജ്ഞിയുടെ മരണസമയത്തു പുത്രനായ വെയിൽസിലെ രാജകുമാരനും അദ്ദേഹത്തിന്റെ പത്നിയും പൌത്രനായ ജൎമ്മൻ ചക്രവൎത്തിയും സമീപത്തുണ്ടായിരുന്നു. ഫെബ്രുവരിമാസം ൨-ാംനു- മഹാരാജ്ഞിയുടെ ശരീരം തന്റെ പ്രിയഭൎത്താവിന്റെ സമീപത്തു സ്ഥാപിച്ചു. വെയിൽസിലെ രാജകുമാരൻഎഴാമത്തെ

എഡ്വേർഡ് എന്ന നാമധേയത്തോടുകൂടി സിംഹാസനാരോഹണം ചെയ്തു.

നമ്മുടെ മഹാരാജ്ഞിയെ മാതാവ്, പത്നി, രാജ്ഞി എന്നിങ്ങിനെ മൂന്നു നിലയിൽ മാത്രമേ ചുരുക്കി വിവരിച്ചിട്ടുള്ളു. ഹൈലണ്ടിലുള്ള രാജഗൃഹത്തിലെ വാസം വളരെ സന്തോഷകരമാണെന്നു മഹാരാജ്ഞി പറയാറുണ്ടായിരുന്നു എങ്കിലും, ഭർത്താവിൻെറ മരണാനന്തരം മഹാരാജ്ഞിക്ക് ആ സ്ഥലവും രസശൂന്യമായി തോന്നിയിരുന്നു. തന്നെ കാണ്മാൻ ആഗ്രഹിക്കുന്ന പ്രജകളെ തൻെറ ഉന്നതപദവിനിമിത്തം കാണാതിരിക്കാറില്ല. ഭർത്തൃവിയോഗത്തെപ്പററി മഹാരാജ്ഞി ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി: 'അദ്ദേഹത്തിൻെറ സന്നിധാനമില്ലാതിരിക്കുമ്പോൾ, മററു സകല വസ്തുക്കളും, സന്താനങ്ങൾപോലും, എനിക്കു ശൂന്യമായി തോന്നുന്നു; എന്നു മാത്രമല്ല, ഗൃഹത്തിൻെറയും കുടുംബത്തിൻെറയും ജീവൻ അദ്ദേഹത്തിൻെറകൂടെ പോയി എന്നും തോന്നുന്നു'.

മഹാരാജ്ഞിയുടെ ഓരോ ഉദാരമായ പ്രവൃത്തികളിൽ നിന്നു 'നിറഞ്ഞ കുടം തുളുമ്പുന്നതല്ല' എന്ന പഴഞ്ചൊല്ലിൻെറ സൂക്ഷ്മസ്ഥിതി മനസ്സിലാക്കാവുന്നതാണ്. ദരിദ്രകളായ വൃദ്ധകളുടെ ഉപയോഗത്തിന്നായി ഐൽ ഓഫ് വൈററിൽ ഒരു സത്രം പണിയിച്ചപ്പോൾ, മഹാരാജ്ഞി ആ കെട്ടിടത്തിൽ അവിടത്തെ ഉപയോഗത്തിനായി ഒരു അകം പ്രത്യേകം തിരിച്ചുവെക്കുകയും ചിലസമയം അതിൽ താമസിക്കുകയും ചെയ്യാറുണ്ടായിരുന്നു. താൻ മഹാരാജ്ഞിയായതുകൊണ്ടു സാധുക്കൾ താമസിക്കുന്ന സ്ഥലം രാജയോഗ്യമായ വസതിയല്ലെന്നു വിചാരിക്കാറില്ല. എത്ര താണനിലയിലുള്ളവനും തനിക്കു വല്ല ഉപകാരവും വല്ലപ്പോഴും ചെയ്തിട്ടുണ്ടെങ്കിൽ, ആ ആളെക്കുറിച്ചു മഹാരാജ്ഞിയുടെ ദിനസരിക്കുറിപ്പിൽ പ്രസ്താവിക്കാതിരുന്നിട്ടില്ല. അങ്ങിനെ വല്ല ഉപകാരവും ചെയ്തിട്ടുള്ളവർക്കു സന്തോഷമൊ സന്താപമൊ ഉണ്ടാകുമ്പോൾ മഹാരാജ്ഞി അവരോട് അനുമോദത്തോടും സഹതാപത്തോടും കൂടിയാണ് വർത്തിച്ചിരുന്നത്. മഹാരാജ്ഞി ത

ൻെറ സന്താനങ്ങളേയും ഈ സന്മാൎഗ്ഗരീതിയിലാണ് വളൎത്തിയിരിക്കുന്നത്. മഹാരാജ്ഞിയുടെ സന്താനങ്ങളുടെ ഓരോ പ്രവൃത്തികളിൽനിന്നും എഴുത്തുകളിൽനിന്നും ഈ സൽസ്വഭാവം വിശദമാകുന്നതാണ്. മററുള്ളവരുടെ സൌകൎയ്യത്തിനു വേണ്ടി മഹാരാജ്ഞി വളരെ ക്ലേശിക്കാറുണ്ട്.

മഹാരാജ്ഞിക്കു വളരെ കാലം ദാമ്പത്ത്യസുഖം അനുഭവിക്കാൻ ഭാഗ്യമുണ്ടായില്ലെങ്കിലും, രാജ്യഭരണസല്കീൎത്തി അനുഭവിക്കാനുള്ള യോഗം ഇത്രയും വേറെ വല്ല രാജ്ഞിമാൎക്കും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. നമ്മുടെ 'അമ്മറാണി' എന്നു സുപ്രസിദ്ധയായ ഈ മഹതിയുടെ ജീവചരിത്രം സ്ത്രീജനങ്ങൾക്കു ദൃഷ്ടാന്തയോഗ്യമായ ഒരു പാഠമാണെന്നതിനു സംശയമില്ല.

## ൬. ചാന്ദ്ബീബി.

ഇബ്രാഹിം അഡിൽഷാ എന്ന രാജാവിൻെറ രാജ്യഭരണകാലത്തു വിജയപുരം ഉറപ്പേറിയ കോട്ടകൾകൊണ്ടും മററും ഏററവും മനോഹരമായിരുന്നു. വിജയപുരത്തിൻെറ പ്രാധാന്യത്തിന്നു മുഖ്യകാരണം സുപ്രസിദ്ധയായ ചാന്ദ്ബീബിയാകുന്നു. ദക്ഷിണഇന്ത്യയിലെ ഹിന്തുക്കളുടെ പ്രാബല്യം കുറയ്ക്കുന്നതിനായി അഹമ്മദ്നഗരിയിലെ ഈ രാജകുമാരി വിജയപുരത്തെ രാജാവായ ആലി അഡിൽഷായെ വിവാഹം ചെയ്തു; ഈ ദമ്പതിമാരുടെ സ്നേഹബന്ധം അവരുടെ രാജ്യങ്ങളേയും ദൃഢമായി ബന്ധിച്ചു. ഇവരുടെ ഏകീകരിച്ച സൈന്യങ്ങൾ ദക്ഷിണഇന്ത്യയെ ആക്രമിക്കുകയും അനേകം രാജാക്കന്മാർ പരാജിതരായി വിജയപുരത്തിനു കീഴടങ്ങുകയും ചെയ്തു. ചാന്ദ്ബീബി പരാജിതരായ രാജാക്കന്മാരുടെ കുടുംബങ്ങളെയെല്ലാം സന്ദൎശിച്ചു; അപജയംകൊണ്ടു പരിഭവിച്ചിരിക്കുന്ന കുലീനകളും ഗൎവിഷ്ഠകളുമായ രാജകുമാരികളെ ചാന്ദ്ബീബി തൻെറ ഉദാരവും സൌമ്യവുമായ സ്വഭാവംകൊണ്ടു സമാശ്വസിപ്പിച്ചു സ്വാധീനപ്പെടുത്തി.

ചാന്ദ്റാണിയുടെ ആകൃതിയും പ്രകൃതിയും ഒരുപോലെ മനോഹരമായിരുന്നു. നൈസൎഗ്ഗികമായ സൌന്ദൎയ്യത്തിൻെറ ഇരിപ്പിടം ഈ റാണിയിലാണെന്നു കവികൾ വൎണ്ണിച്ചിരിക്കുന്നത് ഒട്ടും അതിശയോക്തിയല്ലത്രെ. തന്വംഗിയായ ഈ സ്ത്രീരത്നത്തിൻെറ അവയവങ്ങൾ അന്യൂനങ്ങളും നേത്രങ്ങൾ വിശാലങ്ങളും ബുദ്ധികൂൎമ്മയെ സൂചിപ്പിക്കുന്നവയുമായിരുന്നു; വിസ്തീൎണ്ണമായ നെററിത്തടം, അനിതരവനിതാസാധാരണമായ കല്പനാശക്തിയേയും സൂചിപ്പിച്ചിരുന്നു. ഒരു നേരിയ മൂടുപടം റാണിയുടെ മുഖത്തെ സദാ മറച്ചുകൊണ്ടിരുന്നെങ്കിലും, അതിനു സൌന്ദൎയ്യത്തെ മറയ്ക്കുവാൻ സാധിച്ചിട്ടില്ല. കുതിരപ്പുറത്തു സവാരി ചെയ്യുന്നതിൽ റാണി വളരെ സമൎത്ഥയായിരുന്നു; ഭൎത്താവൊന്നിച്ചു യുദ്ധത്തിനും നായാട്ടിനും റാണി കുതിരപ്പുറത്തു കയറിപ്പോവുക പതിവാണ്. യുദ്ധതന്ത്രത്തിലും നായാട്ടിലും റാണി ഒരു നിപുണയായിരുന്നു. അറബി, പാർസി, തുൎക്കി, കൎണ്ണാടകം, മഹാരാഷ്ട്രം മുതലായ ഭാഷകൾ റാണി സംസാരിക്കുന്നതു കേട്ടാൽ, അവയാണൊ റാണിയുടെ മാതൃഭാഷയെന്നു തോന്നിപ്പോകും. ജോലികൾ ഇല്ലാത്ത സമയങ്ങളിൽ റാണിയുടെ വിനോദം വീണ വായിക്കുക, ചിത്രമെഴുതുക, പാട്ടു പാടുക മുതലായവയാണ്. ഈ റാണി പലപ്രകാരത്തിലും വളരെ ഭാഗ്യവതിയായിരുന്നെങ്കിലും, പുത്രഭാഗ്യമില്ലായ്ക്കകൊണ്ടുള്ള സുഖക്കേട് അനുഭവിക്കേണ്ടിവന്നു.

൧൫൮൦-ാം വൎഷത്തിൽ ആലി അഡിൽഷാ മരിച്ചതുകൊണ്ടു വൈധവ്യമെന്ന ഭാഗ്യദോഷവും റാണിക്കു നേരിട്ടു; ഇതു റാണിയുടെ ഇരുപത്തഞ്ചാമത്തെ വയസ്സിലാണ്. മരിച്ച രാജാവിൻെറ ഭാഗിനേയനായ ഇബ്രാഹിം അഡിൽഷാ റാണിയുടെ മേലന്വേഷണത്തിൽ രാജ്യം ഭരിക്കേണമെന്നായിരുന്നു രാജാവിൻെറ മരണപത്രത്തിലെ നിശ്ചയം.

റാണിയുടെ രാജ്യഭരണം ആദ്യകാലങ്ങളിൽ വളരെ ശാന്തമായിരുന്നില്ല. അന്യായമായ ആദായത്തിൽ ആഗ്രഹം ജനിക്കാതിരിക്കത്തക്കവണ്ണം മന്ത്രിമാൎക്കു രാജഭക്തിയൊ കൃത്യനിഷ്ഠയൊ ഉണ്ടായിരുന്നില്ല. വിരുന്നുസല്ക്കാരങ്ങൾകൊണ്ടും മററും പ്രജകളുടെ പ്രീതി സമ്പാദിച്ച കെഷവർഖാൻ എന്ന മന്ത്രി ക

രിക്കൽ റാണിയെ ബലാൽകാരേണ രാജധാനിയിൽനിന്നു പിടിച്ചു കൊണ്ടുപോയി സറാറായിലുള്ള ഒരു കോട്ടയിൽ പാൎപ്പിച്ചു; പക്ഷെ, നാട്ടുകാൎക്കു കെഷവർഖാനിലുണ്ടായിരുന്ന പ്രതിപത്തി പ്രായേണ കുറയുകയും അയാൾ രാജ്യത്തുനിന്ന് ഓടിപ്പോവുകയുംചെയ്തു; എങ്കിലും, ഏറെ കാലതാമസംകൂടാതെ, കെഷവർഖാൻ, അയാളാൽ ദ്രോഹിക്കപ്പെട്ട ഒരു ശത്രുവിന്റെ കൈകൊണ്ടു മരിച്ചു. പിന്നെ അധികാരിയായിത്തീൎന്നത് അബിസിനിയാക്കാരനായ എക്ലാസ്ഖാൻ എന്നൊരുവനാണ്; അയാൾ വളരെ ക്രൂരനും കലഹപ്രിയനുമായിരുന്നെന്നു മാത്രമല്ല, അയാളുടെ കൂട്ടുകാർ എല്ലായ്പോഴും മററു കക്ഷികളോടു കലഹിച്ചുകൊണ്ടുമിരുന്നു. എങ്കിലും അഭ്യന്തരകലഹംകൊണ്ടു ദുൎബ്ബലയായ വിജയപുരത്തെ നിഷ്പ്രയാസേന പരാജിതയാക്കാമെന്നു കരുതി പുറപ്പെട്ട ശത്രുക്കളോട് അയാൾ ധൈൎയ്യത്തോടും സാമൎത്ഥ്യത്തോടും എതിൎക്കാതിരുന്നില്ല. യുദ്ധമദ്ധ്യേ റാണി സൈന്യങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അങ്ങുമിങ്ങും നടന്നിരുന്നു. ശത്രുക്കൾ പ്രയാസപ്പെട്ടു കോട്ടയുടെ മതിലിന്മേൽ അല്പമായ ഒരു പഴുതുണ്ടാക്കി; മഴയുടെ ശക്തികൊണ്ട് ആ പഴുതു വളരെ വലിയതായിത്തീൎന്നു; എന്നാൽ, ആ പഴുതു മുഴുവൻ അടയ്ക്കുന്നതുവരെ റാണി മഴ നനഞ്ഞുകൊണ്ടു സൈന്യങ്ങളുടെ കൂടെ നിന്നു ബുദ്ധിമുട്ടി. യുദ്ധം കലാശിച്ചു; ഇരുഭാഗക്കാരും റാണിയുടെ ധൈൎയ്യവീൎയ്യാദിഗുണങ്ങളെപ്പററി പുകഴ്ത്തി. ഈ യുദ്ധാനന്തരം കുറെക്കാലത്തേക്കു രാജ്യത്തു സമാധാനം നിലനിന്നു. ഇതിനിടയ്ക്കു മത്സരബുദ്ധിയായ ഒരു ഉദ്യോഗസ്ഥൻ എക്ലാസ്ഖാന്റെ കണ്ണുകൾ കുത്തിപ്പൊട്ടിച്ച് അയാളെ അപായപ്പെടുത്തി; റാണിയെ സ്ഥാനഭ്രംശയാക്കി; എങ്കിലും, ഏറെ താമസിയാതെ റാണിയും വിജയപുരവും പൂൎവ്വസ്ഥിതിയെ പ്രാപിച്ചു.

യുവാവായ അഡിൽഷായ്ക്കു രാജ്യഭാരം അന്വേഷിക്കുവാനുള്ള പ്രായം തികഞ്ഞപ്പോൾ, ചാന്ദ്ബീബി സകല രാജ്യകാൎയ്യങ്ങളും അയാളെ ഏല്പിച്ചു തന്റെ ജന്മഭൂമിയായ അഹമ്മദ്നഗരത്തിലേക്കു പോയി. അന്തഃഛിദ്രം മുതലായ രാജ്യഭരണക്കുഴപ്പങ്ങൾനിമിത്തം ആ രാജ്യക്കാൎക്കു വലിയ ഗുണമൊന്നും ചെയ്വാൻ

തരാ വരാതെ റാണി തിരിയെ വിജയപുരത്തേക്കു തന്നെ മടങ്ങിപ്പോന്നു. വിജയപുരനിവാസികൾ നിർവ്യാജമായ സന്തോഷത്തോടെ റാണിയെ സ്വീകരിച്ചു സൽക്കരിച്ചു. ചെറുപ്പക്കാരനായ രാജാവു യുദ്ധത്തിനൊ രാജ്യസഞ്ചാരത്തിനൊ പുറത്തുപോയിരിക്കുന്ന കാലങ്ങളിൽമാത്രമേ റാണിക്കു രാജ്യകാര്യം അന്വേഷിക്കേണ്ടിയിരുന്നുള്ളു; മററുള്ള കാലങ്ങളിൽ ഈശ്വരനെ ഭജിച്ചും സാധുക്കളെ സംരക്ഷിച്ചും സ്വൈരമായി താമസിച്ചു. ചാന്ദ്റാണിയുടെ രാജ്യതന്ത്രനൈപുണ്യത്തിന് ആസ്പദമായ ഗുണങ്ങൾ കരുണ, കാര്യപ്രാപ്തി, നിഷ്കളങ്കത, ദാനശീലം മുതലായവയായിരുന്നു.

ഇക്കാലത്ത് അഹമ്മദ് നഗരത്തിലെ രാജാവു യുദ്ധത്തിൽ മരിച്ചുപോവുക നിമിത്തം ആ രാജ്യത്തുള്ള പ്രഭുക്കന്മാരും പ്രബലന്മാരായ മന്ത്രിമാരും ഇരുകക്ഷികളായി പിരിഞ്ഞ് ഓരോരുത്തരുടെ ബുദ്ധിക്കും ശക്തിക്കും ഒത്തവണ്ണം ഓരോ ദുർന്നയങ്ങൾ പ്രവർത്തിച്ചുതുടങ്ങി. രാജ്യത്തു സമാധാനമില്ലാതായി; രാജ്യാവകാശം തന്നെ തർക്കത്തിലായി. ഓരോ കക്ഷികൾ ഓരോരുത്തനെ രാജ്യാവകാശിയായി പുറപ്പെടുവിച്ചു. ദക്കാനിയകക്ഷികളുടെ വാദം അവർ പുറപ്പെടുവിച്ചിരിക്കുന്ന ശിശുവാണ് ന്യായപ്രകാരം രാജ്യാവകാശിയെന്നായിരുന്നു; എതിർകക്ഷികളുടെ വാദം പരേതനായ രാജാവിന്റെ പുത്രനാണ് അവകാശിയെന്നായിരുന്നു. കക്ഷികളുടെ തർക്കം വർദ്ധിച്ചു യുദ്ധം വേണ്ടിവരുമെന്ന ദിക്കായപ്പോൾ, മരിച്ച രാജാവിന്റെ ഭാഗക്കാർ ചാന്ദ്റാണിയെ അഭയംപ്രാപിച്ചു. 'അല്ലയോ മഹാരാജ്ഞി! തിരുമേനി അഹമ്മദ്നഗരത്തിലേക്ക് എഴുന്നെള്ളുന്നതായാൽ, ഭവതിയുടെ സ്നേഹപ്രവാഹം ഹേതുവായി, ക്ഷോഭിച്ചിരിക്കുന്ന ആ പ്രജാസമുദ്രം ശാന്തമായിത്തീരും' എന്ന് ആ രാജ്യവാസികൾ ചാന്ദ്ബീബിയെ അറിയിച്ചു.

ആക്ബർ ചക്രവർത്തി സാധാരണയായി ആഭ്യന്തരകലഹംകൊണ്ടു ദോഷം നേരിടുവാനടുത്തിരിക്കുന്ന രാജ്യങ്ങളിൽ കടന്നുകൂടി, കുരങ്ങൻ അപ്പക്കഷണം പങ്കുവെച്ചതുപോലെ, പ്രവർത്തിച്ചുവരാറുള്ളതുകൊണ്ട്, ഈ അവസരത്തിൽ അഹമ്മദ്നഗ

രത്തിൻെറ അവസ്ഥ അത്യന്തം ശോചനീയയായിരുന്നു. തരം കിട്ടിയാൽ ഉടനെ രാജ്യം കൈകേറേണമെന്ന ഉദ്ദേശത്തോടു കൂടി മൂറാഡ് രാജകുമാരൻ സൈന്യസമേതം ദക്ഷിണാപഥത്തിൽ സഞ്ചരിക്കുന്നുണ്ടായിരുന്നു. അവിവേകിയും കുബുദ്ധിയുമായ ദക്കാനിയപ്രഭു അയാൾ പുറപ്പെടുവിച്ചിരിക്കുന്ന കുട്ടിയുടെ അവകാശം സ്ഥാപിക്കാൻ വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കേണമെന്നു മൂറാഡ് രാജകുമാരനോട് അപേക്ഷിക്കുകയും അതനുസരിച്ച് അവർ രണ്ടുപേരും തമ്മിൽ ഒരു ഉടമ്പടിയും ചെയ്തു. മൂറാഡ്രാജകുമാരനു വല്ല കാരണവും പറഞ്ഞു യുദ്ധം ചെയ്ത് അഹമ്മദ്നഗരം കരസ്ഥമാക്കേണമെന്നു മാത്രമേ ഉദ്ദേശമുണ്ടായിരുന്നുള്ളു. ദക്ഷിണാപഥന്മാർ പുറപ്പെടുവിച്ചിരിക്കുന്ന കുട്ടിക്കു രാജ്യാവകാശമില്ലെന്നു മൂറാഡുരാജകുമാരന് അറിയാമായിരുന്നെങ്കിലും, തൻെറ ഉദ്ദേശസാദ്ധ്യത്തിനു തക്കതായ മാൎഗ്ഗം അതൊന്നുമാത്രമായിരുന്നതിനാൽ യുദ്ധത്തിന്നൊരുങ്ങി; അന്യായമായ ഒരു കാൎയ്യത്തെക്കുറിച്ചെങ്കിലും, ചാന്ദ്റാണിക്കു യുദ്ധം ഒഴിച്ചുകൂടാത്ത ഒരു കാൎയ്യമായിത്തീൎന്നു. 'അത് എൻെറ മുറയും ദൈവത്തിൻെറ ആജ്ഞയുമാകുന്നു. അതു ഞാൻ ചെയ്യും' എന്നായിരുന്നു രാജ്ഞിയുടെ നിശ്ചയം. റാണിയോടുകൂടെ യുവാവായ അബാസ്ഖാനും, അയാളുടെ മനോഹരിയായ ഭാൎയ്യ സോറയും അഹമ്മദ്നഗരത്തിലേക്കു പോയി. അബാസ്ഖാൻ റാണിയുടെ വളൎത്തുപുത്രനാണ്.

അഹമ്മദ്നഗരത്തിലെ നിവാസികൾ മുഴുവൻ സന്തോഷസമേതം റാണിയെ എതിരേററു; റാണി അവരെ യഥോചിതം സ്വാന്തനവാക്കുകൾകൊണ്ടും ധൈൎയ്യവീൎയ്യാദിഗുണങ്ങൾകൊണ്ടും സമാധാനപ്പെടുത്തി. റാണിയുടെ ആഗമനത്തോടുകൂടി ദക്കാനിയപ്രഭു ഭയപ്പെട്ടു രാജ്യത്തുനിന്നോടി; എന്നുതന്നെയല്ല, അയാൾ തൻെറ അവിവേകത്തെപ്പററി പശ്ചാത്തപിക്കുന്നു എന്നും താൻ എപ്പോഴെങ്കിലും ഒരിക്കൽ രാജ്യത്തേക്കു മടങ്ങിവരുന്നതായാൽ, അതു വലിയതായ ഒരു സൈന്യത്തോടുകൂടി റാണിയെ സഹായിക്കുവാനായിരിക്കുമെന്നും എഴുതിയയച്ചു.

അഹമ്മദ്നഗരിയുടെ വടക്കുഭാഗത്തുള്ള കുന്നുകളെ കാത്തുരക്ഷിച്ചുകൊള്ളാമെന്നു വിജയപുരത്തുനിന്നും ഗോൽക്കൊണ്ടയിൽനിന്നും വരാമെന്നു തീൎച്ചയാക്കിയിരുന്ന സൈന്യങ്ങൾ ഭരമേററു. മരിച്ച രാജാവിൻെറ പുത്രനെ രാജാവായി അഭിഷേകം ചെയ്തു. ഈ അവസരത്തിൽ കോട്ടയെ സംരക്ഷിച്ചുകൊണ്ടിരുന്ന ഗവൎണ്ണർ ഒരു ചതി പ്രയോഗിച്ചു: 'ഹേ, രാജകുമാര! അങ്ങു വേഗം വന്നാലും. വംശശുദ്ധിയില്ലാത്ത ഒരു ശിശുവിൻെറ അവകാശം സ്ഥാപിക്കാൻ ശ്രമിക്കുന്ന മാനഹീനയായ ഒരു സ്ത്രീയാണ് രാജ്യം ഭരിക്കുന്നത്' എന്നു ഗവൎണ്ണർ മൂറാഡ്രാജകുമാരന് എഴുതയച്ചു. ഗവൎണ്ണരുടെ സ്വാമിദ്രോഹകുററത്തിന് അയാൾ യഥോചിതം കൊല്ലപ്പെട്ടു. ഇതുകൊണ്ടൊന്നും രാജകുമാരൻ പിൻമാറുന്നില്ലെന്നു കണ്ടപ്പോൾ, റാണി യുദ്ധത്തിനു വേണ്ടുന്ന സകല സാമഗ്രികളും തയാറാക്കാൻ തുടങ്ങി. ദക്കാനിയസൈന്യം സഹായത്തിനു വന്നുചേരുന്നതിനു മുമ്പായി കോട്ടയെ ആക്രമിക്കേണമെന്നു മൂറാഡു തീൎച്ചയാക്കി.

ഈ സന്ദൎഭത്തിൽ നാട്ടുകാർ കക്ഷിവഴക്കുകളെല്ലാം കളഞ്ഞു റാണിയെ സഹായിക്കാൻ സന്നദ്ധരായി; ആക്രമണത്തെ എതിൎത്തുനില്ക്കുവാൻ വേണ്ടുന്ന ഏൎപ്പാടുകളെല്ലാം റാണി ഓരോന്നായി ചെയ്തു. കിട്ടുന്നിടത്തോളം ധാന്യം വാങ്ങി സൎക്കാർ നെല്ലറകളിൽ ശേഖരിച്ചു. അബാസ്ഖാൻ ഒരുമിച്ചു ദിവസേന റാണി യുദ്ധസന്നാഹങ്ങൾ പരിശോധിക്കുക പതിവായിരുന്നു. വിജയപുരത്തുനിന്നു പുറപ്പെട്ട സൈന്യങ്ങളോടു കഴിയുന്നതും വേഗത്തിൽ വന്നുചേരേണമെന്നു റാണി വീണ്ടും അപേക്ഷിച്ചു. നീലദുൎഗ്ഗയിൽനിന്നു പുറപ്പെട്ട പന്തീരായിരം അശ്വാരൂഢന്മാരെ മാൎഗ്ഗമദ്ധ്യത്തിൽ വെച്ചു മുഗൾസൈന്യം തോല്പിച്ചു പിന്നാക്കം അയച്ചു. അതുകൊണ്ടു മുഗൾസൈന്യത്തിൻെറ പ്രവേശനമാൎഗ്ഗം തടസ്ഥരഹിതമായിത്തീൎന്നു.

അന്യസഹായത്തെ ആശിച്ചിട്ടാവശ്യമില്ലെന്നു റാണി തീൎച്ചയാക്കി. മുഗൾസൈന്യം ക്രമേണ അടുത്തുതുടങ്ങി; കിഴക്കുഭാഗം ഒഴികെ മററു മൂന്നു പുറങ്ങളിലും ശത്രുക്കൾ ആക്രമിക്കാൻ ആ

യാറായി. പട്ടണത്തിൽ കഴിയുന്ന സകല സംഗതികളും റാണിയുടെ അറിവിൽപ്പെടുവാൻ വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു. മുറാഡ് രാജകുമാരന്റെ സൂത്രങ്ങൾക്കെല്ലാം മറുകൈ ചെയ്യാതിരുന്നില്ല. ഇങ്ങിനെ അല്പംനാൾ കഴിഞ്ഞപ്പോൾ, രാജകുമാരന്റെ സൈന്യത്തിനു ക്ഷാമംകൊണ്ടും രോഗംകൊണ്ടും ദോഷം നേരിട്ടുതുടങ്ങിയതല്ലാതെ, കോട്ടയ്ക്കു ലവലേശം ഹാനിയില്ലെന്നുകണ്ടു അദ്ദേഹം വളരെ വിഷണ്ണനായി.

ഒരു ദിവസം രാത്രി ചാന്ദ്ബീബി സേനാനായകന്മാരോടുകൂടി കോട്ടയുടെ കൊത്തളത്തിൽ നില്ക്കുമ്പോൾ, കിടങ്ങിന്റെ സമീപത്തുനിന്ന് ഇപ്രകാരം ആരോ പറയുന്നതു കേട്ടു. 'ഹേ! ധീരയായ റാണി! ഭവതി കീഴടങ്ങുക. വെറുതെ അനേകം ജനങ്ങളുടെ ജീവഹാനി വരുത്തേണ്ട. കോട്ട പൊളിക്കുന്നതിന് അഞ്ചു വെടിമരുന്നു കുഴികൾ തയാറായിട്ടുണ്ട്. ഭവതി നില്ക്കുന്ന സ്ഥലവും കൂടെ പൊട്ടിത്തെറിച്ചുപോകും. ഭവതിയുടെ പരാജയം പരിഹരിക്കത്തക്കതല്ല'. ജനങ്ങൾ ആ വാക്കുകൾ കേട്ടു ഭയപ്പെട്ടു കീഴടങ്ങുവാൻ ഒരുങ്ങി. അപ്പോൾ കുയിൽനാദംപോലെയുള്ള റാണിയുടെ കർണ്ണാനന്ദകരമായ ശബ്ദം ഇപ്രകാരം വ്യക്തമായി കേട്ടു: "നിങ്ങൾ, കീഴടങ്ങി, നിങ്ങളുടെ പത്നിമാരേയും പുത്രിമാരേയും മുഗൾസൈന്യത്തിന്റെ ക്രൂരതയ്ക്കു പാത്രീഭവിപ്പിക്കാനാണോ വിചാരിക്കുന്നത്? ഞാൻ അബലയായ ഒരു സ്ത്രീയാണെങ്കിലും ഈ സ്ഥലത്തുനിന്നു മാറുന്നതല്ല. ഈ ആപത്തിൽനിന്നു രക്ഷപെടുവാൻ ദൈവം എന്നെ സഹായിക്കും. ബലഹീനമായ എന്റെ കൈവിരലുകൾകൊണ്ടു കുഴികളിൽനിന്നു വെടിമരുന്നു മാന്തിക്കളഞ്ഞ് ഈ ആപത്തിനെ ഞാൻ ഒഴിക്കും". 'ഓ! മാതാവേ! ഞങ്ങൾ ഭവതിയെ ഉപേക്ഷിക്കുന്നതല്ല. ഞങ്ങൾ മരിക്കേണമെന്നാണ് ദൈവകല്പിതമെങ്കിൽ ഞങ്ങൾ അതിനും തയാറാണ്; എന്നാലും കീഴടങ്ങുന്നതല്ല'. എന്നു ജനങ്ങളെല്ലാവരും ഐകകണ്ഠ്യേന നിലവിളിച്ചു പറഞ്ഞു.

റാണി ഒരു കൈക്കോട്ട് എടുത്തു ഭടന്മാരേയും വിളിച്ചു വെടിമരുന്നുകുഴികൾ കിളച്ചു മറിക്കുന്നതിന്നായി പുറപ്പെട്ടു. റാണിയുടെ ഈ ഉചിതകൃത്യത്തെ അനുകരിക്കാത്തതായി അവിടെ

ആരും ഉണ്ടായിരുന്നില്ല. ക്ഷീണിക്കുന്ന ഭടന്മാരുടെ വിശ്രമത്തിന്നായി റാണിതന്നെ ജലവും സർവ്വത്തും കൊണ്ടുചെന്നുകൊടുത്തു. കുഴികളിലെ വെടിമരുന്നു മാററിക്കളയുന്നതിനുമുമ്പായി പട്ടണത്തിൽ പ്രവേശിക്കുന്നത് ആപൽക്കരമാണെന്നുള്ള വിചാരത്തോടുകൂടി ഉദയാദ്രിയുടെ കിഴക്കുഭാഗത്തുനിന്നു സൂര്യൻ എത്തിനോക്കുകയാണോ എന്നു തോന്നുമാറു പത്തുക്കെ പുറപ്പെട്ടപ്പോഴേയ്ക്കും മൂന്നു കുഴികളിലെ മരുന്നുകൾ എടുത്തു മാററിക്കഴിഞ്ഞു. പക്ഷെ,കാണാതെ കിടന്നിരുന്ന ഒരു കുഴി പെട്ടെന്നു പൊട്ടി കോട്ടയുടെ കൊത്തളത്തിന്നു സമീപം മതിലിന്മേൽ ഒരു വലിയ വിള്ളലുണ്ടായി. ഈ സംഭവത്തിൽനിന്നു സൈന്യങ്ങൾക്കു പരിഭ്രമമുണ്ടായി. 'നമ്മുടെ കീർത്തിയും ജീവനും നമ്മുടെ ധൈര്യത്തെയും സാമർത്ഥ്യത്തെയുമാണ് ആശ്രയിച്ചിരിക്കുന്നത്' എന്നു റാണി പ്രത്യേകം പറഞ്ഞു. എന്നുതന്നെയല്ല, റാണി തന്റെ സുപ്രസന്നവും സൌന്ദര്യസങ്കേതവുമായ മുഖം മൂടുപടംകൊണ്ടു മൂടി കയ്യിൽ വലിയ വാളും പിടിച്ചുകൊണ്ട് 'എന്റെ മൂടുപടത്തെ ആരെല്ലാം അനുഗമിക്കുന്നു? മാനവും മൃത്യുവും സംഭവിക്കുന്നതാണ്. പക്ഷേ, അപമാനത്തിനു കാരണമില്ല' എന്നു പറഞ്ഞു എല്ലാവരുടേയും മുമ്പിൽ വാൾ ഉയർത്തിക്കൊണ്ടു നടന്നു.

റാണിയുടെ ധൈര്യമായ വാക്കും പ്രവൃത്തിയും അനുകരിച്ചു ജനങ്ങൾ മരിക്കുന്നതുവരെ യുദ്ധംചെയ്യാൻ സന്നദ്ധരായി. യുദ്ധം ഭയങ്കരമായിത്തീർന്നു. നേരം ഉച്ചയായി. ഇത്ര സാമർത്ഥ്യത്തോടും ധൈര്യത്തോടും രക്ഷിക്കപ്പെടുന്നതും സൈന്യങ്ങൾക്ക് ഒന്നായി ഓടിക്കയറുവാൻ മാത്രം വിസ്താരമില്ലാത്തതുമായ വിള്ളലിന്റെ സമീപത്തുചെല്ലുവാൻ ശത്രുക്കൾ സംശയിച്ചുതുടങ്ങി.

ഒടുക്കം ഏതാനും ഭടന്മാർ ഓടി കോട്ടയുടെ അടുക്കലെത്തി; അവരെ പിന്തുടർന്നു വേറെയും വളരെ സൈന്യങ്ങൾ കിടങ്ങിനുസമീപംചെന്നു; പക്ഷെ, അടുത്തെത്തിയ ശത്രുക്കളിൽ മിക്കവരും കോട്ടയിൽനിന്നു പുറപ്പെട്ട പീരങ്കിയുണ്ടകൾക്കിരയായിത്തീർന്നു. ശത്രുസൈന്യങ്ങൾ അണിയായി കിടങ്ങിന്റെ സ

മീപംവരെ വരികയും വെടികൊണ്ടു വീഴുകയും പടനായകന്മാർ സൂക്ഷ്മസ്ഥിതിയറിയാതെ ഭടന്മാരെ വീണ്ടും മുന്നോട്ടു നടത്തുകയും ചെയ്യുപ്പോൾ, അവിടെ ഉണ്ടായ കോലാഹലം ഇന്നവിധമാണെന്നു പറയാൻ പാടില്ലാതായി. പൊത്തിപ്പിടിച്ചു മതിലിന്മേൽക്കയറുന്ന ശത്രുക്കൾ മുകളിൽനിന്നുകിട്ടുന്ന വെട്ടുകൊണ്ടു തലയററു കിടങ്ങിൽ വീണുതുടങ്ങി. ഏററവും ആപൽക്കരവും എതിർത്തുനില്ക്കാൻ പ്രയാസവുമായ സ്ഥലങ്ങളിലെല്ലാം നടന്നു റാണി ഭടന്മാരെ പ്രോത്സാഹിപ്പിച്ചതുകൊണ്ട് അവർ അമാനുഷശക്തി സിദ്ധിച്ചവരെപ്പോലെ യുദ്ധംചെയ്തു. രാത്രിയായപ്പോൾ ഭയങ്കരമായ പീരങ്കിയുണ്ടകളാൽ അനുനയിക്കപ്പെട്ടുകൊണ്ടു മുഗൾസൈന്യം പിന്തിരിഞ്ഞു. അബ്ബാസ്ഖാൻ അയാളുടെ സ്ഥലത്തുനിന്നു തിരിയെ വന്നപ്പോൾ റാണിയും അയാളുടെ ഭാര്യയായ സോറയും അന്യോന്യം ആലിംഗനം ചെയ്തു സന്തോഷാശ്രു പൊഴിക്കുന്നതു കണ്ടു. ഈ നടന്ന യുദ്ധത്തിൽ റാണിയുടെ ഒപ്പം ജാഗ്രതയോടും ധൈര്യത്തോടും ശ്രമിച്ചവളാണ് സോറാ.

വേറെ കാര്യത്തിനായി നിയോഗിക്കപ്പെട്ട ഒരു ദൂതൻ യദൃച്ഛയായി പിറെറന്നാൾ രാവിലെ മൂറാഡ് രാജകുമാരന്റെ കൂടാരത്തിൽ ചെന്നു. 'ഇനി ഉപദ്രവിക്കാതെ ഞങ്ങളെ വിട്ടയയ്ക്കാമെന്നും അഹമ്മദ്നഗരത്തിലേക്ക് ആവശ്യമില്ലാത്ത ബീദാർ എനിക്കു തരാമെന്നും റാണി സമ്മതിക്കുന്ന പക്ഷം ഞാൻ ഇപ്പോൾതന്നെ ഇവിടെനിന്നു പൊയ്ക്കൊള്ളാം' എന്നു രാജകുമാരൻ ആ ദൂതൻമുഖേന റാണിയെ അറിയിച്ചു. ഈ അഭിപ്രായത്തോടുകൂടി മന്ത്രിമാർ യോജിക്കാതിരിക്കുന്ന പക്ഷം വേറെഒരു ആക്രമണത്തെക്കൂടെ തടുത്തുനില്പ്പാനുള്ള ശക്തി കോട്ടയ്ക്കുണ്ടോ എന്നു പരിശോധിച്ചതിനുശേഷം റാണി രാജകുമാരന്റെ അഭിപ്രായം മന്ത്രിമാരെ അറിയിച്ചു. അവർ ബീദാർ വിട്ടുകൊടുക്കുവാൻ സമ്മതിക്കുകയും മുഗൾസൈന്യം പിന്തിരിഞ്ഞു പോകയും ചെയ്തു.

ഈ യുദ്ധാനന്തരം അഹമ്മദ് നഗരിയിൽ സമാധാനമുണ്ടായെങ്കിലും അത് അധികം കാലം നിലനിന്നില്ല. സ്വാൎത്ഥതല്പരന്മാരായ മന്ത്രിമാർ സ്വയാധികാരം സിദ്ധിക്കുക നിമിത്തം ഗൎവ്വിഷ്ഠന്മാരായിത്തീൎന്നു. കക്ഷിവഴക്കുകൾ വീണ്ടും ആരംഭിച്ചു. പുരക ത്തുമ്പോൾ വാഴവെട്ടാൻ കാത്തുനില്ക്കുന്നവരെപ്പോലെ ലാക്കു നോക്കിക്കൊണ്ടിരുന്ന ആക്ബർ ചക്രവൎത്തി അഹമ്മദ് നഗരത്തിലെ അന്തഃഛിദ്രവൃത്താന്തം കേട്ടു. ഈ അവസരത്തിലെങ്കിലും ദക്ഷിണാപഥത്തിലുള്ള സകലരാജ്യങ്ങളും തന്റെ അധികാരത്തിങ്കിഴിലാക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടി ദാനിയൽ രാജകുമാരനേയും ഖാൻഖാനാനേയും സൈന്യസമേതം അഹമ്മദ് നഗരത്തിലേക്ക് അയച്ചു. വളരെ മനസ്സാപത്തോടുകൂടി റാണിയും വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യുതുടങ്ങി. റാണിയുടെ, സൈന്യത്തിന്റെ സംഖ്യ വളരെ കുറഞ്ഞതുകൊണ്ടു പണ്ടത്തെപ്പോലെ വിജയമുണ്ടാകുന്ന കാൎയ്യം സംശയമായിത്തോന്നി. എങ്കിലും യുദ്ധത്തിനു വേണ്ടുന്ന ഏൎപ്പാടുകളെല്ലാം ചെയ്യാതിരുന്നില്ല.

റാണിയുടെ രക്ഷയിൽവളൎന്നു വിദ്യാഭ്യാസം ചെയ്തുകാൎയ്യപ്രാപ്തനായിത്തീൎന്ന നപുംസകമായ ഹമിദ്ഖാന്റെ കീഴിലായിരുന്നു സൈന്യങ്ങൾ. കഴിഞ്ഞ യുദ്ധത്തിൽ അയാൾ അസാധാരണമായ സാമൎത്ഥ്യം കാണിച്ചതുകൊണ്ടാണ് അയാളെ റാണി ഈ ഭാരമേറിയ ഉദ്യോഗത്തിൽ നിയമിച്ചത്. ഹമിദ്ഖാന് അബാസ്ഖാനോട് അല്പം തിരക്കുണ്ടായിരുന്നു. അതുകൊണ്ടു തരംകിട്ടിയാൽ അബാസ്ഖാനെ പററിക്കാൻ അയാൾ തയാറായിരുന്നു. സൈന്യത്തിൽ സ്വയാധികാരം കൊടുക്കാത്തതുകൊണ്ട് അയാൾക്കു റാണിയുടെ നേരെ വെറുപ്പുതുടങ്ങി. അയാളുടെ കൌടില്യം മനസ്സിലാകാതെ മുഖ്യകാൎയ്യങ്ങളിലെല്ലാം റാണി അയാളെ വിശ്വസിച്ചുംപോന്നു.

മുഗൾസൈന്യം കോട്ടയെ വളഞ്ഞുകൊണ്ടിരിക്കുന്നതിനു മദ്ധ്യേ, ഒരു ദിവസം, രാത്രി കൂരിരുട്ടത്ത് ഹമിദ്ഖാൻ ഏതാനും ഭടന്മാരോടുകൂടി ശത്രുക്കളുടെ സ്ഥിതിയെ സൂക്ഷ്മമായി മനസ്സിലാ

ക്കാൻവേണ്ടി കോട്ടയ്ക്കു പുറത്തിറങ്ങി സഞ്ചരിക്കുമ്പോൾ, ഉസ്മൻ ബെഗ്ഗ് എന്ന ഒരു ശത്രുപക്ഷക്കാരൻ അയാളെ തടവുകാരനായി പിടിച്ചു. അബാസ്ഖാന്റെ ഭാൎയ്യയെ കൈവശപ്പെടുത്താൻ പടിച്ചപണി പലതുംനോക്കീട്ടും പറ്റാതിരിക്കുന്ന കാലത്തു മുഗൾ സൈന്യത്തിന്റെ ആഗമനം ശുഭകരമായിക്കരുതി അവരോടുചേന്ന് ഉദ്ദേശസാദ്ധ്യത്തിനായി രാപ്പകൽ ശ്രമിക്കുന്ന ഒരാളായിരുന്നു ഈ ഉസ്മൻബെഗ്ഗ്. ഉദ്യോഗസ്ഥന്മാർ അന്യോന്യം അറിഞ്ഞു. അവരുടെ കുടിലാശയങ്ങൾ ഒന്നായിച്ചേൎന്നു. ഓരോരുത്തന്റേയും കാൎയ്യസാദ്ധ്യത്തിനു പരസ്പരം സഹായിക്കാമെന്നു തീൎച്ചയാക്കി. കോട്ട ഉസ്മൻബെഗ്ഗിന്റെ കൈവശം ഏല്പിക്കാമെന്നു വാഗ്ദത്തം ചെയ്തതിന്നു ശേഷം, ജീവരക്ഷയ്ക്കെന്നപോലെ, ഹമിദ്ഖാൻ ഓടി കോട്ടയിൽ കയറി.

അഹമ്മദ്നഗരം വിട്ടുപോകേണമെന്നു പലതവണയും അബാസ്ഖാൻ റാണിയോടു അപേക്ഷിച്ചെങ്കിലും, ആ ധൈൎയ്യവതി അപ്രകാരം ചെയ്തില്ല. റാണി ഭരിക്കുന്നതായാൽ ഓരോരുത്തന്റേയും ജീവാവസാനംവരെ ശത്രുക്കൾക്കു കീഴടങ്ങാതെ എതിൎത്തു യുദ്ധംചെയ്വാൻ ഒരുക്കമാണെന്നു സൈന്യങ്ങൾ ധൈൎയ്യമായി പറഞ്ഞു. യുദ്ധവും ജീവഹാനിയുംകൂടാതെ കഴിക്കാവുന്ന ഒരു സൂത്രം റാണിക്കു തോന്നി. റാണി ഹമദ്ഖാനെ വിളിച്ച് 'എന്റെ സൈന്യങ്ങൾ യുദ്ധംചെയ്വാൻ തയാറാണോ?' എന്നു ചോദിച്ചു. 'തിരുമേനി അവരെ ഭരിക്കുന്നപക്ഷം പണ്ടത്തെപ്പോലെതന്നെ അവർ മരിക്കുവാനോ ജയിക്കുവാനോ ഒരുക്കമാണ്' എന്ന് ഹമിദ്ഖാൻ അറിയിച്ചു. അപ്പോൾ റാണി 'കഷ്ടം! അന്നത്തേയും ഇന്നത്തേയും സ്ഥിതികൾ തമ്മിൽ വളരെ അന്തരമുണ്ട്. ഇന്ന് അനേകംപേർ വഞ്ചകന്മാരാണ്. വിശ്വാസയോഗ്യന്മാരായ ഉദ്യോഗസ്ഥന്മാർ ചുരുങ്ങി' എന്നു വ്യസനത്തോടെ പറഞ്ഞു.

അപരാധംചെയ്ത മനസ്സാക്ഷി സദാസമയവും സംശയഗ്രസ്തമായിരിക്കുന്നതുകൊണ്ടു, റാണി ഉദ്യോഗസ്ഥന്മാരുടെ വിശ്വാസയോഗ്യതയെപ്പററി പറഞ്ഞപ്പോൾ, അയാളുടെ ചതിയെയാ

ണ്ട് സൂചിപ്പിച്ചത് എന്നു വിചാരിച്ച് ഹമിദ്ഖാൻ വല്ലാതെ പരിഭ്രമിച്ചു. അയാളുടെ മുഖഭാവത്തെ ഗൌനിക്കാതെ റാണി വീണ്ടും ഇപ്രകാരം പറഞ്ഞു: 'കോട്ട കീഴടങ്ങാമെന്നും നമ്മുടെ ജനങ്ങളെ ഉപദ്രവിക്കാതെ ഇവിടെനിന്നു വിട്ടയയ്ക്കേണമെന്നും രാജകുമാരനോട് അപേക്ഷിക്കുവാനാണ് ഞാൻ വിചാരിക്കുന്നത്. യുദ്ധംചെയ്യുന്നപക്ഷം നിശ്ചയമായും നാം തോല്ക്കും. ഈ കാര്യത്തിൽ തന്റെ ഉപദേശം എന്താണെന്നു കേൾക്കട്ടെ. എന്റെ ഈ പ്രവൃത്തി ദുഷ്ടവിചാരത്തോടുകൂടിയതാണെന്നു ശത്രുക്കൾപോലും സംശയിക്കയില്ല; എന്തുകൊണ്ടെന്നാൽ, അനാവശ്യമായി ജീവനാശംവരുത്താതിരിപ്പാനാണ് ഞാൻ ഇങ്ങിനെചെയ്യുന്നത്'. മുഗൾരാജകുമാരന് അയപ്പാൻ തയാറാക്കിയിരുന്ന എഴുത്ത് ഹമിദ്ഖാൻ റാണിയുടെ കയ്യിൽനിന്നു വാങ്ങി; ഉടനെ പുറത്തുനിന്ന് എന്തൊ അസാധാരണയായ ഒരു ശബ്ദം കേട്ടതുപോലെ നടിച്ചു രാജധാനിയിൽനിന്ന് ഓടിപ്പോയി. മൈതാനത്തിൽ യുദ്ധം ശീലിക്കുന്ന സൈന്യങ്ങളുടെ അടുക്കലേക്കാണ് ഹമിദ്ഖാൻ പോയത്. "സഹോദരന്മാരേ! ചാന്ദ്റാണി നമ്മെ ചതിച്ചു. ആ വഞ്ചകിയുടെ കഥ ഇപ്പോൾതന്നെ കഴിക്കണം" എന്ന് അപരിഷ്കൃതന്മാരും വിവേകശൂന്യന്മാരുമായ ഭടന്മാരോടു പറഞ്ഞപ്പോൾ, സൈന്യങ്ങൾ കോപാന്ധരായി ആർത്തുവിളിച്ചുകൊണ്ടു റാണിയുടെ രാജധാനിയിലേക്ക് ഹമിദ്ഖാന്റെ പിന്നാലെ പുറപ്പെട്ടു. ശത്രുസൈന്യത്തിന്റെ പ്രവേശനം പ്രതീക്ഷിച്ചു വ്യസനിച്ചുകൊണ്ടിരിക്കുന്ന റാണി സ്വന്തം സൈന്യങ്ങൾ തന്നെ വരുന്നതു കണ്ടപ്പോൾ, സൂക്ഷ്മാവസ്ഥ ഗ്രഹിക്കാതെ എങ്കിലും, ലേശം പരിഭ്രമം കൂടാതെ എഴുന്നേററു ശാന്തമായി നിന്നു. പ്രകൃത്യാ സൌഭാഗ്യവതിയും ശൌര്യവീര്യൌദാര്യാദിഗുണങ്ങളുടെ വിളനിലവും പ്രജകളുടെ പ്രേമഭാജനവുമായ രാജ്ഞിയെ കണ്ടമാത്രയിൽ സൈന്യങ്ങൾ സംശയിച്ചുനിന്നുപോയി; എങ്കിലും, രാജദ്രോഹിയും വഞ്ചകനുമായ ഹമിദ്ഖാൻ പെട്ടെന്ന് അടുത്തുചെന്നു റാണിയെ വെട്ടി! വെട്ടുകൊണ്ടു മരിക്കത്തക്കവണ്ണം മുറിവേററു വീണെങ്കിലും റാണി അപ്പോൾതന്നെ മരിച്ചില്ല. ഈ

ലഹളയിൽക്കൂടെ സോറ ഓടിച്ചെന്നു റാണിയുടെ ശിരസ്സെടുത്തു മടിയിൽ വെച്ചു. സോറ വെള്ളം കൊടുക്കുവാൻ ഭാവിച്ചപ്പോൾ, മന്ദഹാസത്തോടുകൂടി അതു കൈകൊണ്ടു മാററി റാണി ഇപ്രകാരം പറഞ്ഞു: 'ദൈവദൂതന്മാർ ഇതാ എന്നെ കാത്തുനില്ക്കുന്നു. ഓ! ദൈവമേ! ഞാൻ ഇതാ വരുന്നു. ഇതു ദൈവകല്പിതമാണ്. അത് അലംഘനീയമാണ്. സോറേ! നീ വ്യസനിക്കരുത്'. പിന്നീടു ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ടു നിഷ്കളങ്കയായ റാണി ഐഹികവാസം വെടിഞ്ഞു.

ഈ അവസരത്തിൽ ഉസ്മൻബെഗ്ഗിൻെറ സേവന്മാർ വന്നു സോറയെ പിടിച്ചു ബന്ധിച്ചുകൊണ്ടുപോയി. അബ്ബാസ്ഖാൻ ഒരു വെടിമരുന്നുകുഴി പരിശോധിച്ചു മടങ്ങിവരുമ്പോഴാണ് ഒരു ഭൃത്യൻ മുഖേന ഈ സംഭവത്തെപ്പററി അറിഞ്ഞത്. അയാൾ പരിഭ്രമിച്ചു രാജധാനിയിലേക്ക് ഓടിച്ചെല്ലുമ്പോൾ, കരത്തശില കൊണ്ടു മൂടിയ ഒരു പല്ലക്ക് എടുത്തുകൊണ്ടു പോകുന്നതും അതിൻെറ കൂടെ ഉസ്മൻബെഗ്ഗ് നടക്കുന്നതും കണ്ടു. തൻെറ ശത്രുവായ ഉസ്മൻബെഗ്ഗിനെ കണ്ടമാത്രയിൽ അബ്ബാസ്ഖാൻ കഠാരം ഊരി ഒരൊററക്കുത്താലെ അയാളെ കൊന്നു. ഉസ്മൻബെഗ്ഗ് ചത്ത ഉടനെ അയാളുടെ ഭടന്മാർ പേടിച്ച് ഓടിപ്പോവുകയും സോറ രക്ഷപ്പെടുകയും ചെയ്തു.

ഹമീദ്ഖാൻെറ ദുഷ്ടതയ്ക്കു പ്രതിഫലമായി അയാൾ നാട്ടുകാരാൽ തന്നെ അന്നേദിവസം തൂക്കിക്കൊല്ലപ്പെട്ടു. അബ്ബാസ് ഖാനും സോറയും ശവസംസ്കാരാദിക്രിയകൾ ചെയ്തതിനുശേഷം വിജയപുരത്തേക്കു മടങ്ങിപ്പോയി. അഹമ്മദ്നഗരരാജവംശം കാലാന്തരംകൊണ്ടു നാമാവശേഷമായിത്തീരുകയും ചെയ്തു.

KRISHNAVILASAM READING ROOM

SRI KRISHNAVILASAM READING ROOM
MALAYINKEEL



FLORENCE NIGHTINGALE IN THE HOSPITAL AT SCUTARI.

# മിസ്സ് ഫ്ളോറൻസ് നൈററിംഗേയിൽ.

ഈ മഹതിയെ മിക്ക ജനങ്ങളും ക്രിമിയായുദ്ധചരിത്രത്തിലെ ഒരു നായികയായിട്ടാണ് അറിയുന്നത് എങ്കിലും, വാസ്തവത്തിൽ ഉപമാതൃസംഘത്തിന്റെ ജന്മഹേതുവായിട്ടാണ് മിസ്സ് നൈററിംഗേയിൽ പ്രശോഭിക്കുന്നത്. 'സന്ദേഹം വേണ്ട പരനുപകാരത്തിന്നാകാത്തതെങ്കിൽ കിം ദേഹംകൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ' എന്നുള്ള ആപ്തവാക്യത്തെ സദാസമയവും ഓൎത്തുകൊണ്ടു പ്രവൎത്തിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ എന്നും പ്രഥമസ്ഥാനത്തെ അൎഹിക്കുന്ന ഒരു മഹതിയാകുന്നു മിസ്സ് ഫ്ളോറൻസ്.

ലീഹർസ്റ്റിലെ വില്യം നൈററിംഗേയിലിന്റെ പുത്രിയാണ് നമ്മുടെ നായിക. ഈ മഹതിയുടെ മാതാപിതാക്കന്മാർ ഫ്ളോറൻസ് എന്ന പട്ടണത്തിൽ താമസിക്കുന്ന കാലത്ത് അവിടെ വെച്ചു ജനിച്ചതുകൊണ്ടാണ് നമ്മുടെ നായികക്കു ഫ്ളോറൻസ് എന്നു പേരിട്ടത്. എങ്കിലും മിസ്സ് ഫ്ളോറൻസ്സിന്റെ ബാല്യകാലം മുഴുവൻ കഴിച്ചുകൂട്ടിയതു തന്റെ പിതാവിന്റെ സ്വരാജ്യത്തുതന്നെയാണ്. മിസ്സ് നൈററിംഗേയിലിന്റെ ശൈശവദശ വളരെ സന്തോഷകരമായിരുന്നു. എന്തുകൊണ്ടെന്നാൽ, മിസ്സ് ഫ്ളോറൻസ് സ്വാഭാവിക കാഴ്ചകളുടേയും മയിൽ, കുയിൽമുതലായ പക്ഷികളുടെ മധുരസ്വരംകൊണ്ടു പ്രതിധ്വനിക്കുന്ന മലംപ്രദേശങ്ങളുടേയും ഇടയിലാണ് വളൎന്നത്. രോഗികളെ ശുശ്രൂഷിക്കുന്നതിന്നുള്ള താല്പൎയ്യം, സ്വതസ്സിദ്ധമോ എന്നു തോന്നത്തക്കവണ്ണം, മിസ്സ് നൈററിംഗേയിൽ ബാല്യത്തിൽ തന്നെ പ്രദൎശിപ്പിച്ചിരുന്നു. അവിടത്തെ ഇടവകപ്പാതിരി മിസ്സ് നൈററിംഗേയിലിന്റെ ഒരു പഴയ സ്നേഹിതനായിരുന്നു; ഈ പാതിരി പതിവായി ആ ഇടവകയിൽപ്പെട്ട രോഗികളെ കാണാൻ പോകു

മ്പോൾ, നമ്മുടെ നായിക അദ്ദേഹത്തിന്റെ കൂടെ പോയി സാധുക്കളായ രോഗികളെ കാണുക പതിവായിരുന്നു. എന്നുമാത്രവുമല്ല, ഇങ്ങിനെ പോകുന്നതു മിസ്സ് നൈററിംഗേയിലിനു വളരെ സന്തോഷവുമായിരുന്നു. മിസ്സ് ഫ്ളോറൻസ് ആദ്യമായി രോഗശുശ്രൂഷ ആരംഭിച്ചതു് ഒരു ഇടയന്റെ മുറിവേററ നായയുടെ കാര്യത്തിലാണ്. മിസ്സ് ഫ്ളോറൻസ് ശൈശവത്തിൽതന്നെ പാവകളെ രോഗികളാണെന്നു സങ്കല്പിച്ച് അവയുടെ വ്രണങ്ങൾ തേച്ചു കഴുകുകയും മരുന്നുവെച്ചു കെട്ടുകയും മററും ചെയ്തിരുന്നു എന്നു കേൾക്കുമ്പോൾ, ഈ വിഷയത്തിൽ നമ്മുടെ നായികയ്ക്കുണ്ടായ വാസന സഹജമായിട്ടുള്ളതായിരുന്നു എന്നതിനു സംശയമില്ല.

ഈ മഹതിയുടെ ഭാവിശ്രേയസ്സിനു കാരണമായിത്തീൎന്ന ഉദ്യമം ശുഭമായി ആരംഭിച്ചു എങ്കിലും, മിസ്സ് നൈററിംഗേയിലിന്റെ വിദ്യാഭ്യാസത്തിൽ ഒട്ടും ഉപേക്ഷയുണ്ടായിട്ടില്ല. അക്കാലത്തുപോലും സാധാരണ സ്ത്രീകൾക്കു സിദ്ധിക്കാത്ത ഉൽകൃഷ്ടവിദ്യാഭ്യാസം മിസ്സ് നൈററിംഗേയിലിനു സിദ്ധിച്ചു. സാഹിത്യവിഷയങ്ങളിൽ നൈപുണ്യം സമ്പാദിക്കുന്ന സമയത്തു സംഗീതത്തിലും സമൎത്ഥയായിത്തീൎന്നു. സാഹിത്യത്തിലും സംഗീതത്തിലും സാമൎത്ഥ്യം സമ്പാദിച്ചതിനുപുറമെ, മിസ്സ് നൈററിംഗേയിൽ തയ്യൽപ്പണിയിലും നിപുണയായി.

വളരെ സമ്പത്തുള്ള ഒരു തറവാട്ടിലെ സ്ത്രീകൾക്ക് അവരുടെ കാലക്ഷേപം പ്രയോജനകരമായ പല പ്രവൃത്തികൾകൊണ്ടും സുഖപ്രദമാക്കാവുന്നതാണല്ലോ. എന്നാൽ, പ്രായമാവുന്തോറും, തന്റെ ഗൈഹികകൃത്യങ്ങളുടെ അതിരിനെ ലംഘിക്കുന്നതായ ശക്തിയും വാസനയും തനിക്കുണ്ടെന്നു മിസ്സ് നൈററിംഗേയിലിനു തോന്നിത്തുടങ്ങി. നമ്മുടെ കൎത്തവ്യകൎമ്മങ്ങളിൽ ഇന്നതുമാത്രം ചെയ്താൽ മതി, ഇന്നതു ചെയ്യണ്ടാ, എന്നു വിചാരിക്കുവാനില്ല. നമ്മുടെ ശക്തികളേയും വാസനകളേയും പൂൎണ്ണമായിപ്രയോഗിച്ചു പ്രവൎത്തിക്കുന്ന പ്രവൃത്തികളിൽനിന്നു മാത്രമേ നമുക്കു സംതൃപ്തിയും സന്തോഷവും ഉണ്ടാകയുള്ളു. എന്നാൽ

നമ്മുടെ യൌവനദശയിലെ ഉദ്യമങ്ങൾ പലപ്പോഴും ആപൽക്കരമായി പരിണമിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ, ആ കാലങ്ങളിൽ നമ്മുടെ ശക്തികളും വാസനകളും അനുരൂപമായ പ്രവൃത്തികളിലാണ് നാം പരിശ്രമിക്കുന്നത് എന്നു നമുക്കു തോന്നുന്നതു പലപ്പോഴും വിവേകക്കുറവുനിമിത്തം വിഷയങ്ങളുടെ പുതുമോടിയിലുള്ള ഭ്രമംകൊണ്ടായിരിക്കാം. അതുകൊണ്ടു നമ്മുടെ യൌവനദശയിലെ വികാരങ്ങളുടെ വാസ്തവാവസ്ഥ പ്രത്യക്ഷപ്പെടുന്നതു നാം ഉദ്ദേശസാദ്ധ്യത്തിന്നായി ക്ഷമയോടും സ്ഥിരതയോടും പ്രയത്നിക്കുവാൻ പ്രോത്സാഹിക്കപ്പെടുമ്പോൾ മാത്രമാകുന്നു. മിസ്സ് നൈററിംഗേയിലിനെ സംബന്ധിച്ചിടത്തോളം ഈ തത്വത്തെ വിശദമാക്കുവാൻ വിശേഷിച്ച പരീക്ഷകളൊന്നും വേണ്ടിയിരുന്നില്ല. ഈ മഹതി സ്വദേശത്തു താമസിക്കുമ്പോഴും വിദേശങ്ങളിൽ സഞ്ചരിക്കുമ്പോഴും അതാതു സ്ഥലങ്ങളിലുള്ള ആസ്പത്രികളിൽ പോയി രോഗികളെ ശുശ്രൂഷിക്കുന്ന സമ്പ്രദായങ്ങൾ കണ്ടു മനസ്സിലാക്കാറുണ്ടായിരുന്നു. എന്നുതന്നെയല്ല, താൻ സ്വീകരിക്കുവാൻ വിചാരിക്കുന്ന ഉദ്യോഗത്തെ സംബന്ധിച്ച സകല സംഗതികളും പരിശീലിച്ചു പഠിക്കേണമെന്നു തീർച്ചയാക്കി, മിസ്സ് നൈററിംഗേയിൽ പ്രാൻസിൽ പ്രസിദ്ധപ്പെട്ട 'കേയ്സർസ്വത്ത്' എന്ന ആസ്പത്രിയിൽ ചേന്നു.

'ഞാൻ സ്വതേ ഒരു നാണംകുണുങ്ങിയായതുകൊണ്ട് എന്റെ ജീവിതദശയിൽ അധികഭാഗവും രസശൂന്യമായിരുന്നു' എന്ന് ഈ മഹതി ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്. ഇതിന്റെ കൂട്ടത്തിൽ നമ്മുടെ നായിക യുവതികൾക്ക് അവരുടെ കർത്തവ്യത്തെക്കുറിച്ച് ഒരു ഉപദേശം കൊടുത്തിരിക്കുന്നതിൽ നിന്നുതന്നെ ആ മഹതിയുടെ സ്വഭാവവും സമ്പ്രദായങ്ങളും വിശദമാകുന്നുണ്ട്. 'ഒരു പുരുഷൻ അയാളുടെ ജോലികളിൽ സമത്ഥനാകുവാൻ ശ്രമിക്കുന്നതുപോലെതന്നെ, എല്ലാ യുവതികളും, നിങ്ങൾ എന്തെങ്കിലും ഉദ്യോഗത്തിൽ പ്രവേശിക്കുവാൻ വിചാരിക്കുന്നു എങ്കിൽ, അതിനു പ്രാപ്തിയുള്ളവരായിത്തീരുവാൻ പ്രയത്നിക്കേണ്ടതാകുന്നു. പരിചയിക്കാതെ ഒരു പ്രവൃത്തി ചെയ്യാമെന്നു വിചാ

രിക്കരുത്. ഒരു പുരുഷൻെറ ജോലിയാണ് നിങ്ങൾക്കു ചെയ്യാനുള്ളത് എങ്കിൽ, സ്ത്രീകൾക്കു സഹജമായ അപൂൎണ്ണതയും അശക്തിയും പ്രവൃത്തികളിൽ പ്രദശിപ്പിക്കരുത്. പുരുഷന്മാരെപ്പോലെതന്നെ നിങ്ങളും കാൎയ്യസാദ്ധ്യത്തിന്നു വേണ്ടതായ വേലകൾ ശീലിക്കുവിൻ; അതുകൊണ്ടു മാത്രമേ ഉദ്ദേശങ്ങൾ സാധിക്കുകയുള്ളൂ; എന്തുകൊണ്ടെന്നാൽ, അശ്രദ്ധയോടും അപൂൎണ്ണതയോടും ചെയ്യുന്ന കൃത്യങ്ങൾ സഫലമാകുന്നതല്ലെന്നുള്ളതു ദൈവകല്പിതമാകുന്നു'. വേറെ ഒരു അവസരത്തിൽ ഈ മഹതി ഇപ്രകാരം പറഞ്ഞിരിക്കുന്നു. 'സ്ത്രീകളുടെ ജീവകാലത്തിൽ സംഭവിക്കുന്ന ദൂഷ്യങ്ങളിൽ മുക്കാൽ ഭാഗവും, പുരുഷന്മാൎക്ക് അത്യാവശ്യമെന്നു വിചാരിക്കുന്ന ശിക്ഷാക്രമനിയമങ്ങളിൽനിന്ന് അവരെ ഒഴിവാക്കിയിരിക്കുന്നു എന്നു കരുതിപ്പോരുന്നതുകൊണ്ടുണ്ടാകുന്നവയാണ്'.

മിസ്സ് ഫ്ളോറൻസ് കേസൎസ്വത്തിൽനിന്നു പോന്നതിനുശേഷം കുറച്ചുദിവസം പാറിസ് പട്ടണത്തിലുള്ള 'സെണ്ട് വിൻസണ്ട് ഡി പോൾ' എന്നു പേരായ കന്യാസ്ത്രീമഠത്തിലുള്ള കന്യാസ്ത്രീകൾ ഒരുമിച്ച് ഓരോ സൽപ്രവൃത്തികൾ ചെയ്തുകൊണ്ടിരുന്നു. പിന്നീട് ഇംഗ്ലണ്ടിലേക്കുതന്നെ മടങ്ങിപ്പോയി; അവിടെ വാൎദ്ധക്യംകൊണ്ടും രോഗംകൊണ്ടും പരാധീനകളായ സ്ത്രീകളുടെ ദേഹസുഖത്തിന്നായി പ്രത്യേകം ഏൎപ്പട്ടതായിരുന്ന ഒരു സുഖവസതിയിൽ രോഗിണികളെ ശുശ്രൂഷിച്ചുകൊണ്ടു രണ്ടു മൂന്നു കൊല്ലം കഴിച്ചു. ഈ ജോലിയിൽനിന്നു പിരിഞ്ഞ് അല്പം വിശ്രമിക്കുന്ന കാലത്താണ് പ്രമാദമായ ക്രിമിയായുദ്ധം ആരംഭിച്ചത്. 1854-ാമാണ്ടു ശരൽകാലത്തു ഭയങ്കരമായി അനേകം യുദ്ധങ്ങൾ നടന്നു. മനുഷ്യരുടെ ആരോഗ്യരക്ഷയ്ക്കു അത്യാവശ്യമായ ഏൎപ്പാടുകൾ വേണ്ടുംവണ്ണം ഇല്ലാതിരുന്നതിനാൽ ഇംഗ്ലീഷു സൈന്യത്തിലും അവരുടെ സഹായികളുടെ സൈന്യത്തിലും യുദ്ധത്തിൽ കീഴടക്കപ്പെട്ട തടവുകാരുടെ കൂട്ടത്തിലുംകൂടെ സംഭവിച്ച ജീവഹാനി പോൎക്കളങ്ങളിൽ സംഭവിച്ചതിനേക്കാൾ അധികമായിരുന്നു. യുദ്ധത്തിൽ മുറിവേററും മററുമായ ഭടന്മാരു

ടെ ആരോഗ്യരക്ഷക്കു വേണ്ടുന്ന സാധനങ്ങൾ യാതൊന്നും ഉണ്ടായിരുന്നില്ല. കിടക്കുവാൻ കട്ടിലൊ പുതയ്ക്കുവാൻ പുതപ്പൊ ഉണ്ടായിരുന്നില്ലെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഭക്ഷണസാധനങ്ങൾ വേണ്ടുംവണ്ണം പാകം ചെയ്യാതെയാണ് രോഗികൾക്കു കൊടുത്തിരുന്നത്. ഈ ഭയങ്കരമായ വൃത്താന്തം ഇംഗ്ലണ്ടിൽ കേട്ടപ്പോൾ, സൈന്യങ്ങളുടെ ആവശ്യത്തിന്നു വേണ്ടുന്ന സാധനങ്ങൾ വാങ്ങുവാനായി 'ടൈംസ്' എന്ന പത്രംമുഖേന സ്വദേശാഭിമാനികൾ ഒരു ധനശേഖരം ആരംഭിച്ചു. പോർക്കളത്തോടു സംബന്ധിച്ച വൈദ്യശാലകളിൽ താൻ ജോലി ചെയ്തുകൊള്ളാമെന്ന് അക്ടോബർമാസം 15-ാംനു- മിസ്സ് ഫ്ളോറൻസ് അന്നത്തെ യുദ്ധകാര്യമേലധികാരിയായ ഹെർബെർട്ട് സിഡ്നി അവർകൾക്ക് എഴുതി അയച്ചു. അദ്ദേഹം അതു സമ്മതിച്ചു എന്നുമാത്രമല്ല, ആ ജോലി സ്വീകരിച്ചാൽ കൊള്ളാമെന്നു പ്രത്യേകം നമ്മുടെ നായികയോട് അപേക്ഷിക്കുകയും ചെയ്തു.

അക്കാലത്ത് ഈ ജോലി ക്രമമായി പരിചയിച്ചിട്ടുള്ള സ്ത്രീകൾ ഉണ്ടായിരുന്നില്ല. എങ്കിലും 21-ാംനു- വൈകുന്നേരമായപ്പോഴേക്കും ഈ ജോലി ചെയ്വാൻ തയ്യാറായ മുപ്പത്തിനാലു സ്ത്രീകൾ ഉണ്ടായി; അന്നുതന്നെ ഇവർ ഒന്നിച്ചു മിസ്സ് ഫ്ളോറൻസ്സിന്റെ മിത്രങ്ങളായ മിസ്റ്റർ ബ്രെസ്ബ്രിഡ്ജ് എന്ന പാതിരിയും അദ്ദേഹത്തിന്റെ ഭാര്യയും ക്രിമിയാ എന്ന ദ്വീപിലേക്കു പുറപ്പെട്ടു. ഇവർ പോയതിനുശേഷം, ഇവരെ അനുഗമിക്കുന്നതിന് അമ്പതു ധാത്രിമാരും കൂടെയുണ്ടായി.

ഭഗീരഥപ്രയത്നം ചെയ്വാനാണ് ഈ മഹതി ആരംഭിച്ചത്. ഒരു കാര്യം തൃപ്തികരമായി നിർവഹിക്കാനുള്ള അസൌകര്യങ്ങളും പ്രതിബന്ധങ്ങളും എത്രത്തോളമാവാമൊ അത്രത്തോളം ഈ കാര്യത്തിലുണ്ടായിരുന്നു. എങ്കിലും മിസ്സ് നൈററിംഗേയിൽ അതൊന്നും വകവെക്കാതെ തൃപ്തികരമാകുംവണ്ണം തന്റെ കൃത്യം നിർവഹിക്കുവാൻ വേണ്ടുന്നസകല ഏർപ്പാടുകളുംചെയ്തു. ഓസ്ബറൺ എന്നുപേരായ പാതിരി മിസ്സ് ഫ്ളോറൻസ്സിനെപററി താഴെവരു

പ്രകാരം പ്രസ്താവിച്ചിരിക്കുന്നതിൽനിന്ന് ആ മഹതിയുടെ സ്വഭാവത്തെക്കുറിച്ചു നമുക്കു പല സംഗതികളും ധരിക്കുവാൻ കഴിയും: 'മിസ്സ് നൈററിംഗേയിലിന്റെ അകത്തു ചെയ്തിരുന്ന ഓരോ ഏൎപ്പാടുകളെപ്പററി വിവരിക്കുവാൻ പ്രയാസമാകുന്നു. അവ ഒരു ഡിപ്പാർട്ട്മെണ്ടു ഭരിക്കുവാൻ വേണ്ടുന്ന സകല ഉപകരണങ്ങളുമായിരുന്നു; അവയിൽനിന്നു ഭാരവാഹികളുടെ കൃത്യബോധക്കാവു തെളിയുന്നതായിരുന്നു; അവ സ്വല്പമായ സൌകൎയ്യങ്ങൾകൊണ്ട് അനല്പമായ സൌഖ്യം സമ്പാദിക്കുവാനുള്ള സമ്പ്രദായത്തിലായിരുന്നു. മിസ്സ് നൈററിംഗേയിൽ കാഴ്ചയിൽ ഏകദേശം മുപ്പതു വയസ്സു പ്രായമുള്ള ഒരു കുലീനയായ സ്ത്രീക്കു വേണ്ടുന്ന ഗുണങ്ങളോടു കൂടിയവളാകുന്നു; അവളുടെ മുഖഭാവവും സമ്പ്രദായവും, അതിയായ സൌന്ദൎയ്യമില്ലെങ്കിലും, മനോഹരമാകുന്നു; മററുള്ളവരുടെ മനസ്സിൽ സന്തോഷം ജനിപ്പിക്കുന്ന മന്ദഹാസവും അതിയായ തന്റേടത്തേയും മനോനിശ്ചയത്തേയും സൂചിപ്പിക്കുന്ന നയനവും ചേൎന്ന അവളുടെ മുഖം ഒരിക്കലും വിസ്മരിക്കത്തക്കതല്ല. അവളുടെ ആകപ്പാടേയുള്ള മട്ട് അല്പം ഒതുങ്ങിയതും വളരെ ശാന്തവുമാകുന്നു; എങ്കിലും അവളിൽ ഹാസ്യരസം തീരെ ശൂന്യമാണെന്നു സംശയിക്കുന്നതു തെററായിരിക്കും. ഓരോ സന്ദൎഭങ്ങളിൽ ന്യായമായി ചെയ്യേണ്ടുന്ന പ്രവൃത്തികൾക്കു വിരോധമായി വരുന്ന വികാരങ്ങളെ അടക്കുവാൻ പരിചയിച്ചിട്ടുള്ളതാണ് അവളുടെ മനസ്സ്. അന്യന്മാരെ ശാസിക്കേണ്ടുന്നസമ്പ്രദായം അവൾക്കറിയാം; മററുള്ളവരോടു ലൌകികമായിരിക്കുന്നതും വേണ്ടപ്പോൾ തന്നത്താൻ ഒതുക്കിക്കളയുന്നതും വളരെ വിലയേറിയസ്വഭാവമാണെന്ന് അവൾ ഗ്രഹിച്ചിട്ടുണ്ട്. അവൾ വളരെ കൃത്യബോധത്തോടുകൂടി പ്രവൎത്തിക്കുന്നവളും മററുള്ളവരും അതുപോലെ പ്രവൎത്തിക്കേണമെന്നു നിഷ്കൎഷിക്കുന്നവളുമാകുന്നു. എന്തെങ്കിലും ഒരു പ്രവൎത്തിയുടെ ഫലപ്രാപ്തി തന്റെ കല്പനയെ ശരിയായി അനുസരിച്ചു പ്രവൎത്തിക്കുന്നതുകൊണ്ടു മാത്രമേ ഉണ്ടാകയുള്ളു എന്ന നിശ്ചയത്തോടുകൂടിയാണ് അവൾ ഒരു ജോലിയിൽ പ്രവേശിക്കുന്നത്. അവളുടെ ധൈൎയ്യം ആശ്ചൎയ്യകരമാകുന്നു. അവൾ

ക്ക രോഗങ്ങൾ പകരുമെന്നുള്ള പേടി ലേശമില്ല. അവളുടെ മതവിശ്വാസത്തെപ്പററി സംശയം ജനിച്ചിട്ടുള്ളവർ അവളുടെ സകല പ്രവൃത്തികളേയും വാക്കുകളേയും സൂക്ഷ്മമായി ഗ്രഹിച്ചാൽ, ക്രിസ്ത്യാനികളിൽ ഏതു വിഭാഗത്തിൽപ്പെട്ടതാണ് മിസ്സ് നൈററിംഗേയിൽ എന്നു വിശദമാകും. മേൽപ്പറഞ്ഞ പാതിരി താഴെ പറയുംപ്രകാരം പറഞ്ഞിരിക്കുന്നു: 'അവളുടെ പ്രവൃത്തി അവളുടെ വിശ്വാസത്തെ വിശദമാക്കുന്നു. ജാതിഭേദമൊ മതഭേദമൊ കൂടാതെ അവൾ സകല രോഗികളേയും ഒരുപോലെ ദയയോടും ശ്രദ്ധയോടും കൂടെ ശുശ്രൂഷിച്ചിരുന്നു. മരിക്കാറായി കിടക്കുന്ന ഒരു രോഗി കേവലം നാസ്തികനാണെങ്കിലും, അവൾ അയാളുടെ തല്ക്കാലസുഖത്തിന്നായിക്കൊണ്ടു കിടക്കവിരിച്ചു കൊടുക്കുകയും മററും ചെയ്തിരുന്നു?'

ഒടുക്കം യുദ്ധം കലാശിച്ചു. ആംഗ്ലേയർ മിസ്സ് നൈററിംഗേയിലിനെ വളരെ സന്തോഷത്തോടു കൂടി എതിരേല്ക്കുമായിരുന്നു; പക്ഷെ, ആ മഹതി ആരും അറിയാതെ ലണ്ടൻ പട്ടണത്തിൽ കൂടെ നാട്ടുപുറത്തുള്ള തന്റെ ഗൃഹത്തിലേക്കു പോയി. ലണ്ടൻ പട്ടണത്തിലുള്ള ജനങ്ങളുടെ കണ്ണുകളെ മറച്ചുപോകുവാൻ മിസ്സ് നൈററിംഗേയിലിനു സാധിച്ചെങ്കിലും, വിക്ടോറിയാ മഹാരാജ്ഞിയുടെ മനസ്സിനെ മറക്കുവാൻ കഴിഞ്ഞില്ല. ബാൽമോറൽ കൊട്ടാരത്തിൽ അതിഥിയായി കുറച്ചുദിവസം താമസിക്കണമെന്നു മഹാരാജ്ഞി മിസ്സ് നൈററിംഗേയിലിനെ ക്ഷണിച്ചു; വജ്രക്കല്ലുകൾ പതിച്ചതായ ഒരു കുരിശു സമ്മാനം കൊടുക്കുകയും ചെയ്തു. എന്നുതന്നെയുമല്ല, മിസ്സ് നൈററിംഗേയിലിന്റെ പ്രവൃത്തികളെക്കുറിച്ച് അഭിനന്ദിക്കുന്നതായ ഒരു എഴുത്തു മഹാരാജ്ഞി തന്റെ സ്വന്തം കയ്യക്ഷരത്തിൽ എഴുതി അയക്കുകയും ചെയ്തു. 'ഞങ്ങൾക്ക് അവളിൽ വളരെ സന്തോഷം തോന്നുന്നുണ്ട്; അവൾ അത്യന്തം വിനീതയാകുന്നു'. എന്ന് ആൽബെട്ട് രാജകുമാരൻ ഈ മഹതിയെ കുറിച്ചു എഴുതീട്ടുണ്ട്. മിസ്സ് നൈററിംഗേയിലിന്റെ കൃത്യനിഷ്ഠയെ കുറിച്ചുള്ള ബഹുമാനത്തെ സൂചിപ്പിക്കുന്നതിനു തുർക്കി സുൽത്താൻ രത്നങ്ങൾ പ

തിച്ചു ഒരു വലിയ സമ്മാനം കൊടുത്തു. ഈ മഹതിയെ പററി സിഡ്നി ഹെർബെട്ട് പാർളിമേണ്ടിൽ ഇപ്രകാരം പറഞ്ഞു: 'നമ്മുടെ സൈന്യത്തോടുകൂടി പോയിരുന്ന വൈദ്യന്മാർ മാത്രമല്ല, മിസ്സ് നൈററിംഗേയിലിൻെറ പ്രവൃത്തികളെ സൂക്ഷ്മമായി ഗ്രഹിച്ചു മററു പലരുമാണ്, ഈ മഹതിയെപ്പററി പ്രശംസിച്ചു എഴുതിയിരിക്കുന്നത്. എന്തൊക്കെയാണ് സ്തുതിച്ചിരിക്കുന്നത് എന്നു ഞാൻ പറയുന്നില്ല; സ്ത്രീകളെ കുറിച്ച് ഇതിലധികമായി പ്രശംസിക്കുവാൻ പാടില്ല; എന്തുകൊണ്ടെന്നാൽ, മിസ്സ് നൈററിംഗേയിൽ പ്രദൎശിപ്പിച്ച ചൊടിയും സാമൎത്ഥ്യവും ദയയും കൃത്യനിഷ്ഠയും അതിശയിക്കത്തക്കതായിരുന്നു'.

ക്രിമിയാ യുദ്ധം നടത്തിയതിനെ കുറിച്ചു ഭാരവാഹികളുടെ പേരിൽ ജനങ്ങൾ പലവിധമായ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചു. നിൎദ്ദാക്ഷിണ്യമായി ഉദ്യോഗസ്ഥന്മാരെ ആക്ഷേപിച്ചവരിൽ ഒരാൾ മിസ്സ് നൈററിംഗേയിലിനെ സംബന്ധിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'ധാത്രികളെ അയച്ച കാൎയ്യത്തിൽ യുദ്ധകാൎയ്യദൎശിയെ അഭിനന്ദിക്കാതെ നിവൃത്തിയില്ല. ഈ ഒരു ഏൎപ്പാടിൽനിന്നു സിദ്ധിച്ചതുപോലെ മനുഷ്യപ്രയത്നത്തിന്നു പൂൎണ്ണമായ പ്രതിഫലം മറെറാന്നിലും സിദ്ധിച്ചിട്ടില്ല. ഈ ജോലി ഏല്പിച്ചിരുന്ന ആ മഹതിയുടെ മനസ്സിൻെറ ആൎദ്രതയ്ക്കു മാത്രമല്ല, വിവേകത്തിന്നും മനോധൎമ്മത്തിന്നും കാൎയ്യശീലത്തിന്നും തക്കവണ്ണം പ്രതിഫലം ചെയ്‌വാൻ പ്രയാസമാകുന്നു'. മിസ്സ് നൈററിംഗേയിലിൻെറ ഉദാരകൎമ്മം ഇപ്പോൾ ആരംഭിച്ചതേയുള്ളു.

1855-ാമാണ്ടിൽ ഒരു ധാത്രിക്കു വേണ്ടതായ പഠിപ്പും പരിചയവും സമ്പാദിക്കാൻ സ്ത്രീകൾക്കു സൌകൎയ്യമുണ്ടായിരുന്നില്ല. എന്നാൽ ഈ വിഷയത്തിൽ പെട്ടെന്ന് ഒരു മാററം സംഭവിച്ചു. ജനങ്ങൾക്കു മിസ്സ് നൈററിംഗേയിലിനെ കുറിച്ചു ബഹുമാനം വൎദ്ധിച്ചിരിക്കുന്ന ഈ അവസരത്തിൽ, സുപ്രസിദ്ധയും പരോപകാരതല്പരയുമായ മിസ്സിസ്സ്, എസ്സ്. സി. ഹോൾ എന്ന ഐറിഷ് മാദാമയുടേയും വേറെ ഒന്നു രണ്ടു സ്ത്രീകളുടേയും ഉത്സാഹത്തിന്മേൽ കുറെ ദ്രവ്യം ശേഖരിക്കുവാൻ വേണ്ടുന്ന ഏൎപ്പാടുകൾ

ആരംഭിച്ചപ്പോൾ, ആ കാൎയ്യത്തിന്നായി ജനങ്ങൾ സന്തോഷസമേതം ധനസഹായം ചെയ്തു. ആ ധനം കൊണ്ടു ലണ്ടൻ പട്ടണത്തിലുള്ള സെന്തോമാസ് ആസ്പത്രിയോടു സംബന്ധിച്ചു ധാത്രികളെ പഠിപ്പിക്കുന്നതിനു 'നൈററിംഗേയിൽ ഹോം' എന്നൊരു ശിക്ഷാക്രമ മന്ദിരം സ്ഥാപിച്ചു. മിസ്സ് നൈററിംഗേയിൽ 'ഉപമാതൃ സംഘ'ത്തിന്റെ ജന്മഹേതുവായതുപോലെതന്നെ 'നൈററിംഗേയിൽ ഹോം' വേറെ അനേകം മന്ദിരങ്ങളുടേയും മാതൃസ്ഥാനത്തിന്ന് അൎഹതയുള്ളതായിത്തീൎന്നു. ഈ 'നൈററിംഗേയിൽ ഹോം' എന്ന രോഗശുശ്രൂഷാക്രമ വിദ്യാഭ്യാസമന്ദിരത്തിൽ പഠിച്ചു പ്രസിദ്ധിസമ്പാദിച്ച രണ്ടു മഹതികൾ മിസ്സ് ആഗ്നസ്സ് ജോൺസും ഫ്ളോറൻസ് എസ്സ് ലീസ്സുമാണ്.

മിസ്സ് നൈററിംഗേയിലിന്റെ ആരോഗ്യത്തിന്ന് അല്പം കുറവു വന്നു എങ്കിലും ഈ വിഷയത്തിൽ സദാ പരിശ്രമിച്ചുകൊണ്ടുതന്നേയിരുന്നു. രോഗശുശ്രൂഷയെ കുറിച്ച് ഈ മഹതി പല പ്രകരണങ്ങളും എഴുതീട്ടുണ്ട്. രോഗത്തിന്റേയും രോഗിയെ ശുശ്രൂഷിക്കുന്നതിന്റേയും സമ്പ്രദായത്തെപ്പററി പറയുന്ന അവസരത്തിൽ മിസ്സ് നൈററിംഗേയിൽ താഴെ പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: 'ഒരു രോഗി അനുഭവിക്കുന്ന സുഖക്കേടുകൾ ആ രോഗത്തിന്റെ ലക്ഷണമാണെന്നും, നേരെ മറിച്ച് ആ ലക്ഷണങ്ങൾ ആ രോഗത്തിന്നു സഹജമാണെന്നും വിചാരിച്ചുപോരുന്നതു മിക്ക സന്ദൎഭങ്ങളിലും തെററായിട്ടാണ് കാണുന്നത്; എന്നാൽ ആ സുഖക്കേടുകൾക്കു കാരണം വാസ്തവത്തിൽ ശുദ്ധവായു, വെളിച്ചം, ശുചിത, അലട്ടില്ലായ്ക ഓതമില്ലായ്ക മുതലായ അത്യാവശ്യസംഗതികളുടെ അഭാവമായിരിക്കും; ഇവയ്ക്കും പുറമെ, വേണ്ടുന്ന ശ്രദ്ധയോടുംകൂടി ശരിയായ സമയങ്ങളിൽ ഭക്ഷണം കൊടുക്കാതിരിക്കുന്നതുകൊണ്ടും സുഖക്കേടുകൾ അനുഭവിക്കുന്നതായിരിക്കാം. രോഗികളുടെ സൂക്ഷ്മസ്ഥിതി അറിയാതെ സ്നേഹിതന്മാരും പരിചയക്കാരും ചെന്ന് അവരവരുടെ അഭിപ്രായങ്ങൾ പറഞ്ഞു രോഗികളെ ശല്യപ്പെടുത്തുന്നതു തീരെ തെററാകുന്നു. രോഗികൾ കിടക്കുന്ന മുറിയിൽ നാനാമാതിരിയി

ലുള്ള മനോഹരവസ്തുക്കൾ ഉണ്ടായിരിക്കുന്നതു രോഗശമനത്തിന നല്ലതാണ്. പനിപിടിച്ചു കിടക്കുന്ന രോഗികൾക്കു നല്ല പുഷ്പങ്ങളിൽ വളരെ താല്പൎയ്യമുള്ളതായി കാണുന്നുണ്ട്. ഈ വാസ്തവം എനിക്കുതന്നെ അനുഭവമാണ്. ഞാൻ ഒരിക്കൽ പനിപിടിച്ചു കിടന്നപ്പോൾ, ആരൊ എന്റെ കയ്യിൽ കാട്ടുപുഷ്പങ്ങൾ കൊണ്ടു കെട്ടിയ ഒരു മാല തന്നു; ആ അവസരംമുതൽക്ക് എന്റെ പനി ഭേദപ്പെട്ടുതുടങ്ങി. രോഗശുശ്രൂഷയെ സംബന്ധിച്ചു മിസ്സ് നൈററിംഗേയിൽ സ്വാനുഭവത്തിൽനിന്ന് ഇതുപോലെ പല ഉപദേശങ്ങളും പ്രസിദ്ധപ്പെടുത്തീട്ടുണ്ട്.

ഈ മഹതിയുടെ ഗുണങ്ങളെ വൎണ്ണിക്കുവാൻ ശ്രമിക്കുന്നതുവൻ പറയുന്നതെല്ലാം, മിസ്സ് നൈററിംഗേയിലിനെ കുറിച്ച് എനിക്കുള്ള അതിയായ ബഹുമാനത്തെ സൂചിപ്പിക്കുക എന്നല്ലാതെ, പൂൎണ്ണമായിരിക്കുമെന്നു വിചാരിപ്പാൻ പാടില്ല. രോഗികളെ ശുശ്രൂഷിക്കുവാൻ പരിചയവും സാമൎത്ഥ്യവുമുള്ള അനേക സ്ത്രീകൾ ഉണ്ടായിരിക്കാം. പക്ഷെ, രോഗികളുടെ മനസ്സിൽ സന്തോഷവും സമാധാനവും ജനിപ്പിക്കത്തക്ക ആൎദ്രതയും അനുകമ്പയും പ്രകാശിക്കുന്ന മുഖഭാവത്തോടുകൂടിയ ധാത്രികൾ അധികമുണ്ടോ എന്നു സംശയമാണ്. രോഗത്തിന്റെ ശക്തികൊണ്ടു മനസ്സും ദേഹവും ഒരുപോലെ വേദന അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ, മിസ്സ് നൈററിംഗേയിലിന്റെ നിഴൽ കണ്ടാൽ സകലദുഃഖങ്ങളും മാറുപോകുന്നതാണ്. ഈ മഹതിയെപ്പററി 'ലോങ്ങ് ഫെല്ലോ' എന്ന ആംഗ്ലേയകവി വൎണ്ണിച്ചിട്ടുള്ളതു വളരെ വാസ്തവവും ഹൃദയംഗമവുമാകുന്നു. ഈ മഹതി ആയുഷ്കാലം മുഴുവൻ പരോപകാരം ചെയ്തുകൊണ്ട്, 1910-ാമാണ്ടു ജൂലായിമാസത്തിൽ, എണ്പത്തൊന്നാമത്തെ വയസ്സിൽ മരിച്ചു. ജീവിച്ചിരുന്ന കാലത്തു പരോപകാരം ചെയ്തുകൊണ്ടിരുന്ന ഈ മഹതി, താൻ മരിച്ചാലും തന്റെ സൽപ്രവൃത്തികൾക്കു കുറവുവരരുതെന്നുള്ള ഉദ്ദേശത്തോടുകൂടി തന്റെ സമ്പാദ്യം മിക്കതും ഈ വിഷയത്തിലേക്കായി തിരിച്ചുവെച്ചിട്ടുണ്ട്. ഇതിന്റെ കൂട്ടത്തിൽ ഇന്ത്യാക്കാരുടെ ഉപകാരത്തിനായി ഏതാനും സംഖ്യ സർ വില്യം വെഡർബേൺ എന്ന മഹാനെ ഏല്പിച്ചിട്ടു.

## ൪. താരാഭായി.

രാജപുത്താണയിൽ ഉൾപ്പെട്ടതായി തോഡാ എന്ന് ഒരു രാജ്യം ഉണ്ടായിരുന്നു. 16-ാം ശതവൎഷത്തിന്റെ ആരംഭത്തിൽ ആ രാജ്യം ഭരിച്ചിരുന്നതു ശാരദൻ എന്നു പേരായ രാജാവാണ്. എന്നാൽ ഡെല്ലിയിലെ മുസൽമാൻ ചക്രവൎത്തിയുടെ വലിയ സൈന്യത്തിന്റെ ആക്രമണത്തിൽനിന്നു തന്റെ രാജ്യത്തെ രക്ഷിക്കുന്നതിന് അദ്ദേഹത്തിനു ശക്തിയുണ്ടായിരുന്നില്ല. ഈ വലിയ സൈന്യം അദ്ദേഹത്തിന്റെ രാജ്യത്തെ വളഞ്ഞു; അദ്ദേഹം ഉടനെ തന്റെ സമീപസ്ഥരായ പ്രധാനികളോടും, മേൽ ഷ്ഠരും മീവാറിലെ മഹാരാജാവുമായ സംഗരസിംഹനോടും സഹായത്തിന്ന് ആവശ്യപ്പെട്ടു. എന്നാൽ ശാരദന്റെ അപേക്ഷ 'ഉരലുചെന്നു മദ്ദളത്തിനോട് ആവലാധി പറയുന്ന'തുപോലെയായിരുന്നു. എന്തുകൊണ്ടെന്നാൽ, അവരിൽ ഓരോരുത്തരുടേയും രാജ്യങ്ങളെ മുഹമ്മദീയർ ആക്രമിക്കയും ഓരോരുത്തരും ആത്മരക്ഷാൎത്ഥം ശ്രമിക്കയും ചെയ്കയായിരുന്നു. അതുകൊണ്ടു ശാരദന്റെ സഹായത്തിന് ആരും ഉണ്ടായിരുന്നില്ല. നിസ്സഹായനായ ആ പ്രഭു സ്വരാജ്യരക്ഷയ്ക്കായി കഴിയുന്നിടത്തോളം ശ്രമിച്ചുവെങ്കിലും, ഒടുവിൽ അദ്ദേഹം പരാജിതനായി രാജ്യത്തിൽനിന്നും ബഹിഷ്കരിക്കപ്പെടുകയും അദ്ദേഹത്തിന്റെ പ്രിയപ്പെട്ട തോഡാ വിജയികളായ മുഹമ്മദീയരുടെ കൈവശത്തിലാവുകയും ചെയ്തു.

അദ്ദേഹം തന്റെ ഏകപുത്രിയായ താരയോടുകൂടി മീവാർ രാജ്യത്തിന്റെ തലസ്ഥാനമായ ചിറവൂരിനു സമീപമുള്ള ബിദനൂർ എന്ന നഗരത്തിലേക്കു പോയി. അവിടെ അദ്ദേഹം ജനവാഹുല്യം ഇല്ലാത്തതായ ഒരു സ്ഥലത്ത് ഒരുവിധം സുഖമായി താമസിച്ചു. എന്നാൽ തോഡാരാജ്യത്തെയൊ അവിടെ കഷ്ടപ്പെടുന്ന ജനങ്ങളെയൊ അദ്ദേഹം വിസ്മരിച്ചില്ല. സൈന്യങ്ങളൊ, ആയുധങ്ങളൊ, പണമൊ കൂടാതെ ആ സാധു എന്തു ചെ

ശാരദൻ ചിറ്റൂർ രാജാവിന്റെ കീഴിലായിരുന്നുവെന്നു മു
പ്രസ്താവിച്ചുവല്ലോ. ഇദ്ദേഹത്തിനും ശാരദനെ സഹായിക്കു
തിനു നിവൃത്തിയില്ലായിരുന്നു; എന്തെന്നാൽ, അദ്ദേഹത്തി
രാജ്യത്തെത്തന്നേയും ഡെല്ലിയിലെ സൈന്യങ്ങൾ നിരോ
ധിച്ചുരക്ഷകയായിരുന്നു.

എന്നാൽ രാജ്യത്തെ വീണ്ടെടുക്കുന്ന കാൎയ്യത്തിൽ ശാരദൻ
ഭഗ്നോത്സാഹനായില്ല. തോഡാരാജ്യത്തെ തനിക്കുതന്നെ
ട്ടുന്നതിന് ഒരു കാലം വരുമെന്ന് അദ്ദേഹം ഉത്സാഹപൂൎവ്വം ആ
ിച്ചുകൊണ്ടിരുന്നു. തന്റെ പ്രേമഭാജനമായ താരയിലാണ്
ദ്ദേഹത്തിന്റെ ഈ ആഗ്രഹം സ്ഥിതിചെയ്തിരുന്നത്. അ
ത്തിനു പുത്രന്മാരുമുണ്ടായിരുന്നില്ല. ഏകസന്താനമായ താ
ഒരു ബാലനെപ്പോലെയാണ് അദ്ദേഹം വളൎത്തിവന്നത്.
ബാലികയെ, ഒരു യോദ്ധാവിന് ആവശ്യമുള്ള ആയുധാഭ്യാ
മെല്ലാം ശീലിപ്പിച്ചിട്ടുണ്ടായിരുന്നു. ബാല്യം മുതൽക്കുത
കുതിരസ്സവാരി ചെയ്യുന്നതിനും, വില്ല്, അമ്പ്, വാൾ
ഉപയോഗിക്കുന്നതിനും അഭ്യസിച്ചിരുന്നു. ഒരു ധൈ
മായ നായികയ്ക്കു വേണ്ട സകല വിദ്യകളും താര പഠിച്ചി
എന്നു ചുരുക്കത്തിൽ പറയാവുന്നതാണ്. താരയുടെ രൂ
ലാവണ്യം വിസ്മയനീയവും അനിതരവനിതാ സാധാരണവു
രുന്നു. മഹനീയമായ ഒരു സ്ത്രീരത്നത്തിനു വേണ്ട എല്ലാ സ
ഗുണങ്ങളും താരയിൽ പ്രകാശിച്ചിരുന്നു. രജപുത്രയോദ്ധാ
ക്കളിൽവെച്ച് ഏററവും ധീരന്മാൎക്കുള്ളിടത്തോളം ധൈൎയ്യവും പ
ക്രമവും ആ സ്ത്രീരത്നത്തിനുണ്ടായിരുന്നു. ശാരദൻ അദ്ദേഹ
ത്തിന്റെ രാജ്യത്തെ വീണ്ടെടുക്കുന്നതിന് ഒന്നിലധികം പ്രാവശ്യം
ശ്രമിച്ചു; ഈ ഓരോ അവസരത്തിലും താരാഭായി അദ്ദേഹത്തി
ന്റെ അരികെ നിന്നു യുദ്ധം ചെയ്തിട്ടുണ്ട്.

നിൎഭാഗ്യവശാൽ തന്റെ രാജ്യത്തെ വീണ്ടെടുക്കുന്നതിനു
വരുന്നതിനുമുമ്പിൽ മരിച്ചു പോവുകയാണെങ്കിൽതന്നേ
തന്റെ പുത്രിക്കു നൽകിട്ടുണ്ടായിരുന്ന വിദ്യാഭ്യാസം അവ

ളെ അതിനു യോഗ്യതയുള്ളവളാക്കിത്തീക്കണമെന്നാണ് ശാരദൻ സന്തോഷപൂർവ്വം വിശ്വസിച്ചിരുന്നത്. മഹമ്മദിയരെ തോഡാ രാജ്യത്തുനിന്നു ബഹിഷ്കരിക്കുന്നതിനു ശേഷിയുള്ള ആൾ മാത്രമേ രൂപവതിയും വിദ്യാവിശാരദയുമായ താരയുടെ പാണിഗ്രഹണം ചെയ്യാവൂ എന്ന് അദ്ദേഹം തീർച്ചപ്പെടുത്തി. താരയുടെ നിസ്തുല്യമായ സൌന്ദര്യത്തേയും നൈസർഗ്ഗികമായ സൌശീല്യത്തേയുംകുറിച്ചുള്ള കീർത്തി രാജസ്ഥാനം മുഴുവനും പരന്നു. അനേകം രാജകുമാരന്മാർ ഈ ബാലികാരത്നത്തിനെ വിവാഹം ചെയ്യുന്നതിന് ആഗ്രഹിച്ചു. എന്നാൽ ശാരദൻ അദ്ദേഹത്തിന്റെ നിശ്ചയത്തെ ഭേദപ്പെടുത്തിയില്ല.

അനേകം കുബേരസദൃശന്മാരായ യുവാക്കന്മാർ താരയെ വിവാഹം ചെയ്യുന്നതിന് ആവശ്യപ്പെടുകയും അവരുടെ ആഗ്രഹങ്ങൾ നിഷ്ഫലമാകയും ചെയ്തതിന്റെ ശേഷം, ഒടുവിൽ, മീവാറിലെ രാജാവിന്റെ തൃതീയ പുത്രനായ ജയമല്ലൻ നമ്മുടെ നായികയുടെ പാണിഗ്രഹണത്തിന്നാവശ്യപ്പെട്ടു. ശാരദൻ, ആ രാജാവിന്റെ കീഴിലുള്ള ഒരു നേതാവായിരുന്നതിനാൽ, ആ മഹാന്റെ പുത്രനു തന്റെ പുത്രിയെ വിവാഹം ചെയ്തുകൊടുക്കുന്നതു ശാരദന് ഒരു ബഹുമാനമായിരുന്നുവെന്നു സ്പഷ്ടമാണല്ലൊ. എന്നാൽ അദ്ദേഹത്തിന്റെ സ്വരാജ്യസ്നേഹം ഈ വിചാരങ്ങളേക്കാൾ ബലവത്തായിരുന്നു; അതിനാൽ, അദ്ദേഹം ഈ അപേക്ഷയെ ഉപേക്ഷിച്ചു. 'ഹേ രാജകുമാര!' എന്റെ തോഡാരാജ്യത്തെ വീണ്ടെടുക്കുന്നതിനു ശേഷിയുള്ള ആൾക്കല്ലാതെ മററാക്കും എന്റെ പുത്രിയെ വിവാഹം ചെയ്തുകൊടുക്കുന്നതല്ല' എന്ന് അദ്ദേഹം സ്ഥിരമായി മറുപടി പറയുകയാണുണ്ടായത്. ജയമല്ലൻ അജ്ഞനും, ഗർവ്വിഷ്ഠനും, ദുർമ്മാർഗ്ഗിയുമായിരുന്നു. അയാൾ ഈ മറുപടി കേട്ടിട്ടു ശാരദനെ കഠിനമായി ആക്ഷേപിക്കയും അദ്ദേഹത്തിന്റെ പുത്രിയെ തന്റെ കുതിരക്കാരനു വിവാഹം ചെയ്തുകൊടുക്കത്തക്കവണ്ണമാക്കിത്തീർക്കുമെന്നു പ്രത്യക്ഷമായ നിന്ദാസ്വരത്തിൽ മറുപടി പറകയും ചെയ്തു. ഇതു ശാരദനു സഹിക്കാൻ പാടില്ലാത്തവിധം ഒരു അപമാനമായിരുന്നു. ശാരദൻ ഉടനെ

വാൾ ഊരി തന്നെ അധിക്ഷേപിച്ച ദുർവൃത്തനായ രാജകുമാര ൻെറ ശിരച്ഛേദനം ചെയ്തു.

ധീരന്മാരായ രജപുത്രന്മാരുടെ രാജാവായിരിക്കത്തക്കവ ണ്ണം നിതിനിഷ്ഠയും സ്വഭാവഗാംഭീര്യവും ഉള്ള ഒരാളായിരുന്നു അ പ്പോഴത്തെ റാണാ. അദ്ദേഹത്തിൻെറ പുത്രനും ശാരദനുമായു ണ്ടായ സംഭവത്തെക്കുറിച്ചു കേട്ടപ്പോൾ, അദ്ദേഹം ഇപ്രകാരമാ ണ് മറുപടി പറഞ്ഞത്. 'കൊള്ളാം; അവന് അതു കിട്ടേണ്ട തായിരുന്നുവെന്നു സംശയമില്ല. അവൻ എൻെറ കുടുംബത്തി ന് ഒരു ശാപമായിരുന്നു. യാതൊരു രജപുത്രനും ഉച്ചരിക്കാൻ ധൈര്യപ്പെടാത്ത നീചമായ വാക്കുകൾ അവൻ പറഞ്ഞതുകൊ ണ്ടു ശാരദൻ അവൻെറ ശിരച്ഛേദനം ചെയ്തതിൽ എനിക്കു ലേ ശവും പരിഭവമില്ല; ഞാൻ ശാരദനു മനഃപൂർവ്വമായി മാപ്പുകൊ ടുത്തിരിക്കുന്നു.

റാണക്കു പൃഥ്വിരായി എന്ന പേരോടുകൂടി വേറൊരു പുത്ര നും ഉണ്ടായിരുന്നു. അദ്ദേഹം, എന്തോ ചില കാരണങ്ങളാൽ പിതാവിൻെറ അപ്രിയത്തിന് ഇടവരികയാൽ, റാണായുടെ ആ ജ്ഞ അനുസരിച്ചു രാജ്യത്തിനു പുറത്തു താമസിക്കയായിരുന്നു. ജയമല്ലൻെറ മരണാനന്തരം ബഹിഷ്കരിക്കപ്പെട്ട പുത്രനെ രാജാ വു തിരിയെ വരുത്തുകയും ഒരു രാജകുമാരനുള്ള എല്ലാ പദവികളും വീണ്ടും കൊടുക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ആഗമനം ചിറവരിലുള്ള എല്ലാ ജനങ്ങൾക്കും അത്യന്തം സന്തോഷപ്ര ദമായ ഒരു സംഭവമായിരുന്നു. എന്തെന്നാൽ, ഈ രാജകുമാ രൻ അദ്ദേഹത്തിൻെറ സ്വഭാവഗുണംകൊണ്ടു സകല ജനങ്ങ ളുടേയും പ്രീതിക്കും ബഹുമാനത്തിനും പാത്രീഭവിച്ചിട്ടുണ്ടായി രുന്നു. അദ്ദേഹത്തിനെപ്പോലെ കോമളഗാത്രനായും ധീരനാ യും സദാചാരനിരതനായും മററാരും ഉണ്ടായിരുന്നില്ല. രാജ കുമാരിയുടെ ഭർത്താവായിരിക്കുന്നതിനു രജപുത്രരാജകുമാരന്മാ രിൽവെച്ച് അദ്ദേഹംതന്നെയായിരുന്നു ഏററവും യോഗ്യൻ. ച

രുക്കത്തിൽ പറയുന്നതായാൽ, സുശീലയായ താരാഭായിയുടെ പാണിഗ്രഹണം ചെയ്യുന്നതിന്നു സർവ്വഥാ അർഹനായി രാജപുത്താണയിൽ അപ്പോൾ ആരെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ, അതു ചിറ്റൂരിലെ പൃഥ്വിരായി രാജകുമാരൻ തന്നെയായിരുന്നു. ഈ രാജകുമാരൻ താരാഭായിയെ പാണിഗ്രഹണം ചെയ്യുന്നതു് റാണയ്ക്കു തൃപ്തികരമായിരുന്നു; അദ്ദേഹത്തിന്നു ജാമാതാവാകുന്നതു ശാരദനും സന്തോഷകരമായിരുന്നു. എന്നാൽ ഇതു നടത്തുന്നതിൽ ഒരു വലിയ പ്രതിബന്ധമുണ്ടായിരുന്നു. തോഡാരാജ്യത്തെ വീണ്ടെടുക്കുന്നവൎക്കല്ലാതെ മററാൎക്കും താരാഭായിയെ വിവാഹം ചെയ്തുകൊടുക്കുന്നതല്ലെന്നു ശാരദൻ ചെയ്തിട്ടുണ്ടായിരുന്ന പ്രതിജ്ഞയായിരുന്നു ഈ പ്രതിബന്ധം.

ശാരദന്റെ പ്രതിജ്ഞയെ നിറവേററുന്നതിന് ഒന്നു ശ്രമിക്കേണമെന്നു പൃഥ്വിരായി തീൎച്ചപ്പെടുത്തി. ആ ഉദ്യമത്തിൽ അദ്ദേഹം മരിക്കുന്നതും അദ്ദേഹത്തിന്റെ പ്രിയപ്പെട്ട താരയെ കൂടാതെ ജീവിക്കുന്നതും അദ്ദേഹത്തിന്നു ഒരുപോലെയായിരുന്നു. താരയെ കൂടാതെ ജീവിക്കുന്നതിനേക്കാൾ ശ്ലാഘ്യതരമായിട്ടുള്ളതു തോഡാരാജ്യത്തെ വീണ്ടെടുക്കുന്നതിനുള്ള പ്രശംസ്യോദ്യമത്തിൽ മരിക്കുകയാണെന്നു പൃഥ്വിരായിക്കു തോന്നി. അതിനാലാണ്, എന്തായാലും, അതിലേയ്ക്കു് ഒരുമ്പെടാമെന്നു് അദ്ദേഹം ഉറച്ചതു്. അദ്ദേഹം രജപുത്ര അശ്വസൈന്യത്തിലുൾപ്പെട്ടവരിൽ ഏററവും സമൎത്ഥന്മാരായ ഇരുനൂറ് അശ്വഭടന്മാരെ ശേഖരിക്കുകയും തോഡാരാജ്യത്തിലേക്കു പുറപ്പെടുന്നതിന് ഒരുമ്പെടുകയും ചെയ്തു. ഈ യുദ്ധത്തിന്നു താരാഭായിയും കൂടി പോകുന്നതിന് ഒരുമ്പെട്ടപ്പോൾ ശാരദനും മററും വിപരീതാഭിപ്രായങ്ങൾ പുറപ്പെടുവിച്ചുവെങ്കിലും, അവരെ ഒരുവിധം സമാധാനപ്പെടുത്തി, ആ ധൈൎയ്യവതി പൃഥ്വിരായിയെ അനുഗമിച്ചു.

അവർ തോഡാരാജ്യത്തിന്നു സമീപം ചെന്നു നിബിഡമായി വൃക്ഷങ്ങളുള്ള ഒരു കാട്ടിന്റെ മറവിൽ കൂടാരം അടിച്ചു. മുഹമ്മദീയന്മാരുടെ പ്രസിദ്ധപ്പെട്ട ആഘോഷാവസരങ്ങളിൽ ഒന്നാ

യ മുഹറംദിവസം അവരെ മുന്നറിവു കൂടാതെ എതൃക്കണമെന്നായിരുന്നു പൃഥ്വിരായിയുടെ ഉദ്ദേശ്യം. മതാചാരപ്രസക്തികൊണ്ടു ക്ഷോഭചിത്തന്മാരായ അവർ ഈ അവസരത്തിൽ രാക്ഷസന്മാരെപ്പോലെ ഭയങ്കരന്മാരായിത്തീരും; എങ്കിലും; അവരോടു യുദ്ധം ചെയ്യുന്നതിന് ഈ ദിവസമാണ് പൃഥ്വിരായി തിരഞ്ഞെടുത്തത്.

സായാഹ്നത്തിൽ രണ്ട് അശ്വഭടന്മാർ മററൊരാളാൽ അനുഗതരായി തോഡാരാജ്യത്തു പ്രവേശിച്ചു. ഇവരിൽ ആദ്യത്തെ രണ്ടുപേർ പൃഥ്വിരായിയും താരാഭായിയും, മൂന്നാമത്തെയാൾ പൃഥ്വിരായിയുടെ ആപ്തമിത്രമായ സംഗരനും ആയിരുന്നു. തോഡായിലെ കോട്ടയെ ലക്ഷ്യമാക്കി നടന്നുകൊള്ളണമെന്നു സൈന്യത്തോടു ആജ്ഞാപിച്ചാണ് പൃഥ്വിരായി ഇപ്രകാരം മുമ്പിട്ടുപോയത്. രജപുത്രഭടന്മാർ നിശ്ശബ്ദമായും സമീപമുള്ള കുന്നുകൾകൊണ്ട് ആഛാദിക്കപ്പെട്ടും കോട്ടയിലേക്കു തിരിച്ചു. അവിടെ എത്തിയതിൻെറ ശേഷം അവർ പ്രതിമകളെപ്പോലെ നിശ്ചേഷ്ടരായി അവിടെ പതുങ്ങി കിടന്നു. ഇതിനിടയിൽ, ആദ്യം പോയ മൂന്നുപേരും അനന്യസാധാരണമായ ധൈര്യത്തോടുകൂടി അവരുടെ ജോലി നടത്തിത്തുടങ്ങി. അവരെ എതൃത്ത എല്ലാ മുഹമ്മദീയരേയും അവർ കൊന്നു. ഈ അവസരത്തിൽ കോട്ടയ്ക്കകത്തു വലിയ ലഹളയായി. ജനങ്ങൾ പരിഭ്രമിച്ച് അങ്ങുമിങ്ങും ഓടി; നിരായുധരായും അർദ്ധവസ്ത്രധാരികളായും, വസ്ത്രരഹിതരായും ഓടിക്കൊണ്ടിരുന്ന അവർ വേഗത്തിൽ യുദ്ധത്തിനു തയാറാവുകയായിരുന്നു. ഭേരീനാദം നാലുദിക്കിലും മുഴങ്ങി; കോട്ടയുടെ വാതിലുകൾ ഈ അവസരത്തിൽ അവർ ബന്ധിച്ചു കഴിഞ്ഞു.

പൃഥ്വിരായി ഇതെല്ലാം മുമ്പുതന്നെ കരുതിയിരുന്നു. ആദ്യമേതന്നെ അദ്ദേഹത്തിൻെറ സൈന്യത്തെ മുഴുവൻ കൊണ്ടുപോയാൽ മുഹമ്മദീയരെ മുന്നറിവുകൂടാതെ തോല്പിക്കാൻ സാധിക്കയില്ലെന്ന് അദ്ദേഹം തീർച്ചയാക്കി. എന്തുകൊണ്ടെന്നാൽ, കുതിരകളുടെ കാൽപെരുമാററം കേട്ടാൽ, കോട്ടയ്ക്കകത്തുള്ളവർ കോ

ട്ടവാതലുകൾ ബന്ധിക്കുകയും വേണ്ട കരുതലുകൾ ചെയ്യുകയും ഭടന്മാരെ വെടിവെച്ചു നശിപ്പിക്കയും ചെയ്യുമെന്ന് അദ്ദേഹം മുൻകൂട്ടി കരുതിയിരുന്നു. ഇതുകൊണ്ടാണ് അദ്ദേഹം സൈന്യത്തെ കൂടാതെ പുറപ്പെട്ടത്. അവർ മൂന്നുപേർ മാത്രം കോട്ടയ്ക്കുള്ളിൽ പ്രവേശിച്ചപ്പോൾ, അവർ ജനങ്ങളുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചില്ല. അവർ യുദ്ധത്തിന്നാരംഭിച്ചപ്പോൾ, എല്ലാജനങ്ങളുടെയും ശ്രദ്ധ അവരിൽ മാത്രമാവുകയും എല്ലാവരും അവരെ എതൃക്കുന്നതിനു മാത്രം തുനിയുകയും ചെയ്തു. ഈ സന്ദർഭത്തിൽ പൃഥ്വിരായിയുടെ സൈന്യം മുന്നോട്ടു കയറി. ആ സമയം രാജകുമാരൻ കോട്ടവാതൽ തുറക്കുകയും രജപുത്രസൈന്യം കോട്ടയിൽ കടക്കുകയും ചെയ്തു. മുൻകൂട്ടി നിശ്ചയിച്ചിരുന്ന പ്രകാരം എല്ലാം ഭംഗിയായി നടന്നു. വാതലുകൾ തുറന്ന ഉടനെതന്നെ പൃഥ്വിരായിയുടെ ധീരന്മാരായ രജപുത്രന്മാർ പരിഭ്രമത്തോടുകൂടി അമ്പരന്നുപോയ മുഹമ്മദിയരോടു യുദ്ധം ആരംഭിച്ചു. മുഹമ്മദിയർ ഉറച്ചുനിന്നു യുദ്ധം ചെയ്വാൻ ശ്രമിച്ചുവെങ്കിലും, അവരുടെ ശ്രമം നിഷ്ഫലമാകയും രജപുത്രന്മാരുടെ ഖഡ്ഗങ്ങൾക്കു അവർ ഇരയായിത്തുടങ്ങുകയും ചെയ്തു.

ധൈര്യവതിയായ താരാഭായി അവളുടെ കാമുകന്റെ അരികിൽ നിന്നാണ് യുദ്ധം ചെയ്തത്. അവളുടെ രാജ്യത്തിന്റെ ശത്രുക്കളും ജനങ്ങളെ ദ്രോഹിച്ചവരുമായ അനേകം മുഹമ്മദിയർ അവളുടെ വാളിന്നിരയായിത്തീർന്നു. സായാഹ്നത്തിനു മുമ്പുതന്നെ രജപുത്രന്മാർക്കു പൂർണ്ണമായ വിജയം സിദ്ധിച്ചു. മുഹമ്മദീയസൈന്യത്തിൽ ഏകദേശം മുക്കാൽഭാഗത്തോളം ആളുകൾ മരിച്ചു; മറ്റുള്ളവർ യുദ്ധക്കളത്തിൽനിന്നു പല ദിക്കിലേക്കും ഒളിച്ചോടി. അവരെ പിന്തുടരുന്നതിനു തുനിഞ്ഞ രജപുത്രന്മാരെ താരാഭായി വിരോധിച്ചു 'അവർ ജീവിച്ചിരിക്കട്ടെ; നമ്മുടെ ഉദ്ദേശ്യം നമ്മുടെ രാജ്യത്തെ വീണ്ടെടുക്കേണമെന്നല്ലാതെ ജനങ്ങളെ കൊല്ലേണമെന്നല്ലല്ലോ' എന്ന് ആ സ്ത്രീരത്നം അവരോടു പറഞ്ഞു.

ഈ വിജയം സിദ്ധിച്ച് അധികദിവസങ്ങൾ കഴിയുന്നതിനുമുമ്പിൽ താരാഭായിയും പൃഥ്വിറായിയുമായുള്ള വിവാഹം വളരെ ആഘോഷത്തോടുകൂടി നടത്തിയെന്നു പറയേണ്ടതില്ലല്ലൊ. ശാരദൻ അദ്ദേഹത്തിന്റെ പ്രിയപ്പെട്ട തോഡാരാജ്യത്തു വീണ്ടും വന്നു സ്വസ്ഥാനത്തിൽ പ്രവേശിച്ചു. എന്നാൽ, അധികം താമസിയാതെ അദ്ദേഹം പൃഥ്വിറായിക്കും താരാഭായിക്കുമായി രാജ്യം ദാനംചെയ്ത് അവരെ സിംഹാസനാരോഹണം ചെയ്യിച്ച് ഏകാന്തവാസത്തിന്നായി ബിദന്നൂർ എന്ന സ്ഥലത്തേക്കു പോയി. വധൂവരന്മാർ അനല്പമായ ദാമ്പത്യസൌഖ്യത്തോടും അന്യൂനമായ സൌഭാഗ്യത്തോടുംകൂടി ഇപ്രകാരം ഒന്നുരണ്ടു സംവത്സരം കഴിച്ചുകൂട്ടിയപ്പോൾ, അവരുടെ സുഖാവസ്ഥയ്ക്കു ഭേദഗതിയെ വരുത്തുന്നതായ ഒരു ദുഃഖസംഭവം ഉണ്ടായി.

പൃഥ്വിറായിക്കു 23-ം താരാഭായിക്കു 17-ം വയസ്സായി; അവർ സന്തോഷത്തിന്റേയും സംതൃപ്തിയുടേയും പരമാവധിയിലെത്തിയപ്പോഴാണ് അവരുടെ ബന്ധം വേർപെടുത്തപ്പെട്ടത്. പൃഥ്വിക്ക് ഒരു പ്രിയപ്പെട്ട സഹോദരി ഉണ്ടായിരുന്നു. അവളെ പ്രഭുറായി എന്നുപേരായ ഒരാൾക്കായിരുന്നു വിവാഹം ചെയ്തുകൊടുത്തിരുന്നത്. ഈ ആൾ ദുർവൃത്തനും ക്രൂരഹൃദയനുമായിരുന്നു. അയാൾ അയാളുടെ പത്നിയെ പലവിധത്തിലും ഉപദ്രവിച്ചിരുന്നു. ഒടുവിൽ ആ സ്ത്രീക്ക് അയാളോടുകൂടി കാലം കഴിച്ചുകൂട്ടുന്നതിനു നിവൃത്തിയില്ലെന്നായി. അവളുടെ ഭത്താവിന്റെ ക്രൂരകൃത്യങ്ങളിൽനിന്നും കഠിനസ്വഭാവത്തിൽനിന്നും രക്ഷയുണ്ടാകുന്നതിനു മാർഗ്ഗമൊന്നുമില്ലെന്നു കണ്ടപ്പോൾ അവൾ അവളുടെ പ്രിയസഹോദരന് ഒരു കത്തയച്ചു. അവളുടെ കഷ്ടതയെ ഉന്മൂലനം ചെയ്യുന്നതിനു ശേഷിയുള്ള ആരെങ്കിലും ഉണ്ടെങ്കിൽ, ആ ആൾ അവളുടെ സഹോദരനായ പൃഥ്വിറായിയായിരുന്നുവെന്ന് അവൾ അറിഞ്ഞിരുന്നു. 'എന്റെ ഭത്താവിന്റെ ക്രൂരസ്വഭാവം അസഹനീയമായ നിലയെ പ്രാപിച്ചിരിക്കുന്നു.

അയാൾ എപ്പോഴും മദ്യപിച്ചു സ്വബോധരഹിതനായിരിക്കുന്നു; അവർണ്ണനീയങ്ങളായ ഹീനകൃത്യങ്ങളിൽ അയാൾ എല്ലായ്പോഴും പ്രവേശിക്കുന്നു. പ്രിയസഹോദര! അങ്ങേക്ക് എന്നിൽ സ്വല്പമെങ്കിലും സ്നേഹവും ആർദ്രതയുമുണ്ടെങ്കിൽ നിസ്സഹായയായ തങ്ങളുടെ സഹോദരിയുടെ ഈ കഷ്ടത ഒഴിക്കേണമേ' എന്നാണ് അവൾ എഴുതിയിരുന്നത്.

ഈ എഴുത്തു കിട്ടിയ ഉടൻ തന്നെ പ്രിഥ്വിരായി പ്രഭുരായിയുടെ ഗൃഹത്തിലെത്തി. പ്രഭുരായിയുടെ ഹീനകൃത്യത്തിനും ദുസ്സ്വഭാവത്തിനുമായി പ്രിഥ്വിരായി അയാളെ വളരെ ശകാരിച്ചു. ഒടുവിൽ അയാളുടെ പൂർവ്വകൃത്യങ്ങൾക്ക് ഒരു ശിക്ഷയായും ഭാവിയിലെ സൽസ്വഭാവത്തിന് ഒരു ഉപായവും അയാളുടെ പത്നിയുടെ ചെരിപ്പ് അയാളുടെ തലയിൽ വെക്കുന്നതിനു നിർബ്ബന്ധിച്ചു. പ്രഭുരായിക്കു തന്റെ ഭാര്യയുടെ സഹോദരനെക്കുറിച്ചു വളരെ സ്നേഹമുണ്ടായിരുന്നു; വേറെ നിവൃത്തിയില്ലെങ്കിൽ, പ്രിഥ്വിരായി അയാളെ കൊല്ലാൻ മടിക്കുകയില്ലെന്നും അയാൾ മനസ്സിലാക്കിയിരുന്നു. അതിനാൽ പറഞ്ഞതുപോലെ അയാൾ ചെയ്തു. എന്നാൽ അയാൾക്കു പ്രിഥ്വിരായിയോടു വളരെ ദ്വേഷ്യം തോന്നി; എന്നുതന്നെയല്ല, തന്നെ ഇത്ര പരസ്യമായി അപമാനിച്ചതിനു പ്രതികാരം ചെയ്യുന്നമെന്നും തീർച്ചയാക്കി. അയാൾ ഈ ദുരാലോചന പുറത്തുവിട്ടില്ല; പ്രത്യുത, പ്രിഥ്വിരായിയുടെ നേരെ കപടമായി വളരെ ആദരവു കാണിക്കുകയും അദ്ദേഹത്തിനെ ഭക്ഷണത്തിനായി ക്ഷണിക്കുകയും ചെയ്തു. നിഷ്കളങ്കനായ പ്രിഥ്വിരായിക്ക് അദ്ദേഹത്തിന്റെ ജീവഹാനി വരുത്തുന്നതിനായിട്ടാണ് ഇപ്രകാരം ക്ഷണിക്കപ്പെട്ടതെന്നു സംശയം ഉണ്ടായിരുന്നില്ല. അദ്ദേഹം ഈ ക്ഷണനത്തെ സ്വീകരിക്കുകയും അവിടെ ഭക്ഷണം കഴിക്കുകയും ചെയ്തു.

ആ ഭക്ഷണസമയത്തു പ്രഭുരായി ഒരു പാനീയത്തിൽ കുറെ വിഷം കലർത്തി പ്രിഥ്വിരായിക്കു കൊടുത്തു. പ്രഭുരായിയുടെ വഞ്ചനയെക്കുറിച്ചു സംശയമില്ലാതിരുന്ന ആ സാധുരാജകുമാരൻ

അതു പാനംചെയ്തു. ഒടുവിൽ അദ്ദേഹം ആ ഗൃഹത്തിൽനിന്നും തിരിച്ചുപ്പോൾ, മൂറാത്തു മോഹാലസ്യമായി വീണു. ഈ വൎത്തമാനം വേഗത്തിൽ അദ്ദേഹത്തിൻെറ കൊട്ടാരത്തിലും അദ്ദേഹത്തിൻെറ പിതാവിൻെറ കൊട്ടാരത്തിലും എത്തി. അദ്ദേഹത്തിൻെറ പ്രിയപത്നിയായ താര ആസന്നമരണനായ ഭൎത്താവിൻെറ അടുക്കൽ വേഗത്തിൽ വന്നുചേൎന്നു; അദ്ദേഹത്തിൻെറ വൃദ്ധനായ പിതാവും സഹോദരന്മാരും ഉടൻതന്നെ അവിടെ എത്തി. അദ്ദേഹത്തിൻെറ ജീവരക്ഷ ചെയ്യുന്നതിന് എല്ലാവിധശ്രമങ്ങളും അവർ ചെയ്തു. ഭിഷഗ്വരന്മാർ ഔഷധങ്ങൾ കൊടുക്കുകയും മന്ത്രവാദികൾ പ്രാൎത്ഥനകൾ നടത്തുകയും ചെയ്തു; എങ്കിലും അവയൊക്കെ ഫലമില്ലാതായി. ആ ധീരനായ രാജകുമാരൻ ദുഃഖിതയായ പത്നിയുടെ മടിയിൽകിടന്നു ചിറവരിലെ സകല ജനങ്ങളുടേയും വിലാപങ്ങളുടെ ഇടയ്ക്കു ഇഹലോകവാസം വെടിഞ്ഞു.

താരയുടെ അപ്പോഴത്തെ സ്ഥിതി എന്തായിരുന്നുവെന്നു വൎണ്ണിപ്പാൻ വഹിയാ. അവളുടെ ഭൎത്താവിനോടുകൂടി ഇഹലോകവാസം വെടിയുന്നതിനുതന്നെയാണൊ അവൾ തീൎച്ചപ്പെടുത്തിയത്? അവൾ ഒരു 'സതി'യായിരിക്കാൻ തന്നെയാണോ ഉറച്ചത്? അതെ ആ പതിവ്രത അങ്ങിനെ ചെയ്വാൻതന്നെയാണ് നിശ്ചയിച്ചത്. അവൾ ബാല്യത്തിൽ ഒരു ധൈൎയ്യവതിയായിരുന്നു; യൌവനത്തിലും ഒരു ധൈൎയ്യവതിയായിരുന്നു; മരണത്തിലും അങ്ങിനെതന്നെയാണ് പ്രത്യക്ഷപ്പെട്ടത്. അവളുടെ പരേതനായ ഭൎത്താവിനോടുകൂടി ഉടങ്കട്ട കയറാനുള്ള ഉദ്യമത്തിൽനിന്നും പിന്മാറണമെന്ന് അവളുടെ ഭൎത്താവിൻെറ പിതാവായ മഹാറാണാ, (രാജാ) പിതാവായ ശാരദൻ, ഭൎത്തൃസഹോദരന്മാർ, എന്നുവേണ്ടാ ചിറവരിലെ എല്ലാ ജനങ്ങളും, ഐകകണ്ഠ്യേന അവളോട് അപേക്ഷിച്ചുവെങ്കിലും, അത് ഒരിക്കലും ഉണ്ടാകുന്നതല്ലെന്ന് അവൾ അവരോടു മറുപടിപറഞ്ഞു. അവരുടെ അഭിപ്രായങ്ങൾക്കു പ്രതികൂലമായി പ്രവൎത്തിക്കേണ്ടിയിരിക്കുന്നതിനാൽ, അവൾക്കു മാപ്പുകൊടുക്കണമെന്ന് അവൾ അ

വരോട് അപേക്ഷിച്ചപ്പോൾ അവളുടെ ശാന്തസ്വരവും മുഖഭാവവും കണ്ട് എല്ലാവരും അമ്പരന്നു നിന്നുപോയി. ആ സംഗതിയെ കുറിച്ചു വീണ്ടും താരയോടു പറയുന്നതിന് ആൎക്കും ധൈൎയ്യം ഉണ്ടായില്ല.

ഒരു ശവക്കട്ട വേഗത്തിൽ ഉണ്ടാക്കി. പ്രഥ്വിറായിയുടെ മൃതശരീരം അതിൽ വെച്ചു. പിന്നീടാണ് 'സതി'യെ സംബന്ധിച്ച ഭയങ്കരകൎമ്മം ആരംഭിച്ചത്. അവൾ അസാധാരണമായി യാതൊന്നും ചെയ്യുന്നില്ലെന്നതുപോലെ ശാന്തമായി ആ ഭയങ്കരകൃത്യങ്ങൾ നടത്തിത്തുടങ്ങി; ചടങ്ങുകൾ എല്ലാം അവസാനിച്ചതിൻെറശേഷം ബ്രാഹ്മണർ വേദങ്ങൾ ഉച്ചരിക്കാൻ തുടങ്ങി. വാദ്യഘോഷങ്ങളുടെ ഉച്ചസ്വരത്തിൻേറയും ജനങ്ങളുടെ പ്രാൎത്ഥനാസ്വരത്തിൻേറയും മദ്ധ്യേ താരാഭായി ശവക്കട്ടയെ പ്രദക്ഷിണം വെച്ച് അതിന്മേൽ കയറി. അവൾ ഭൎത്താവിൻെറ മൃതശരീരത്തിനുസമീപം കിടന്നു; ശവക്കട്ടയിൽ തീ കൊളുത്തുവാൻ ചുറ്റും നിന്നിരുന്നവരോടു പറഞ്ഞു. അപ്പോൾ ഉണ്ടായ കോലാഹലത്തെ വൎണ്ണിക്കുവാൻ പ്രയാസമാണ്. പലമാതിരി ശബ്ദങ്ങൾ ആകാശമണ്ഡലത്തിൽ മുഴങ്ങി; 'ഭേരിദുന്ദുഭിമുഖ്യവാദ്യഘോഷ'ങ്ങളും ഘണ്ടാനാദങ്ങളും ജനസംഘത്തിൻെറ ഘോരാരവത്തോടുകലൎന്നു; ഈ ഘോഷങ്ങളുടെ ഇടയ്ക്കാണ് ശവക്കട്ടയിൽ തീക്കത്തിച്ചത്. അതു വേഗത്തിൽ കത്തി ഗൎജ്ജനത്തോടുകൂടി പ്രകാശിച്ചു. താരയുടെ ദേഹത്തിനു യാതൊരു ചലനവും ഉണ്ടായില്ല; അവൾ ഭൎത്താവിൻെറ മൃതശരീരംപോലെ നിഃശ്ചേഷ്ടയായി കിടന്നു. പക്ഷെ, തീകത്തിജ്വലിക്കുന്നതിനുമുമ്പുതന്നെ അവൾ മരിച്ചിരിക്കാം.

ഒരു മണിക്കൂറിനുള്ളിൽ എല്ലാം അവസാനിച്ചു. ധൈൎയ്യവതിയും പതിവ്രതാരത്നവുമായ താരയും തുല്യപ്രാഭവത്തോടുകൂടിയ ധീരനായ അവളുടെ ഭൎത്താവും ഭസ്മമായി; ചിറനരിലെ ജനങ്ങൾ അവൎണ്ണനീയവും അപരിഹാൎയ്യവുമായ ഈ നഷ്ടത്തെ കുറിച്ചു വിലപിക്കുന്നതിനായി അവരവരുടെ ഗൃഹങ്ങളിലേക്കു തിരിക്കുകയും ചെയ്തു.

---

## ദ. അലക്സാണ്ഡ്രാ മഹാരാജ്ഞി.

‘വരുണന്റെ പുത്രി’ എന്നു പറയാവുന്ന നമ്മുടെ മഹതി 1844-ാമാണ്ടു ഡിസമ്പർമാസം 1-ാംനു- ഡന്മാക്കുരാജ്യത്തിന്റെ തലസ്ഥാനമായ കോപ്പനേഗൻ എന്ന പട്ടണത്തിൽ ജനിച്ചു. ഒമ്പതാമത്തെ ക്രിസ്ത്യൻ എന്ന നാമധേയത്തോടുകൂടി ഡന്മാക്കുരാജ്യം വാണിരുന്ന മഹാരാജാവിന്റെ മൂത്ത പുത്രിയാണ് നമ്മുടെ നായിക. തന്റെ മാതാവിന്റെ പരിചരണത്തിൽ വളൎത്തപ്പെട്ട ഈ മഹതി പ്രായം ചെല്ലുംതോറും സൌന്ദൎയ്യം, സൌജന്യം, സൌശീല്യം മുതലായ സൽഗ്ഗുണങ്ങൾകൊണ്ടു സ്വപ്രജകളുടെ ഹൃദയങ്ങളെ വശീകരിച്ചുതുടങ്ങി. കുലീനയായ ഒരു ഉത്തമസ്ത്രീക്ക് അവശ്യം വേണ്ടതായ വിദ്യാഭ്യാസമാണ് അലക്സാണ്ഡ്രാമഹാരാജ്ഞിക്കു സിദ്ധിച്ചിട്ടുള്ളത്. സാധാരണ രാജധാനികളിൽ ആലസ്യം എന്ന ദുൎദ്ദേവതയുടെ അധികാരം അധികമായിരിക്കും. എന്നാൽ, പ്രസ്തുത രാജധാനിയിൽനിന്ന് ആ ദുൎദ്ദേവതയെ നാടുകടത്തിക്കളഞ്ഞു. അതുകൊണ്ടു നമ്മുടെ നായികയുടെ മനസ്സിൽ മഹത്തായ വിചാരങ്ങൾക്കു മാത്രമേ പ്രവേശനം ഉണ്ടായിട്ടുള്ളു. ഈ മഹതിക്കു വ്യവസായത്തിലും ഔദാൎയ്യത്തിലുമുള്ള അഭിരുചി ദിനംപ്രതി വൎദ്ധിച്ചുവന്നു. അലക്സാണ്ഡ്രാരാജകുമാരിയുടെ മാതാപിതാക്കന്മാരും സഹോദരസഹോദരിമാരും സംഗീതത്തിലും സാഹിത്യത്തിലും, എന്നുവേണ്ടാ മറ്റു കലാവിദ്യകളിലും, പരോപകാരപ്രദമായ പ്രവൃത്തികളിലും പരിശ്രമിച്ചുകൊണ്ടാണ് കാലം കഴിച്ചിരുന്നത്. അതുകൊണ്ട് അലക്സാണ്ഡ്രാമഹാരാജ്ഞിയുടെ സഹജമായ സൽഗ്ഗുണങ്ങൾക്കു പരിചയംകൊണ്ടു പ്രത്യേകമായ ഒരു മിനുസ്സവും പ്രകാശവും സിദ്ധിച്ചു. ഈ മഹതിക്കു മൂന്നു സഹോദരന്മാരും രണ്ടു സഹോദരിമാരുമുണ്ട്. സഹോദരന്മാരിൽ മൂത്ത ആളാണ് ഇപ്പോഴത്തെ ഫ്രെഡ്രിക്ക് ക്രിസ്ത്യൻ എന്ന ഡന്മാക്കിലെ മഹാരാജാവ്: രണ്ടാമ

ത്തെ സഹോദരനായ ജോർജ്ജ് രാജകുമാരനാണ് ഹെല്ലനിസ്സിലെ മഹാരാജാവായത്. വാൾഡിമർ എന്ന രാജകുമാരനാണ് മൂന്നാമത്തെ സഹോദരൻ. അനുജത്തിമാരിൽ മൂത്തതു ഡാഗ്മർ എന്ന രാജകുമാരിയാണ്; ഈ സ്ത്രീരത്നമാകുന്നു, റഷ്യാചക്രവൎത്തിനിയായത്. രണ്ടാമത്തെ സഹോദരിയായ തൈറാരാജകുമാരി കംബർലണ്ട് പ്രഭ്വിയായിത്തീൎന്നു.

നമ്മുടെ മഹാരാജ്ഞിയും മഹാരാജാവും തമ്മിൽ ആദ്യമായി ഒരു കൂടിക്കാഴ്ചയുണ്ടായതു് 1861-ാമാണ്ടിലാണ്. എഡ്വേർഡ് മഹാരാജാവു 'വെയിൽസിലെ രാജകുമാരൻ' എന്ന സ്ഥാനത്തിരിക്കുന്ന കാലത്തു രാജ്യസഞ്ചാരം ചെയ്തു ജൎമ്മനിയിൽ താമസിക്കുകയായിരുന്നു. തന്റെ പിതാവ് ഇളയരാജാവായിരിക്കുന്ന കാലത്ത് അദ്ദേഹത്തോടുകൂടി അലക്സാണ്ഡ്രാ രാജകുമാരിയും രാജ്യസഞ്ചാരം ചെയ്തു ജൎമ്മനിയിൽ എത്തീട്ടുണ്ടായിരുന്നു. ജൎമ്മനിയിലുള്ള ഒരു പള്ളി സന്ദൎശിക്കുന്നതിനായി രണ്ടു കൂട്ടക്കാരും യദൃച്ഛയായി ഒരേ സമയത്തു ചെന്നുചേൎന്നു. ഈ ദൈവികസ്ഥലത്തുവെച്ചു രാജകുമാരനും രാജകുമാരിയും തമ്മിൽ ആദ്യമായി കണ്ടെത്തുകയും അവർ ഹൃദയത്തെ അന്യോന്യം അപഹരിക്കുകയും ചെയ്തു.

1863-ാമാണ്ടു മാൎച്ചുമാസം 10-ാംനു- വിൻസർ കൊട്ടാരത്തിലുള്ള സെണ്ട്ജോർജ് പള്ളിയിൽവെച്ച് എഡ്വേഡ് രാജകുമാരൻ നമ്മുടെ മഹതിയെ പാണിഗ്രഹണം ചെയ്തു. ഈ പള്ളിയിൽ വെച്ച് 1122-ാമാണ്ടിൽ ഒന്നാമത്തെ ഹെൻറിമഹാരാജാവിന്റെ വിവാഹം നടന്നതിനുശേഷം ആദ്യമായി ഒരു വിവാഹം നടന്നത് ഈ രാജദമ്പതിമാരുടേതാണ്. ഈ വിവാഹമഹോത്സവം അനിതരസാധാരണമായിരുന്നു എന്നു മാത്രമേ പറവാൻ സാധിക്കയുള്ളൂ. 'വളരെ മധുരമുള്ള മധുവിലും അല്പം ചവൎപ്പുണ്ടായിരിക്കും' എന്ന പഴഞ്ചൊല്ലുപോലെ, ഈ സന്തോഷാവസരത്തിൽ സന്താപത്തിനു കാരണമില്ലാതിരുന്നില്ല. ഈ വിവാഹമഹോത്സവം കണ്ട് ആനന്ദിക്കുവാൻ അധികം അൎഹതയുണ്ടായിരുന്ന ആൽബട്ട് രാജകുമാരന്റെ അകാലമരണം 'നമ്മുടെ അമ്മാ

ണിയേയും കുടുംബത്തേയും ഈ അവസരത്തിൽ അത്യന്തം വ്യസനിപ്പിച്ചു. ആ മഹാനുഭാവൻെറ പൂൎണ്ണസമ്മതം സിദ്ധിച്ച ഈ വിവാഹം നടന്നത് അദ്ദേഹം മരിച്ചു പതിനഞ്ചുമാസം കഴിഞ്ഞിട്ടാണെങ്കിലും, നമ്മുടെ രാജകുടുംബത്തിൻെറ സുപ്രസന്നതയ്ക്കു പൂൎത്തി മതിയായിരുന്നില്ല.

ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ രാജസിംഹാസനത്തിന്ന് അവകാശിയായ വെയിൽസിലെ രാജകുമാരനൊന്നിച്ച് ഇംഗ്ലാണ്ടിൽ എത്തിയ ദിവസം മുതൽ ഈ മഹതി ജനങ്ങളുടെ സ്നേഹത്തിന്നും ബഹുമാനത്തിന്നും പാത്രമായിത്തീൎന്നു. അലക്സാണ്ഡ്രാരാജകുമാരി സ്ത്രീകൾക്ക് ഒരു മാതൃകയും പുരുഷന്മാൎക്ക് ഒരു ബഹുമാനപാത്രവുമായി. വെയിൽസിലെ രാജകുമാരിയുടെ നിലയിലും ചക്രവൎത്തിനിയുടെ നിലയിലും നമ്മുടെ നായിക ജനങ്ങളുടെ നന്മക്കായിക്കൊണ്ടു ചെയ്തിട്ടുള്ള സൽകൎമ്മങ്ങൾ അനല്പമാകുന്നു.

വിവാഹാനന്തരം ഈ ദമ്പതിമാർ അല്പദിവസം ഓസ്ബർൺ കൊട്ടാരത്തിൽ സൈ്വരമായി താമസിച്ചു; പിന്നെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ ഓരോ ജോലികളിൽ പ്രവേശിക്കുവാൻ തുടങ്ങി. ലോകത്തിൽ ഭിന്നരുചി സാധാരണയാകുന്നു. ഒരു രാജാവിൻെറ കീഴിലുള്ള പ്രജകൾ അനേകം ജാതിക്കാരും മതക്കാരുമായിരിക്കും. ഇവരിൽ അന്യോന്യവിരുദ്ധത്തോടുകൂടിയ കക്ഷികൾ അനേകമുണ്ടായിരിക്കുന്നതും സാധാരണയാകുന്നു. 'കാക്കയ്ക്കു കൊടുക്കുന്നതു കോഴിക്കു കണ്ടുകൂട, കോഴിക്കു കൊടുക്കുന്നതു കാക്കയ്ക്കു കണ്ടുകൂട' എന്നു പറയുന്നതുപോലെ, ഒരു കക്ഷിക്ക് അനുകൂലമായി ചെയ്യുന്നതു വേറെ ഒരു കക്ഷിക്കു പ്രതികൂലമായിരിക്കും. സകല പ്രജകളോടും രഞ്ജിപ്പോടുകൂടി വൎത്തിക്കുന്ന രാജാവിന്നു മാത്രമേ 'രാജാവ്' എന്ന പേരിന്ന് അൎഹതയുമുള്ളു. ഇങ്ങിനെയുള്ള ഒരു സ്ഥാനം ഭരിക്കുവാനുള്ള ചുമതല ചില്ലറയൊന്നുമല്ല. അവിവേകമായി ഒരു വാക്കു പറയുകയൊ ആലോചനകൂടാതെ ഒരു പ്രവൃത്തി ചെയ്യുകയൊ ചെയ്താൽ, മതസംബന്ധമായും സാംസൎഗ്ഗികമായും രാഷ്ട്രീയമായും അനേകം ആപത്തുകൾ സംഭ

വിക്കുന്നതാണ്. ഈ രാജദമ്പതിമാർ സിംഹാസനാരോഹണം ചെയ്യുന്നതുവരെ, ഏകദേശം മുപ്പത്തെട്ടു കൊല്ലത്തോളം ഇളയ രാജാവും രാജ്ഞിയുമായിരുന്നല്ലോ. ആ കാലങ്ങളിലാകട്ടെ, അതിനുശേഷം ചക്രവർത്തിയും ചക്രവർത്തിനിയുമായിരുന്ന കാലങ്ങളിലാകട്ടെ അന്യന്മാൎക്ക് ആക്ഷേപിക്കുവാനൊ ആവലാധിപ്പെടുവാനൊ ഹേതുവായ യാതൊരു പ്രവൃത്തിയും ചെയ്യ്തിട്ടില്ല.

അലക്സാണ്ഡ്രാമഹാരാജ്ഞി പരോപകാരപ്രദമായി ആദ്യം ചെയ്യ ഒരു പ്രവൃത്തി, പാവപ്പെട്ട രോഗികളെ കിടത്തി ചികിത്സിക്കുന്നതിന്നായി 'ലണ്ടൻ ആസ്പത്രി'യെന്ന വൈദ്യശാലയിൽ പ്രത്യേകം ഒരു കെട്ടിടവുംകൂടെ പണിയുവാൻ അസ്തിവാരക്കല്ലിട്ടതാകുന്നു. രോഗാതുരന്മാരും ദരിദ്രന്മാരുമായ കുട്ടികളിൽ കരുണയും മമതയും അലക്സാണ്ഡ്രാമഹാരാജ്ഞിയോളമുള്ള മററു സ്ത്രീകൾ ബ്രിട്ടീഷ്സാമ്രാജ്യത്തിൽ ഉണ്ടോ എന്നുതന്നെ സംശയമാണ്. മഹാരാജ്ഞിക്കു കുട്ടികളിലുള്ള വാത്സല്യത്തിന്റേയും അനുകമ്പയുടേയും ലക്ഷ്യമായിട്ടാണ് 'ആർമൺഡ' തെരുവിൽ സ്ഥാപിച്ചിരിക്കുന്ന 'കുട്ടികളുടെ ആസ്പത്രി' ഇപ്പോഴും ഉത്തമരീതിയിൽ നടത്തിപ്പോരുന്നത്. ഈ മഹതി പലപ്പോഴും പ്രസ്തുത ആസ്പത്രിയിലേക്കു തന്റെ മൂന്നു പുത്രിമാരൊന്നിച്ചു പോവുകയും രോഗികളായ കുട്ടികളുടെ അടുക്കൽചെന്ന് അവരെ വാക്കുകൾകൊണ്ടും വൃക്ഷങ്ങൾകൊണ്ടും കളിപ്പാവകൾകൊണ്ടും സന്തോഷിപ്പിക്കുകയും ചെയ്യുക പതിവാകുന്നു. കുട്ടികൾ ദീനംമാറി വീട്ടിലേക്കു പോകുമ്പോൾ, 'പടിഞ്ഞാറുനിന്നുവന്ന മോഹിനികൾ' കൊടുത്ത സമ്മാനങ്ങൾ ഭക്തിസ്നേഹബഹുമാനങ്ങളോടുകൂടി സ്വഭവനങ്ങളിൽ സൂക്ഷിക്കുന്നതു സാധാരണയാണ്. ഈ മഹതിയുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുള്ള വേറെ ഒരു ആസ്പത്രിയുണ്ട്. അത്, ഒരിക്കലും ഭേദപ്പെടാത്തതായ രോഗങ്ങൾ ബാധിച്ചവരെ ചികിത്സിക്കുവാനായി സ്ഥാപിച്ചിരിക്കുന്ന വൈദ്യശാലയാകുന്നു.

നമ്മുടെ 'റാണിമാതാവു' ചെയ്യിട്ടുള്ള സൽകൎമ്മങ്ങളെക്കുറി

ച്ചു പറയുവാൻ പുറപ്പെടുന്നപക്ഷം, അവ മുഴുവനാകുന്നതിനു മുമ്പിൽ ഗ്രന്ഥങ്ങൾ രണ്ടു മൂന്നു വേണ്ടിവരും. സ്വാത്ഥതല്പരതകൂടാതെ സൽകർമ്മം ചെയ്യുന്ന സജ്ജനങ്ങൾ ദുല്ലഭമാണെന്ന് ഒരു പക്ഷമുണ്ട്. നാം ചെയ്യുന്ന പ്രവൃത്തിയിൽനിന്നു നമുക്ക് എന്തെങ്കിലും പ്രതിഫലം സിദ്ധിക്കണമെന്ന് ആഗ്രഹിക്കുമ്പോൾ മാത്രമേ നമ്മുടെ പ്രവൃത്തിയിൽ സ്വാത്ഥതല്പരതയുണ്ടെന്നു പറയുവാൻ പാടുള്ളു. ധർമ്മത്തിന്നായിക്കൊണ്ടു മാത്രം ധർമ്മം ചെയ്യുന്നവരുണ്ട്. അവർക്ക് അവരുടെ പ്രവൃത്തിയിൽനിന്നു പ്രതിഫലം കിട്ടേണമെന്ന് ആഗ്രഹമുണ്ടായിരിക്കയില്ല. ഈ കൂട്ടത്തിലാണ് നമ്മുടെ നായികയെ ഗണിക്കേണ്ടത്. കഴിഞ്ഞ ട്രാൻസ്വാൾ യുദ്ധത്തിൽ മുറിവേറ്റവരും രോഗം പിടിപെട്ടവരുമായ സൈന്യങ്ങളുടെ സുഖത്തിന്നായിക്കൊണ്ടു പ്രവർത്തിച്ചിട്ടുള്ളതിൽനിന്നുതന്നെ നമ്മുടെ 'റാണിമാതാ'വിന്റെ സൽകർമ്മങ്ങൾ മുഴുവൻ പരാത്ഥപ്രതിപത്തിയോടു കൂടിയവയാണെന്നു വിശദമാകുന്നുണ്ടല്ലോ. 'വലത്തുകൈകൊണ്ടു ചെയ്യുന്ന ധർമ്മത്തെപ്പറ്റി ഇടത്തുകയ്യറിയരുത്' എന്ന് ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ട്. അതുപോലെയാണ് നമ്മുടെ ചക്രവർത്തിനി ചെയ്തിട്ടുള്ള ഔദാര്യങ്ങളുടെ സ്ഥിതി. പരസ്യമായി ചെയ്തിട്ടുള്ള സൽകർമ്മങ്ങളെപ്പറ്റിയല്ലാതെ പൊതുജനങ്ങൾക്കു യാതൊന്നും അറിവാൻ തരമായിട്ടില്ല.

പരസ്യമായി ചെയ്തിട്ടുള്ള ഔദാര്യങ്ങളുടെ കൂട്ടത്തിൽ ഒന്നു ദൃഷ്ടാന്തത്തിന്നായി ഇവിടെ പ്രസ്താവിക്കാം. ലണ്ടൻപട്ടണത്തിൽ വേലകിട്ടാതെ പട്ടിണികൊണ്ടു കഷ്ടപ്പെടുന്ന അഗതികൾ അനേകമുണ്ട്. ഇവരുടെ ഗുണത്തിന്നായി എന്തെങ്കിലും ഒരു ഏർപ്പാടു ചെയ്യണമെന്നുള്ള ആലോചന പാർളിമേണ്ടു സഭയിൽ കടന്നുകൂടീട്ടു കുറെ കാലമായി. ഇതിനെ സംബന്ധിച്ച് 1905-ാമാണ്ടിൽ ഒരു നിയമം നടപ്പാക്കുകയും ചെയ്തു. 'ഏട്ടിൽ കണ്ട പശു പുല്ലു തിന്നുന്നതല്ല' എന്നതുപോലെ, നിയമം കടലാസ്സിലായതുകൊണ്ടുമാത്രം ഉദ്ദേശം സാധിക്കുന്നതല്ലല്ലോ. ഈ നിയമംകൊ

ണ്ടു സാധുക്കളുടെ സങ്കടനിവൃത്തിയുണ്ടാകാഞ്ഞതിനാൽ, അഗതികളായ വേലക്കാരുടെ ഭാൎയ്യമാർ, ഏകദേശം നാലായിരം സ്ത്രീകൾ, ഒരുമിച്ച് അവരുടെ സങ്കടം ബോധിപ്പിക്കുന്നതിന്നായി പ്രധാനമന്ത്രിയുടെ അടുക്കൽചെന്നു. ഖജനാവിൽ പണമില്ലെന്നും ജനങ്ങൾ എല്ലാവരുംകൂടെ വരിയിട്ടു കുറെ പണം പിരിച്ചുകൊടുത്താലല്ലാതെ യാതൊരു നിവൃത്തിയും ഉണ്ടാകുന്നതല്ലെന്നുമായിരുന്നു മന്ത്രിയുടെ മധുരമായ മറുപടി. മന്ത്രിയുടെ മറുപടി ന്യായമാണെന്നു മനസ്സു സമ്മതിച്ചെങ്കിലും, വയറു സമ്മതിച്ചില്ല. അതുകൊണ്ടു മേല്പറഞ്ഞ സ്ത്രീകൾ, ദാരിദ്ര്യത്തിന്റെ കാഠിന്യംനിമിത്തം, ധൈൎയ്യസമേതം ദയാശീലയായ നമ്മുടെ ചക്രവൎത്തിനിയുടെ അടുക്കൽചെന്ന് അവരുടെ സങ്കടങ്ങൾ അറിയിച്ചു. ഇവരുടെ ദീനാവസ്ഥ കണ്ടു മനസ്സലിഞ്ഞു മഹാരാജ്ഞി ലണ്ടനിലെ വൎത്തമാനപത്രങ്ങളിൽ താഴെ പറയുംപ്രകാരം ഒരു പരസ്യം പ്രസിദ്ധംചെയ്തു.

'ഈ തണുപ്പുകാലത്തു വേലയും കൂലിയും കിട്ടാതെ പട്ടിണികിടന്നു കഷ്ടപ്പെടുന്ന സാധുക്കളുടെ സങ്കടങ്ങളെ കഴിയുന്നതും നിവാരണം ചെയ്യുന്നതിന്നായി എന്നെ സഹായിക്കുന്നതിന്ന് ഈ രാജ്യത്തുള്ള ദാനശീലരായ സ്ത്രീപുരുഷന്മാരോടു ഞാൻ അപേക്ഷിക്കുന്നു. ഇതിന്നായി ഞാൻ രണ്ടായിരംപവൻ നീക്കിവെക്കുകയും ചെയ്തിരിക്കുന്നു'.

പാർളിമേണ്ടുസഭയും മന്ത്രിമാരും വിചാരിച്ചിട്ടു സാധിക്കാത്ത മഹത്തായ ഒരു കാൎയ്യം ഈ മഹതിയുടെ ദയകൊണ്ടും ഔദാൎയ്യംകൊണ്ടും സാധിച്ചു. ഇങ്ങിനെ ഉചിതമായ ഒരു പ്രവൃത്തി ഈ മഹതി ചെയ്തിട്ടില്ലായിരുന്നെങ്കിൽ, എത്ര സാധുക്കൾ പട്ടിണികിടന്നു മരിക്കുമായിരുന്നു! അധികാരംകൊണ്ടുള്ള കീൎത്തിയോ, ഔദാൎയ്യംകൊണ്ടുള്ള കീൎത്തിയോ, ഉദാരമായത്? പണവും അവസ്ഥയും ഉണ്ടായാൽമാത്രം പോരാ; അവയെ ഉചിതമായി ഉപയോഗിച്ചാലേ അവകൊണ്ടുള്ള ഫലം പൂൎത്തിയാകുന്നുള്ളു. ഈ മഹതിയുടെ പ്രവൃത്തിയെ അനുകരിക്കുന്നതിനായി അ

നേകം സ്ത്രീപുരുഷന്മാർ ക്ഷണത്തിൽ ഉണ്ടായി. എഡ്വേർഡ് ചക്രവത്തി രണ്ടായിരത്തൊരുനൂറപവൻ ഈ ധമ്മച്ചിലവിന്നു ചക്രവത്തിനിയെ ഏല്പിച്ചു. വെയിൽസിലെ രാജകുമാരൻ ആയിരംപവൻ കൊടുത്തു. അത്യുദാരനായ ഒരു പ്രഭു പതിനായിരം പവൻ മഹാരാജ്ഞിയെ ഏല്പിച്ചു. എന്തിനു വളരെ പറയുന്നു! പതിനഞ്ചുദിവസംകൊണ്ട് ഒരു ലക്ഷം പവൻ പിരിഞ്ഞു. ഈ സംഖ്യമുഴുവൻ തന്നെത്താൻവാങ്ങി, സാധുക്കളുടെ രക്ഷയ്ക്കായി വേണ്ടതുപോലെ ചിലവു ചെയ്യിച്ചു എന്നു പറഞ്ഞാൽ, നമ്മുടെ മഹതിക്കുള്ള ഗുണങ്ങൾ വിശദമാകുന്നതാണല്ലൊ. എന്നാൽ ഈ പ്രസ്താവിച്ച സംഗതി അനേകം സൽകമ്മങ്ങൾ ചെയ്തിട്ടുള്ളവയുടെ കൂട്ടത്തിൽ ഒന്നാണെന്നുമാത്രമേയുള്ളു.

ഈ മഹതിയുടെ സൽസ്വഭാവങ്ങൾ ചക്രവത്തിനിയുടെ നിലയിൽ മാത്രമല്ലാ പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. ഒരു ഭായ്യയുടെ നിലയിലും മാതാവിന്റെ നിലയിലും ഗൈഹികമായ സംഗതികളിൽ നമ്മുടെ നായിക ഒരു മാതൃകയാകുന്നു. നമ്മുടെ വിക്ടോറിയാ മഹാരാജ്ഞി ഈ മഹതിയെപ്പററി ഓരോ അവസരങ്ങളിൽ 'പ്രിയപ്പെട്ട, ശാന്തയായ, സുമുഖയായ ആലിക്സ്' എന്നും മററും വാത്സല്യത്തോടുകൂടി പറഞ്ഞിരിക്കുന്നതിൽനിന്നുതന്നെ അലക്സാണ്ഡ്രാ മഹാരാജ്ഞിയുടെ ഗുണങ്ങൾ വിശദമാകുന്നതാണല്ലൊ. ഈ മഹതിക്കു മൂന്നുപുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. അലക്സാണ്ടർ എന്ന മൂന്നാമത്തെ പുത്രൻ ശൈശവത്തിൽതന്നെ മരിച്ചു. ആ കാലത്തുതന്നെ ഈ മഹതിയുടെ ഭത്താവായ എഡ്വേർഡ് ചക്രവത്തിക്ക് ആപൽക്കരമായ ഒരു ജ്വരം പിടിപെട്ടു. ഭത്തൃശുശ്രൂഷയിലും രോഗശുശ്രൂഷയിലും നമ്മുടെ മഹാരാജ്ഞിക്കുണ്ടായിരുന്ന വൈദഗ്ദ്ധ്യം ആ അവസരത്തിലാണ് വിശദമായത്. രോഗം ശമിക്കുന്നതുവരെ നമ്മുടെ നായിക, തന്റെ ഭത്താവിന്റെ സഹോദരിയായ ആലിസ്സ് രാജകുമാരിയൊന്നിച്ചു, ഭത്താവിന്റെ അടുക്കൽ ഇരുന്നു ശുശ്രൂഷിച്ചു. രാജാവിന്റെ രോഗശാന്തിക്കായി വൈദ്യന്മാർ ചികിത്സാവിഷയത്തിൽ കാണിച്ച

സാമത്ഥ്യത്തെ അതിശയിക്കുന്നതായിരുന്നു നമ്മുടെ നായികയും ആലിസ്സ് രാജകുമാരിയും രണ്ടു ധാത്രികളുടെ നിലയിൽ രോഗിയെ ശുശ്രൂഷിക്കുന്നതിൽ കാണിച്ച സാമത്ഥ്യം.

ഈ ആപത്തിൽനിന്നു രക്ഷപ്പെട്ടതിനുശേഷം വളരെ കാലത്തേക്ക് ഈ മഹതിയുടെ ഗൈഹികസുഖത്തിന്നു യാതൊരു കുറവും വന്നില്ല. സാൻഡ്രിംഗാമിൽ താമസിച്ചിരുന്ന കാലങ്ങളിലാണ് നമ്മുടെ മഹതിക്കു കുടുംബസൌഖ്യം പൂൎണ്ണമായി അനുഭവിപ്പാൻ കഴിഞ്ഞിട്ടുള്ളത്. ഇവിടെ രാജപദവികൾ കൂടാതെ ഭത്താവൊന്നിച്ചു സവാരിചെയ്യുകയോ നടക്കുകയോ ചെയ്വാൻ സൌകൎയ്യമുണ്ടായിരുന്നു. ചക്രവത്തി ഒരു കാലത്ത് ഒരു കൃഷിക്കാരനായിരുന്നതുപോലെ, ചക്രവത്തിനി ഒരു പാൽക്കാരിയുമായിരുന്നു. ഈ മഹതി സ്വന്തമായി അനേകം പശുക്കളെ വളൎത്തി പാൽ, തൈർ, വെണ്ണ മുതലായ ഗോരസങ്ങൾ ഉണ്ടാക്കിയിരുന്നു. ജോലികൾ അധികമില്ലാത്ത സമയങ്ങളിൽ നമ്മുടെ നായിക സാൻഡ്രിംഗാമിലെ കുടിയാന്മാരുടെവീടുകളിൽപോയി അവരുടെ ക്ഷേമാവസ്ഥയേയും പാഠശാലകളിൽ പോയി കുട്ടികളുടെ പഠിപ്പിനേയും പററി അന്വേഷിക്കുകയും ആസ്പത്രിയിൽചെന്നു രോഗികളെ കണ്ട് അവരെ സമാധാനപ്പെടുത്തുകയും സഹായിക്കുകയും മററും ചെയ്തിരുന്നു. തൻെറ ഭത്താവിൻെറ പനി മാറിയ ഉടനെ അലക്സാണ്ഡ്രാ മഹാരാജ്ഞി സാൻഡ്രിംഗാമിൽ പകരുന്ന വ്യാധികൾ ചികിത്സിക്കുന്നതിനായി ഒരു ആസ്പത്രി സ്ഥാപിച്ചു.

അലക്സാണ്ഡ്രാചക്രവത്തിനിയുടെ ഔദാൎയ്യാദിഗുണങ്ങൾ കൊട്ടാരംമുതൽ കുടിലുവരെ വ്യാപിക്കുന്നുണ്ട്. ഒരു സ്ത്രീയുടെ ജീവകാലത്തു പ്രധാനമായി രണ്ടവസ്ഥകളുണ്ട്. അവയിൽ ആദ്യത്തേതു ഭാൎയ്യയെന്നതും രണ്ടാമത്തേതു മാതാവെന്നതുമാകുന്നു. ഈ രണ്ട് അവസ്ഥകളിലും ന്യായമായി വത്തിക്കാൻ കഴിയുന്ന ഒരു സ്ത്രീക്കു മാത്രമേ തൻെറ ഗൃഹസ്ഥവൃത്തിയിൽ സൌഖ്യവും സന്തോഷവും അനുഭവിപ്പാൻ കഴികയുള്ളൂ. ഈ വിഷയത്തിൽ നമ്മുടെ മഹതി സ്ത്രീവൎഗ്ഗത്തിന്നു ഒരു മാതൃകയാകുന്നു.

ചക്രവർത്തിയുടെ മരണാനന്തരം നമ്മുടെ മഹതി താഴെപറയുംപ്രകാരം ഒരു എഴുത്തു പ്രസിദ്ധപ്പെടുത്തി: "അസഹ്യവും അനിർവ്വചനീയവുമായ എന്റെ ദുഃഖാവസ്ഥയിൽ നിങ്ങൾ പ്രദർശിപ്പിക്കുന്ന അനുതാപത്തിന്നു ഞാൻ നിങ്ങളോടെല്ലാവരോടുംവളരെ നന്ദിയുള്ളവളാകുന്നു. എന്റെ ഭർത്താവിന്റെ മരണംനിമിത്തം എനിക്കുമാത്രമല്ലാ നഷ്ടം പററിയിരിക്കുന്നത്; നമ്മുടെ ജനങ്ങൾക്കെല്ലാവർക്കും സ്നേഹിതനും പിതാവും രാജാവുമായ ഒരു മഹാത്മാവു നഷ്ടമായിപ്പോയി. ദൈവകല്പിതമായ നമ്മുടെ ദുഃഖം സഹിക്കുന്നതിനുള്ള ശക്തി നമുക്ക് അദ്ദേഹം തരും. അദ്ദേഹത്തിന്റെ ആജ്ഞയെ ലംഘിച്ചുകൂട. ഐഹികമായി ഇനിയും പലതും അനുഭവിക്കുവാനുള്ളതുകൊണ്ടു നിങ്ങൾ ദൈവത്തെ പ്രാർത്ഥിക്കുന്ന സമയങ്ങളിൽ എന്നെക്കൂടെ ഓർക്കുന്നതായാൽ അത് എനിക്കു വളരെ ആശ്വാസകരമായിരിക്കും. എന്റെ വത്സനെ ഞാൻ നിങ്ങളെ ഭരമേല്പിച്ചിരിക്കുന്നു; അവൻ അവന്റെ പിതാവിന്റെ നടപടികളിൽനിന്ന് ഒരു അടിപോലും തെററിനടക്കുന്നതല്ല; നിങ്ങൾ അദ്ദേഹത്തിന്റെ നേരെ കാണിച്ചിരുന്ന സ്നേഹബഹുമാനാദികൾ എന്റെ പുത്രനോടും കാണിക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. എന്റെ പുത്രനും പുത്രിയും നിങ്ങളുടെ സ്നേഹബഹുമാനാദികൾക്കു പാത്രീഭവിക്കുമെന്നാണ് എന്റെ പൂർണ്ണവിശ്വാസം". സാരഗർഭമായ ഈ എഴുത്തിൽനിന്നു നമ്മുടെ നായികയുടെ നന്മകൾ വ്യാഖ്യാനംകൂടാതെതന്നെ വിശദമാകുന്നതാണല്ലോ.

# ൩. കൃഷ്ണാകുമാരി.

നിസ്തുല്യമായ രൂപലാവണ്യം നിമിത്തം ഭയങ്കരങ്ങളായ ചില യുദ്ധങ്ങൾക്കും, ഒടുവിൽ പരിതാപകരമായ അകാലമരണത്തിനും പാത്രീഭവിച്ച ഒരു തരുണിരത്നമാണ് നമ്മുടെ കഥാനായികം. കൃഷ്ണയുടെ മാതാവ് ഒരു പുരാതനരാജകുടുംബത്തിലുൾപ്പെട്ടവളും, പിതാവു രജപുത്രന്മാരുടെ അധിപനായ മീവാറിലെ റാണായുമായിരുന്നു. ഇപ്രകാരം ഉൽകൃഷ്ടവംശത്തിൽ ജനിച്ചവളന്ന ഈ ബാലികയ്ക്കു പതിനാറുവയസ്സായപ്പോൾ അവളുടെ അനന്യവനിതാസാധാരണമായ രൂപലാവണ്യംകൊണ്ടും നൈസൎഗ്ഗികമായശീലഗുണംകൊണ്ടും അവൾ 'രാജസ്ഥാനത്തിലെ പുഷ്പം' എന്നു വിളിക്കപ്പെട്ടു. ഈ അഭിധാനത്തിൽ അവളുടെ കേൾവി നാലുദിക്കിലും മുഴങ്ങിയിരുന്നു.

ക്രിസ്ത്വാബ്ദം 1804-ൽ ബ്രിട്ടീഷുകാർ ഹോൾക്കാരിനേയും സിൻഡ്യയേയും തോല്പിച്ചതിന്റെ ഫലമായി രജപുത്രസ്ഥാനം എന്ന രാജ്യത്തിന്ന ആപത്തു നേരിട്ടു. മഹാരാഷ്ട്രന്മാർ പിന്നേയും പിന്നേയും പരാജിതരാകയും ജയം അടുത്തകാലത്തില്ലെന്ന് അവൎക്കു തോന്നുകയും ചെയ്തു. ഹോൾക്കാർ ഈ കഷ്ടതയിലായപ്പോൾ, പണം ശേഖരിക്കുന്നതിനും വീണ്ടും ബ്രിട്ടീഷുകാരോടു യുദ്ധംചെയ്തു ജയിക്കുന്നതിനും ഉള്ള പലമാൎഗ്ഗങ്ങളും ആലോചിച്ചു തുടങ്ങി. ഒടുവിൽ ഒരു വലിയ സൈന്യത്തോടുകൂടി രാജസ്ഥാനത്തു പ്രവേശിച്ചു; മീവാറിലെ റാണയേയും മററ രാജാക്കന്മാരേയുംകൊണ്ടു തന്റെ കാൎയ്യം കാണേണമെന്നു ഹോൾക്കാർ തീൎച്ചപ്പെടുത്തി.

ഇപ്രകാരം ഹോൾക്കാർ രാജസ്ഥാനത്തു പ്രവേശിക്കുകയും മീവാറിലെ റാണയോടു നാല്പതുലക്ഷം രൂപ ആവശ്യപ്പെടുകയും ആ തുകയിൽ മൂന്നിലൊരുഭാഗം ഉടനെ കിട്ടേണമെന്നു സിദ്ധാന്തിക്കുകയും ചെയ്തു. കൊട്ടാരത്തിലുള്ള വിലയേറിയ സകല സാ

മാനങ്ങളും സ്ത്രീകളുടെ ആഭരണങ്ങളും മററും വില്ക്കുകയും ജനങ്ങളിൽ നിന്നു പണം പിരിക്കുകയും ചെയ്തിട്ടും പന്ത്രണ്ടുലക്ഷം രൂപ പിരിക്കുവാനേ റാണയ്ക്കു കഴിഞ്ഞുള്ളു. റാണ ഈ കിട്ടിയ സംഖ്യ കൊടുക്കുകയും ബാക്കി സംഖ്യ വേഗം കൊടുക്കാമെന്നു വാഗ്ദത്തം ചെയ്കയും ചെയ്തു; എന്നാൽ ആ സംഖ്യയ്ക്കു ജാമ്യമായി റാണായുടെ കുടുംബത്തിൽനിന്നും പൌരന്മാരിൽ പ്രധാനികളിൽനിന്നും കുറെ ആളുകളെ തടവുകാരായി ഹോൾക്കാറിനെ ഏല്പിക്കേണ്ടിവന്നു. ഇതുകൊണ്ടും തൃപ്തിപ്പെടാതെ ഹോൾക്കാർ എട്ടുമാസകാലം മീവാറിൽ താമസിച്ചു പല പട്ടണങ്ങളും കൊള്ളയിട്ടു നശിപ്പിച്ചു.

സാധുവായ റാണ വളരെ വ്യസനകരമായ സ്ഥിതിയിലായെന്നു പറയേണമെന്നില്ലല്ലോ. അദ്ദേഹത്തിന് അധികമായ അപമാനം നേരിട്ടു; അതിനുംപുറമെ, മനസ്സിനു സ്വൈരക്കേടും വൎദ്ധിച്ചു. തന്റെ കഷ്ടാവസ്ഥയിൽ സമാശ്വസിപ്പിക്കുന്നതിന് ഒരു നിദാനമായി ജീവിച്ചിരുന്ന തന്റെ പ്രിയപുത്രിയായ കൃഷ്ണാകുമാരിയെ കുറിച്ചാണ് അദ്ദേഹത്തിന് അധികമായ വ്യസനമുണ്ടായത്. ഈ രാജകുമാരിയുടെ രൂപലാവണ്യത്തെപ്പററി കേട്ടിട്ട് അനേകം രാജകുമാരന്മാർ അവളുടെ പാണിഗ്രഹണം ആവശ്യപ്പെട്ടിരുന്നു. ഇവരിൽനിന്നു രാജകുമാരിയുടെ വരനായി ജയപുരത്തിലെ ധീരനായ ജഗത്സിംഹനെയാണ് റാണാ തിരിഞ്ഞെടുത്തത്. ഇതനുസരിച്ച് കൃഷ്ണയുടെ പാണിഗ്രഹണത്തിനു തനിക്കുള്ള ആഗ്രഹം സൂചിപ്പിക്കുന്നതിനായി ഈ രാജകുമാരൻ ക്രിസ്ത്വാബ്ദം 1806 ജൂൺമാസത്തിൽ യഥായോഗ്യങ്ങളായ സമ്മാനങ്ങളോടുകൂടി മൂവ്വായിരം ഭടന്മാരെ മീവാറിലേക്ക് അയച്ചു.

എന്നാൽ ഇവിടെ ഒരു ദുൎഘടം ഉണ്ടായി. മാർവാറിലെ മാണിരാജാവിനും കൃഷ്ണാകുമാരിയെ വിവാഹം ചെയ്യേണമെന്നു മോഹമുണ്ടായിരുന്നു. തന്റെ മുൻഗാമിയായ രാജാവിന് ഈ കുമാരിയെ വിവാഹം ചെയ്തുകൊടുക്കാമെന്ന് ഒരു കരാറുണ്ടായിരുന്നതുകൊണ്ടും ആ രാജാവു മരിച്ചുപോയതുകൊണ്ടും കൃഷ്ണാകുമാരിയെ

അദ്ദേഹത്തിൻെറ അനുഗാമിയായ തനിക്കുതന്നെ കിട്ടേണ്ടതാണ് ന്യായമെന്നു മാണിരാജാവു വാദിച്ചു. ഈ അവകാശം സ്വീകരിക്കാത്തപക്ഷം പ്രതികാരം ചെയ്യുന്നതാണെന്ന് ഈ രാജാവു റാണയെ അറിയിച്ചു. മഹരാഷ്ട്രനേതാവായ സിൻഡ്യാ ഈ തക്കത്തെക്കുറിച്ചു കേട്ടപ്പോൾ, അദ്ദേഹം മാണിരാജാവിനെയാണ് പിൻതാങ്ങിയത്. എന്തുകൊണ്ടെന്നാൽ, ജയപുരത്തിലെ രാജാവിനോടു സിൻഡ്യക്കു രാജ്യകാൎയ്യസംബന്ധമായി ഒരു പൂൎവ്വവൈരം ഉണ്ടായിരുന്നു. അതിനാൽ മേൽ പ്രസ്താവിച്ചപ്രകാരം മീവാറിലെ തലസ്ഥാനത്തിൽ ജയപുരത്തിലെ ഭടന്മാർ എത്തിയതായി അറിഞ്ഞ ഉടനെ, ആ പട്ടാളത്തെ തിരിയെ അയച്ചുകൊള്ളേണമെന്നും കൃഷ്ണാകുമാരിയെ ജയപുരത്തിലെ രാജകുമാരനു വിവാഹം ചെയ്തുകൊടുത്തുകൂടെന്നും സിൻഡ്യാ റാണയെ അറിയിച്ചു.

സിൻഡ്യയുടെ ഈ അഭിപ്രായം അറിയിച്ചപ്പോൾ റാണക്കു കഠിനമായ കോപം ഉണ്ടായി. ഈ അഭിപ്രായത്തിനു വിപരീതമായി വിവാഹകൎമ്മം ഉടനെതന്നെ നടത്തേണമെന്ന് അദ്ദേഹം തീൎച്ചയാക്കി. എന്നാൽ, സിൻഡ്യാ 8000 ഭടന്മാരോടുകൂടി മിവാറിലെ തലസ്ഥാനത്തിനുസമീപം ഒരു സ്ഥലത്തെത്തി കൂടാരമടിച്ചു കിടക്കുന്നതായി അറിവു കിട്ടുകയാൽ, സാധുവായ റാണക്കു ജഗത്സിംഹൻെറ പട്ടാളക്കാരെ തിരിച്ചയക്കുകയും തന്നോട് ആവശ്യപ്പെട്ടിരുന്നപ്രകാരം സമ്മതിക്കുകയും ചെയ്യാതിരിക്കാൻ നിവൃത്തിയില്ലാതായി. ഇപ്രകാരം പട്ടാളക്കാരെ തിരിയെ അയച്ചതുകൊണ്ടുള്ള അപമാനത്താലും കൃഷ്ണാകുമാരിയെ കിട്ടായ്കയാലുണ്ടായ ഇച്ഛാഭംഗത്താലും കുപിതനായി ജഗത്സിംഹൻ പ്രതികാരം ചെയ്വാൻ ഉറച്ചു; അദ്ദേഹം രാജസ്ഥാനത്ത് ഒരു വലിയ സൈന്യത്തെ ശേഖരിച്ചു. കൃഷ്ണാകുമാരിയുടെ പാണിഗ്രഹണമത്സരത്തിൽ എതിരാളിയായ മാണിരാജാവും ഉടനെ യുദ്ധത്തിനുവേണ്ട ഒരുക്കങ്ങൾ തുടങ്ങി. ഈ ഒരുക്കങ്ങളുടെ ഫലമായി ഒരു ഘോരമായ യുദ്ധവുമുണ്ടായി. എന്നാൽ ഈ യുദ്ധത്തിൽ ഏതു കക്ഷിക്കാണ് ജയം കിട്ടുന്നതെന്നു നിശ്ചയിക്കാൻ നിവൃ

ത്തിയില്ലാത്തവിധം, രണ്ടു രാജകുമാരന്മാരും അവരുടെ അവകാശങ്ങൾ പിന്നേയും പിൻവലിക്കാതെയിരുന്നു.

ഈ ഘട്ടത്തിൽ കൃഷ്ണാകുമാരിയുടെ ജീവചരിത്രത്തെ ശോചനീയയാക്കിത്തീക്കുന്ന ഒരു അഭിപ്രായം ഒരു പുറത്തുനിന്നു പുറപ്പെട്ടു. ഈ മത്സരത്തിനു കാരണഭൂതയായ രാജകുമാരിയെ നിഗ്രഹം ചെയ്തു ഈ യുദ്ധം അവസാനിപ്പിക്കേണമെന്നായിരുന്നു ആ അഭിപ്രായം!!! ഇൻഡ്യയിലുണ്ടായിട്ടുള്ള ക്രൂരഹൃദയന്മാരിൽ അഗ്രേസരനാണെന്നു കുപ്രസിദ്ധി സമ്പാദിച്ച നവാബ് ആമീർഖാൻ ആകുന്നു ഈ അഭിപ്രായം പുറപ്പെടുവിച്ചതു്. ഈ അഭിപ്രായം റാണയെ അറിയിക്കുന്നതിനായി നവാബും അയാളെപ്പോലെ വഞ്ചാശയനായ അജിത്ത് എന്നയാളും കൂടി മീവാറിലെ തലസ്ഥാനമായ ഉദയപുരത്തിലേക്കു തിരിച്ചു. കൃഷ്ണയുടെ പാണിഗ്രഹണകാംക്ഷികളായ രണ്ടു രാജാകുമാരന്മാരും തമ്മിൽ സമാധാനം ഉണ്ടാകുന്നതിനു തൻെറ പ്രേമഭാജനമായ കുമാരിയുടെ ജീവനെ ബലികൊടുക്കേണമെന്നു കേട്ടപ്പോൾ റാണക്കുണ്ടായ കോപവും ദുഃഖവും ഇന്നവിധമാണെന്നു വർണ്ണിക്കാൻ പ്രയാസമാണ്. ഈ അഭിപ്രായം സ്വീകരിച്ചില്ലെങ്കിൽ ഉണ്ടാവാനിടയുള്ള ആപത്തുകളെപ്പററി പറഞ്ഞു ഭയപ്പെടുത്തി, ഏതുവിധത്തിലൊ, നവാബ് ഈ ഘോരകൃത്യം ചെയ്യാൻ റാണയെ സമ്മതിപ്പിച്ചു. ഘോരങ്ങളായ ആപത്തുകളെ ഭയപ്പെട്ടും കഠിനമായ ശാസനകളെ സ്വീകരിച്ചുമാണ് റാണ ഇതിനു സമ്മതിച്ചതെങ്കിലും, ആ അനുമതി ഭീരുത്വത്തെ പ്രദശിപ്പിക്കുന്നതും അപ്രകൃതമായതുമാണെന്നും, ഒരു രാജാവിൻെറയും, പ്രത്യേകിച്ച് ഒരു രജപുത്രൻെറയും നിലയിൽ അദ്ദേഹത്തിൻെറ ഖ്യാതിക്ക് ഇതിനാൽ അനല്പമായ മാലിന്യം ഉണ്ടായിട്ടുണ്ടെന്നും നിരാക്ഷേപമാകുന്നു.

മേല്ക്കാണിച്ചപ്രകാരം നടത്തുന്നതിനു കൃഷ്ണാകുമാരിയുടെ ഒരു ബന്ധുവായ മഹാരാജാ ധവളസിംഹനോടാണ് ആദ്യമായി ആവശ്യപ്പെട്ടത്. ഇതു കേട്ടിട്ടു തനിക്ക് എന്തു വിപത്തുതന്നെ ഉണ്ടായാലും ഈ മഹാപാപം ചെയ്യുന്നതല്ലെന്ന് അദ്ദേഹം സ

ഷിക്കാൻ പാടില്ലാത്ത ദ്വേഷ്യത്തോടുകൂടിമറുപടി പറഞ്ഞു. അനന്തരം അവർ മഹാരാജാ ജപൻദാസിനോട് ആവശ്യപ്പെട്ടു. ഈ കൃത്യം ഒരു സാധാരണ മനുഷ്യനു ചെയ്യാൻ കഴിയില്ലെന്നും അതിനാലാണ് അദ്ദേഹത്തിനോട് ആവശ്യപ്പെട്ടതെന്നുമായിരുന്നു അവർ പുറപ്പെടുവിച്ച സമാധാനം. ഇപ്രകാരം നിർബ്ബന്ധിക്കപ്പെടുകയും വേറെ നിവൃത്തിയില്ലെന്നു കാണുകയും ചെയ്തപ്പോൾ, അദ്ദേഹം വാൾ കയ്യിലെടുത്തു എങ്കിലും, രൂപവതിയും പരിശുദ്ധയുമായ ആ ബാലിക അദ്ദേഹത്തിൻെറ മുമ്പൽച്ചെന്ന സമയം അദ്ദേഹത്തിൻെറ കയ്യിൽനിന്നും വാൾ താഴത്തുവീഴുകയും സംഭ്രമത്തോടെ അദ്ദേഹം അവിടെനിന്നു പോകയും ചെയ്തു.

ആസന്നമായിരിക്കുന്ന ഈ ഘോരകൃത്യത്തെക്കുറിച്ചുള്ള കേൾവി കാട്ടുതീപോലെ എല്ലായിടത്തും പരന്നു. കൃഷ്ണാകുമാരിയുടെ മാതാവ് ഇതു കേട്ടമാത്രയിൽ ബോധംകെട്ടു വീണുപോയി. അനന്തരം ആ ഭാഗ്യഹീനയായ സ്ത്രീ വളരെ വ്യസനത്തോടെ കരഞ്ഞുതുടങ്ങി. തൻെറ പ്രിയപുത്രിയിൽ കരുണ വേണമെന്ന് ആ സ്ത്രീ ദയനീയമായവിധത്തിൽ അപേക്ഷിക്കുകയും ഇതിനൊക്കെ കാരണമാക്കിയവർക്കു ശിക്ഷ കൊടുക്കേണമെന്നു ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്തു. രാജകുടുംബത്തിലെ മററുള്ള അംഗങ്ങളും മുറവിളികൂട്ടി. എന്നാൽ കൃഷ്ണാകുമാരിമാത്രം അവളുടെ ആപത്തിൽ ലേശംപോലും വ്യസനം കാണിക്കാതെ ശ്ലാഘനീയമായ സഹനശക്തിയോടും വിസ്മയനീയമായ ശാന്തതയോടും കൂടിയിരുന്നു.

ഒരു കഠാരംകൊണ്ടോ ഖഡ്ഗംകൊണ്ടോ കൃഷ്ണയുടെ ജീവഹാനി വരുത്തുന്നതിന് ആരും തയാറില്ലെന്നു കണ്ടപ്പോൾ, അവൾക്കു വിഷം കൊടുക്കേണമെന്നാണ് അവർ തീർച്ചപ്പെടുത്തിയത്. ആജ്ഞാനുസരണം ചില സ്ത്രീകൾ ഉടനെ തന്നെ ഒരു മാതിരി വിഷം ഉണ്ടാക്കി. ഈ വിഷദ്രാവകം ഒരു ദൂതൻ കൃഷ്ണാകുമാരിയുടെ അടുക്കൽ കൊണ്ടുചെന്ന് അവളുടെ പിതാവു കൊ

ടുത്തയച്ചതാണ് എന്നു പറഞ്ഞപ്പോൾ, ആ ധൈര്യവതി തന്റെ അനുസരണത്തെ കാണിക്കുന്നതിനായി വിനയാനതയായി ആ വിഷം സ്വീകരിക്കുകയും പിതാവിന്റെ ദീർഘായുസ്സിനും ക്ഷേമത്തിനും ആശംസിക്കുകയും ചെയ്തതിനുശേഷം അതു കുടിക്കുകയും ചെയ്തു. ശോകാധിക്യത്താൽ ക്ഷുഭിതയായ അവളുടെ മാതാവു മഹാരാജാവിന്റെ ക്രൂരതയെ കുറിച്ചു വിലപിച്ചു. എന്നാൽ കൃഷ്ണാകുമാരിയാകട്ടെ, ഒരു തുള്ളി കണ്ണുനീർപോലും പുറപ്പെടുവിക്കാതെ ഉദാരമായ ശാന്തതയോടുകൂടി അവളുടെ മാതാവിനെ ഇപ്രകാരം ആശ്വസിപ്പിച്ചു:—"എന്റെ പ്രിയപ്പെട്ട മാതാവേ! ജീവിതത്തിലെ ദുഃഖങ്ങളെ ഇപ്രകാരം അവസാനിപ്പിക്കുമ്പോൾ, അമ്മ എന്തിനാണ് ഇങ്ങിനെ ദുഃഖിക്കുന്നത്? ഞാൻ മരിക്കുന്നതിന് അശേഷം ഭയപ്പെടുന്നില്ല. ഞാൻ അമ്മയുടെ പുത്രിയല്ലയോ? ഞാൻ എന്തിനാണ് മരണത്തെ ഭയപ്പെടുന്നത്? നാം ജനിക്കുമ്പോൾതന്നെ, ഒരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ, മരിക്കേണ്ടവരായിട്ടല്ലേ ഇരിക്കുന്നത്. 'മരണസമയവും ശിരസ്സിലാക്കിദ്ധരണിതലം പ്രവിശന്തിമാനുഷന്മാർ!' പിന്നെ ഈ നിസ്സാരജീവിതത്തിൽ എന്തിനു ഭ്രമിക്കുന്നു? നാം ഭൂലോകരംഗത്തിൽ പ്രവേശിച്ച ഉടനെതന്നെ അവിടെനിന്ന് അന്തർദ്ധാനം ചെയ്യേണ്ടതായിരിക്കുന്നു. പിന്നെയെന്തിനാണ് ഈ വ്യസനം? ഞാൻ ഇത്രകാലം ജീവിച്ചിരുന്നതിനായി എന്റെ പിതാവിനു വന്ദനം പറഞ്ഞുകൊള്ളുന്നു."

ഇപ്രകാരം നമ്മുടെ കഥാനായിക വളരെ നേരം മാതാവിനോടു സമാധാനവാക്കുകൾ പറഞ്ഞുകൊണ്ടിരുന്നു. ഈ സമയംകൊണ്ടു വിഷം അതിന്റെ ഫലം ചെയ്തില്ല. അതിനാൽ ആ ദ്രാവകം വീണ്ടും കൊടുത്തു. അവൾ അതും കുടിച്ചെങ്കിലും അതും നിഷ്ഫലമായി. മൂന്നാമത്തെ പ്രാവശ്യവും അവർ ആ വിഷദ്രാവകം പിന്നേയും അവൾക്കു കൊടുത്തു. എന്നാൽ ഇത്തവണയും പ്രകൃതി ഈ ഘോരകൃത്യത്തിന് അനുകൂലിച്ചില്ല. കൃഷ്ണാകുമാരിയുടെ വംശസ്ഥാപകന്റെ ജീവരക്ഷ ചെയ്യുന്നതിനുണ്ടായി

രുന്നതായി വിശ്വസിച്ചിരുന്ന ഒരു ദിവ്യശക്തി അവൾക്കും സിദ്ധിച്ചിട്ടുണ്ടെന്ന് എല്ലാവൎക്കും തോന്നി. എന്നാൽ കൃഷ്ണയുടെ മരണത്തെ അക്ഷമയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടുനിന്ന നവാബും അയാളുടെ സഹചരനും ഭഗ്നാശയന്മാരായില്ല. രണ്ടു മൂന്നു പ്രാവശ്യത്തെ പരാജയംകൊണ്ടു വൎദ്ധിച്ച ക്രൂരതയോടുകൂടി ആ കഠിനചിത്തന്മാർ ഒന്നുകൂടി പരീക്ഷിച്ചു. അവർ ശക്തിയേറിയതായ ഒരു വിഷം കൃഷ്ണക്കു കൊടുത്തു. അവൾ മന്ദഹാസത്തോടുകൂടി അതും സ്വീകരിച്ചു; ഇതെങ്കിലും അതിന്റെ ഫലം ചെയ്യേണമെന്ന് ആശംസിച്ചു പാനംചെയ്തു. ദുഷ്കൎമ്മത്തിന്റെ ദുരാഗ്രഹം സാധിച്ചു! അവൾ ഉടനെ ഉറങ്ങി; ആ ഉറക്കത്തിൽനിന്നു പിന്നീട് ഉണൎന്നില്ല!!!

കൃഷ്ണയുടെ മരണാനന്തരം അവളുടെ ഭാഗ്യഹീനയായ മാതാവ് അധികകാലം ജീവിച്ചിരുന്നില്ല. ഏതാനും ദിവസങ്ങൾക്കുള്ളിൽ ആ സ്ത്രീയുടെ മൃതശരീരം ശ്മശാനത്തിലേക്കു കൊണ്ടുപോകേണ്ടിവന്നു. 'രാജസ്ഥാനത്തിലെ പുഷ്പം' ഇപ്രകാരം നഷ്ടമായി എന്നു കേട്ടപ്പോൾ, രാജസ്ഥാനം ഒട്ടുക്കുണ്ടായ കോപാവേശവും ശോകാവേശവും വിവരിക്കുവാൻ പ്രയാസമാണ്. 'സ്ത്രീബാലവൃദ്ധാവധി പുരവാസികൾ, താപംമുഴുത്തു വിലപിച്ചു' എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ധൈൎയ്യവതികളും, പരിശുദ്ധഹൃദയകളും, രൂപവതികളുമായ ബാലികകളുടെ ശിരോരത്നമായ ആ മഹതി ഇപ്രകാരം അകാലചരമഗതിയെ പ്രാപിച്ചിട്ട് അനേകം സംവത്സരങ്ങൾ കഴിഞ്ഞതിന്റെ ശേഷവും രജപുത്രസ്ഥാനത്തിൽ ഏതു ഭവനത്തിലും ഗൽഗദസ്വരവും അശ്രുധാരയുംകൂടാതെ ഈ കഥ പറയാറില്ല.

# ൧. സാറാമാർട്ടിൻ.

സമസ്സൃഷ്ടികളുടെ ഗുണത്തിനായി, സ്വന്തമായ സകല സുഖങ്ങളേയും സൌകര്യങ്ങളേയും ഗൌനിക്കാതെ, സദാ പ്രയത്നിക്കുവാൻ പ്രേരിക്കപ്പെടുന്നത് ഔദാര്യത്തിലുള്ള നിർമ്മലമായ ആഗ്രഹംകൊണ്ടു മാത്രമാകുന്നു. മിസ്സസ്സ് ഫ്രൈ, ജോൺഹോവാഡ് മുതലായവർ സമ്പത്തിന്റെ സഹായംകൊണ്ടാണ് അവരുടെ ആഗ്രഹം സാധിച്ചിരിക്കുന്നത്. എന്നാൽ കേവലം നിർദ്ധനയായ സാറാമാർട്ടിന്റെ വിജയത്തിനു കാരണം നിരന്തരമായ പരിശ്രമവും നിർമ്മലമായ പരോപകാരതല്പരതയുമല്ലാതെ മറ്റൊന്നുമല്ല.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ ഇംഗ്ലാണ്ടിലുണ്ടായിരുന്ന ജെയിലുകളുടെ സ്ഥിതി അത്യന്തം ശോചനീയയായിരുന്നു. നരകത്തെപ്പറ്റി കവികളും മറ്റും ഭയങ്കരമാകുംവണ്ണം വർണ്ണിച്ചിരിക്കുന്നത് അക്കാലത്തെ ജേയിലുകൾ കണ്ടിട്ടാണൊ എന്നു തോന്നിപ്പോകും. അത്ര ലജ്ജാവഹമായ ഒരു ഏർപ്പാടിന്റെ പരിഷ്കരണത്തെപ്പറ്റി ഭാരവാഹികൾ സ്മരിക്കകപോലും ചെയ്തിട്ടില്ല. സാറാമാർട്ടിൻ എലിസബെത്ത് ഫ്രൈയുടെ ഒരു സമകാലീനയായിരുന്നു; ഈ രണ്ടു മഹതികളുടേയും പ്രയത്നം ഒരേ കാര്യസാദ്ധ്യത്തെത്തന്നെ ഉദ്ദേശിച്ചായിരുന്നു എങ്കിലും, ഇവരുടെ സാമുദായികമായ വ്യത്യസ്താവസ്ഥയും മനുഷ്യർക്കു സഹജമായ പ്രതാപഭ്രമവും നിമിത്തം സാറയുടെ സ്തുത്യർഹമായ പ്രവൃത്തിയുടെ പ്രതിഫലത്തെക്കുറിച്ചു കീർത്തിക്കുവാൻ അധികം ജനങ്ങൾ ഉണ്ടായിരുന്നില്ല. എങ്കിലും, നിബിഡാന്ധകാരത്തിൽ മാണിക്യക്കല്ലെന്നപോലെ ഈ മഹതിയുടെ സൽപ്രവൃത്തി സ്വയമായി പ്രകാശിക്കാതിരിക്കുന്നതുമല്ല.

യാർമത്തിനു സമീപം കേസ്റ്റർ എന്ന ഗ്രാമത്തിൽ ഒരു ചില്ലറക്കച്ചവടക്കാരന്റെ മകളായി ഈ മഹതി 1791-ാമാണ്ടിൽ ജനിച്ചു. സാറയുടെ വിദ്യാഭ്യാസം ആ ഗ്രാമത്തിൽ അപരിഷ്കൃത

രീതിയിൽ നടത്തിപ്പോന്ന ഒരു ബാലികാപാഠശാലയിലാണ് ആരംഭിച്ചത്. മാതാപിതാക്കന്മാരുടെ മരണം ഹേതുവായിട്ടു സാറയുടെ ജീവിതം തന്റെ മാതാമഹിയുടെ കരുണയെ അവലംബിക്കേണ്ടിവന്നു. ഈ വൃദ്ധ വളരെ സമ്പന്നയല്ലായിരുന്നതുകൊണ്ട് ഏകദേശം പതിനഞ്ചു വയസ്സു പ്രായമുള്ള പൌത്രിയെ ധർമ്മത്തിൽ തുന്നപ്പണി പഠിക്കുവാനുള്ള ഒരു കൈത്തൊഴിൽവിദ്യാലയത്തിലേക്ക് അയച്ചു. സ്ഥിരോത്സാഹംകൊണ്ടും ബുദ്ധിസാമർത്ഥ്യംകൊണ്ടും അനാഥയായ ഈ ബാലിക രണ്ടു കൊല്ലത്തിനുള്ളിൽ ആ ജോലിയിൽ വേണ്ടുന്ന നൈപുണ്യം സമ്പാദിച്ചു സ്വയമായി ആ പണി ചെയ്യുവാൻ തുടങ്ങി. ആ ജോലിയിൽ സാറയുടെ ശ്രമം സഫലമായിത്തീൎന്നു.

സാറാമാർട്ടിൻ ജീവാവസാനംവരെ ഈ തൊഴിൽചെയ്തുദിവസേന മുക്കാൽ ഉറപ്പികയോളം സമ്പാദിച്ചു കാലക്ഷേപം ചെയ്തുകൊണ്ടാണിരുന്നത്. തന്റെ ജോലി വൎദ്ധിപ്പിച്ച് അധികം ആദായം ഉണ്ടാക്കുവാനൊ അതിൽനിന്നു കീൎത്തി സമ്പാദിക്കുവാനൊ സാറ ശ്രമിച്ചിട്ടില്ല. സാറയുടെ ജോലിയെപ്പററി വിവരമായ അറിവൊന്നുമില്ല; എങ്കിലും സാറ കിട്ടിയതുകൊണ്ടു തൃപ്തിപ്പെട്ടിരുന്നു എന്നും സാറയുടെ സഹജമായ വിനയം മററുള്ളവൎക്കു തന്നിൽ ബഹുമാനം ജനിപ്പിച്ചിരുന്നു എന്നും മാത്രം അറിയാം. ആഖ്യായികകളും മററും വായിക്കുന്നതിൽ അധികം താല്പൎയ്യവും രസവും ഉണ്ടായിരുന്നു എങ്കിലും സാറ ഒരിക്കലും തന്റെ കൎത്തവ്യങ്ങളിൽ അശ്രദ്ധയായിരുന്നിട്ടില്ല. സാധാരണ യുവതികളുടെ മാതിരി സാറ വസ്ത്രാലങ്കാരാദികൊണ്ടു ശോഭിക്കുവാൻ ആഗ്രഹിച്ചിട്ടില്ല. ഏകദേശം പത്തൊമ്പതു വയസ്സു പ്രായമായപ്പോൾ, ഒരു ദിവസം പള്ളിയിൽവെച്ചു പാതിരി പ്രസംഗിക്കുന്നതു കേട്ടു മനസ്സലിയുകനിമിത്തം അന്നുമുതൽ സാറയുടെ മനസ്സു ദൈവികവിഷയത്തിലേക്കു തിരിഞ്ഞു. ഈ സംഭവത്തിനു ശേഷം സാറ പതിവായി വേദപുസ്തകങ്ങൾ വായിക്കാൻ തുടങ്ങുകയും അവയിൽനിന്നു തന്റെ പ്രവൃത്തി ഇന്നവിധമായിരിക്കേണമെന്നു തീൎച്ചയാക്കുകയും ചെയ്തു.

ഇതുമുതലാണ് സാറ സ്വയമായി സ്വീകരിച്ച സൽപ്രവൃത്തിയുടെ ആരംഭം. പാമരന്മാർ, പതിതന്മാർ, പരിതപ്തന്മാർ മുതലായ മനുഷ്യവർഗ്ഗം സാറയുടെ അനുകമ്പയ്ക്കു വിഷയീഭവിച്ചു. സാറയുടെ ആദ്യത്തെ ശ്രമം ഞായറാഴ്ചകളിൽ മാത്രം നടത്തപ്പെടുന്ന പാഠശാലകളിൽ പഠിപ്പിക്കുന്നതിനായിരുന്നു. ഇംഗ്ലാണ്ടിൽ സാധുക്കളായവരെ പണിയെടുപ്പിച്ചു കൂലി കൊടുക്കുന്നതിനു ചില ഏർപ്പാടുകളുണ്ട്. ആ വക സ്ഥലങ്ങളിലുള്ള ദീനന്മാരേയും ദിനക്കാരേയും ആശ്വസിപ്പിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുമാണ് സാറ പിന്നീടു ശ്രമിച്ചുതുടങ്ങിയത്. ഈ സ്ഥലങ്ങളിലുള്ള അനാഥരായ കുട്ടികളെ ആഴ്ചയിൽ ഒരു ദിവസം ഉപകാരപ്രദമായ വിഷയങ്ങൾ പഠിപ്പിക്കുന്നതിനു സാറയ്ക്ക് അവിടത്തെ അധികാരികൾ അനുവാദം കൊടുത്തു; ആ ഒരു ദിവസം തന്റെ ജോലിയും അതിൽനിന്നുണ്ടാകാവുന്ന ആദായവും തനിക്കു നഷ്ടമായിരുന്നെങ്കിലും, അനേകം സമസൃഷ്ടികൾക്ക് ആ നഷ്ടത്തിൽനിന്ന് അധികമായ ആദായം കിട്ടുവാൻ തരമുണ്ടെന്നുള്ള വിശ്വാസം സാറയുടെ മനസ്സിനു തൃപ്തികരമായ സമാധാനമായിരുന്നു. തന്റെ ഉപജീവനമാർഗ്ഗത്തിന് അല്പം തടസ്ഥം നേരിടുന്നതായ ഈ സൽക്കർമ്മങ്ങൾക്കു പുറമെ,സാറ ആ പട്ടണത്തിലെങ്ങുമുള്ള രോഗികളെ ദൈവികതത്വങ്ങൾ ഉപദേശിച്ചു സമാധാനപ്പെടുത്തുവാനും അനാഥരായവരെ അവരുടെ അധഃപതനസ്ഥിതിയിൽനിന്ന് ഉയന്നസ്ഥിതിയിലാക്കുവാനും വേണ്ടുന്ന ശ്രമങ്ങൾ ചെയ്തുതുടങ്ങി. സാറയുടെ നിഷ്കളങ്കമായ ഈ പ്രവൃത്തികളും സൽസ്വഭാവവും കണ്ടു അനേകം യോഗ്യന്മാർ ഈ മഹതിയുടെ സ്നേഹിതന്മാരും സഹായികളുമായിത്തീന്നു. പ്രായേണ സാറയുടെ സൽപ്രവൃത്തിയുടെ രശ്മികൾ, ദുരിതവും ദുർയ്യശസ്സുംകൊണ്ടു നിറഞ്ഞതും മനുഷ്യവർഗ്ഗം ഉപേക്ഷിച്ചതും ഉദാരശീലന്മാരുടെ സഹായം അത്യാവശ്യവുമായിരുന്ന പട്ടണത്തിലെ ജേയിലിലേക്കു വ്യാപിക്കുകയും ചെയ്തു. സാറയുടെ ആർദ്രത ഈ വഴിക്കു തിരിയുവാനുണ്ടായ കാരണം, തന്റെ കുട്ടിയെ അമാനുഷികമായി ദ്രോഹിച്ച കാറത്തിനു ബ

ന്ധനസ്ഥയാക്കിയിരുന്ന ഒരു സ്ത്രീയുടെ ഭയങ്കരമായ കഥ കേട്ടതാണ്. ഇതിനു മുമ്പു പലപ്പോഴും ആ വഴിയിൽക്കൂടെ പോകുമ്പോൾ, ജേയിലിനകത്തുചെന്നു തടവുകാരെ വേദസിദ്ധാന്തങ്ങൾ ഗ്രഹിപ്പിക്കേണമെന്നും അതിൽനിന്ന് അവരുടെ മനസ്സിൽ സദാചാരാഗ്രഹം ജനിപ്പിക്കേണമെന്നും സാറയ്ക്കു തോന്നാറുണ്ടായിരുന്നെങ്കിലും, അതിനായി തുനിയുവാനുള്ള ധൈര്യം ഈ അവസരത്തിൽ മാത്രമേ ഉണ്ടായുള്ളൂ. തടവുകാരെ ചെന്നു കാണുന്നതിന് അനുവാദം കിട്ടേണമെന്നു വിനീതയായി അപേക്ഷിച്ചു; പക്ഷെ, അധികാരികൾ ആ അപേക്ഷ ആദ്യം സ്വീകരിച്ചില്ല. ഈ നിരാകരണം നിമിത്തം നിരാശപ്പെടാതെ തന്റെ ഉദ്ദേശസാദ്ധ്യത്തിന്നു സ്ഥിരമായി വീണ്ടും ഉത്സാഹിക്കുകയും രണ്ടാമത്തെ ശ്രമം സഫലമാവുകയും, എല്ലാ ജാതിക്കാരും പിൻവലിക്കത്തക്ക ഭയങ്കരമായ ജേയിലിലേക്കു പ്രവേശനം കിട്ടിയത് അധികാരികളുടെ സഹായമാണെന്നു കരുതി താൻ കൃതാർത്ഥയാവുകയും ചെയ്തു.

അക്കാലത്തു യാർമത്തിലെ ജേയിലിന്റെ സ്ഥിതി അത്യന്തം നികൃഷ്ടമായിരുന്നു: അതു കേവലം വെറുപ്പുതോന്നിക്കത്തക്കതും വിസ്താരമില്ലാത്തതും അഴുക്കുകൊണ്ടു നിറഞ്ഞതുമായിരുന്നു; അതിൽ താമസിച്ചിരുന്ന മനുഷ്യവർഗ്ഗത്തെ ആണും പെണ്ണുമെന്നു വ്യത്യാസം കൂടാതെയാണ് വിചാരിച്ചു പോന്നിരുന്നത്; അവിടെ ദ്യൂതവും കലഹവും സാധാരണയായിരുന്നു; ഓരോ ക്രൂരകർമ്മങ്ങളെപ്പററി മേനി പറയുകയും പുതുതായി വേറെ ഓരോ ദുഷ്പ്രവൃത്തികൾ നടത്താനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുകയും തടവുകാരുടെ ഇടയിൽ സാധാരണയായിരുന്നു; എന്നു മാത്രമല്ല, ഇവരെ ആത്മീയമായ തത്വങ്ങൾ ഉപദേശിച്ചു ദുഷ്കർമ്മത്തിൽനിന്നു മുക്തരാക്കുന്നതിന്നു ശരിയായി ഒരു ഉപദേഷ്ടാവ് അക്കാലത്തുണ്ടായിരുന്നതുമില്ല. നിരാകരിക്കപ്പെട്ടവരും മഹാ പാപികളുമായ മനുഷ്യവർഗ്ഗത്തെ രക്ഷപ്പെടുത്തുവാനായി സാധുവായ സാറ ഈ ഭയങ്കരരംഗത്തിൽ പൂർണ്ണമനസ്സോടെ പ്രവേശിച്ചു.

സാറയുടെ അനുകമ്പയ്ക്കു വിഷയീഭവിച്ച ആ സ്ത്രീ, തന്നെപ്പററി അന്വേഷിക്കുന്നതിനു വേറെ ഒരാൾ ഉണ്ടായി എന്നു കണ്ടു അത്ഭുതപ്പെട്ടുകയും പശ്ചാത്താപം നിമിത്തം മനസ്സുരുകി കരയുകയും ദയാന്വിതയായ സാറയോടു വളരെ നന്ദി പറയുകയും ചെയ്തു. ഇപ്രകാരം പ്രോത്സാഹിപ്പിക്കപ്പെട്ട സാറ, വേദസിദ്ധാന്തങ്ങളേയും തത്വങ്ങളേയും കേട്ടു ഗ്രഹിക്കുവാൻ താല്പര്യമുള്ള തടവുകാരെ, വേദപുസ്തകത്തിൽനിന്ന് ഓരോ മുഖ്യമായ വാക്യങ്ങൾ വായിച്ചു വ്യാഖ്യാനിച്ചു ഗ്രഹിപ്പിക്കുവാൻ തുടങ്ങി. ഈ സദുദ്യമത്തിൽ അനേകവിധം വിഘ്നങ്ങൾ നേരിട്ടെങ്കിലും, അവയൊന്നും സാറയുടെ മഹത്തായ മനോനിശ്ചയത്തെ ഇളക്കുവാൻ മതിയായില്ല. പ്രായേണ സാറയുടെ സൌമ്യതയും സൌശീല്യവും വജ്രഹൃദയങ്ങളേപ്പോലും ആകർഷിച്ചു. ചില സംഭവങ്ങൾ സാറയെ അതിയായി ഭയപ്പെടുത്തി; ചിലരുടെ സംഭാഷണം സാറയെ അത്യന്തം ലജ്ജിപ്പിക്കുകയും ചെയ്തിരുന്നു; എങ്കിലും, സാറ സ്ഥിരമായി പരിശ്രമിക്കുകയും ക്രമേണ അവർക്കു ബഹുമാനവും വിശ്വാസവും ജനിപ്പിക്കുകയും ഏററവും പോക്കിരികളായ തടവുകാരെപ്പോലും സ്വാധീനമാക്കുകയും ചെയ്തു. എന്നാൽ, വളരെ കഷ്ടപ്പാടും നഷ്ടവും കൂടാതെയല്ലാ സാറ ഈ ഉദ്ദേശം സാധിച്ചത്. ഞായറാഴ്ചദിവസത്തെ ജോലിക്കു പുറമെ, യാതൊരു പ്രതിഫലവും ആഗ്രഹിക്കാതെ, തിങ്കളാഴ്ചതോറും തടവുകാരുടെ ഗുണത്തിനായി തുറങ്കിൽ പ്രയത്നിക്കുവാൻ തീർച്ചയാക്കി. വേദസംബന്ധമായ ഓരോ വിഷയങ്ങളെപ്പററി സാറയുടെ സ്വന്ത വാചകത്തിൽ എഴുതി പ്രസംഗിച്ചിരുന്നതാണ് ഏററവും പ്രശംസാവഹമായിട്ടുള്ളത്. ആ പ്രസംഗങ്ങൾ വളരെ ഫലവത്തായിത്തീൎന്നു.

സാറയുടെ വാക്കിന്റെ മാധുൎയ്യം പ്രസംഗങ്ങളുടെ ഫലപ്രാപ്തിക്കു മുഖ്യമായ മാൎഗ്ഗമായിരുന്നു; പ്രസംഗങ്ങൾ മതസംബന്ധമായ തൎക്കങ്ങൾകൊണ്ടോ, ഭിന്നാഭിപ്രായമുണ്ടാകുന്ന വിഷയങ്ങൾകൊണ്ടോ ശ്രോതാക്കളെ ബുദ്ധിമുട്ടിക്കാറില്ല. നന്മകൊണ്ടു തിന്മയേക്കാൾ ഉൽകൃഷ്ടഗുണം ഉണ്ടാകുമെന്നും

സദാചാരംകൊണ്ടു ദുരാചാരത്തേക്കാൾ സൌഖ്യവും ശ്രേയസ്സും സമ്പാദിക്കാമെന്നും, എല്ലാവൎക്കും എളുപ്പത്തിൽ മനസ്സിലാകുന്നതും അനുഭവം തോന്നത്തക്കതും ലളിതമായും സാറ പ്രസംഗിച്ചിരുന്നത് ഏററവും ഹൃദയംഗമങ്ങളായിരുന്നു. വേദവാക്യത്തെ അനുസരിച്ചു പ്രവൎത്തിക്കുന്നതുകൊണ്ടു ദിവ്യമായ അനശ്വരതയെ പ്രാപിക്കാമെന്നായിരുന്നു സാറയുടെ സിദ്ധാന്തം. സാറയുടെ പ്രസംഗത്തെപ്പററി ഒരു വിദ്വാൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'ശാസ്ത്രോക്തമായ സിദ്ധാന്തങ്ങളെ അനുസരിച്ച് ഓരോ തത്വങ്ങളെ കുറിച്ചു ശ്രോതാക്കൾക്കു മുഷിയത്തക്കവണ്ണം പ്രസംഗിക്കുന്ന ചില ചെറുപ്പക്കാരുടെ പ്രസംഗങ്ങൾ, ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിക്കാത്ത തുന്നപ്പണിക്കാരത്തിയുടെ ജേയിൽ പ്രസംഗങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ, ഏററവും നിസ്സാരങ്ങളായിരിക്കും'. അവളുടെ ശ്രോതാക്കൾ മിക്കവാറും ആരായിരുന്നു? 'ബുദ്ധിഹീനതകൊണ്ടും കഷ്ടപ്പാടുകൊണ്ടും കളവുചെയ്യാൻ തുനിഞ്ഞിരിക്കുന്ന വങ്കന്മാർ; തുറമുഖപട്ടണങ്ങളിൽ സന്നിദ്ധമായി ഉപജീവിച്ചുവന്ന ഭ്രഷ്ടരായ കുട്ടികൾ; മദ്യപാനമദംകൊണ്ടു സമാധാനലംഘനം വരുത്തിയ കപ്പക്കാർ; ദുൎജ്ജനങ്ങളുടെ ദുരാലോചനയ്ക്കനുസരിച്ചു യജമാനന്മാരെ ദ്രോഹിച്ച ഭൃത്യന്മാർ; സാധാരണ ദുരാചാരങ്ങൾക്കുപുറമെ, കയ്യേററം, കളവു മുതലായ ദുഷ്കൎമ്മങ്ങൾ ചെയ്യു ദുശ്ചരിതകൾ; വ്യാജച്ചരക്കുവ്യാപാരികൾ, ചൂതുകളിക്കാർ; വേലശാലയിൽനിന്നു, കുററം ചെയ്യുതുകൊണ്ടു, ജേയിലിലേക്കു മാററപ്പെട്ടവരും അവിടെ നിന്നു കളവുകളെപ്പററി പൂൎണ്ണമായി പഠിച്ചവരുമായ പിച്ചക്കാരുമായിരുന്നു ഈ അനന്യസാധാരിണിയായ ഉപാദ്ധ്യായിനിയുടെ ചുററും കൂടിയിരുന്നവർ'.

ഈ ജേയിൽ സന്ദൎശിച്ച ഒരു ഉദ്യോഗസ്ഥന്റെ റിപ്പോൎട്ടിൽ നിന്നു, സാറയുടെ പ്രവൎത്തികളിൽ, ഈ വകുപ്പിൽപെട്ടവയെപ്പററി നമുക്ക് അല്പം അറിവാൻ കഴിയുന്നുണ്ട്. റിപ്പോർട്ട് എഴുതിയിരിക്കുന്നത് 1835-ാമാണ്ടു നവമ്പർമാസം 29-ാംനു-യാണ്. 'രാവിലെ ജേയിലിൽ വേദസംബന്ധമായ ധൎമ്മോപദേശം കേട്ടു. തടവുകാരിൽ പുരുഷന്മാർ മാത്രമേ ഹാജരുണ്ടായിരുന്നുള്ളൂ. പട്ടണത്തിൽ താമസിക്കുന്നോ ഒരു സ്ത്രീയാണ് ഈ ക്രിയ നടത്തിയത്. അവളുടെ സ്വരം ഏററവും കൎണ്ണാനന്ദകരമായിരുന്നു; അവളുടെ ഭാഷണം ഗൌരവമുള്ളതും ഉച്ചാരണം വളരെ വ്യക്തക്തരുമായിരുന്നു. കൎമ്മം ആംഗ്ലേയപള്ളികളിലെ പ്രാൎത്ഥനാമാൎഗ്ഗമാണ്. തട

വുകാർ രണ്ടു സ്തോത്രങ്ങൾ വളരെ നല്ലവണ്ണം ചൊല്ലി; അതു ന ല്ലവണ്ണം ഭരിക്കപ്പെട്ടുന്ന നമ്മുടെ പള്ളികളിൽ ചൊല്ലുന്നതിനേ ക്കാൾ വളരെ നന്നായി. ആ സ്ത്രീ സ്വന്തമായി എഴുതിയ ഒരു ഉ പന്യാസം വായിച്ചു. അതു കേവലം സദാചാരവിചാരങ്ങളെ ജ നിപ്പിക്കുന്നതും മതസംബന്ധമായ വാദങ്ങളെ ഉണ്ടാക്കാത്തതും ശ്രോതാക്കളുടെ അവസ്ഥയ്ക്കു് ഏററവും യോജിച്ചതുമായിരുന്നു. കർമ്മം ചെയ്യുന്ന സമയത്തു തടവുകാർ പൂർണ്ണശ്രദ്ധയേയും പ്ര ത്യേകം ഭക്തിയേയും പ്രദർശിപ്പിച്ചു; എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം അവർ നിർവ്യാജമായ ശ്രദ്ധ കാണിച്ചു എ ന്നാണ് തോന്നുന്നത്. സ്ത്രീകളായ തടവുകാരോട് അവൾ വൈ കുന്നേരം ധർമ്മോപദേശം ചെയ്തു.

ഈ മഹതിയുടെ ശ്രമങ്ങൾ ഇതുകൊണ്ടു കഴിഞ്ഞില്ല. കേ വലം മടിയായി കാലം കഴിക്കുന്നതുകൊണ്ടു തടവുകാർക്കു സാന്മാ ർഗ്ഗികവും മാനസികവുമായ അഭിവൃദ്ധിയുണ്ടാവുന്നതല്ലെന്നു മന സ്സിലാക്കുവാനുള്ള സാമർത്ഥ്യം സാറയ്ക്കുണ്ടായിരുന്നു. അതുകൊണ്ടു സാറ, വയ്ക്കോൽകൊണ്ടു തൊപ്പിയുണ്ടാക്കുക, എല്ലുകൾകൊണ്ടു തവികൾ ഉണ്ടാക്കുക മുതലായ ചില ചില്ലറ കൈവേലകൾ പു രുഷന്മാരുടെ ഇടയിൽ ഏർപ്പെടുത്തുകയും തുണികൊണ്ടു കുപ്പാ യം തുന്നുവാൻ സ്ത്രീകളെ ശീലിപ്പിക്കുകയും ചെയ്തു. ഇതുകൊണ്ടും മതിയാകാതെ, തുറുങ്കിൽനിന്നു തടവുകാലാവധി കഴിഞ്ഞു പുറ ത്തുപോകുന്നവർക്കു വേലയുണ്ടാക്കുവാൻ വേണ്ടി കുറെ ധനം ശേ ഖരിക്കുന്നതിനും അവരുടെ മേലന്വേഷണത്തിനും സാറ ചില ഏർപ്പാടുകൾ ചെയ്തു.

അന്യന്മാരുടെ ശ്രദ്ധയെ ആകർഷിക്കാതേയും ഈ ഉദാരക ർമ്മത്തിൽ തന്നെ സഹായിക്കുവാൻ സ്നേഹിതന്മാരെ സമ്പാദി ക്കാതേയും സാറാ മാർട്ടിൻ ഏതാനും കാലംകൊണ്ട് ഇത്രയും ഗു ണകരമായ മാററങ്ങൾ വരുത്തിയെന്നു വിചാരിക്കുവാൻ പ്രയാ സമാകുന്നു. തന്റെ ഉപജീവനത്തിനും വീട്ടുവാടകയ്ക്കും കഷ്ടിച്ചു മതിയാകുന്ന എട്ടോ, ഒമ്പതോ ഉറപ്പിക മാത്രം ഒരാണ്ടയിൽ സ മ്പാദിക്കുവാൻ കഴിയുന്ന തുന്നപ്പണിക്കാരത്തി ഒരു ഭഗീരഥപ്രയ ത്നത്തിൽ പ്രവേശിച്ചു കൃതാർത്ഥയായതു കണ്ടു നാട്ടുകാർക്ക് അല്പം ലജ്ജയുണ്ടായി. ചുരുക്കം ചിലർ സാറയുടെ ഉദ്ദേശസാഫല്യത്തിനു പുസ്തകങ്ങൾ വാങ്ങുവാൻ ധനസഹായം ചെയ്വാൻ തുടങ്ങി. ഈ സഹായം സമയോചിതമായിരുന്നു; എന്തുകൊണ്ടെന്നാൽ, ത

ൻെറ മഹത്തായ ഉദ്യമത്തെ ഉപേക്ഷിക്കുന്നതിനേക്കാൾ ദാരിദ്ര്യത്തിനു കീഴടങ്ങുവാൻ സാറാ സന്നദ്ധയായിരുന്നു. എങ്കിലും, സാറ കഷ്ടപ്പാട് അനുഭവിക്കാൻ തുടങ്ങി.

ഇപ്രകാരം സ്വാൎത്ഥമായ സകല സൌകൎയ്യങ്ങളേയും പരിത്യജിച്ച സാറാ ഐഹികമായി കീൎത്തിയേയൊ പ്രതിഫലത്തേയൊ ആഗ്രഹിക്കാതെ പ്രതിവത്സരം പ്രവൎത്തിച്ചു വന്നു. സാറയുടെ മാതാമഹിയുടെ മരണംമൂലം 1826-ൽ സാറായ്ക്കു കൊല്ലംതോറും പത്തൊ, പന്ത്രണ്ടോ പവൻ പലിശ വരത്തക്കവണ്ണം കുറെ ധനം കിട്ടി. എന്നാൽ ഇതു സാറയുടെ സ്ഥിതിക്കു സാരമായ സമാധാനമായില്ല; എന്തുകൊണ്ടെന്നാൽ, സാറയുടെ മനസ്സു ജെയിൽ ജോലിയിൽ നിമഗ്നമായിരുന്നതുകൊണ്ടു തുന്നപ്പണിക്കു വളരെ കുറവുവന്നു. ഇങ്ങിനെയുള്ള അവസരത്തിൽ,ദാരിദ്ര്യം അനുഭവിച്ചുകൊണ്ടു പരോപകാരം ചെയ്യുകയൊ, സ്വന്തജോലിയിൽത്തന്നെ പരിശ്രമിക്കുകയൊ വേണ്ടത് എന്നു സാധാരണ മനുഷ്യൎക്കു സംശയം ജനിക്കുമെങ്കിലും, സാറയ്ക്കു ഈ കാൎയ്യത്തിൽ ഒട്ടും സംശയമുണ്ടായില്ല. തൻെറ വേലകളെപ്പററി സാറ എഴുതീട്ടുള്ള എഴുത്തുകളിൽ ഒന്നിൽ ഇപ്രകാരം ഒരു മഹത്തായ വാചകം കാണുന്നുണ്ട്: 'ഇങ്ങിനെയുള്ള കഷ്ടപ്പാടുകളെപ്പററിയുള്ള ആലോചനയിൽ എൻെറ മനസ്സ് അമാനുഷമായ ഒരു ശക്തികൊണ്ട് ഉൽകൃഷ്ടയായി കാണപ്പെട്ടു; എന്തുകൊണ്ടെന്നാൽ, ഞാൻ അതിൻെറ ഫലം ഇന്നതാണെന്ന് അറിയുകയും അതുപോലെ പ്രവൎത്തിക്കണമെന്നു തീൎച്ചയാക്കുകയും ചെയ്യിരുന്നു. അന്യൎക്കു ജ്ഞാനോപദേശം ചെയ്യുമ്പോൾ, ഞാൻ താല്ക്കാലികമായ ദാരിദ്ര്യത്തിൽപ്പെട്ടു പോയേക്കാമെങ്കിലും, ഇപ്രകാരം പരോപകാരം ചെയ്യുന്ന പ്രവൃത്തിയിൽ ദൈവത്തെ അനുകരിക്കുന്ന ഒരുവൾ നിസ്സാരമായ കഷ്ടപ്പാടുകളെ ഗണ്യമാക്കുന്നതല്ലല്ലൊ'.

ഇരുപതുകൊല്ലത്തെ അശ്രാന്തപരിശ്രമത്തിൻെറ ഫലമായി സാറായുടെ മാനസികവും കായികവും ആയ ആരോഗ്യം ക്ഷയിക്കുകയും ജെയിൽജോലി മററുള്ളവരെ ഏല്പിക്കുകയും ചെയ്തു. സാറയുടെ ഉദ്ദേശങ്ങൾ എല്ലാം സഫലമായി; അതു മനുഷ്യവൎഗ്ഗ

ത്താൽ വഞ്ചിക്കപ്പെട്ട സ്ത്രീപുരുഷന്മാരുടെ പാപമോചനമാൎഗ്ഗം മാത്രമല്ല; അത് ഇപ്പോഠ നടപ്പിൽ വന്നിരിക്കുന്ന ജെയിൽ അദ്ധ്യാപനക്രമസ്ഥാപനവുമാകുന്നു. സാറയുടെ അന്ത്യകാലങ്ങളിൽ സാറ കൈവേലശാലകളോടു ചേൎന്ന ചില പെൺപള്ളിക്കൂടങ്ങളുടെ മേലന്വേഷണം നടത്തുകയും പട്ടണത്തിലുള്ള രോഗികളേയും പാവപ്പെട്ടവരേയും ചെന്നുകണ്ട് അവൎക്കു പല ഉപകാരങ്ങഠ ചെയ്കയും പതിവായിരുന്നു. ഒടുക്കം ഈ പ്രവൃത്തികഠ സാറയുടെ ക്ഷീണിച്ച ശരീരസ്ഥിതിക്ക് അല്പം അധികമായിത്തീൎന്നു. സാറ 1843-ാമാണ്ട് അക്ടോബർമാസം 15-ാംനു- മരിച്ചു; കേസ്റ്ററിലെ പള്ളിവക ശ്മശാനഭൂമിയിൽ സാറയുടെ ശരീരം സ്ഥാപിക്കുകയും ചെയ്തു.

ഇപ്രകാരം സാറയുടെ ഉപകാരപ്രദവും അസാധാരണവുമായ ജീവിതം അവസാനിച്ചു. പുറത്തു പ്രകടിപ്പിക്കാത്തതും പ്രവൃത്തിക്കനുകൂലവുമായ സാറയുടെ സദാചാരത്തേയും, കഠിനമായ കഷ്ടപ്പാടുകളുടെ കൂട്ടത്തിൽ ചെയ്തിട്ടുള്ള അനേകം സൽകൎമ്മങ്ങളേയും പററി വിശദമായി വിവരിക്കുക എന്നത് അത്ര എളുപ്പത്തിൽ കഴിയുന്ന കാൎയ്യമല്ല. തൻെറ ആത്മത്യാഗത്തിനു മററുള്ളവരുടെ നന്ദി വാക്കിനേപ്പോലും ആഗ്രഹിക്കാതെ, കേവലം നിൎദ്ധനയായ ഒരു സ്ത്രീയെ ഏകാകിനിയായി, മനുഷ്യവൎഗ്ഗത്തിനുവേണ്ടി ഇത്ര വളരെ കഷ്ടപ്പാടുകഠ അനുഭവിക്കുവാനും അന്യസഹായം കൂടാതെ ഓരോന്നു പ്രവൎത്തിക്കുവാനും ഇടവരുത്തിയതു വളരെ വ്യസനകരംതന്നെ. സാറയ്ക്കു തൻെറ പ്രവൃത്തിയുടെ പ്രതിഫലം കിട്ടിയെന്നതിനു സംശയമില്ല. പക്ഷെ അതു സാറ ജീവിച്ചിരുന്ന കാലത്തു നാട്ടുകാർ കാണിക്കേണ്ടതായ കൃതജ്ഞത കാണിക്കാഞ്ഞതിനു മതിയായ സമാധാനമായില്ല. സാറയുടെ മരണാനന്തരം ആ നാട്ടുകാർ സാറയുടെ സ്മാരകമായി ഒന്നും ചെയ്യാതിരുന്നില്ല. സാറയുടെ പേർ മററു മഹതികളുടേയും മഹാത്മാക്കളുടേയും കൂട്ടത്തിൽ, നക്ഷത്രങ്ങളുടെ മദ്ധ്യത്തിൽ ചന്ദ്രനെന്നപോലെ, പ്രകാശിക്കുന്നതാണ്.

VILASAM READING ROOM
ALAYINKE

# ൯. പത്മിനി.

'ധാതാ ദ്വേധാ ഭ്രമം ചക്രേ കാന്താസു കനകേഷു ച
താസു തേഷ്വപ്യനാസക്തഃ സാക്ഷാൽ ഭർഗ്ഗോ നരാകൃതിഃ'.

ഏകദേശം 600 സംവത്സരങ്ങൾക്കുമുമ്പ് ഉത്തരഇന്ത്യയിൽ മീവാറായിരുന്നു സകലവിധത്തിലും പ്രാധാന്യമേറിയ രാജ്യം. അതിന്റെ തലസ്ഥാനമായ ചിറന്മർ, രജപുത്രസ്ഥാനത്തിൽവെച്ച് ഏറ്റവും പ്രസിദ്ധപ്പെട്ട നഗരമായിരുന്നു. അക്കാലത്തു മിവാർ രാജ്യം സകല യോഗ്യതകൾ തികഞ്ഞതും ശത്രുക്കളുടെ ആക്രമണത്തിൽനിന്നു വളരെ കരുതലോടുകൂടി രക്ഷിക്കപ്പെട്ടിരുന്നതുമാകുന്നു.

താഴെ പ്രസ്താവിക്കുന്ന കഥ നടന്ന കാലത്ത് ആ രാജ്യത്തിന്റെ അവകാശി മഹാറാണാലക്ഷ്മണസിംഹൻ എന്നൊരു ബാലനായിരുന്നു. അദ്ദേഹത്തിന്നു പ്രായം തികഞ്ഞിട്ടില്ലാതിരുന്നതിനാൽ, രാജ്യം ഭരിച്ചിരുന്നത് അദ്ദേഹത്തിന്റെ മാതുലനായ ഭീമസിംഹനാണ്. ഭിമസിംഹൻ നല്ല യോദ്ധാവും, രാജ്യഭരണതന്ത്രങ്ങളിൽ വളരെ സമർത്ഥനുമായിരുന്നു എന്നു മാത്രമല്ല, അക്കാലത്തെ ഹിന്തുരാജാക്കന്മാരിൽ ആരുംതന്നെ അദ്ദേഹത്തെപ്പോലെ യോഗ്യരുമായിരുന്നില്ല. അദ്ദേഹത്തിന്റെ ഭരണകാലത്തു രാജ്യത്തെങ്ങും സമാധാനവും, സംതൃപ്തിയുമുണ്ടായിരുന്നു. പ്രജകൾ അദ്ദേഹത്തെ ഈശ്വരനിർവ്വിശേഷമായ ഭക്തിയോടെ പൂജിച്ചുവന്നു.

എന്നാൽ, അപ്രതീക്ഷിതമായ ഒരു സംഭവം മീവാർരാജ്യത്തെ ക്ഷേമാവസ്ഥയ്ക്കു വിഘ്നം വരുത്തി; അതു അലൌദീൻ ഡല്ലിയിലെ രാജാവായിത്തീർന്നതാകുന്നു. വലിയ ദുഷ്ടനും സമസൃഷ്ടികളിൽ ലേശം കരുണ ഇല്ലാത്തവനുമായ അലൌദീൻ ഉത്തരഇന്ത്യയുടെ പല ഭാഗങ്ങളും യുദ്ധംചെയ്തു കൈവശപ്പെടുത്തി; എന്നു മാത്രമല്ല, നഗരങ്ങൾ കൊള്ളയിടുക, ക്ഷേത്രങ്ങൾ നശിപ്പിക്കു

ക, ജനങ്ങളുടെ സാംസൎഗ്ഗികസിദ്ധാന്തങ്ങൾക്കു വിപരീതമായ നികൃഷ്ടകൎമ്മങ്ങൾ ചെയ്യാൻ നിൎബ്ബന്ധിക്കുക മുതലായ ദുഷ്ടതകൾ പ്രവൎത്തിച്ചും തുടങ്ങി. ഒടുവിൽ അയാൾ മീവാർരാജ്യത്തിന്റെ സമീപത്തെത്തി പാളയമടിച്ചു. രാജ്യത്തിന്റെ സൂക്ഷ്മസ്ഥിതി അറിയുന്നതിന് അയാൾ ചാരന്മാരെ അയച്ചു; പക്ഷെ, മീവാർ രാജ്യം ധീരന്മാരായ യുദ്ധവീരന്മാരാൽ സശ്രദ്ധം രക്ഷിക്കപ്പെട്ടിരുന്നതുകൊണ്ട് അയാളുടെ ആഗ്രഹം സുഖസാദ്ധ്യമല്ലെന്ന് അലൌദീനു മനസ്സിലായി. വളരെ ബലവത്തായ ഒരു രാജ്യത്തോടെതിൎത്തു തോററു നാണംകെടുന്നതിന്ന് അയാൾക്കു മനസ്സുണ്ടായിരുന്നില്ല. അതുകൊണ്ടു തല്ക്കാലം കൊക്കിന്റെ സൂത്രമെടുക്കാമെന്നു തീൎച്ചയാക്കി; സൈന്യത്തെ അവിടെനിന്നു കൊണ്ടുപോകാൻ ശ്രമിക്കുന്ന അവസരത്തിൽ യദൃച്ഛയാ കേട്ട ഒരു വൎത്തമാനം അലൌദീന്റെ യാത്രയ്ക്കു മുടക്കമായിത്തീൎന്നു. ആ വൃത്താന്തം ഭീമസിംഹന്റെ പത്നിയായ പത്മിനിയുടെ സൌന്ദൎയ്യൌദാൎയ്യാദിഗുണങ്ങളെ കുറിച്ചായിരുന്നു.

'അകരുണത്വ മകാരണവിഗ്രഹഃ
പരധനേ പരയോഷിതി ച സ്പൃഹാ'

എന്നു പറയുവാൻ നാനാപ്രകാരേണയും പാത്രവാനായ അലൌദിൻ ഈ വൎത്തമാനം കേട്ടമാത്രത്തിൽ 'കുലവെട്ടീടിന കുററിവാഴപോലെ' നില വിട്ടൊന്നു പകച്ചു നിന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഒരു ഹിന്തുസ്ത്രീയുടെ 'ചാരിത്രശുദ്ധിയും ബുദ്ധികൌശല്യവും' എത്രത്തോളമുണ്ടെന്ന് ആലോചിക്കുവാൻപോലും പ്രാപ്തിയില്ലാത്ത ആ വിടൻ അയാളുടെ അനൎഹമായ ആഗ്രഹനിവൃത്തിക്കു കുറച്ചു കാലവുംകൂടെ അവിടെത്തന്നെ താമസിക്കേണമെന്നു വീണ്ടും തീൎച്ചയാക്കി. പിന്നെ വിടന്മാൎക്കു സഹജമായ ഓരോ സൂത്രങ്ങൾ പ്രയോഗിക്കുവാൻ തുടങ്ങി. എല്ലാകാലത്തും എല്ലാ രാജ്യത്തും സന്മാൎഗ്ഗികളും ദുൎമ്മാൎഗ്ഗികളും അവരുടെ സഹായക്കാരും ഉണ്ടായിരിക്കുമല്ലോ. അതുകൊണ്ട് അലൌദിൻ ദൂതന്മാരില്ലാതെ അയാളുടെ ദുൎമ്മോഹസാദ്ധ്യത്തിന്നു ശ്രമിക്കാതിരുന്നില്ല. എ

ന്നാൽ, ഒരു സാദ്ധ്വിയുടെ മനസ്സു പ്രകൃത്യാ വളരെ സ്നിഗ്ദ്ധമാണെങ്കിലും, പാതിവ്രത്യവിഷയത്തിൽ വജ്രത്തേക്കാൾ കഠിനമായിരിക്കുമെന്ന് അലാവുദീന്നു വേഗത്തിൽ അനുഭവമായി. അയാളുടെ ഗൂഢതന്ത്രങ്ങൾ ഒന്നും പത്മിനിയുടെ മനസ്സിളക്കത്തക്കതായിരുന്നില്ല. പത്മിനി ഒരു ധീരയും ബുദ്ധിമതിയുമായിരുന്നു എന്നു മാത്രമല്ല, സ്ത്രീവൎഗ്ഗത്തിന്നു അലങ്കാരമായ പാതിവ്രത്യനിഷ്ഠയിൽ അനന്യസാധാരണമായ ദൃഢതയുള്ളവളുമായിരുന്നു.

ഉപായംകൊണ്ടു മോഹം സാധിക്കുവാൻ തരമില്ലെന്നു മനസ്സിലായപ്പോൾ, പരാക്രമംകൊണ്ടു സാധിക്കുമോ എന്നു പരീക്ഷിക്കേണമെന്ന് അലാവുദീൻ നിശ്ചയിച്ചു; അതിശൂരന്മാരായ രജപുത്രന്മാർ കാത്തുരക്ഷിച്ചിരുന്ന ചിറവൂർകോട്ടയെ വളയുവാൻ സൈന്യങ്ങൾക്കു കല്പനകൊടുത്തു. മുസൽമാൻ സൈന്യം കോട്ടയെ വളഞ്ഞു യുദ്ധംതുടങ്ങി. രജപുത്രന്മാരുടെ യുദ്ധസാമൎത്ഥ്യംകൊണ്ടു മുസൽമാന്മാർ പലതവണയും തോററു പിന്നാക്കംപോയി. പക്ഷേ മുസൽമാൻസൈന്യത്തിന്റെ സംഖ്യ വളരെ അധികമായിരുന്നതിനാൽ, അവർ പിന്നാക്കം പോകുന്നതു മുന്നോക്കം ചെല്ലുവാൻ മാത്രമായിരുന്നു. 'വീൎയ്യസ്വൎഗ്ഗം മരിച്ചെങ്കിൽ, കാൎയ്യസാദ്ധ്യം ജയിക്കുകിൽ' എന്നുള്ള നിശ്ചയത്തോടുകൂടി രജപുത്രന്മാരും 'ചത്താലും പോവില്ലാ തിരുവാഴത്താൻ' എന്ന മാതിരിയിൽ, നഗരം കൈവശപ്പെടുത്താൻ മുഹമ്മദീയരും യുദ്ധംചെയ്തു. പട്ടണം കിട്ടിയില്ലെങ്കിലും പത്മിനിയെ കിട്ടിയാൽ മതിയെന്നു മാത്രമേ വിടനായ അലാവുദീന്നു വിചാരമുണ്ടായിരുന്നുള്ളു. പത്മിനിയെ കൈക്കലാക്കാതെ രജപുത്രസ്ഥാനത്തുനിന്നും ഡൽഹിയിലേക്കു മടങ്ങുന്നതല്ലെന്ന് അലാവുദിൻ ഒരു പ്രതിജ്ഞയും ചെയ്തു.

മേൽപ്രകാരം വളരെ നാൾ യുദ്ധം നടന്നു. രജപുത്രയോദ്ധാക്കളുടെ സംഖ്യ ദിവസംപ്രതി കുറഞ്ഞു തുടങ്ങി. ഭീമസിംഹന്റെ യുദ്ധതന്ത്രനൈപുണ്യംകൊണ്ടു കുറച്ചുദിവസവും കൂടെ ക

ഴിച്ചുകൂട്ടി. ഒടുവിൽ നിവൃത്തിയില്ലാതായി. ധീരോദാത്തനായ ഭീമസിംഹനു തന്റെ ശത്രുവിനോടു സമാധാനം യാചിക്കുക എന്നതു മരണത്തേക്കാൾ ദുസ്സഹമായിരുന്നു. എങ്കിലും തന്റെ രാജ്യത്തിന്റെ ക്ഷേമത്തിന്നുവേണ്ടി എന്തു ചെയ്യുവാനും ഒരുക്കമായിരുന്നതിനാൽ, യുദ്ധം നിറുത്തി സമാധാനമാകുന്ന പക്ഷം അലൌദീൻ ആവശ്യപ്പെടുന്ന സംഖ്യ കൊടുക്കാൻ താൻ തയ്യാറാണെന്നു ഭീമസിംഹൻ അലൌദീനെ അറിയിച്ചു. അതിന് അയാൾ പറഞ്ഞ മറുപടി, "ഞാൻ ധനം ഇച്ഛിച്ചല്ലാ യുദ്ധം തുടങ്ങിയത്, എന്റെ അഭിലാഷം പത്മിനിയെ ലഭിക്കേണമെന്നു മാത്രമാണ്. ആ സ്ത്രീരത്നത്തെ സമ്മാനമായി തരുന്നപക്ഷം ഞാൻ സമാധാനത്തിന്ന് ഒരുക്കമാകുന്നു. വേറെ യാതൊരുവിധത്തിലും യുദ്ധം നിറുത്തി സന്ധിചെയ്യുവാൻ ഞാൻ വിചാരിക്കുന്നില്ല," എന്നായിരുന്നു.

ഗർവ്വിഷ്ഠനായ ആ നീചന്റെ മറുപടി രജപുത്രന്മാൎക്ക് അത്യന്തം അപമാനകരമായിത്തോന്നി; അവർ പൂൎവ്വാധികം ശുഷ്കാന്തിയോടെ യുദ്ധം ചെയ്യുവാൻ ഉറച്ചു; അതല്ലാതെ, ആത്മരക്ഷയ്ക്കായി സാദ്ധ്വിയും മാതൃതുല്യയുമായ അവരുടെ റാണിയെ ആ ദുഷ്ടപ്രഭുവിന്നു ബലികൊടുപ്പാൻ വിചാരിച്ചില്ല. അതുകൊണ്ട് ആ ധീരന്മാരായ രജപുത്രന്മാർ അവരുടെ രാജ്ഞിക്കും രാജ്യത്തിന്നുംവേണ്ടി ജയിക്കുന്നതുവരെ, അല്ലെങ്കിൽ മരിക്കുന്നതുവരെ യുദ്ധം ചെയ്വാൻ സന്നദ്ധരായി വീണ്ടും യുദ്ധം ആരംഭിച്ചു. ഒന്നരക്കൊല്ലം പിന്നെയും യുദ്ധം ചെയ്തു. രജപുത്രന്മാർ മരണഭയം നിമിത്തം കീഴടങ്ങുന്നവരല്ലെന്ന് ഇപ്പോഴേ അലൌദീന്നു ബോദ്ധ്യം വന്നുള്ളു. പത്മിനിയെ ഒരു കണ്ണു കാണുവാൻ അനുവദിക്കുന്ന പക്ഷം താൻ സന്തോഷസമേതം സന്ധി ചെയ്തുകൊള്ളാമെന്ന് അലൌദീൻ ഭീമസിംഹനെ അറിയിച്ചു. ഭീമസിംഹന്റെ തല്ക്കാലസ്ഥിതി ഈ അപേക്ഷയെ നിരസിക്കത്തക്കതായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, രജപുത്രസേന മിക്കതും അവസാനിച്ചു; ശത്രുസൈന്യം പിന്നേയും ഒരിരുനായിരം വീതം ബാക്കിയുണ്ടായിരുന്നു. ഈ

സ്ഥിതിക്ക് അലൌദീൻെറ സന്ദേശം സ്വീകരിക്കാതിരിക്കുന്നതെങ്ങിനെ? എന്നാൽ സ്വീകരിക്കുന്നതെങ്ങിനെ? ഏതായാലും ഭീമസിംഹൻ തൻെറ രാജ്യത്തുള്ള പ്രഭുക്കന്മാരേയും മന്ത്രിമാർ തുടങ്ങിയ മററു പ്രമാണികളേയുംവരുത്തി ഒരു ആലോചനനടത്തി. അലൌദീൻെറ ഈ അപേക്ഷ സ്വീകാരയോഗ്യമല്ലെന്നും ഒരു കുലസ്ത്രീയെ ഒരുമുസൽമാൻെറ ദൃഷ്ടിഗോചരയാക്കുന്നതുതന്നെ അപമാനകരമാണെന്നുമായിരുന്നു സഭക്കാരിൽഭൂരിപക്ഷക്കാരുടേയും അഭിപ്രായം. എങ്കിലും സമാധാനം സാധിക്കേണ്ടത് അത്യാവശ്യമായിരുന്നതിനാൽ, മുസൽമാൻെറ ദൃഷ്ടിബാധകൂടാതെ കാര്യം കഴിച്ചുകൂട്ടുവാൻ ഒരു സൂത്രം ആലോചിച്ചു തീർച്ചയാക്കി. അതു പത്മിനിയുടെ രൂപം ഒരു കണ്ണാടിയിൽക്കൂടെ കാണുവാൻ അനുവദിക്കാമെന്നായിരുന്നു. അലൌദീന് ഇതു വിരോധമില്ലെങ്കിൽ, ചുരുക്കം ചില അനുചരന്മാരോടുകൂടി മാത്രം പട്ടണത്തിൽ പ്രവേശിച്ചു പത്മനിദർശനം സാധിച്ചു തിരിയെ പോകാൻ വിരോധമില്ലെന്നു തീർച്ചയാക്കി. ആ വിവരം അയാളെ അറിയിച്ചു. അലൌദീൻ സന്തോഷസമേതം സ്വീകരിച്ചു. നഗരപ്രവേശനത്തിന്ന് ഒരു ദിവസവും നിശ്ചയിച്ചു. നിശ്ചിതദിവസം അലൌദീൻ അനുചരന്മാരിൽ ചുരുക്കം ചിലരോടുംകൂടി നഗരത്തിൽ പ്രവേശിച്ചു. കണ്ണാടിയിൽ പ്രതിഫലിച്ചതും നിസർഗ്ഗമധുരവുമായ പത്മിനിയുടെ സൌന്ദര്യം കണ്ട് അലൌദീൻ അപഹൃതചിത്തനായി നിന്നുപോയി. പത്മിനിയെ കണ്ടപ്പോൾ, ആ സതിയുടെ സൌന്ദര്യത്തെപ്പററി പൂർണ്ണമായി വർണ്ണിക്കുവാൻ പ്രയാസമാണെന്ന് അയാൾക്കു ബോദ്ധ്യംവന്നു. പക്ഷെ, പത്മിനിയെ കണ്ടതുകൊണ്ടു തീയ്യിൽ നെയ്യൊഴിച്ചതുപോലെയാണ് അലൌദീൻെറ വികാരങ്ങൾക്കു പരിണാമമുണ്ടായത്. അതുകൊണ്ടു ഭീമസിംഹനെ വല്ലവിധത്തിലും കുടുക്കിൽപ്പെടുത്തിയാൽ മാത്രമേ തൻെറ ദുർമ്മോഹം സാധിക്കയുള്ളു എന്ന് ആ ദുർബ്ബുദ്ധിക്കു തോന്നി. ഉദ്ദേശസാദ്ധ്യത്തിന്നായി അയാൾക്കു ഭീമസിംഹനിൽ അപാരമായ കൃതജ്ഞതയുണ്ടെന്നു നടിച്ചു. പിന്നെ ഇപ്രകാരം പറഞ്ഞു. 'പ്രിയ സ്നേഹിതാ, നിങ്ങൾ ഈ വിധമെങ്കിലും റാണിയെ ദർശിക്കുവാൻ

അനുവദിച്ചതിനാൽ എനിക്കു നിങ്ങളുടെ പേരിൽ തോന്നീട്ടുള്ള നന്ദിക്ക് അളവില്ല. രജപുത്രന്മാർ ഇത്ര ധൈൎയ്യശാലികളാണ് എന്നും അവരുടെ നേതാവായ അങ്ങ് ഇത്ര സൌജന്യവും പൌരുഷവും തികഞ്ഞ ഒരാളാണ് എന്നും ഇതിനുമുമ്പുതന്നെ അറിയാൻ എനിക്കു സംഗതിയായിരുന്നെങ്കിൽ, നമ്മൾ തമ്മിൽ ഇങ്ങിനെ യുദ്ധം ചെയ്യാതെ കഴിക്കാമായിരുന്നു. എന്നാൽ ഇനി ഒരിക്കലും ഇതുപോലെ അവിവേകമായി പ്രവൎത്തിക്കാതിരിക്കാൻ ഞാൻ ശ്രമിക്കുന്നതാണ്. നാം തമ്മിൽ ഇപ്പോൾ ഉണ്ടായിട്ടുള്ള സഖ്യത്തിന്ന് ഒരു കാലത്തും ഹാനി സംഭവിക്കുന്നതല്ല. ആജീവനാന്തം ഞാൻ രജപുത്രന്മാരുടെ ഉററ ബന്ധുവായിരിക്കും. എന്റെ അക്രമങ്ങൾ അങ്ങു ഹൃദയപൂൎവ്വം വിസ്മരിക്കുന്നതിന്നു ഞാൻ ഇതാ അപേക്ഷിക്കുന്നു. എനിക്കു മറെറാരപേക്ഷ കൂടിയുണ്ട്. മീവാറിലെ പ്രതാപശാലിയായ രാജപ്രതിനിധിയുടെ സാന്നിദ്ധ്യംകൊണ്ട് എന്റെ പാളയത്തെ അനുഗ്രഹിക്കുവാനുള്ള ഭാഗ്യം അങ്ങ് എനിക്കുണ്ടാക്കിത്തരണം. എന്റെ ഈ അപേക്ഷയേ അങ്ങു നിരസിക്കില്ലല്ലൊ?.

കരടകനായ മുസൽമാന്റെ ഈ ഭംഗിവാക്കു പച്ചപരമാൎത്ഥിയായ ഭീമസിംഹന്നു സത്യമാണെന്നു തോന്നി. തല്ക്കാലം സാധിച്ച സമാധാനം നിലനിറുത്തുവാനായി ഈ ക്ഷണനം സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്നു കരുതി ഭീമസിംഹൻ ക്ഷണനം സ്വീകരിച്ചു. അടുത്തദിവസംതന്നെ അയാളുടെ കൂടാരം സന്ദൎശിക്കാമെന്നു വാഗ്ദത്തവും ചെയ്തു. അലൌദീൻ അയാളുടെ കൂടാരത്തിലേക്കു മടങ്ങി. വാഗ്ദത്തപ്രകാരം ഭീമസിംഹൻ പിറെറന്നാൾ ചുരുക്കം ചില പരിവാരങ്ങളോടുകൂടി അലൌദീന്റെ പാളയത്തിലേക്കു യാത്രയായി. പോകുംവഴി ഒരു കുററിക്കാടിന്റെ സമീപത്തുവെച്ച് അലൌദീന്റെ ആയുധപാണികളായ നൂറുഭടന്മാർ ഭീമസിംഹനെ പെട്ടന്നു വളഞ്ഞു. ഭീമസിംഹന്നും കൂട്ടുകാൎക്കും ശത്രുക്കളോട് എതൃക്കുവാൻ സമയം കിട്ടുന്നതിന്നു മുമ്പുതന്നെ മുസൽമാന്മാർ അവരെ ബന്ധിച്ചു പാളയത്തിലേക്കു കൊണ്ടുപോയി.

ഈ വൎത്തമാനം നഗരത്തിൽ അറിഞ്ഞപ്പോൾ രജപുത്രന്മാൎക്കുണ്ടായ പരിഭ്രമവും ദ്വേഷ്യവും അവൎണ്ണനീയമാകുന്നു. യദൃച്ഛയായി സംഭവിച്ച ആപത്തിന്നു പ്രതിവിധി ചെയ്യേണ്ടത് എങ്ങിനെയാണെന്ന് ആലോചിക്കുവാൻപോലും രജപുത്രന്മാർ അശക്തന്മാരായിപ്പോയി. അപ്പോൾ കോട്ടയുടെ പുറത്തുനിന്ന് ആരോ ഇങ്ങിനെ പറയുന്നതുകേട്ടു. "ഹേ! രജപുത്രന്മാരെ! മഹാരാജാവായ അലൌദീൻ നിങ്ങളോട് ഇങ്ങിനെ കല്പിക്കുന്നു: 'നിങ്ങൾ റാണിയെ വേഗത്തിൽ എനിക്കു കാഴ്ചവെക്കുവിൻ, അങ്ങിനെ ചെയ്യാത്തപക്ഷം ഞാൻ ഭീമസിംഹനെ വധിക്കുകയും യുദ്ധം വീണ്ടും ആരംഭിക്കുകയും ചെയ്യും." തങ്ങളുടെ രക്ഷിതാവായ ഭീമസിംഹൻെറ വിയോഗാവസരത്തിൽ ശത്രുരാജാവിൻെറ നിന്ദ്യമായ കല്പന രജപുത്രന്മാൎക്ക് അത്ത്യന്തം ദുസ്സഹമായിത്തീൎന്നു. ഈ സന്ദൎഭത്തിൽ നമ്മുടെ നായിക സാധാരണ സ്ത്രീകളെപ്പോലെ 'കണ്ണീരും കയ്യുമായി കഴിയണമിനിമേലെന്നതും വന്നുകൂടി' എന്നു വിചാരിച്ച വ്യസനിക്കുകയല്ല ചെയ്യുത്. ആ ആപത്തു പത്മിനിയുടെ ധൈൎയ്യാദിഗുണങ്ങൾ പ്രദൎശിപ്പിക്കുവാനുള്ള ഒരു അവസരമായിത്തീൎന്നതേയുള്ളൂ. മഹാറാണാ ലക്ഷ്മണസിംഹനും ഭീമസിംഹൻെറ പുത്രന്മാരും ബാലന്മാരായിരുന്നതുകൊണ്ടു രാജ്യഭാരം നമ്മുടെ റാണിതന്നെ കയ്യേൽക്കേണ്ടിവന്നു. ഈ വിഷമഘട്ടത്തിൽ എന്താണ് പ്രവൎത്തിക്കേണ്ടത് എന്നറിയാതെ ധീരന്മാരായ പുരുഷകേസരികൾകൂടെ പരിഭ്രമിക്കുന്നതാണല്ലൊ. ആ സ്ഥിതിക്ക്, അന്തഃപുരത്തിൻെറ മറവുംകൂടെ കാണാത്ത ഒരു കുലസ്ത്രീ എന്തു ചെയ്യും? എന്നു ആരും ചോദിക്കും. എന്നാൽ, നമ്മുടെ നായികക്കു 'വിപദി ധൈൎയ്യം' എന്ന വിശിഷ്ടഗുണം സഹജമായിരുന്നതിനാൽ, അലൌദീൻെറ വഞ്ചനകൊണ്ടു ലേശം പരിഭ്രമിച്ചില്ല. ഭീമസിംഹൻ അപകടത്തിൽപെട്ടു എന്നു കണ്ടപ്പോൾ, പത്മിനി ആദ്യമായി ചെയ്യുതു സഹോദരനായ ഘോരസിംഹനെ സൈന്യാധിപതിയായി നിയമിക്കുകയാകുന്നു. അതിനുശേഷം ഭൎത്താവിനെ മോചിപ്പിക്കുവാനുള്ള മാൎഗ്ഗം ആലോചിക്കുന്നതിനു രാജ്യത്തുള്ള പ്രമാണികളെ വരുത്തി ഒരു ആലോചനാസഭ കൂടി. സഭയിൽ

പലരും പല മാൎഗ്ഗങ്ങളും പറഞ്ഞു എങ്കിലും, ആ മാൎഗ്ഗങ്ങൾ ാ ക്കെ വിപരീതമായ അഭിപ്രായവും ഉണ്ടായി. ഒടുവിൽ പത്മി ഒരു സൂത്രം ഉപദേശിക്കുകയും സഭാവാസികളെല്ലാവരും ഐകകണ്ഠ്യേന സമ്മതിക്കുകയും ചെയ്തു. പത്മിനിയുടെ പ്രായം കേട്ടപ്പോൾ ബുദ്ധിമാന്മാരും വൃദ്ധന്മാരുമായവർ ത 'അന്ത തന്തസ്ക്ക് ഇന്ത പൂച്ച' എന്നു പറഞ്ഞു രസിച്ചു. പത്മി ഉടനെതന്നെ ഒരു ദൂതനെ അലൌദീൻെറ പാളയത്തിലേക്ക് യച്ചു വിവരം അറിയിച്ചു. 'എൻെറ ഭൎത്താവും രാജപ്രതിനി യുമായ മഹാറാണാ ഭീമസിംഹനെ ഉപദ്രവിക്കാതെ നഗരത്തി ക്കു തിരിച്ചയയ്ക്കുകയും, എൻെറ പരിചാരിണിമാരായ എഴുനൂ ദാസികളുള്ളവരൊന്നിച്ച് അങ്ങയുടെ പാളയത്തിൽ വരുവാ എനിക്ക് അനുവാദം തരുകയും ചെയ്താൽ, ഞാൻ എന്നും അങ യുടെ അധീനയായിരുന്നുകൊള്ളാം".

റാണിയുടെ ഈ സന്ദേശം അലൌദീനു കൎണ്ണപീയൂഷമായിത്തോന്നി; പത്മിനിയുടെ അപേക്ഷപ്രകാരം പ്രവൎത്തിക്കാമെന്നുസമ്മതിച്ചു മറുപടിയുമയച്ചു. ദൂതനിൽനിന്നു വിവരം അറിഞ്ഞുടനെ റാണി യാത്രയ്ക്കുവേണ്ടതെല്ലാം ഒരുക്കി. റാണിക്കു കയറുവാൻ ഒരു പല്ലക്കും വേറെ അകമ്പടിയായി എഴുപതു പല്ലക്കുകളും തയാറാക്കി. പല്ലക്കുകൾ എല്ലാം മറശീലകൾകൊണ്ടു ഭദ്രമായി മൂടിക്കെട്ടി. ഈ പല്ലക്കുകളിൽ രണശൂരന്മാരായ ഈരണ്ടു രജപുത്രന്മാർവീതം ആയുധങ്ങളോടുകൂടി കയറി. റാണിയുടെ പല്ലക്കിൽ റാണിയും കയറി. പല്ലക്കുകൾ ഓരോന്നും എട്ടെട്ടു യുദ്ധവീരന്മാരാണ് ചുമന്നിരുന്നത്. എല്ലാവരും ആയുധപാണികളായിരുന്നു. പല്ലക്കിൽ കയറിയിരുന്നവരുടെകൂട്ടത്തിൽ റാണിയുടെ സഹോദരനായ ഘോരസിംഹനും അദ്ദേഹത്തിൻെറ പന്ത്രണ്ടുവയസ്സുമാത്രം പ്രായമായ ബദാലൻ എന്ന പുത്രനും ഉണ്ടായിരുന്നു. പല്ലക്കുകൾ പാളയത്തിന്നുസമീപം എത്തിയപ്പോൾ മുസൽമാന്മാർ പത്മിനിയെ ബഹുമാനപുരസ്സരം ആദരിച്ച് അകത്തേക്കു കൊണ്ടുപോയി. അനുയായികളും തടസ്ഥമൊന്നുംകൂടാതെ അകത്തുകടന്നു.

ലോകൈകസുന്ദരിയായ പത്മനീറാണി സ്വയമേവ തൻെറ പാളയത്തിൽ വന്നതായി അറിവുകിട്ടിയപ്പോൾ, അലൌൻ സന്തോഷസാഗരത്തിൽ മുങ്ങിഎന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. അയാൾ റാണിയോടു സ്വാഗതം പറയുവാൻ തിടുക്കപ്പെട്ടു പല്ലക്കിൻെറ സമീപത്തുചെന്നപ്പോൾ റാണി അകത്തിരുന്നുകൊണ്ടു ഇങ്ങിനെ പറഞ്ഞു. 'മഹാരാജാവെ! എനിക്ക് അവിടത്തെ അടുക്കൽ ഒരപേക്ഷകൂടിയുണ്ട്. അവിടുന്നു ദയവുചെയ്തു അതുകൂടി സാധിപ്പിച്ചുതരണം. ഞാൻ അവിടത്തെ സ്വന്തമായിത്തീൎന്നാൽ പിന്നെ എൻെറ ഭൎത്താവിനെ എനിക്കു കാണ്മാൻ സാധിക്കുന്നതല്ലല്ലൊ! അതുകൊണ്ട് അതിന്നുമുമ്പിൽ അദ്ദേഹത്തെ ഒരുകണ്ണു കാണുവാൻ അനുവദിക്കണം'. റാണിയുടെ ഈ അപേക്ഷ സാധിപ്പിക്കുന്നതുകൊണ്ടു വൈഷമ്യമുള്ളതായി അയാൾക്കു തോന്നിയില്ല. റാണിയുടെ പല്ലക്കു ഭീമസിംഹനെ ബന്ധിച്ചിട്ടിരിക്കുന്ന പാളയത്തിലേക്കു കൊണ്ടുപോകുവാൻ കല്പനകൊടുത്തു. അപ്രകാരം പല്ലക്ക് ആ പാളയത്തിലേക്കു കൊണ്ടുപോയി. ഇതിന്നിടയിൽ നമ്മുടെ റാണി വേറൊരു സൂത്രവുംകൂടെ പ്രയോഗിച്ചിരുന്നു. തലേദിവസം രണ്ടു രജപുത്രന്മാരെ മുസൽമാൻവേഷം ധരിപ്പിച്ച് ഒന്നാന്തരം രണ്ടു കുതിരകളോടുകൂടി ശത്രുവിൻെറ പാളയത്തിലേക്ക് അയച്ചിരുന്നു. അവർ റാണിയുടെ വരവുംപ്രതീക്ഷിച്ചു ഭീമസിംഹൻ കിടക്കുന്ന കൂടാരത്തിൻെറ പടിക്കൽ തയ്യാറായിരുന്നു.

റാണിയെ ആകസ്മികമായി ശത്രുവിൻെറ പാളയത്തിൽ കണ്ടപ്പോൾ, ഭീമസിംഹന്ന് അത്യാശ്ചൎയ്യമുണ്ടായി. 'പ്രിയെ! എന്താണിത്' എന്ന് അദ്ദേഹം ചോദിച്ചു. 'വിവരങ്ങളെല്ലാം വഴിയെധരിപ്പിക്കാം. കുതിര തയ്യാറുണ്ട്; നമുക്കു വേഗം പോകണം; ആയുധം ധരിക്കു; താമസിച്ചാൽ ആപത്തുണ്ട്' എന്നു റാണി അതിശുഷ്കാന്തിയോടെ ഉത്തരംപറഞ്ഞു. ഒരു ഞൊടിയിടകൊണ്ട് ആ ക്ഷത്രദമ്പതിമാർ കൂടാരത്തിൻെറ പുറത്തുവന്നു കുതിരപ്പുറത്തു കയറി ശത്രുക്കളുടെ കയ്യിൽനിന്നും വിട്ടുപോരുകയുംചെയ്തു. റാണിയുടെ പല്ലക്കു ഭീമസിംഹൻെറ സമീപത്തിലേക്കു തി

രിച്ചുഉടനെതന്നെ മറവുള്ള പല്ലക്കുകളിലുണ്ടായിരുന്നവർ പുറത്തുചാടി, അലൌദീൻെറ പാളയത്തിൽ ലഹളയുണ്ടാക്കിയതിനാൽ മുസൽമാന്മാരുടെ ശ്രദ്ധമുഴുവനും അവിടെയായിരുന്നു. ആ ന്നിമിത്തം നമ്മുടെ നായികയുടെ ഉദ്ദേശസിദ്ധിക്കു യാതൊരു പ്രതിബന്ധവും നേരിട്ടില്ല. ഭീമസിംഹനും റാണിയും തടസ്ഥംകൂടാതെ നഗരത്തിൽ വന്നുചേൎന്നു.

പാളയത്തിൽപ്പെട്ട രജപുത്രന്മാരെ അസംഖ്യം മുഹമ്മദീയഭടന്മാർ വളഞ്ഞുഎങ്കിലും, തങ്ങളുടെ സാദ്ധ്വിയായ റാണിക്കുവേണ്ടി അവർ ജീവനെ ഉപേക്ഷിക്കുവാൻ ഒരുങ്ങിവന്നിരുന്നതിനാൽ, ജീവാവസാനംവരെ യഥാശക്തി ശത്രുക്കളോട് എതിൎത്തുനിന്നു. യുദ്ധം അതിഭയങ്കരമായിത്തീൎന്നു; ഘോരസിംഹൻ മരിച്ചു. ഉടനെ ആ സ്ഥാനം അദ്ദേഹത്തിൻെറ പുത്രനായ ബദാലൻ എന്ന ബാലൻ സ്വീകരിച്ചു. പ്രായത്തിൻെറ കാൎയ്യം ഒഴികെ മററുസകലസംഗതികളിലും ആ ബാലൻ പിതൃതുല്യനായിരുന്നു. മഹാഭാരതയുദ്ധത്തിലെ അഭിമന്യുവിനെപ്പോലെ നമ്മുടെ ബദാലൻ ശത്രുസൈന്യത്തെ വേഗത്തിൽ കലക്കിമെറിച്ചു. മത്തഗജങ്ങളുടെ ഇടയിൽപ്പെട്ട സിംഹക്കുട്ടിയെപ്പോലെ, ആ ബാലൻ മുഹമ്മദീയരെ പ്രഹരിച്ചു. എന്നാൽ ശത്രുസൈന്യത്തിൻെറ കൂട്ടതൽകൊണ്ടും അവരുടെ നടുവിൽപ്പെട്ടതുകൊണ്ടും രജപുത്രന്മാർ പഠിച്ചപണി പതിനെട്ടുംനോക്കീട്ടും വ്യൂഹംഭേദിച്ചു പുറത്തുചാടുവാൻ സാധിച്ചില്ല. എങ്കിലും ശൂരന്മാൎക്കു പരമസങ്കടമായ അഭയംയാചിക്കാതെതന്നെ രജപുത്രന്മാർ യുദ്ധംചെയ്തു വീരസ്വൎഗ്ഗംപ്രാപിച്ചു. കൂട്ടത്തിൽ ബദാലനും മരിച്ചു. എന്നാൽ അവർ മരിക്കുന്നതിന്നു മുമ്പുതന്നെ അലൌദീൻെറ അനേകം ഭടന്മാരെ നശിപ്പിച്ചു. രജപുത്രന്മാൎക്കു സംഭവിച്ച ഈ ആപത്തിനെപ്പററി നഗരത്തിൽ അറിയിക്കുന്നതിനുംകൂടെ അവരുടെ കൂട്ടത്തിൽ ഒരാൾപോലും ശേഷിച്ചില്ല. അനേകം ശതാബ്ദങ്ങൾക്കു മുമ്പു നടന്നതായ ബദാലൻെറ ധീരകൃത്യം രജപുത്രന്മാരുടെ സാഹിത്യഗാനപരംപരകളിൽ ഇന്നും അഭിനവമായിട്ടാണിരിക്കുന്നത്.

ഭീമസിംഹന്നു സ്വാതന്ത്ര്യംലഭിക്കയും ഘോരസിംഹൻ, ബദാലൻ മുതലായവൎക്കു മരണം സംഭവിക്കയും ചെയ്തതിൽപിന്നെ ഇരുകക്ഷികൾക്കും പൂൎവ്വാധികം ഈൎഷ്യ വൎദ്ധിച്ചു. മുസൽമാന്മാരെ മുഴുവൻ നശിപ്പിക്കുന്നതുവരെ യുദ്ധംചെയ്യേണമെന്നു രജപുത്രന്മാർ തീൎച്ചയാക്കി. ചിറവൂർനഗരം കൈവശപ്പെടുന്നതുവരെ യുദ്ധംചെയ്വാൻ മുഹമ്മദീയരും നിശ്ചയിച്ചു. എന്നാൽ രജപുത്രന്മാരുടെ വിജയം കൃഛ്റസാദ്ധ്യമായിരുന്നു. അവരുടെ സംഖ്യ വളരെ കുറവായിരുന്നു എന്നുമാത്രമല്ല, ദുൎന്നിമിത്തസൂചകമായ ഒരു സ്വപ്നം ഭീമസിംഹൻ കണ്ടതുകൊണ്ടു രജപുത്രന്മാരുടെ മനസ്സിന്നു വളരെ അസ്വാസ്ഥ്യവുമുണ്ടായിരുന്നു. രാജകുടുംബത്തിൽനിന്നു പന്ത്രണ്ടുപേരെ നരബലിചെയ്യേണമെന്നായിരുന്നു സ്വപ്നം.

കാൎയ്യങ്ങളുടെ സ്വഭാവം മനസ്സിലായപ്പോൾ, ഭീമസിംഹൻ ഭഗ്നാശയനായി എങ്കിലും, താൻ മരണപൎയ്യന്തം ശത്രുവിന്നു കീഴടങ്ങുന്നതല്ലെന്നു തീൎച്ചപ്പെടുത്തി. ദിവസംപ്രതി കഠോരമായ യുദ്ധം നടന്നു. രജപുത്രസൈന്യം നാമാവശേഷമായി. രാജകുടുംബത്തിൽ ഭീമസിംഹനും മുലകുടിക്കുന്ന ഒരു ശിശുവും മാത്രമേ ശേഷിച്ചുള്ളു. ശേഷമുള്ളവരെല്ലാം മരിച്ചു. ആ ശിശുവിനെ എങ്ങിനെഎങ്കിലും രക്ഷിക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു ധാത്രിയെ ഏല്പിച്ചയച്ചു. തദനന്തരം, സ്ത്രീകൾ, കുട്ടികൾ, വൃദ്ധന്മാർ, രോഗികൾ എന്നിവരെ ഒഴികെ, ബാക്കി രാജ്യത്തുണ്ടായിരുന്ന സകലജനങ്ങളേയും വിളിച്ചുകൂട്ടി ഒരു സൈന്യമുണ്ടാക്കി ഭീമസിംഹൻ യുദ്ധത്തിന്നു തയ്യാറായി. ഈ യുദ്ധമായിരുന്നു അലൌദീനുമായി ചിറവൂർരാജ്യത്തുണ്ടായ അവസാനയുദ്ധം.

രജപുത്രന്മാർ പ്രാണത്യാഗത്തിന്നൊരുങ്ങിക്കൊണ്ടാണ് യുദ്ധത്തിന്നു പുറപ്പെട്ടത്. യുദ്ധം അതിഭയങ്കരമായി. രജപുത്രന്മാർ എല്ലാവരും, മുസൽമാന്മാർ മിക്കവാറും നശിച്ചു. ഈ ദുഃഖവൎത്തമാനം തൽക്ഷണംതന്നെ റാണിയുടെ അടുക്കൽ എത്തി. ധൈൎയ്യവതിയായ രാജ്ഞി ആ നഗരത്തിലുള്ള സകല രജപുത്ര

സ്ത്രീകളേയും വേഗത്തിൽ അന്തഃപുരത്തിൽ വരുത്തി താഴെപറയുംപ്രകാരം അവരോടു ഉപദേശിച്ചു. ‘നമ്മുടെ രാജാവും സൈന്യങ്ങളും തീരെ നശിച്ചു; നമ്മുടെ പ്രിയപ്പെട്ടരാജ്യവും മുഹമ്മദീയരുടെ കൈവശമായി; ഈ സ്ഥിതിയിൽ നമുക്കു ശത്രുക്കളിൽനിന്നും സംഭവിക്കാവുന്ന അപമാനവും ഉപദ്രവവും എത്രമാത്രമെന്ന് ഊഹിക്കാൻപോലും പ്രയാസമാണ്. ഈ ആപത്തിൽനിന്നു നമുക്കു മോചനമായി ഒരു മാർഗ്ഗമേയുള്ളു. അത്, അഗ്നിപ്രവേശമാണ്. ഞാൻ അങ്ങിനെ പ്രവൎത്തിക്കുവാൻ നിശ്ചയിച്ചുകഴിഞ്ഞു. എന്നെ അനുഗമിക്കുവാൻ മനസ്സുള്ളവർ അങ്ങിനെ ചെയ്യുന്നത് എനിക്കു വളരെ സന്തോഷമാണ്. രാജ്ഞിയുടെ ഈ അഭിപ്രായം സ്ത്രീകൾക്കെല്ലാവൎക്കും ആശ്വാസകരമായിത്തീൎന്നു. സതികൾക്കു ഭൎത്തൃവിയോഗം മരണത്തേക്കാൾദുസ്സഹമാണല്ലൊ. ഉടനെ നഗരത്തിന്റെ മദ്ധ്യത്തിൽ ഒരു വലിയ അഗ്നികുണ്ഡമുണ്ടാക്കി, വിവരം രാജ്ഞിയെ അറിയിച്ചു. സ്ഥിരപ്രജ്ഞയായ നമ്മുടെ നായിക അന്തഃപുരത്തിൽനിന്നും ഉടനെ പുറത്തുവന്നു; അഗ്നിഭഗവാനെ ഭക്തിപുരസ്സരം ഏഴു പ്രദക്ഷിണം വെച്ചു; യാതൊരു ചാഞ്ചല്യവുംകൂടാതെ അഗ്നിപ്രവേശംചെയ്തു; മററുള്ളവരും അവരുടെ പ്രിയരാജ്ഞിയെ അനുഗമിച്ചു. അലാവുദീൻ നഗരത്തിൽവന്നപ്പോൾ പത്മിനിയെഎന്നല്ല, രജപുത്രവംശത്തിൽ ഉൾപ്പെട്ടഒരു യുവതിയെഎങ്കിലും അയാൾക്കു കാണാൻ കഴിഞ്ഞില്ല.

ദുഃമ്മോഹവും ദുഷ്ടതയുംകൂടെ ഒന്നായി അവതരിച്ച അലൌദീൻ ഭഗ്നാശയനായി സ്വരാജ്യത്തേക്കു മടങ്ങി. സതീശിരോമണിയായ പത്മിനി പാതിവ്രത്യത്തിന്റേയും സ്ഥിരപ്രജ്ഞയുടേയും ഒരു സ്മാരകസ്തംഭമായിത്തീരുകയും ചെയ്തു.

—೦೦೦—

# ൯. ഡോറോതി പാററിസൺ.

യോൎക്ക്ഷയറിൽ റിച്ച്മണ്ട് എന്ന പട്ടണത്തിനു സമീപമുള്ള ഹോക്സ്വെൽ ഗ്രാമത്തിലെ വികാരിയായിരുന്ന മാൎക്ക്പാററിസൻ്റെ പുത്രിയാകുന്നു നമ്മുടെ കഥാനായിക. ഈ മഹതി ൧൮൩൨-ൽ പ്രസ്തുതഗ്രാമത്തിൽ ജനിച്ചു. ഓക്സ്ഫോർഡിലുള്ള ലിങ്കൺകാളേജിൽ പണ്ഡിതനായിരുന്ന മാൎക്ക്പാററിസൻ്റെ സഹോദരിയാണ് ഈ സ്ത്രീരത്നത്തിൻെറ മാതാവ്. ശൈശവത്തിൽ ഡോറായുടെ ശരീരപ്രകൃതി വളരെ ബലഹീനമായിരുന്നെങ്കിലും, യൌവനാരംഭത്തോടുകൂടി ആരോഗ്യവും സൌഭാഗ്യവും വൎദ്ധിച്ചുവന്നു. നാട്ടുപുറങ്ങളിലെ സാധാരണ ഗൃഹകൃത്യങ്ങളും വിനോദങ്ങളും ഈ യുവതിയുടെ വീൎയ്യത്തിന്നും പ്രസരിപ്പിന്നും മതിയായിരുന്നില്ല; അതുകൊണ്ടു ഡോറ പതിവായി നായാട്ടുനായ്ക്കളേയുംകൊണ്ടു നായാട്ടിനു പോകാറുണ്ടായിരുന്നു. ഡോറ സ്വാതന്ത്ര്യാതിരേകം നിമിത്തം പിതാവിൻെറ പ്രീതിക്കു പ്രതികൂലമായി ഗ്രാമത്തിലെ പെൺപള്ളിക്കൂടത്തിൽ ഒരു ഉപാദ്ധ്യായിനിയുടെ സ്ഥാനം സ്വീകരിച്ചു. കുറച്ചുകാലം കഴിഞ്ഞപ്പോൾ, ഈ ഉദ്യോഗം തൻെറ ശക്തിക്കും സാമൎത്ഥ്യത്തിന്നും മതിയാവാത്തതാണെന്നും സ്വാതന്ത്ര്യത്തിന്നും സൌകൎയ്യത്തിന്നും അല്പം ഹാനികരമാണെന്നും കണ്ടതുകൊണ്ടു മിസ്സ് പാററിസൻ പ്രോട്ടസ്റ്റാണ്ടു മതസംബന്ധമായ ഒരു സ്ത്രീസമാജത്തിലെ അംഗമായിത്തീൎന്നു. ഈ സമാജത്തിലെ നിബന്ധനകൾ അനുസരിച്ചു ഡോറോതിക്കു ഗൈഹികമായി അടിച്ചുതളിക്കുക, പാത്രം തേക്കുക, കിടക്ക വിരിക്കുക മുതലായ പലേ ജോലികളും ചെയ്യേണ്ടിവന്നു എങ്കിലും, അവയിലൊന്നും അശേഷം അപ്രീതിയുണ്ടായിരുന്നില്ല; പക്ഷെ, പിതാവിനു മരണം ആസന്നമായിരിക്കുന്നതിനാൽ അദ്ദേഹത്തെ കാണുവാൻ പോകേണ്ടതിന് അല്പദിവസത്തെ അവധി ചോദിച്ചതു കൊടുക്കാതെ ഇരുന്നതുനിമിത്തം ഡോറയ്ക്കു് ആ സമാജത്തോട് അസാമാന്യമായ വെറുപ്പും ദ്വേഷ്യവും ഉണ്ടായി. എന്നിട്ടും കുറെക്കാലവും കൂടെ

ആ സമാജത്തിൽതന്നെ പണിയെടുത്തിരുന്നെങ്കിലും, അദ്ധ്യക്ഷയും ഡോറായും തമ്മിലുള്ള നിരസം ദിനമ്പ്രതി വൎദ്ധിച്ചുകൊണ്ടുവന്നു.

ഈ അസാമാന്യയായ സ്ത്രീരത്നത്തിന്റെ ബുദ്ധിസാമൎത്ഥ്യാദി പ്രത്യേക ഗുണങ്ങളെ പ്രദൎശിപ്പിക്കുവാൻ സംഗതിയായതു 'വാൽസാം' ആസ്പത്രിയിലെ മാനേജരായിത്തീൎന്നപ്പോഴാണ്. ആ പട്ടണത്തിലെ ജനങ്ങൾ ഡോറയുടെ ശീലഗുണത്താലും ശരീരകാന്തിയാലും വശീകരിക്കപ്പെട്ടു. ന്യായമാണെന്നു തനിക്കു പൂൎണ്ണബോധമുള്ള യാതൊരു പ്രവൃത്തിയിലും ഡോറ നിഷ്ക്രിയയായിരുന്നിട്ടില്ല. രോഗം എത്രതന്നെ ബീഭത്സമായിരുന്നാലും അതിന്റെ സമ്പൎക്കംകൊണ്ടുണ്ടാകാവുന്ന ഫലം എത്രതന്നെ ഭയങ്കരമായിരുന്നാലും, പരോപകാരതല്പരതയും സമസൃഷ്ടിസ്നേഹവും നിമിത്തം ഡോറ ആവക രോഗപീഡിതന്മാരെ ശുശ്രൂഷിക്കുന്നതിന് അല്പംപോലും സംശയിച്ചിട്ടില്ല. വസൂരി മുതലായ സാംക്രമികരോഗങ്ങൾ ബാധിച്ച രോഗികളെ പലപ്പോഴും, അന്യ സഹായം കൂടാതെ, ഡോറോതി ഏകാകിനിയായി കാത്തിരുന്നു ശുശ്രൂഷിച്ചിട്ടുണ്ട്. ഒരിക്കൽ ഒരു വസൂരിദീനക്കാരൻ രാത്രിസമയത്തു സുബോധമില്ലാതെ കട്ടിലിന്മേൽനിന്ന് എഴുന്നേറ്റ് അകത്തിന്റെ വാതൽവരെ ഓടിപ്പോയി. ഉടനെ ഡോറ ആ രോഗിയെ സംശയംകൂടാതെ ചെന്നു പിടിച്ചു കട്ടിലിന്മേൽ കിടത്തി; പിറെറന്നാൾ രാവിലെ ഡാക്ടർ വരുന്നതുവരെ അയാളെ പുറത്തേക്കയയ്ക്കാതെ പിടിച്ചുവെച്ചുകൊണ്ടിരുന്നു. വസൂരിരോഗം ബാധിച്ചവരിൽ ചിലൎക്കു, രോഗത്തിന്റെ കാഠിന്യത്തെ അനുസരിച്ചു, കഫാധിക്യംകൊണ്ടും മററും, ഏകദേശം മരിച്ചതുപോലെ, ബോധക്ഷയം ഉണ്ടാകുന്നതു സാധാരണയാണ്. ഈവക സന്ദൎഭങ്ങളിൽ പണത്തിനുമാത്രം പണിയെടുക്കുന്നവരും പരിചയമില്ലാത്തവരും രോഗി മരിച്ചു എന്നു കരുതി അയാളുടെ ജീവരക്ഷയിൽ ഉപേക്ഷ കാണിക്കുന്നതു പതിവാകുന്നു. എന്നാൽ, ഡോറ അങ്ങിനെയല്ലാ ചെയ്തിരുന്നത്. രോഗി മൂൎഛിച്ചു എന്നു കണ്ടാൽ, അയാളുടെ വായിൽ ഊതിയൂതി വായുസഞ്ചാരമുണ്ടാക്കുകയും കെട്ടിനില്ക്കുന്ന കഫം കൈകൊണ്ടു പുറത്തെടുത്തു കളയുകയും ചെയ്യും.

ഈ സംഗതി സാധാരണ ജനങ്ങൾക്കു വിശ്വാസയോഗ്യമാണെന്നു തോന്നുകയില്ലെങ്കിലും, ഇതു വാസ്തവമാണെന്ന് അനുഭവസ്ഥനായ ഒരാളാണ് പറഞ്ഞിരിക്കുന്നത്. ശസ്ത്രക്രിയയിൽ ഈ സ്ത്രീരത്നത്തിനുണ്ടായിരുന്ന സാമത്ഥ്യവും ധൈര്യവും അനന്യവനിതാസാധാരണമായിരുന്നു. ഒരിക്കൽ ഒരു രോഗിയുടെ കയ്യു മുറിച്ചുകളയേണമെന്നു ശസ്ത്രവൈദ്യൻ അഭിപ്രായപ്പെട്ടു. തന്റെ അഭിപ്രായം അതിനു പ്രതികൂലമായിരുന്നതുകൊണ്ട്, ആ രോഗം ശസ്ത്രക്രിയകൂടാതെ ഭേദപ്പെടുത്താമെന്നു ഡോറ ഭാരമേററു; തന്റെ സ്വന്തം കയ്യെന്നപോലെ ഡോറോതി മൂന്നാഴ്ചവട്ടകാലം, രാപ്പകൽ ഇളവുകൂടാതെ, ശ്രദ്ധയോടെ ശുശ്രൂഷിച്ച് ആ രോഗിയെ സുഖപ്പെടുത്തി. ഈ സംഭവം നിമിത്തം ആ രോഗിയെ ആസ്പത്രിയിലുള്ളവർ 'സിസ്റ്റർസ് ആറം' അതായതു, 'സഹോദരിയുടെ കയ്യ്' എന്നാണ് വിളിച്ചിരുന്നത്. ഒരിക്കൽ ഡോറയ്ക്കു ദീനം പിടിച്ചപ്പോൾ ഈ ആൾ ദീനസ്ഥിതി അന്വേഷിക്കുന്നതിനായി പതിനൊന്നു നാഴിക ദൂരത്തുനിന്നു ഞായറാഴ്ചതോറും രാവിലെ ആസ്പത്രിയിൽ ചെല്ലാറുണ്ടായിരുന്നു. അയാൾ ആസ്പത്രിയിലെ മണി അടിക്കുന്നതു കേട്ടു വേലക്കാർ ചെന്നാൽ, 'സഹോദരിയുടെ ദേഹസ്ഥിതി എങ്ങിനെയിരിക്കുന്നു?' എന്നു വളരെ താല്പര്യത്തോടെ ചോദിക്കുകയും 'മണിയടിച്ചതു സഹോദരിയുടെ കയ്യാണെന്നു പറയണം' എന്ന് അവരോട് അപേക്ഷിക്കുകയും ചെയ്യുക പതിവായിരുന്നു.

ചതവു മുതലായ രോഗങ്ങൾക്കു മരുന്നും മററും വെച്ചുകെട്ടുക, പല്ലു പറിക്കുക മുതലായ പ്രവൃത്തികൾ അന്യാപേക്ഷകൂടാതെ ഡോറാ തന്നെ ചെയ്തിരുന്നതുകൊണ്ടു ഡോക്ടർക്കു പകുതി പണി കുറവായിരുന്നു. മുറിവുകളിന്മേലും മററും മരുന്നുവെച്ചു കെട്ടുന്നതിൽ ഡോറയ്ക്കുണ്ടായിരുന്ന സാമത്ഥ്യം കണ്ടു ബർമിങ്ങാമിലെ ഒരു ഡാക്ടർ അദ്ദേഹത്തിന്റെ ശിഷ്യന്മാരോട് ആ പ്രവൃത്തിയിൽ ഡോറയെ ഒരു മാതൃകയായി അനുകരിക്കേണമെന്ന് ഉപദേശിക്കയുണ്ടായി. തന്റെ അസാമാന്യമായ ശക്തി പ്രയോഗിക്കുന്നതു ഡോറയ്ക്കു വളരെ രസമായിരുന്നു. രോഗികൾ വല്ലപ്പോഴും ക

ട്ടിലിന്മേൽനിന്നും മററം താഴത്തു വീണാൽ, ഡോറ മററുള്ളവരു ടെ സഹായം ആവശ്യപ്പെടാതെ, അവരെ തന്നെത്താൻ എടു ത്തു കട്ടിലിന്മേൽ കിടത്തും; വല്ലപ്പോഴും ഒരു രോഗി മരിച്ചാൽ, മററുള്ളവരെ അറിയിക്കാതെ, ആ ശവശരീരം നിഷ്പ്രയാസമായി തനിയേ എടുത്തു ശവമുറിയിൽ കൊണ്ടുപോയി വെക്കും. ഡോ റയുടെ സ്വഭാവത്തിനുണ്ടായിരുന്ന ചില ന്യൂനതകൾ ആ മഹ തിയുടെ ചരിത്രകാരിയായ മിസ്സ് ലോൺസ്ഡേയിൽ മാച്ചുവെ ച്ചിട്ടില്ല. തന്റെ അസാമാന്യമായ കായബലത്തിലുള്ള വിശ്വാ സം നിമിത്തം ഡോറ പലപ്പോഴും ആ ശക്തി അതിരുകടന്നു പ്രയോഗിച്ചിരുന്നു; ഡോറയുടെ അഭിപ്രായത്തിന്നും അഭിരുചി ക്കും അനുസരിക്കാത്ത സംഗതികളിൽ അനല്പമായ വെറുപ്പോടെ പ്രവൎത്തിച്ചിരുന്നു. എന്നാൽ ഡോറയുടെ സഹജമായ സ്ഥൈ ൎയ്യം സ്ത്രീസ്വഭാവത്തിന്റെ അതിരിനെ ലംഘിച്ചിട്ടില്ല. സാധാ രണയായി കല്പനാശക്തിയുള്ള ഒരു സ്ത്രീക്കു ഡൊറോതിയെപ്പോ ലെ കാൎയ്യങ്ങൾ നിൎവ്വഹിക്കുവാൻ കഴിയുന്നതല്ല. ഇങ്ങിനെയൊ ക്കെയാണെങ്കിലും, പുരുഷപ്രകൃതിയെ പ്രദൎശിപ്പിക്കുന്ന യാതൊ രു സ്വഭാവവും ഡോറയിലുണ്ടായിരുന്നില്ല. എന്തുകൊണ്ടെ ന്നാൽ, ഈ സ്ത്രീരത്നത്തിന്റെ ഹൃദയം സഹജമായ സ്നേഹശീല ത്തോടും സമസൃഷ്ടികളുടെ സങ്കടാവസ്ഥയിൽ സഹതാപത്തോ ടും കൂടിയതായിരുന്നു; എന്നുതന്നെയുമല്ല, സകല സമയത്തും സന്തോഷസംമിശ്രമായ സംഭാഷണം മററുള്ളവരുടെ മനസ്സിനെ ആകൎഷിക്കുന്നതുമായിരുന്നു. ഡോറോതിയുടെ പ്രവൃത്തികളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്ന നിൎവ്യാജമായ ശുഷ്കാന്തിയും ഉ ത്സാഹശീലവും ഈ മഹതിയുടെ ആലോചനാശക്തിയേക്കാൾ ബഹുമാനിക്കത്തക്കതായിരുന്നു. ഡോറയുടെ ശരീരശക്തിയെ വേണ്ടിട്ടും വേണ്ടാതേയും ഉപയോഗിച്ചിരുന്നത് ഒരു തെററാണ്. "ഈ മഹതിയുടെ സകല വിജയങ്ങൾക്കും ആസ്പദമായ സൌന്ദ ൎയ്യത്തെ സഹായിച്ചിരുന്ന ആരോഗ്യം അനൎഹമായി ഉപയോ ഗിച്ചിരുന്നതു പ്രകൃതിയുടെ ഔദാൎയ്യത്തിൽ കൃതഘ്നത കാണിക്കുക

യായിരുന്നു'' എന്നു ഡോറയുടെ ഇഷ്ടജനങ്ങൾ പറഞ്ഞിരുന്നു. ശസ്ത്രക്രിയകൾ ചെയ്യുന്ന സമയത്തു ഡോറ പ്രദശിപ്പിച്ചിരുന്ന ശാന്തത മനഃകാഠിന്യത്തിൻെറ പ്രതിഫലനമാണെന്നു പലരും പറയാറുണ്ട്; എന്നാൽ, ഡോറയുടെ മമത ധൈര്യത്തോളംതന്നെ ശക്തിമത്തായിരുന്നു എന്നുമാത്രമല്ല, അതു ലോഭംകൂടാതെ സാധുക്കളിൽ വ്യയം ചെയ്കയും പതിവായിരുന്നു. ഇത്ര അദ്ധ്വാനമുള്ള ജോലികളിൽ പ്രവേശിച്ചിട്ടുള്ള സ്ത്രീകൾ ചുരുക്കമാണ്; എങ്കിലും, ഒരു ആസ്പത്രിയിലെ ജോലികൾ നടത്തുന്നത് ഒരു സ്ത്രീക്കു ചെയ്വാൻ കഴിയുന്ന പ്രവൃത്തികളുടെ പരമാവധിയാണെന്നു ഡോറ സംശയിച്ചിരുന്നില്ല. ''ഒരു സ്ത്രീയുടെ പ്രധാന രംഗം ഗൃഹമാണ്. എൻെറ ജീവിതകാലത്തെ ഒന്നുകൂടി ആവത്തിക്കാൻ കഴിയുന്നപക്ഷം ഞാൻ നിശ്ചയമായും വിവാഹം ചെയ്യും; എന്തുകൊണ്ടെന്നാൽ, ഒരു സ്ത്രീ ഒരു പുരുഷനോടുകൂടി താമസിക്കേണ്ടതും അയാളുടെ ഭരണത്തിൻ കീഴിലായിരിക്കേണ്ടതുമാകുന്നു.'' എന്നായിരുന്നു ഡോറയുടെ അഭിപ്രായം. മദ്യപാനാദി ദുരാചാരങ്ങളിൽനിന്നു പല പുരുഷന്മാരും ഈ സ്ത്രീരത്നത്തിൻെറ ഉപദേശംകൊണ്ടു നിവത്തരായിട്ടുണ്ട്. താൻ ശുശ്രൂഷിച്ചു രക്ഷിച്ചിട്ടുള്ളവരിൽ ആരേയും ഡോറ വിസ്മരിച്ചിട്ടില്ലെന്നുമാത്രമല്ല, അങ്ങിനെയുള്ളവർ കൃതജ്ഞതാപൂർവ്വം ആസ്പത്രിയിൽ ചെന്നു സന്ദശിക്കുന്നസമയം അവരെ സന്തോഷസമേതം സ്വീകരിച്ചു സല്ക്കരിച്ചയയ്ക്കുന്നതും പതിവായിരുന്നു. ൧൮൭൮-ൽ ഡോറ ചരമഗതിയെ പ്രാപിച്ചു. ഈ മഹതിയുടെ പരോപകാരതല്പരത മുതലായ ഗുണങ്ങളെ സൂചിപ്പിക്കുന്ന ഒരു സ്മാരകസ്തംഭം വാൽസാളിൽ സ്ഥാപിച്ചിട്ടുണ്ട്.

## ൧൦. ഭാരതി.

'ശ്രീശങ്കരാചാൎയ്യസ്വാമികളുടെ സമകാലീനയും സ്വാമികളുടെ പ്രധാനശിഷ്യനായ 'സുരേശ്വരാചാൎയ്യൻ', അല്ലെങ്കിൽ 'മണ്ഡനമിശ്രൻ' എന്ന ബ്രാഹ്മണന്റെ കുടുംബിനിയുമായിരുന്ന ഭാരതീദേവിയെപ്പററി ശങ്കരാചൎയ്യചരിത്രം നിശ്ചയമുള്ള എല്ലാവരും കേട്ടിട്ടുണ്ടായിരിക്കാം. എന്നാൽ മണ്ഡനമിശ്രനും സ്വാമികളുമായിട്ടുണ്ടായ വാദത്തിൽ ജയപരാജയങ്ങൾ നിൎണ്ണയിപ്പാനുള്ള ചുമതല വഹിച്ചിരുന്നതു ഭാരതീദേവിയാണെന്നറിയുമ്പോൾ, ആ സ്ത്രീരത്നത്തിന്റെ വൈദുഷ്യം മേൽപറഞ്ഞ രണ്ടുപേരുടേയും വൈദുഷ്യത്തോടു സദൃശമോ, അല്ലെങ്കിൽ അതിനെ അതിശയിക്കത്തക്കതോ ആയിരുന്നു എന്നൂഹിക്കാമല്ലോ. ആചാൎയ്യസ്വാമികളുടെ സൎവ്വജ്ഞത്വം ലോകപ്രസിദ്ധമാകുന്നു. ആ സ്ഥിതിക്കു സ്വാമിയുടെ ജ്ഞാനത്തിന്റെ മാററുരച്ചു പരിശോധിച്ച ഭാരതീദേവിയുടെ ജ്ഞാനം ഒട്ടും നിസ്സാരമായിരിക്കുകയില്ലെന്നു നിശ്ചയമാണല്ലോ. എന്നാൽ ഭാരതിയുടെ ശരിയായ ഒരു ജീവചരിത്രം അറിയുവാൻ യാതൊരു നിവൃത്തിയുമില്ല. സാധാരണനിലയിൽനിന്നു കവിഞ്ഞ യോഗ്യതക്കു് അമാനുഷത്വം കല്പിക്കുന്നതു ഹിന്തുക്കളുടെ പതിവാണ്. ഈ പതിവു ഭാരതീദേവിയെ സംബന്ധിച്ചും ആചരിച്ചുപോന്നിട്ടുണ്ട്.

ഭാരതീദേവിയുടെ ഒരു സംക്ഷിപ്തചരിത്രം 'ശങ്കരവിജയം എന്ന കാവ്യത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. ഈ ഗ്രന്ഥത്തിന്റെ കൎത്താവു ശങ്കരാചാൎയ്യരുടെ ഒരു ശിഷ്യനും വിദ്യാരണ്യസ്വാമി എന്നു കേൾവിപ്പെട്ടവനുമായ മാധവാചാൎയ്യരാകുന്നു. അതുകൊണ്ട് ആ കാവ്യത്തിൽ പ്രസ്താവിച്ചിരിക്കുന്ന സംഗതികൾ വിശ്വാസയോഗ്യങ്ങളാണെന്നതിനു സംശയമില്ല. ഭാരതീദേവിയുടെ ജനനസ്ഥലം കാശിയിൽനിന്നു തെക്ക് ശോണനദത്തിന്റെ തീരമാണ്.

'സാ ശോണതീരേജനിവിപ്രകന്യാ
സൎവ്വാൎത്ഥവിൽ സൎവ്വഗുണോപപന്നാ
യസ്യാ ബഭൂവുസ്സഹജാ ശ്ച വിദ്യാഃ',

അൎത്ഥം—'അവൾ ശോണതീരത്തിൽ ബ്രാഹ്മണകന്യകയായി ജനിച്ചു; അവൾ സൎവ്വജ്ഞയും സൌന്ദൎയ്യസൌശില്യാദി സകലഗുണങ്ങൾ തികഞ്ഞവളുമായിരുന്നു; അവൾക്കു സകലവിദ്യകളും സ്വതസ്സിദ്ധങ്ങളായിരുന്നു' എന്നു ദേവിയുടെ ജനനത്തെപ്പററി പ്രസ്തുതഗ്രന്ഥത്തിൽ കാണുന്നുണ്ട്. എന്നുതന്നെയല്ല, 'ബാലയായ അവൾ അറിയാത്തതായി യാതൊരു വിദ്യയും ഇല്ല' എന്നും പറയുന്നു. ഭാരതിയുടെ അച്ഛന്റെ പേർ വിഷ്ണുമിത്രൻ എന്നായിരുന്നു. മാതാവിന്റെ പേർ എന്തായിരുന്നു എന്നു പറഞ്ഞുകാണുന്നില്ല. 'ഏകസന്താനമല്ലെ എന്നു വിചാരിച്ചു ഗൃഹകൃത്യങ്ങളൊന്നും ബാലയായ ഇവളെ പഠിപ്പിച്ചിരുന്നില്ലെന്നുകാണുന്നതുകൊണ്ടു നമ്മുടെ നായിക മാതാപിതാക്കന്മാരുടെ ഏകപുത്രിയായിരുന്നു എന്നൂഹിക്കാം. ഈ മഹതിയെ 'ഉഭയഭാരതി', രണ്ടുവിധത്തിൽ ഭാരതി എന്നു വിദ്വാന്മാർ വിളിച്ചുവന്നിരുന്നു. അതിന്നു കാരണം സാക്ഷാൽ ഭാരതീദേവിയെപ്പോലെ സൎവ്വജ്ഞയായിരുന്നു എന്നതും ഭാരതീ എന്നു നാമധാരണം ചെയ്തിരുന്നു എന്നുമാണ്. സരസ്വതിയുടെ അവതാരമാണെന്നു വിചാരിച്ചു നമ്മുടെ നായികക്കു് ആ ദേവിയുടെ പൎയ്യായങ്ങളായ ശാരദാ, സരസ്വതീ എന്നീ പേരുകൾ ഉപയോഗിച്ചിരുന്നു. കുമാരിലഭട്ടൻ ശങ്കരാചാൎയ്യസ്വാമികളോടു ഭാരതിയെപ്പററി പ്രസ്താവിച്ചപ്പോൾ 'ഉംബേതിബാന്ധവജനൈരഭിധീയമാനാ', എന്നു പറഞ്ഞുകാണുന്നതിൽനിന്നു ബന്ധുജനങ്ങൾ ഭാരതിയെ ഓമനപ്പേരായി 'ഉംബാ' എന്നും വിളിച്ചിരുന്നു എന്നു നിശ്ചയിക്കാം.

ഭാരതിയുടെ വിദ്യാഭ്യാസത്തെപ്പററി 'വിദ്യകൾ എല്ലാം സഹജങ്ങളായിരുന്നു' എന്നല്ലാതെ മറെറാന്നും പ്രസ്താവിച്ചുകാണുന്നില്ല. ഭാരതിയുടെ വിവാഹം ബാല്യത്തിൽതന്നെ കഴിഞ്ഞതായിട്ടാണ് പറഞ്ഞിരിക്കുന്നത്. 'അല്ലയോ വത്സ! ഇവൾ ബാലയാണ്; നല്ലവാക്കു പറഞ്ഞുനടത്തണം; രൂക്ഷവാക്കുകൾ ഉപയോഗിച്ചാൽ ശുണ്ഠിനിമിത്തം ഒന്നും വേണ്ടതുപോലെ അവൾ

ചെയ്കയില്ല'. എന്നു ഭാരതി വിവാഹാനന്തരം ഭർത്തൃഗൃഹത്തിലേക്കു യാത്രയായപ്പോൾ, മാതാവു പുത്രിയെ കുറിച്ചു വരനോടു പറയുന്നു. ഇതിൽനിന്നു വിവാഹംനടന്നതു ബാല്യത്തിലാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

ഭാരതീദേവിയുടെ ഭർത്താവായ മണ്ഡനമിശ്രനെ ബ്രഹ്മാവിന്റെ ഒരു അവതാരമായിട്ടാണ് ജനങ്ങൾ വിചാരിച്ചിരുന്നത്. ഇദ്ദേഹത്തെപ്പററി കുമാരിലഭട്ടൻ ആചാര്യസ്വാമികളോടു താഴെ പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

.................................................

'സുധീശ്വരോ മണ്ഡനമിശ്രശർമ്മാ
ദിഗന്തവിശ്രാന്തയശാ വിജേയോ
യസ്മിൻ ജിതേ സർവ്വമിദം ജിതം സ്യാൽ

സദാ വദൻ യോഗപദം ച സാമ്പ്രതം
സഃ വിശ്വരൂപഃ പ്രഥിതോ മഹീതലേ
മഹാഗൃഹീ വൈദികകർമ്മതൽപരഃ
പ്രവൃത്തിശാസ്ത്രേ നിരതഃ സ്വകർമ്മഠഃ

.................................................

നിവൃത്തിശാസ്ത്രേ ന കൃതാദരഃ സ്വയം

.................................................

ഉംബേക ഇത്യഭിഹിതസ്യ ഹിതസ്യലോകേ'

അർത്ഥം—'പണ്ഡിതശ്രേഷ്ഠനായും ലോകംമുഴുവൻ വ്യാപിച്ചിരിക്കുന്ന കീർത്തിയോടുകൂടിയവനായും ഉള്ള മണ്ഡനമിശ്രശർമ്മാവിനെ വാദത്തിൽ ജയിക്കണം; അദ്ദേഹത്തെ ജയിച്ചാൽ സർവ്വരേയും ജയിച്ച ഫലം സിദ്ധിക്കും; അദ്ദേഹം എല്ലായ്പോഴും കർമ്മയോഗത്തിന്നു പ്രാധാന്യം കല്പിക്കുന്നു; അദ്ദേഹത്തിനെ വിശ്വരൂപൻ എന്നും വിളിച്ചുവരാറുണ്ട്; അദ്ദേഹം ലോകപ്രസിദ്ധനാണ്. അതിന്നും പുറമെ, വേദോക്തകർമ്മങ്ങളെ യഥാവിധി അനുഷ്ഠിക്കുന്ന ഒരു മുഖ്യ ഗൃഹസ്ഥാശ്രമിയുമാണ്. എന്നുതന്നെയല്ല, നിവൃത്തിമാർഗ്ഗത്തെ അനാദരിച്ചു പ്രവൃത്തിമാർഗ്ഗനിരതനായ ഒരു

കൎമ്മയോഗിയുമാണ്; അദ്ദേഹത്തെ 'ഉംബേകൻ,' എന്നും വിളിച്ചുവരാറുണ്ട്.

ഈ പറഞ്ഞ സംഗതികൾകൊണ്ടു മണ്ഡനമിശ്രന്റെ സ്വഭാവം ഏകദേശം മനസ്സിലാക്കാം. അദ്ദേഹത്തിന്നു 'വിശ്വരൂപൻ,' 'ഉംബേകൻ', എന്നിങ്ങിനെ രണ്ടുപേരുകൾകൂടി ഉള്ളതായി അറിയുകയും ചെയ്യാം.

മണ്ഡനമിശ്രന്റെ ജനനസ്ഥലം രാജഗൃഹം എന്നും മാഹിഷ്മതിയെന്നും പറഞ്ഞുകാണുന്നു. രണ്ടും വാസ്തവത്തിൽ ഒന്നുതന്നെയായിരിക്കാം. മണ്ഡനമിശ്രന്റെ പിതാവു ഹിമമിത്രനാണ്. ഭാരതീദേവിയിൽ മണ്ഡനമിശ്രനു സന്താനങ്ങൾ ഉണ്ടായതായി പറയുന്നില്ല. എങ്കിലും ഭാരതിദേവി മാതൃസമീപത്തിൽ താമസിക്കുന്ന കാലത്തു ത്രികാലജ്ഞനായ ഒരു യോഗി അവിടെ ചെന്നിരുന്നു എന്നും, ഭാരതിയുടെ അമ്മ അദ്ദേഹത്തോടു മകളുടെ ഭാവിയെ പററി ചോദിച്ചപ്പോൾ അദ്ദേഹം താഴെ വരുംപ്രകാരം പറഞ്ഞു എന്നും കാണുന്നുണ്ട്. നിന്റെ പുത്രി ശ്രീപാൎവ്വതി പരമേശ്വരനെ പ്രാപിച്ചതുപോലെയും ലക്ഷ്മിദേവി മഹാവിഷ്ണുവിനെ പ്രാപിച്ചതുപോലെയും അനുരൂപനായവനെ (മണ്ഡനമിശ്രനെ) ഭൎത്താവായി സ്വീകരിച്ചു സകല യാഗങ്ങളും അനുഷ്ഠിച്ചു പുത്രന്മാരോടുകൂടി വളരെ കാലം സന്തോഷിക്കും' എന്നു പറഞ്ഞുവത്രെ. ഈ ഭവിഷ്യദ്ദൎശനത്തെ ഉദ്ദേശിച്ച് 'എല്ലാം അതുപോലെതന്നെ എനിക്കു അനുഭവമായി' എന്നു നമ്മുടെ നായിക ശങ്കരാചാൎയ്യസ്വാമികളുടെ അടുക്കൽ പ്രസ്താവിച്ചതായും കാണുന്നുണ്ട്. ഈ സ്ഥിതിക്കു സന്താനങ്ങൾ ഉണ്ടായിരുന്നു എന്നൂഹിക്കാം. 'സസുതാ,' എന്ന പദത്തിന്നു 'സുതൈസ്സഹവൎത്തമാനാ' എന്നു വ്യാഖ്യാനവും കാണുന്നു. വിവാഹാനന്തരം ഭാരതിദേവിയുടെ താമസം ഭൎത്തൃഗൃഹത്തിൽ തന്നെയായിരുന്നു എന്നു വിശേഷിച്ചു പറയേണമെന്നില്ലല്ലൊ.

ഒരിക്കൽ ശങ്കരാചാൎയ്യർ പ്രയാഗയിൽ താമസിക്കുമ്പോൾ മണ്ഡനമിശ്രന്റെയും അദ്ദേഹത്തിന്റെ കുടുംബിനിയുടേയും

വൈദുഷ്യം മുതലായ യോഗ്യതകളെ പററി കേട്ട നിവൃത്തിമാൎഗ്ഗനിരതനായിരുന്ന ആചാൎയ്യസ്വാമികൾക്കു പ്രവൃത്തിമാൎഗ്ഗത്തെ സശ്രദ്ധം അനുഷ്ഠിച്ചുവന്നിരുന്ന മണ്ഡനമിശ്രനെ വാദത്തിൽ തോല്പിച്ചു ശിഷ്യനാക്കുന്നതു സ്വമതപ്രതിഷ്ഠെക്കു വളരെ നന്നായിരിക്കുമെന്നു തോന്നി. അങ്ങിനെ, പ്രവൃത്തിമാൎഗ്ഗത്തിനേക്കാൾ പ്രാധാന്യം നിവൃത്തിമാൎഗ്ഗത്തിന്നുണ്ട് എന്നു് ഉദാഹരണസഹിതം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ ഒരു വഴിയും സിദ്ധിക്കുമല്ലൊ. അക്കാലത്തു ജനങ്ങൾ പ്രവൃത്തിമാൎഗ്ഗത്തിന്നു നിവൃത്തിമാൎഗ്ഗത്തെക്കാൾ പ്രാധാന്യം കല്പിച്ചിരുന്നു. ആ മാൎഗ്ഗത്തെ വളരെ നിഷ്ഠയോടുകൂടി അനുഷ്ഠിച്ചുവന്നിരുന്നവരിൽ കുലം, വിദ്യാ, സമ്പത്തു, സൽസ്വഭാവം മുതലായ സകലയോഗ്യതകൾകൊണ്ടും മണ്ഡനമിശ്രൻ ഒരു പ്രധാനിയായിരുന്നു.

ആചാൎയ്യസ്വാമികൾ മാഹിഷ്മതിയിൽ എത്തി, മണ്ഡനമിശ്രൻെറ ഗൃഹം എവിടെയെന്നു ചില സ്ത്രീകളോടു ചോദിച്ചു. അപ്പോൾ അവര് ഇങ്ങിനെ ഉത്തരം പറഞ്ഞു.

'സ്വതഃ പ്രമാണം പരതഃ പ്രമാണം
കീരാംഗനായത്ര ഗിരം ഗിരന്തി
ദ്വാരസ്ഥനീഡാന്തരസന്നിരുദ്ധാഃ
ജാനീഹിതന്മണ്ഡന പണ്ഡിതോകഃ.

അൎത്ഥം—'ഗൃഹദ്വാരത്തിങ്കൽ കൂട്ടിലിരിക്കുന്ന പൈങ്കിളികൾ വേദവാക്യങ്ങളെ സദാ ഉച്ചരിക്കുന്നതു കേട്ടാൽ അതു മണ്ഡനമിശ്രൻെറ ഗൃഹമാണെന്നു നിശ്ചയിച്ചോളു'. ഈ ഉപദേശപ്രകാരം ആചാൎയ്യസ്വാമികൾ മണ്ഡനമിശ്രൻെറ ഗൃഹത്തിൽ പ്രവേശിച്ചു. അപ്പോൾ മണ്ഡനമിശ്രൻ ശ്രാദ്ധത്തിന്നു ക്ഷണിച്ചു വരുത്തിയ രണ്ടു ഋഷിശ്രേഷ്ഠന്മാരുടെ പാദപ്രക്ഷാളനം ചെയ്യുകയായിരുന്നു. ശ്രാദ്ധസമയം സന്യാസിയുടെ ആഗമനം മണ്ഡനമിശ്രന്നു് ആദ്യം അത്ര രസിച്ചില്ല; എങ്കിലും, ആചാൎയ്യസ്വാമികളുടെ യോഗ്യതയെപ്പററി ഋഷീശ്വരന്മാർ പുകഴ്ത്തിയപ്പോൾ, അദ്ദേഹം സന്തോഷിച്ചു സ്വാമികളെ ഭിക്ഷക്കായി ക്ഷണിച്ചു. അപ്പോൾ സ്വാമികൾ ഇങ്ങിനെ മറുപടിപറഞ്ഞു.

'ഹെ സൌമ്യ! ഞാൻ വാദഭിക്ഷയെ ഇച്ഛിച്ചുകൊണ്ടാണ് അങ്ങയുടെ സമീപത്തിൽ വന്നിരിക്കുന്നത്; തോല്ക്കുന്ന ആൾ ജയിക്കുന്ന ആളുടെ ശിഷ്യനായിരുന്നുകൊള്ളാമെന്ന നിശ്ചയത്തോടുകൂടി ആ ഭിക്ഷ അങ്ങ് എനിക്കു തരണം; പ്രാകൃതഭക്തന്മാരുടെ ഭോജനഭിക്ഷ ഞാൻ സ്വീകരിക്കുകയില്ല'. ഇതുകേട്ടപ്പോൾ അപ്രകാരം വാദഭിക്ഷാ ദാനം ചെയ്യുന്നതിൽ തനിക്കും സന്തോഷം തന്നെയാണ് എന്നു മണ്ഡനമിശ്രൻ സമ്മതിച്ച് ഇപ്രകാരം പറഞ്ഞു.

'ഞാൻ വാദം ചെയ്യാം; എനിക്ക് ഈ കാൎയ്യത്തിൽ ലേശം സംശയം ഇല്ല; എന്നാൽ നമ്മുടെ ജയാപജയങ്ങൾ തീൎച്ചപ്പെടുത്തുവാൻ ആരും ഇല്ലല്ലൊ; നമ്മുടെ വിവാദം കണ്ഠശോഷം മാത്രമായി തീരരുത്; എന്താണെന്നല്ലേ, നാം അന്യോന്യം ജയത്തെ ഉദ്ദേശിച്ചാണല്ലൊ വാദിക്കുന്നത്'. ഇതിൽ മദ്ധ്യസ്ഥന്മാരായിരുന്നാൽ കൊള്ളാമെന്ന് അതിഥികളായ മഹൎഷിമാരോടു മണ്ഡനമിശ്രൻ അപേക്ഷിച്ചപ്പോൾ, 'അങ്ങയുടെ വിദുഷിയായ ഭാൎയ്യയെ സാക്ഷിയാക്കി കല്പിച്ചു വാദം നടത്തിയാലും' എന്നു അവർ മറുപടിപറഞ്ഞു. അപ്രകാരം മണ്ഡനമിശ്രൻ സകലവിദ്യകളിലും ഒരുപോലെ നൈപുണ്യമുള്ളവളും തന്റെ സഹധൎമ്മചാരിണിയുമായ ഭാരതിയെ സാക്ഷിയാക്കി കല്പിച്ചു ആചാൎയ്യസ്വാമികളുമായി വാദത്തിന്നു് ആരംഭിച്ചു. അപ്പോൾ 'പതിദേവതയായ ഭാരതി ഭൎത്താവിന്റെ ആജ്ഞാനുസരണം സദസ്സിൽ വന്നു; മേൽ പറഞ്ഞ രണ്ടുപേരുടേയും ശാസ്ത്രജ്ഞാനത്തെ താരതമ്യപ്പെടുത്തുവാനായി ബ്രഹ്മസദസ്സിൽനിന്നു വന്ന വാഗ്ദേവിയെപ്പോലെ അവൾ ശോഭിച്ചു'.

വാദം ആരംഭിക്കുന്നതിന്നുമുമ്പായി ശങ്കരാചാൎയ്യസ്വാമികൾ ഇങ്ങിനെ പ്രതിജ്ഞചെയ്തു. 'അല്ലയൊ മണ്ഡന! ഞാൻ ജയിക്കും എന്നുള്ളതു നിശ്ചയംതന്നെ; അഥവാ തോററുവെങ്കിൽ, ഞാൻ കാവിവസ്ത്രവും സന്യാസവും ഉപേക്ഷിച്ചു വെള്ളവസ്ത്രം ധരിച്ചുകൊള്ളാം; ഈ ഉഭയഭാരതി നമ്മുടെ വാദത്തിൽ ഉണ്ടാകാവു

ന്ന ജയാപജയങ്ങളുടെ പ്രതിദീപികയായിരിക്കട്ടെ!'. ഇതേമാതിരിയിൽത്തന്നെ മണ്ഡനമിശ്രനും പ്രതിജ്ഞചെയ്തു.

'ഈ വാദത്തിൽ എനിക്ക് അപജയം സംഭവിച്ചാൽ, ഞാൻ നിങ്ങളുടെ നിശ്ചയത്തിന്നു വിപരീതമായി വെള്ളവസ്ത്രം കളഞ്ഞു കാവിവസ്ത്രവും സന്ന്യാസവും കൈക്കൊള്ളാം. അങ്ങ് ഉഭയഭാരതി എന്നു സമ്മതിച്ചിരിക്കുന്നവളായ എന്റെ ഈ വധു, (ഭാൎയ്യ) അവൾക്ക് അറിവുണ്ട് എങ്കിൽ, സാക്ഷിയായി ഭവിക്കട്ടെ!'.

ഈ നിശ്ചയപ്രകാരം സ്നാനം, സന്ധ്യാവന്ദനം മുതലായ നിത്യകൎമ്മാനുഷ്ഠാനം കഴിഞ്ഞ ഉടനെ ആചാൎയ്യസ്വാമികളും മണ്ഡനമിശ്രനും വാദം ആരംഭിച്ചു. എന്നാൽ വാദം തുടങ്ങുന്നതിന്നു മുമ്പു നമ്മുടെ നായിക രണ്ടു പുഷ്പമാലകൾ ഉണ്ടാക്കി രണ്ടുപേരുടേയും കഴുത്തിൽ ധരിപ്പിച്ചു; തോററ ആളുടെ മാല വാട്ടുമെന്നുപറഞ്ഞു ഗൃഹകൃത്യങ്ങൾക്കായി പോവുകയും ചെയ്തു. അനന്തരം അവർ വളരെ ക്ഷേമമായിട്ടു വാദിച്ചു. ആ വാദത്തെ സഭാവാസികൾ അപ്പോഴപ്പോൾ സാധു വാദംകൊണ്ടു അഭിനന്ദിച്ചു. സ്വപക്ഷം സാക്ഷികരിക്കുന്നതിന്നായി രണ്ടുപേരും സൎവ്വവേദങ്ങളേയും ഉദ്ധരിച്ചു, അന്യോന്യം സന്തോഷം വൎദ്ധിപ്പിച്ചു. ദിവസംതോറും ആ ഉഭയഭാരതി മദ്ധ്യാഹ്നത്തിൽ സദസ്സിൽചെന്നു ഭൎത്താവിനോടു ഭക്ഷണകാലമായി എന്നും ആചാൎയ്യസ്വാമികളോടു ഭിക്ഷയ്ക്കു സമയമായി എന്നും അറിയിക്കും. ഇപ്രകാരം അഞ്ചാറു ദിവസം കഴിഞ്ഞു.

ഒരുദിവസം ഭക്ഷണകാലമായി എന്നറിയിക്കുവാൻ ദേവി സദസ്സിൽ വന്നപ്പോൾ ഭൎത്താവിന്റെ മാലയ്ക്കു വാട്ടം തട്ടിയിരിക്കുന്നതായി കണ്ടു രണ്ടുപേരോടും 'ഭിക്ഷാൎത്ഥമുച്ചലനം' എന്നപേക്ഷിച്ചു. മണ്ഡനമിശ്രൻ വാദത്തിൽ തോററാൽ സന്ന്യാസം സ്വീകരിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്തിട്ടുണ്ടായിരുന്നതുകൊണ്ടാണ് ദേവി അങ്ങിനെ അറിയിച്ചത്. സന്ന്യാസികളോടു ഭിക്ഷയ്ക്കു സമയമായി എന്നല്ലാതെ, ഭക്ഷണം കാലായി എന്നു പറയാറില്ല. ര

ണ്ടുപേക്കും ഭിക്ഷുക്കു സമത്വമായി എന്നുള്ള ഭാരതീദേവിയുടെ വാക്കിൽനിന്നു മണ്ഡനമിശ്രൻ തോററു എന്നും മുൻനിശ്ചയപ്രകാരം സന്യാസസ്വീകാരമല്ലാതെ അദ്ദേഹത്തിനു ഗത്യന്തരമില്ലെന്നും സ്പഷ്ടമായി. തദനന്തരം, ഭത്താവിൻെറ സന്യാസസ്വീകാരം ഹേതുവായിട്ട് ഇനി തൻെറ ഇഹലോകവാസം അനഹ്മാണെന്നുള്ള സതീധമ്മനിഷ്ഠയെ പ്രത്യക്ഷമാക്കുന്നതിന്നു ദേവി തുനിഞ്ഞു. അപ്പോൾ ആചായ്യസ്വാമികൾ ദേവിയെക്കൂടി വാദത്തിൽ ജയിക്കേണമെന്നു കരുതി അരണ്യദുഗ്ഗാമന്ത്രംകൊണ്ട് ആ മഹതിയെ തടഞ്ഞുനിറുത്തി, ഇങ്ങിനെ പറഞ്ഞു. 'അല്ലയൊ മാതാവെ! ഭവതിയുടെ അത്യന്തഭക്തനായ ഞാൻ അവിടുത്തെ സ്വസ്ഥാനപ്രാപ്തിക്കു യാതൊരിക്കൽ അനുവാദം തരുന്നുവൊ, അപ്പോൾ ഗമിക്കാം'.

ഭാരതി:— 'ലോകപ്രസിദ്ധനായ എൻെറ ഭത്താവിനെ അങ്ങ് ഇപ്പോൾ മുഴുവൻ ജയിച്ചിട്ടില്ല. എന്തുകൊണ്ടെന്നാൽ, ഇദ്ദേഹത്തിൻെറ ശരീരാദ്ധമായ എന്നെ ജയിച്ചില്ലല്ലൊ. എന്നെക്കൂടെ വാദത്തിൽ ജയിച്ചതിനുശേഷം ഇദ്ദേഹത്തെ ശിഷ്യനാക്കേണ്ടതാകുന്നു'.

ഭാരതീദേവി ഇങ്ങിനെ സിദ്ധാന്തിച്ചപ്പോൾ ആചായ്യസ്വാമികൾ തന്നെപ്പോലെയുള്ളവർ സ്ത്രീകളോടു വാദിക്കുന്നതു ശരിയല്ലെന്നുപറഞ്ഞു. സ്വാമികൾ ഇങ്ങിനെ പ്രസ്താവിച്ചതു ദേവിയുടെ അന്തഗ്ഗതം മനസ്സിലാക്കുവാനായിരുന്നു. ദേവി— 'യാജ്ഞവൽക്യമഹഷിയും 'ഗാഗ്ഗി'യും തമ്മിൽ വാദം ഉണ്ടായിട്ടില്ലെ? ജനകമഹാരാജാവും 'സുലഭാ' എന്ന സ്ത്രീയും തമ്മിൽ വാദം നടന്നിട്ടില്ലെ? അതുകൊണ്ടു മേൽപറഞ്ഞവക്ക് എന്തെങ്കിലും ന്യൂനത സംഭവിച്ചതായി അറിവുണ്ടോ?' എന്നു ചോദിച്ചു. ദേവിയുടെ യുക്തിയുക്തമായ ഈ ചോദ്യം സ്വാമികൾക്ക് ആ മഹതിയുമായി ശാസ്ത്രവാദം ചെയ്യുന്നതിനുള്ള താല്പയ്യത്തെ ഒന്നുകൂടി വദ്ധിപ്പിച്ചു. അദ്ദേഹം വാദത്തിനു സമ്മതിക്കുകയും രണ്ടുപേരും സദസ്സിൽവെച്ചു വാദം ആരംഭിക്കുകയും ചെയ്തു.

സന്ധ്യാവന്ദനം മുതലായ നിത്യകൎമ്മങ്ങൾക്കുള്ള സമയം ഒഴിച്ചു മററുള്ള സമയങ്ങളിൽ അഹോരാത്രം വ്യത്യാസംകൂടാതെ അവരുടെ വാദം നടന്നുകൊണ്ടിരുന്നു. അസാമാന്യബുദ്ധിശാലികളായ അവർ രണ്ടുപേരും സമമായി പതിനേഴു ദിവസം വാദിച്ചു. ഇവരുടെ വാദവിഷയങ്ങളേയൊ വാദവഴികളേയൊ കുറിച്ചു പറഞ്ഞിട്ടിവിടെ ആവശ്യമില്ല. ഒടുവിൽ, ആചാൎയ്യസ്വാമികൾക്കു പരിചയമില്ലാത്തതായി വേദശാസ്ത്രാദികളിൽ ഒന്നുംതന്നെ ഇല്ലെന്നു ബോദ്ധ്യം വന്നപ്പോൾ, ദേവി അദ്ദേഹത്തിനോടു കാമശാസ്ത്രസംബന്ധമായ ചില ചോദ്യങ്ങൾ ചോദിച്ചു. ആ ചോദ്യങ്ങൾക്ക് അദ്ദേഹം ഒന്നും സമാധാനം പറഞ്ഞില്ല. എങ്കിലും, അമരുകദേഹാന്തരപ്രാപ്തികൊണ്ട് ആ വിഷയത്തിലും തനിക്കു ജ്ഞാനം ഉണ്ടെന്ന് അദ്ദേഹം ദേവിയെ ബോദ്ധ്യപ്പെടുത്തുകയും ദേവി അതു സമ്മതിക്കുകയും ചെയ്തു.

മണ്ഡനമിശ്രൻ വാദത്തിൽ തോററു സന്യാസം സ്വീകരിച്ചപ്പോൾ ഭാരതീദേവി ആചാൎയ്യസ്വാമിയുടെ അനുവാദത്തോടുകൂടി സതീധൎമ്മം ആചരിച്ചു എന്ന് ഒരുപക്ഷമുണ്ട്. എന്നാൽ, ഈ അഭിപ്രായത്തേക്കാൾ വിശ്വാസയോഗ്യമായ വേറെ ഒരു പക്ഷമുള്ളതു നമുക്കിവിടെ സ്വീകരിക്കാം. മണ്ഡനമിശ്രൻ സുരേശ്വരാചാൎയ്യൻ എന്ന നാമധേയത്തോടുകൂടി സന്യാസിയായപ്പോൾ ഭാരതിക്കു വൈധവ്യംവന്നതുപോലെയായി എങ്കിലും,ആ മഹതി ഒരു യോഗിനിയായിത്തീൎന്നു. ഭൎത്താവിനെപ്പോലെ ശങ്കരാചാൎയ്യസ്വാമികളുടെ ശിഷ്യവൎഗ്ഗത്തിൽ ചേരുകയാണ് ചെയ്തത്. ആചാൎയ്യസ്വാമികളുടെ കാലാനന്തരം ശൃംഗേരിമഠത്തിന്റെ അദ്ധ്യക്ഷത സ്വീകരിച്ചതു മണ്ഡനമിശ്രനാണെന്നും അക്കാലത്തു ഭാരതീദേവിയുംകൂടെ ഉണ്ടായിരുന്നു എന്നും കാണുന്നുണ്ട്. എന്നതന്നെയല്ല, ഈ മഹതിയുടെ വൈദുഷ്യംമുതലായ വിശിഷ്ടഗുണങ്ങളുടെ സ്മരണക്കായിക്കൊണ്ട് ഇന്നും ശൃംഗേരിമഠത്തിൽ ഭാരതീദേവിയെ പൂജിച്ചുപോരുന്നുണ്ട്. നമ്മുടെ കഥാനായികെയുടെ ജീവകാലം ഏകദേശം ക്രിസ്ത്വാബ്ദം 788-ാമാണ്ടിലാകയാൽ അന്നു ഹിന്ദുസ്ത്രീകൾക്ക് ഇത്ര വൈദുഷ്യം സമ്പാദിക്കാൻ സൌ

കഷ്ടമുണ്ടായിരുന്നോ എന്നു വല്ലവരും സംശയിക്കുമായിരിക്കാം. എന്നാൽ അന്നു ബുദ്ധമതത്തിൻെറ പ്രാബല്യംകൊണ്ടു സ്ത്രീവിദ്യാഭ്യാസത്തിന്നു പ്രത്യേകം ഒരു ഊർജ്ജിതമുണ്ടായതിനാൽ ഭാരതിയുടെ ചരിത്രത്തിൽ അപ്രകൃതമായി യാതൊന്നുംതന്നെയില്ല. സർവ്വജ്ഞനായ ശങ്കരാചാര്യസ്വാമികൾ ബഹുമാനിക്കത്തക്ക വൈദുഷ്യമുണ്ടായ ഒരു സ്ത്രീ ആ വർഗ്ഗത്തിന്നു ദൃഷ്ടാന്തയോഗ്യയാണല്ലോ.

## ൧൭. യോഹന്നാ.

'യോഹന്നാ' അല്ലെങ്കിൽ 'ജോൺ ഓഫ് ആർക്ക്' എന്നു ചരിത്രപ്രസിദ്ധയായ നമ്മുടെ നായിക ക്രിസ്ത്വാബ്ദം 1412-ാമാണ്ടു ജനവരി 6-ാംനു- ഫ്രാൻസുരാജ്യത്തു 'ഡോമറമി' എന്നു പേരുള്ള ഒരു ഗ്രാമത്തിൽ ജനിച്ചു. യോഹന്നയുടെ മാതാപിതാക്കന്മാർ നിസ്സാരന്മാരും നിർദ്ധനന്മാരുമായിരുന്നു എങ്കിലും, അവരുടെ നിഷ്കളങ്കമായ ദൈവഭക്തിമൂലം അവർ ആ നാട്ടുകാരുടെ ബഹുമാനത്തിന്നു പാത്രീഭവിച്ചു. കുലീനയല്ലാഞ്ഞതിനാൽ, യോഹന്നയെ,ദരിദ്രന്മാരുടെ സമ്പ്രദായമനുസരിച്ചു നെയ്ത്തുപണി, തുന്നൽപ്പണി മുതലായവയല്ലാതെ, എഴുത്തും വായനയും അഭ്യസിപ്പിച്ചില്ല. പരിഷ്കാരം ലേശംപോലുമില്ലാത്ത ആ ഗ്രാമത്തിൽ പഴയ സമ്പ്രദായത്തിലാണ് യോഹന്ന വളർന്നുവന്നത്. സൌന്ദര്യം, ആരോഗ്യം, സൌശീല്യം, വിനയം മുതലായ ഗുണങ്ങൾകൊണ്ടു യോഹന്ന ആ ഗ്രാമത്തിലെ ബാലികമാരുടേയും മററും ബഹുമാനത്തിന്നു പാത്രമായിത്തീർന്നു. യോഹന്നയ്ക്കു കരകൌശലങ്ങളിൽ വളരെ വാസനയുണ്ടായിരുന്നു. തന്നിമിത്തം തദ്ദേശവാസികൾക്കു യോഹന്നയിൽ പ്രത്യേകം പ്രീതിയുണ്ടായി. ചെറുപ്പത്തിൽതന്നെ യോഹന്നയിൽ പ്രതിഫലിച്ചു കണ്ട ദൈവഭക്തിനിമിത്തം സ്ത്രീകൾ 'നല്ല അമ്മയുടെ നല്ല മകൾ' എന്നും, പുരുഷന്മാർ 'ഗുണവാനായ അച്ഛൻെറ ഗുണവതിയായ മകൾ' എന്നും നമ്മുടെ നായികയെപ്പററി പറഞ്ഞിരുന്നു.

ചെറിയ കുട്ടിയായിരുന്ന കാലത്തുതന്നെ 'ദൈവത്തിൻെറ കഥകൾ' പറയുവാൻ യോഹന്ന അമ്മയോടാവശ്യപ്പെടാറുണ്ട്; അതു കേൾക്കുന്നതു വളരെ സന്തോഷവുമായിരുന്നു. വല്ലതിന്നും വാശിപിടിച്ചു നിലവിളിക്കുന്ന അവസരങ്ങളിൽപോലും 'ദൈവം കുട്ടിയെ വിളിച്ച കഥ' പറഞ്ഞുതരാം എന്ന് അമ്മ പറഞ്ഞാൽ കുട്ടിയുടെ കരച്ചൽ മാറിയിരുന്നുവത്രെ. ഉയൎന്നതരം വിദ്യാഭ്യാസം സിദ്ധിക്കാത്ത അപരിഷ്കൃതന്മാരുടെ ഇടയിൽ പല കഥകളും നടപ്പുണ്ടല്ലൊ. ആ വക 'ദൈവകഥകൾ' എല്ലാം യോഹന്ന വളരെ സന്തോഷത്തോടും ശ്രദ്ധയോടുംകൂടി കേൾക്കാറുണ്ട്. ഈ വിധത്തിൽ പത്തു വയസ്സാകുന്നതിനു മുമ്പു ക്രിസ്തീയസന്ന്യാസികളുടേയും, 'കന്യാസ്ത്രീകളുടേയും' ചരിത്രങ്ങൾ യോഹന്ന പഠിച്ചു ദൃഢമാക്കി. കുട്ടിക്കാലത്തുതന്നെ യോഹന്നക്ക് ഏകാന്തവാസം ബഹുരസമായിരുന്നു. അച്ഛൻെറ ആട്ടുമേച്ചുംകൊണ്ടു മൈതാനങ്ങളിൽ ഓടിനടക്കുന്ന അവസരങ്ങളിലൊക്കെ യോഹന്ന പഠിച്ചിട്ടുള്ള കഥകളെപററി ആലോചിക്കുകയും ആ കഥകളിലെ കന്യാസ്ത്രീകളെപ്പോലെ തന്നേയുമാക്കേണമെന്നു ദൈവത്തോടു പ്രാൎത്ഥിക്കുകയും ചെയ്യുക പതിവായിരുന്നു.

വിദ്യാവിഹീനയായിരുന്നു എങ്കിലും യോഹന്നയുടെ സ്വദേശസ്നേഹം അസാമാന്യമായിരുന്നു. സ്വരാജ്യമായ 'ഫ്രാൻസ്' അന്നു വളരെ മോശസ്ഥിതിയിലാണ് കിടന്നിരുന്നത്. ഇംഗ്ലീഷുകാരുമായുള്ള യുദ്ധവും തന്നിമിത്തം ഉണ്ടായിട്ടുള്ള ദ്രവ്യനഷ്ടവും ജീവനാശവുംകൊണ്ടു രാജ്യത്തു സമാധാനമൊ സുഖമൊ ഉണ്ടായിരുന്നില്ല. തൻെറ മാതൃരാജ്യത്തിൻെറ അനാഥസ്ഥിതിയോൎത്തു യോഹന്ന വളരെ വ്യസനിക്കാറുണ്ട്. ഒരു ദിവസം യോഹന്ന ഒരു സ്വപ്നം കണ്ടു; അതിനെപ്പററി അമ്മയോട് ഇപ്രകാരം പറഞ്ഞു. "കുഴഞ്ഞു മറിഞ്ഞു കിടക്കുന്ന നമ്മുടെ രാജ്യത്തെ പൂൎവ്വസ്ഥിതിയിലാക്കുന്നതിന്ന് എന്നെ ദൈവം നിശ്ചയിച്ച് അനുഗ്രഹിച്ചു എന്നു ഞാൻ ഒരു സ്വപ്നം കണ്ടു. നിസ്സഹായയും അബലയുമായ ഞാൻ അവിടത്തെ അനുഗ്രഹത്തിന്നു പാത്രമാകുമൊ? പക്ഷെ, എൻെറ മോഹമായിരിക്കാം. പണ്ടത്തെ 'ക

ന്യ''കമാരെ കടാക്ഷിച്ചപ്രകാരം ദൈവം എന്നെ കടാക്ഷിക്കുമോ? ഞാൻ അതിനുമാത്രം പുണ്യവതിയാണോ? എങ്കിലും ഞാൻ ഇ പ്രകാരം ഒരു സ്വപ്നംകണ്ടു''. 'സ്വപ്നം ചിലക്കു ചില കാലമൊക്കും' എങ്കിൽ 'ദൈവമേ! എന്റെ സ്വപ്നം യഥാൎത്ഥമാകണമേ'. എന്നു യോഹന്ന പ്രാൎത്ഥിക്കുകയും ചെയ്തു.

യോഹന്നക്കു് ഏകദേശം പതിമൂന്നുവയസ്സുമായി. ഒരു ദിവസം ഉച്ചയ്ക്കുള്ള ഭക്ഷണം കഴിഞ്ഞതിനുശേഷം നമ്മുടെ നായിക പതിവുപോലെ തോട്ടത്തിൽ നടന്നുകൊണ്ടിരിക്കുമ്പോൾ, ആരാമശ്രീവിലാസം ഹേതുവായിട്ടു ചിന്താമഗ്നയായിത്തീൎന്നു. പ്രകൃത്യാ പാരത്രികവിഷയങ്ങളിൽ പ്രതിപത്തിയോടുകൂടിയ യോഹന്നയുടെ മനസ്സിൽ, ഇളങ്കാററിൽ ഇളകിക്കൊണ്ടിരിക്കുന്ന വൃക്ഷലതാദികളുടെ ശബ്ദം, ദാസിയായ തന്നോട് അപരിചിതമായ ഒരു ഭാഷയിൽ ദൈവം സംസാരിക്കുകയാണെന്നു തോന്നി. തദനന്തരം ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ മുട്ടുകുത്തിക്കൊണ്ടു പ്രാൎത്ഥിച്ചു. 'ദൈവമേ! ഭക്തവത്സല! ഭയഭക്തിവിശ്വാസസ്നേഹബഹുമാനാദികളോടുകൂടി അങ്ങയെ സ്തുതിച്ചിട്ടുള്ള എത്ര കന്യകമാൎക്കു് അങ്ങു പ്രത്യക്ഷനായിട്ടുണ്ടു്! എത്ര കന്യകമാരെ ലോകത്തിലെ നിസ്സാരങ്ങളായ മോഹക്കുഴികളിൽനിന്നു രക്ഷിച്ചിട്ടുണ്ടു്! അങ്ങയുടെ വിലയേറിയ അനുഗ്രഹത്താൽ എത്രപേർ ദിവ്യകളും, തേജോരൂപിണികളും, ഭാഗ്യവതികളുമായിത്തീൎന്നിട്ടുണ്ടു്! ജഗദീശ്വരാ! അങ്ങയുടെ ദാസിയായ എന്നെ മാത്രം കൈവെടിയരുതേ! എനിക്കു ഭക്തിയില്ലെങ്കിൽ, ഉണ്ടാക്കുന്നതിന്നു് അവിടുക്കു ശക്തിയുണ്ടല്ലോ. ദൈവമേ! അവിടത്തെ കരുണാകടാക്ഷത്താൽ ഞാനും 'ദിവ്യകന്യക'മാരിൽ ഒരുത്തിയാകേണമേ; പ്രാൎത്ഥനകഴിഞ്ഞു, യോഹന്ന തിരിയെ വീട്ടിലേക്കു പോവാൻ ഭാവിച്ചപ്പോൾ, തോട്ടത്തിന്റെ മറുഭാഗത്തുനിന്നു പെട്ടെന്നു് ഒരു ശബ്ദംകേട്ടു. ഈ ശബ്ദംകേട്ടതു വലത്തുവശത്തുനിന്നാണ്. ആ ഭാഗത്തു കുറേദൂരെ ഒരു പള്ളിയുണ്ടായിരുന്നു. പള്ളിയിൽനിന്നു ദൈവം വിളിച്ചതാണെന്നു യോഹന്ന തീൎച്ചയാക്കി. ശബ്ദംകേട്ട ഉടനെതന്നെ ഇടിമിന്നൽപോലെ ഒരു വെളിച്ചവും കണ്ടു. ആ വെളിച്ചം നാലഞ്ചുനിമിഷനേ

രം മിന്നിക്കൊണ്ടുനിന്നു. യോഹന്നയുടെ കണ്ണു മഞ്ഞളിച്ചു. പിന്നീട്ട 'സെൻററ്മൈക്കേൽ' മുതലായ അവതാരപുരുഷന്മാർ യോഹന്നയ്ക്കു പ്രത്യക്ഷമായി. അവർ മൃദുവായ സ്വരത്തിൽ മധുരമായി യോഹന്നയോട്ടു സംസാരിച്ചു. ഒടുവിൽ യോഹന്ന അതിശയംകൊണ്ടും, സന്തോഷംകൊണ്ടും, പരിഭ്രമംകൊണ്ടും മതിമറന്നു വീട്ടിൽചെന്നു. ഉടനെ പള്ളിയിൽചെന്നു ഭക്തിപൂൎവ്വം ദൈവത്തെ പ്രാൎത്ഥിച്ചു.

യോഹന്നയ്ക്കു ആദ്യമായി ദൈവശക്തി ഇപ്രകാരമാണ് പ്രത്യക്ഷമായത്. പിന്നേയും ചിലപ്പോഴെല്ലാം ഈ ശബ്ദം കേട്ടിരുന്നു. തോട്ടത്തിലാണെങ്കിൽ; ശബ്ദം ദൂരത്തുനിന്നു പുറപ്പെട്ട് അടുത്തടുത്തു വരുന്നതുപോലെ തോന്നാറുണ്ട്. നിത്യപരിചയംകൊണ്ട്, ആദ്യം ഉണ്ടായ ഭയവും പരിഭ്രമവും തീൎന്നു. ദൈവശക്തിയാണെന്നു യോഹന്നയ്ക്കു ബോദ്ധ്യം വന്നു. തന്നിമിത്തം യോഹന്നയുടെ ഭക്തി ദിനംപ്രതി പൂൎവ്വാധികമായി വൎദ്ധിച്ചു. ശബ്ദം കേൾക്കുമ്പോൾ അത്യന്തം സന്തോഷിക്കും; എങ്കിലും, അല്പം കഴിഞ്ഞാൽ യോഹന്ന കരയും. എന്തുകൊണ്ടെന്നാൽ, പ്രത്യക്ഷരായ അവസരത്തിൽ അവതാരപുരുഷന്മാർ തന്നേയുംകൂടെ സ്വൎഗ്ഗത്തിലേക്കു കൊണ്ടുപോയില്ലല്ലോ എന്നായിരുന്നു യോഹന്നയുടെ വിചാരം. യോഹന്ന കേട്ട ശബ്ദത്തിന്റെ അൎത്ഥം ഇപ്രകാരം വ്യാഖ്യാനിച്ചു. 'ബാലികേ! നിന്റെ കൃത്യബോധവും, ഭക്തിയും, സന്മാൎഗ്ഗനിഷ്ഠയും കണ്ടു ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. ഞങ്ങൾക്കു പൂൎണ്ണതൃപ്തിയായി. നിന്നെ ഞങ്ങൾ തീൎച്ചയായും സ്വൎഗ്ഗത്തിലേക്കു കൊണ്ടുപോകും. പക്ഷെ, അതിന്നുള്ള സമയമായിട്ടില്ല. സ്വരാജ്യത്തെ രക്ഷിക്കുന്നതിനാണ് ദൈവം നിന്നെ കല്പിച്ചയച്ചിരിക്കുന്നത്. അതിനാൽ നീതന്നെ നിന്റെ രാജ്യത്തിന്ന് ഉന്നതിയും സമാധാനവും ഉണ്ടാക്കണം. അതിനുശേഷം ഞങ്ങൾ നിന്നെ സ്വൎഗ്ഗത്തിലേക്കു കൊണ്ടുപോകുന്നതാണ്'. ഈ വക വിചാരങ്ങൾ യോഹന്നയെ ആനന്ദഭരിതയാക്കി. യോഹന്നയ്ക്കു സ്വതേ ഉണ്ടായിരുന്ന സ്വദേശസ്നേഹം വളരെ വൎദ്ധിച്ചു; സ്വരാജ്യത്രാണനത്തിന്നുള്ള മോഹം ദിവസേന കൂടിക്കൂടി വന്നു; ഇവയെ

ല്ലാം ദൈവത്തിന്നു് ഇഷ്ടമാണെന്നും, തന്റെ അപേക്ഷകൾ ദൈവം സ്വീകരിച്ചു് അനുഗ്രഹിച്ചിരിക്കുന്നു എന്നും യോഹന്ന തീൎച്ചയാക്കി.

പതിമൂന്നു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ബാലികയുടെ മനോഗതികൾ ഇപ്രകാരമായിരുന്നു. ഐഹികസുഖങ്ങളോടു വെറുപ്പു്, സ്വരാജ്യത്തോടു കലൎശ്ശലായ പ്രതിപത്തി, ദൈവചൈതന്യത്തിൽ ദൃഢമായ വിശ്വാസം, പ്രാൎത്ഥന, ജപം മുതലായവയിൽ അവൾ കാണിച്ച ശുഷ്കാന്തി, ഇവയെല്ലാംകണ്ടു വീട്ടുകാരും നാട്ടുകാരും യോഹന്നായെ ഒരുപോലെ അഭിനന്ദിക്കയും ബഹുമാനിക്കയും ചെയ്തു. അമാനുഷികമായ എന്തൊ ഒരു ശക്തി യോഹന്നയിൽ ലയിച്ചുകിടപ്പുണ്ടെന്നു് എല്ലാവരും ദൃഢമായിവിശ്വസിച്ചു. 'ഞാൻ ശത്രുക്കളിൽനിന്നു് എന്റെ രാജ്യം രക്ഷിക്കും' എന്നു യോഹന്ന പലപ്പോഴും പറയാറുള്ളതും അനന്യസാധാരണമായ വൈഭവങ്ങൾ കണ്ടും കേട്ടും ആ ദിക്കിലുള്ള സകലജനങ്ങൾക്കും യോഹന്നയിൽ അളവററ ഭക്തിയുണ്ടായി. 'സ്വരാജ്യത്രാണനത്തിന്നു ദൈവത്താൽ നിയോഗിക്കപ്പെട്ടവൾതന്നെയായിരിക്കാം' എന്നു ചിലൎക്കെല്ലാം തോന്നിയതോടുകൂടി 'യോഹന്ന'യുടെ ഉത്സാഹവും ഉന്മേഷവും പതിന്മടങ്ങു വൎദ്ധിച്ചു. യോഹന്ന ഇപ്രകാരം ദൈവത്തിൽതന്നെ ലയിച്ചുകിടക്കുന്ന മനസ്സോടുകൂടി കാലംകഴിച്ചുവന്നു. നമ്മുടെ നായികയുടെ ചരിത്രത്തിന്റെ ഗുരുലഘുത്വത്തെ കുറിച്ചു് അറിയേണമെങ്കിൽ അന്നു പ്രാൻസുരാജ്യം ഏതുനിലയായിരുന്നു എന്നുംകൂടെ ധരിച്ചിരിക്കേണ്ടതാകയാൽ അതിനെപ്പററി അല്പം പ്രസ്താവിക്കാതെ നിവൃത്തിയില്ല.

അനേകം നൂററാണ്ടുകാലം പൂൎണ്ണസ്വാതന്ത്ര്യത്തോടുകൂടി ആകാശത്തിൽ നിൎഭയം ചലിച്ചുകൊണ്ടിരുന്ന പ്രഞ്ചുകാരുടെ സ്വാതന്ത്ര്യക്കൊടി ഇംഗ്ലീഷുകാരുടെ പീരങ്കിയുണ്ടകൾകൊണ്ടു മുറിഞ്ഞു വീഴാറായി. സ്വാതന്ത്ര്യസൂൎയ്യന്റെ അസ്തമനം അടുത്തിരുന്നതിനാൽ, സ്വദേശസ്നേഹികളുടെ മനസ്സിൽ വ്യസനാന്ധകാരം വ്യാപിച്ചുതുടങ്ങി. രാജാവിന്റെ ഭാഗക്കാരായും രാജാവിന്റെ വിരോ

ധികളായും നാട്ടുകാരിൽതന്നെ രണ്ടു കക്ഷികളുണ്ടായിരുന്നു. അതീതനായ രാജാവിൻെറ സീമന്തപുത്രനായ ചാർല്സ്സ് യുവരാജാവായിരുന്നു ന്യായമായി രാജ്യത്തിന്നവകാശി. പക്ഷെ, പ്രബലന്മാരായ പ്രഭുക്കന്മാർ ചാർല്സ്സ് യുവരാജാവിന്നു രാജ്യത്തിന്ന് അവകാശമില്ലെന്നു മുക്കടെമുഷ്ടിപിടിച്ചു; രാജാവിനോട് എതൃക്കുന്നതിനായി ആംഗ്ലേയരുടെ സഹായം ആവശ്യപ്പെട്ടു. ഇവരുടെ പ്രധാനി ബർഗണ്ടിയിലെ പ്രഭുവായിരുന്നു. 'പുരകത്തുമ്പോഴല്ലേ വാഴവെട്ടാൻ തരമുള്ളു'എന്നു വിചാരിച്ചുകൊണ്ടിരുന്ന ആംഗ്ലേയരാജാവിന് ഈ ക്ഷണനം വളരെ സന്തോഷമായി; യുദ്ധത്തിന്നുവേണ്ടുന്ന സകല സന്നാഹവും തയാറാക്കി. ഓരോ സ്ഥലങ്ങൾ കൈവശപ്പെടുത്തിത്തുടങ്ങി. ആംഗ്ലേയസൈന്യത്തെ വിജയവും പിന്തുടൎന്നു പുറപ്പെട്ടു. ചാർല്സ്സ് യുവരാജാവിൻെറ സൈന്യം തീരെ ക്ഷയിച്ചുതുടങ്ങി. യുദ്ധത്തിൻെറ അനുചരന്മാരായ ക്ഷാമവും രോഗവും പരന്ത്രീസുസേനയുടെ പിന്നാലേക്കൂടി. ഇതിനുംപുറമെ, ആംഗ്ലേയസൈന്യം പ്രവേശിച്ച പട്ടണങ്ങൾ മുഴുവൻ കൊള്ളയിട്ടതിനാൽ രാജ്യവാസികളുടെ സ്ഥിതി അത്യന്തം ശോചനീയയായി. പല യുദ്ധങ്ങളിലും പരാജിതരായ പരന്ത്രീസുസേനകൾ പോൎക്കളംവിട്ടോടി. 'ചാർല്സ്സ്'രാജാവു തീരെ നിസ്സഹായനായി. 'ലപാർ' എന്ന പുഴക്കു വടക്കുള്ള രാജ്യങ്ങളെല്ലാം ഇംഗ്ലീഷുകാർ കൈവശപ്പെടുത്തി. പ്രഞ്ചുകാരുടെ തലസ്ഥാനമായ 'പാറീസ്സ്' എന്ന പട്ടണം ഇംഗ്ലീഷുകാർ കീഴടക്കി. ഇംഗ്ലീഷുരാജാവു ഫ്രാൻസിലേയും രാജാവാണെന്നു നാടെങ്ങും വിളംബരപ്പെടുത്തി. കീഴടങ്ങാതെ എതൃത്തുനിന്നിരുന്ന പ്രഞ്ചുപട്ടണങ്ങൾ മുഴുവൻ കൈവശപ്പെടുത്തുവാനായി ആംഗ്ലേയർ വീണ്ടും തയാറായി.

ഈ പട്ടണങ്ങളിൽ എല്ലാംകൊണ്ടും അധികം പ്രാബല്യമുണ്ടായിരുന്നതു 'ഓർളിയൻസ' ആയിരുന്നു. ബലമുള്ള കോട്ടകളാലും കിടങ്ങുകളാലും ചുററപ്പെട്ട ഈ പട്ടണം 'ലപാർ' നദിയുടെ തീരത്തായിരുന്നതുകൊണ്ടും, പല പ്രധാനസ്ഥലങ്ങളിലേ

ക്കമുള്ള മാൎഗ്ഗങ്ങൾ അതിലേയായിരുന്നതുകൊണ്ടും, ആ സ്ഥലം കൈവശപ്പെടുത്തിയാൽ നദിക്കു തെക്കുള്ള മിക്കസ്ഥലങ്ങളും കീഴടങ്ങുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇംഗ്ലിഷുകാർ 'ഓർളിയൻസ്'പട്ടണം വളഞ്ഞത്. ഭക്ഷണസാധനങ്ങൾ കിട്ടായ്കകൊണ്ടുള്ള കഷ്ടപ്പാടു കോട്ടയ്ക്കുള്ളിൽപ്പെട്ട പരന്ത്രീസ്സുകാൎക്കും പുറത്തുകൂടിയ ആംഗ്ലേയൎക്കും തുല്യമായിരുന്നു ഈ നിരോധം തുടങ്ങിയതിനുശേഷവും 'റൌറേയി' എന്ന സ്ഥലത്തുവെച്ചു 4000 പ്രഞ്ചുസൈന്യത്തെ ആംഗ്ലേയർ തോല്പിച്ചു നശിപ്പിച്ചു. ഈ വൎത്തമാനവും, ആകപ്പാടെ ഉള്ള കഷ്ടപ്പാടും, രാജാവിൻെറ ജാഗ്രതക്കുറവും, മററും ഓൎത്തു കോട്ടയ്ക്കകത്തുള്ള പ്രഞ്ചുസൈന്യങ്ങൾ തീരെ ഭഗ്നാശയന്മാരായി; എങ്കിലും നിവൃത്തിയുള്ളിടത്തോളം പ്രയത്നിക്കുവാൻ പ്രഞ്ചുസേനാധിപൻ തീൎച്ചയാക്കി.

'ചാറൽസ്സ്' രാജാവ് ഈ അവസരത്തിൻ 'ചീനൻ' എന്ന സ്ഥലത്തായിരുന്നു. അദ്ദേഹം നിരാശയോടുകൂടി എന്തു ചെയ്യേണമെന്നറിയാതെ പരിഭ്രമിച്ചുവശായി. 'കിരീടവും രാജ്യവും ഒന്നിച്ച് ഇംഗ്ലീഷുകാൎക്ക് ഒഴിഞ്ഞുകൊടുത്താൽ എന്താണെ'ന്നുകൂടി രാജാവു സംശയിച്ചു. പക്ഷെ, രാജമാതാവിൻേറയും രാജ്ഞിയുടേയും നിൎബ്ബന്ധംമൂലം മാത്രം അപ്രകാരം ചെയ്യാതിരുന്നതാണ്. രാജാവു വളരെ ധീരനായിരുന്നു; അതുകൊണ്ടു ഫലമൊന്നുമില്ലായിരുന്നു. യുദ്ധംനടത്താൻ പണമുണ്ടായിരുന്നില്ല. സേനകൾ മിക്കതും നശിച്ചു; പുതുതായി ഒരു സൈന്യം ശേഖരിക്കാമെന്നു വെച്ചാൽ അതും ഇംഗ്ലീഷുകാർ പ്രാൻസിൽ താമസിക്കുന്ന കാലത്തോളം അസാദ്ധ്യമായിരുന്നു. എന്തുകൊണ്ടെന്നാൽ, പ്രഭുക്കന്മാരെല്ലാവരും വിരോധികളായി. ഈ സ്ഥിതിയിൽ കീഴടങ്ങാതെ എന്തു ചെയ്യും! പക്ഷെ, 'അന്യഥാ ചിന്തിതം കാൎയ്യം ദൈവമന്യത്രചിന്തയേൽ' എന്നുള്ള സംഗതി നമുക്കു നിത്യപരിചയമാണല്ലൊ. പ്രാൻസുരാജ്യം ആംഗ്ലേയൎക്കു കീഴടങ്ങണമെന്നു ദൈവം ആജ്ഞാപിച്ചിട്ടുണ്ടായിരുന്നില്ല. അല്പബുദ്ധികളായ മനുഷ്യരുണ്ടോ അതറിഞ്ഞു!! പരന്ത്രീസുരാജ്യത്തിൻെറ മോചനമാൎഗ്ഗം

മനുഷ്യബുദ്ധിക്കു മാത്രമേ അഗോചരമായിരുന്നുള്ളു. ദൈവം കണ്ടുവെച്ചിരുന്ന വഴി മനുഷ്യർ കണ്ടിരുന്നുമില്ല.

യുദ്ധം ഓരോസ്ഥലങ്ങളിൽ ഭയങ്കരമായി നടന്നുകൊണ്ടിരുന്ന അവസരങ്ങളിൽ നമ്മുടെ നായിക പൂന്തോട്ടത്തിൽ സഞ്ചരിച്ചും ദിനംപ്രതി ഭക്തിയും വിശ്വാസവും വൎദ്ധിച്ചും അശരീരിവാക്കു കേട്ടും ദിവ്യതേജസ്സാകുന്ന മിന്നൽ കണ്ടുംകൊണ്ടു ദിവസം കഴിക്കുകയായിരുന്നു. ഈ അവസരത്തിൽ സ്വരാജ്യത്തിൻെറ അശരണാവസ്ഥയെക്കുറിച്ചു യോഹന്ന അറിയാതിരുന്നില്ല. 'ദൈവാനുഗ്രഹമുണ്ടെങ്കിൽ ഞാൻ എൻെറ രാജ്യത്തെ രക്ഷിക്കും' എന്നു യോഹന്ന പലപ്പോഴും പറയാറുണ്ട്. പക്ഷെ, അത് ആരും അത്ര കാൎയ്യമാക്കിയിരുന്നില്ല. ഇങ്ങിനെ യോഹന്ന പറയുന്നതു ചിത്തഭ്രമം കൊണ്ടാണെന്നു വിചാരിച്ചിരുന്നവരും ഉണ്ടായിരുന്നു. ഈ കാലത്താണ് ഓർളിയൻസ് എന്ന പട്ടണം ശത്രുക്കൾ വളഞ്ഞു എന്നും ജനങ്ങൾക്കു വളരെ കഷ്ടപ്പാടുകൾ നേരിട്ടു തുടങ്ങി എന്നും യോഹന്ന കേട്ടത്. സ്വതേ സമസൃഷ്ടിസ്നേഹത്തോടുകൂടിയ യോഹന്നയുടെ മനസ്സിൽ സ്വദേശസ്നേഹം നിമിത്തം ദുസ്സഹമായ ദുഃഖമുണ്ടായി; ദീനന്മാരായ സ്വദേശികളിൽ അനുകമ്പ വൎദ്ധിച്ചു; ശത്രുക്കളിൽനിന്നു സ്വരാജ്യത്തെ രക്ഷിക്കേണ്ടുന്ന ആലോചനയിൽ മനസ്സ് ഏകാഗ്രമായി; ഈശ്വരൻെറ കരുണയിലും ഭക്തവാത്സല്യത്തിലും വിശ്വാസം വൎദ്ധിച്ചു; ആശ്രിതജനങ്ങളെ ദൈവം സമയോചിതമായി സഹായിക്കുമെന്ന് ഉറപ്പായി വിശ്വസിച്ചു. അപ്പോൾ യോഹന്നയ്ക്ക് അതിമാനുഷമായ ഒരു ശക്തി തോന്നുകയും 'ആ പട്ടണത്തേയും തന്മൂലം ഫ്രാൻസ്‌രാജ്യത്തേയും രക്ഷിക്കാൻ ഞാൻ നിന്നെ നിയോഗിച്ചിരിക്കുന്നു' എന്ന് ആരോ ചെവിയിൽ ഉപദേശിച്ചതുപോലെ തോന്നുകയും ചെയ്തു. ഈ സംഭവത്തെപ്പററി യോഹന്ന മാതാപിതാക്കന്മാരോടു പറഞ്ഞു. എന്നു തന്നെയുമല്ല, പരന്ത്രീസു സൈന്യാധിപനേയും രാജാവിനേയും കാണേണമെന്നും രാജാവിൻെറ പട്ടാഭിഷേകം 'റീംസിൽ'വെച്ചു നടത്തേണമെന്നും യോഹന്ന പറഞ്ഞപ്പോൾ, സാധുക്കളായ മാതാപിതാക്കന്മാൎക്കു വളരെ ഭയവും പരിഭ്രമവും ഉണ്ടാ

യി. എങ്കിലും യോഹന്നയുടെ ശുഷ്കാന്തിയും നിവ്യാജമായ മനോനിശ്ചയവും കണ്ട് അവർ വളരെ വിസ്മയിക്കുകയും അനന്തരം പുത്രിയുടെ ആഗ്രഹംപോലെ പ്രവൎത്തിക്കുവാൻ സമ്മതിക്കുകയും ചെയ്തു. അക്കാലത്തു മതസംബന്ധമായും മററും മൂഢഭക്തിജനങ്ങളുടെ ഇടയിൽ ദിനംപ്രതി വൎദ്ധിച്ചുകൊണ്ടിരുന്നതിനാൽ, അസാധാരണയായ ശക്തിയൊ ജാഗ്രതയൊ പ്രത്യക്ഷപ്പെടുന്ന സംഗതിയിൽ എന്തെങ്കിലും ഈശ്വരചൈതന്യമുള്ളതായി ജനങ്ങൾ വിശ്വസിച്ചിരുന്നു. ആ വിശ്വാസം വളരെ സ്വാഭാവികവുമായിരുന്നു. അതുകൊണ്ടു യോഹന്ന കേവലം ഒരു കന്യകയല്ലെന്നു മാതാപിതാക്കന്മാരും മററുബന്ധുക്കളും തീൎച്ചയാക്കി; ആവശ്യപ്പെട്ടപ്രകാരം സൈന്യാധിപന്റെ അടുക്കലേക്കു യോഹന്നായെ അവർ അയച്ചു. സൈന്യാധിപനും യോഹന്നയുടെനേരെ അതിയായ ഭക്തിയും ബഹുമാനവും തോന്നി; എന്നു തന്നെയല്ല, യോഹന്നയെ രാജസന്നിധിയിൽ കൂട്ടിക്കൊണ്ടുപോകുവാൻ തീൎച്ചയാക്കുകയും ചെയ്തു.

ഈ അസാധാരണവൎത്തമാനം കാട്ടുതീപോലെ നാട്ടിലെല്ലാം പരന്നു. വളരെ ആളുകൾ യോഹന്നായെ കാണുവാൻ വന്നു. വന്നവരെല്ലാം ആ ബാലികയുടെ ചൊടിയും ചൈതന്യവും കണ്ട് അതിശയിച്ചു. ആ കന്യകയുടെ കീഴിൽ യുദ്ധംചെയ്യുന്നതിന്നു നാനാഭാഗങ്ങളിൽനിന്നും അനേകായിരം ജനങ്ങൾ വന്നുകൂടി. "എന്റെ അമ്മയുടെ അടുക്കലിരുന്നു നൂലുനൂല്ക്കുന്നതും എന്റെ അച്ഛന്റെ ആട്ടുകളെ മേയ്ക്കുന്നതും എനിക്ക് ഇതിലും രസമുള്ള കാൎയ്യങ്ങളാണ്. പക്ഷെ, ദൈവവാക്യം തട്ടുക്കാവുന്നതല്ല. 'നീ, നിന്റെ രാജ്യത്തെ രക്ഷിക്കണം. ഞാൻ നിന്റെകൂടെ പോരും' എന്നു ദൈവം എന്നോടു പറയുന്നു. അതിനാൽ നിങ്ങളെല്ലാവരും വരുവിൻ." എന്നു വന്നവരോടെല്ലാം യോഹന്ന വളരെ സൌമ്യമായി പറഞ്ഞു.

അക്കാലത്തു പരന്ത്രീസ്സുകാരിൽ അന്ധവിശ്വാസമില്ലാത്തവർ ദുൎല്ലഭമായിരുന്നു. രാജ്യത്തു പാപം അധികമായതിന്നുള്ള

‘ദൈവശിക്ഷ’യായിട്ടാണ് യുദ്ധവും കലഹവും ഉണ്ടായതെന്ന് അവർ വിചാരിച്ചു. ശിക്ഷ നടത്തുന്നതിന്നു ദൈവം ഇംഗ്ലീഷുകാരെ നിയോഗിച്ചു എന്നായിരുന്നു അവരുടെ വിശ്വാസം. പക്ഷെ, ഇത്ര അധികം ബുദ്ധിമുട്ടിച്ചതും ലഹളയുണ്ടാക്കിയതും ഇംഗ്ലീഷുകാരുടെ തെററാണെന്നും ദൈവം ഇത്രയൊന്നും അവരോട് ആവശ്യപ്പെട്ടിട്ടില്ലെന്നുമാണ് അവർ ധരിച്ചത്. ഏതുകാൎയ്യത്തിന്നും ദൈവത്തെ കൂട്ടിപ്പിടിക്കുന്നതു പഴമക്കാരുടെ പതിവാണല്ലൊ. അതിരുകടന്ന് ഉപദ്രവിച്ചതിനാൽ ഇംഗ്ലീഷുകാരെ ശിക്ഷിക്കുന്നതിന്ന് ഒരു മാൎഗ്ഗം ഉടനെ ഉണ്ടാകുമെന്നു മിക്കവരും വിശ്വസിച്ചിരുന്നു. ജനങ്ങളുടെ സ്ഥിതിയും മനോഗതിയും ഇപ്രകാരമായിരുന്ന ഒരു കാലത്തു യോഹന്നക്ക് ഇത്രവേഗം പ്രാബല്യവും പ്രാധാന്യവും സിദ്ധിച്ചതിൽ ഒട്ടും അത്ഭുതമില്ല.

ഓടിപ്പോകേണ്ടത് എങ്ങോട്ടാണെന്നറിയാതെ കുണ്ഠിതത്തോടെ ‘ചീനനിൽ’ താമസിച്ചിരുന്ന രാജാവിനെ കാണുവാനായി യോഹന്ന പടനായകനോടും ആൾക്കൂട്ടത്തോടുംകൂടി യാത്രയായി. പുരുഷയോഗ്യമായ കവചവും ഖഡ്ഗവും ധരിച്ചു കറുത്ത പടക്കുതിരയുടെ പുറത്തുകയറി പോകുന്ന യോഹന്നയെ കണ്ടു ജനങ്ങൾ അത്യാശ്ചൎയ്യപ്പെട്ടു. കുതിരയെപ്പോലും കണ്ടിട്ടില്ലാത്ത ഒരു പെൺകുട്ടി ധീരന്മാരായ യോദ്ധാക്കളുടെ മാതിരിയിൽ പടക്കുതിരയുടെ പുറത്തുകയറി ക്ലേശൽകൂടാതെ ഓടിക്കുന്നതു കണ്ടപ്പോൾ, യോഹന്നക്കു ദൈവികമായ ഒരു ശക്തി സിദ്ധിച്ചിട്ടുണ്ടെന്ന് എല്ലാവരും വിശ്വസിച്ചു.

പരിവാരസമേതം യോഹന്ന രാജസന്നിധിയിൽ പ്രവേശിച്ചപ്പോൾ, പണ്ടു ദമയന്തിക്കു പഞ്ചനളന്മാരെ കണ്ടിട്ടുണ്ടായ സംശയംപോലും കൂടാതെ, മുമ്പ് ഒരിക്കലും കണ്ടു പരിചയമില്ലാത്ത രാജാവിനെ ആകൃതികൊണ്ടും മററും തുല്യന്മാരായ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽനിന്നു യോഹന്ന തിരിച്ചറിഞ്ഞ് അഭിവാദ്യം ചെയ്യുതുകണ്ടു ജനങ്ങൾ അത്യാശ്ചൎയ്യപ്പെട്ടു. യോഹന്ന രാജാവിനോട് ഇപ്രകാരം പറഞ്ഞു: ‘അല്ലയോ സ്വാമിൻ! റീംസ് ന

ഗരത്തിൽവെച്ച തിരുമേനിയുടെ പട്ടാഭിഷേകം ഉടനെ നടക്കം എന്നു തിരുമനസ്സറിയിക്കവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട വളാണ് ഞാൻ. ആംഗ്ലേയരെ തോല്പിച്ച് ഓർളിയൻസ്നഗരം രക്ഷിക്കേണ്ടുന്ന ഭാരം ഞാൻ ഏറ്റിരിക്കുന്നു. അതിന്നു വേണ്ടുന്ന ഒരുക്കങ്ങളോടുകൂടി എന്നെ അയപ്പാൻ അപേക്ഷ. ദൈവാനുഗ്രഹത്താൽ വളരെക്കാലം രാജാവായി വാഴുവാൻ സംഗതി വരട്ടെ'. യോഹന്നായുടെ വാക്കുകൾ കേട്ടപ്പോൾ രാജാവിനു വളരെ ഭയവും സംശയങ്ങളും ഉണ്ടായി. യോഹന്നായെ പല പ്രകാരത്തിലും അവർ പരിക്ഷിച്ചു നോക്കി. എന്തൊക്കെ ചെയ്തിട്ടും യോഹന്നായുടെ ധൈര്യാദിഗുണങ്ങൾക്കു ലേശംപോലും മാററം വരുന്നില്ലെന്നു കണ്ടപ്പോൾ, രാജാവിന്നും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാക്കും നമ്മുടെ നായികയിൽ അനിതരസാധാരണമായ ഒരു ദിവ്യശക്തിയുണ്ടെന്നു വിശ്വസിക്കാതെ നിവൃത്തിയില്ലെന്നു വന്നു. രാജാവും ഉദ്യോഗസ്ഥന്മാരും യോഹന്നായ്ക്കു വശംവദന്മാരായിത്തീരുകയും ചെയ്തു. ഇംഗ്ലീഷുകാരെ തോല്പിച്ചു രാജ്യം രക്ഷിക്കേണ്ടുന്ന ഭാരം യോഹന്നായെ ഏല്പിച്ചു. ഈ വത്തമാനം കാട്ടുതീപോലെ രാജ്യമെങ്ങും പരന്നു. തുശികടക്കുന്ന സ്ഥലത്തു തുമ്പ കടത്തുന്നതു സാധാരണ മനുഷ്യപ്രകൃതിയാണല്ലോ. സാധാരണന്മാരുടെ ബുദ്ധിക്കു ഗോചരമല്ലാത്ത സംഗതികൾക്കു ദിവ്യത്വം കല്പിക്കുന്നതു സ്വാഭാവികമാകുന്നു. രാജാവും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരും യോഹന്നായുടെ ആജ്ഞയ്ക്കു കീഴടങ്ങിയെന്നുള്ള വത്തമാനം കേട്ടപ്പോൾ, യോഹന്നായുടെ അതിമാനുഷകമ്മങ്ങളെക്കുറിച്ചു പല കഥകളും പറഞ്ഞുതുടങ്ങി. അസാധാരണയായ ഈ വത്തമാനങ്ങൾ ഇംഗ്ലീഷുകാരെ അല്പം പരിഭ്രമിപ്പിച്ചു. യോഹന്നായുടെ അമാനുഷശക്തിയിൽ പരന്ത്രീസുകാക്കു വിശ്വാസം ജനിച്ചതിനാൽ, സൈന്യങ്ങൾക്കു ധൈര്യവും ശൌയ്യവും വദ്ധിച്ചുവന്നു. എന്നുതന്നെയല്ല, യോഹന്നായുടെ കീഴിൽ യുദ്ധംചെയ്തു മരിക്കുന്നതിനു തയാറായി അനേകം ഭടന്മാർ സൈന്യത്തിൽ ചേരുകയും ചെയ്തു. ഇങ്ങിനെ അസംഖ്യം ഭടന്മാരാൽ അനുഗതയായി യോഹന്ന ആംഗ്ലേയസൈന്യത്തെ ജയിക്കുവാൻ പുറപ്പെട്ടു. 1429-ാമാണ്ട് ഏപ്രിൽമാസം 28-ാംനു- വൈ

കുന്നേരം.യോഹന്നയും സൈന്യവും ഓർല്ലിയൻസ്നഗരത്തിൽ എത്തി. പിന്നീട് ഈ പട്ടണത്തിൽവെച്ച് അനേകം യുദ്ധങ്ങൾ നടന്നു. യുദ്ധത്തിൽ സദാസമയവും യോഹന്ന മുമ്പിട്ടുനിന്നിരുന്നു. പലതവണയും യോഹന്നയ്ക്കുവളരെ അപകടങ്ങൾനേരിട്ടുഎങ്കിലും അത്ഭുതകരമാകുംവണ്ണം അവയിൽനിന്നെല്ലാം രക്ഷപ്പെടുകയും ആ വക ഓരോ സംഭവങ്ങൾ യോഹന്നയുടെ അനുചരന്മാരെ പ്രോത്സാഹിപ്പിക്കുകയുംധൈര്യപ്പെടുത്തുകയും ചെയ്തു.

'ചാറൽസ്സ്' രാജാവിൻെറ അടുക്കൽ ആദ്യമായി 'യോഹന്ന' ചെന്നതിൽപിന്നെ ഇപ്പോൾ മൂന്നു മാസം കഴിഞ്ഞു. അദ്ദേഹത്തോടുള്ള വാഗ്ദത്തങ്ങളിൽ ഒന്നു സാധിച്ചു. ഇംഗ്ലീഷുകാരെ തോല്പിച്ച് 'ഓർലിൻസ്' പിടിച്ചു. തദനന്തരം തൻെറ വാഗ്ദത്തപ്രകാരം രാജാവിൻെറ പട്ടാഭിഷേകം നടത്തുന്നതിന്നും വളരെ കാലതാമസം വേണ്ടിവന്നില്ല. യോഹന്ന ഒരു ഭ്രാന്തിയാണെന്ന് ഇതുവരെ വിചാരിച്ചിരുന്നവൎക്കെല്ലാം ആ യുവതിയുടെ അമാനുഷത്വത്തിൽ വിശ്വാസം ജനിച്ചു. വീണ്ടെടുക്കുവാൻ സാധിക്കുന്നതല്ലെന്നു കരുതി ഉപേക്ഷിച്ച സ്ഥലങ്ങൾ കൈവശപ്പെടുത്തിയതും ശത്രുസൈന്യങ്ങളെ ഓരോ സ്ഥലങ്ങളിൽവെച്ചു നിശ്ശേഷം നശിപ്പിച്ചതും സാധാരണ സംഭവങ്ങളായി വിചാരിക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, വളരെ ചെറുപ്പവും ക്രമമായി വിദ്യാഭ്യാസമൊ ലോകപരിചയമൊ ഇല്ലാത്തവളും യുദ്ധവൃത്താന്തങ്ങളെക്കുറിച്ചു വായിക്കുകപോലും ചെയ്യാത്തവളുമായ യോഹന്ന രാജാവിന്നും സേനാനായകന്മാൎക്കും അശക്യമായിരുന്ന കാൎയ്യമാണ് ചെയ്തത്. ഇത്രയും കണ്ടപ്പോൾ, ശത്രുക്കളായ ഇംഗ്ലിഷുസൈന്യത്തിന്നുംകൂടെ യോഹന്നയിൽ എന്തെന്നില്ലാത്ത ഭയവും ഭക്തിയും തോന്നിപ്പോയി.

ഇംഗ്ലീഷുകാരെ തീരെ തോല്പിച്ചോടിച്ചില്ലെങ്കിലും, അവരെ തല്ക്കാലം അകററി എന്നതിനു സംശയമില്ല; ശത്രുക്കളുടെ ഗൎവ്വം ശക്തിയും ശമിപ്പിച്ചു. 'ചാറൽസ്സി'നെ ദൈവം കടാക്ഷിച്ചിരിക്കുന്നു എന്നറിഞ്ഞ് എല്ലാവരും അദ്ദേഹത്തെ ആദരിച്ചു. പക്ഷെ, ബർഗണ്ടിയൻപ്രഭുവും കൂട്ടരും കീഴടങ്ങിയില്ല. അവർ പിന്നേയും രാജദ്രോഹികളായി ലഹള കൂട്ടിക്കൊണ്ടിരുന്നു.

ഒരുദിവസം 'യോഹന്ന' രാജാവിൻെറ അടുക്കൽ ചെന്നു് ഇപ്രകാരം പറഞ്ഞു. "ദൈവത്താൽ നിശ്ചയിക്കപ്പെട്ട ഗൌരവകൃത്യങ്ങൾ എല്ലാം ഞാൻ അദ്ദേഹത്തിൻെറ അനുഗ്രഹംകൊണ്ടു സാധിച്ചു. ഇനി വീട്ടിലേക്കു പോകുവാൻ എന്നെ അനുവദിക്കണം. എൻെറ അമ്മയെ തുന്നപ്പണിയിൽ സഹായിക്കുന്നതിനും അച്ഛൻെറ ആട്ടുകളെ മേക്കുന്നതിനും മാത്രമേ ഇനി എനിക്ക് ആഗ്രഹമുള്ളു. എൻെറ ആയുസ്സ് ഇനി അധികമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് ഇനിയുള്ളകാലം മുഴുവൻ ഉപാസനാദിസൽകർമ്മങ്ങൾ ചെയ്തു് ഈശ്വരനെ ധ്യാനിച്ചുകൊണ്ടു കഴിച്ചുകൂട്ടുന്നമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് എന്നെ പോകുവാൻ അനുവദിക്കണം'. യോഹന്നയെ അയക്കുന്നതിനു രാജാവിനും സേനാനായകന്മാൎക്കും മനസ്സുണ്ടായിരുന്നില്ല. അതുകൊണ്ടു യോഹന്ന സൈന്യാധിപത്യം വീണ്ടും സ്വീകരിച്ചു പല യുദ്ധങ്ങളും നടത്തി വിജയം പ്രാപിച്ചു.

ബർഗണ്ടിയൻ പ്രഭുവും കൂട്ടുകാരും ചാർലസ്സ് രാജാവിന്നു കീഴടങ്ങിയില്ലെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവർ അങ്ങുമിങ്ങും തരംനോക്കി നടന്നുകൊണ്ടിരുന്നു. ഒടുവിൽ കാമ്പിയൻ എന്ന കോട്ടയിൽവെച്ചു ഭയങ്കരമായ ഒരു യുദ്ധം ഉണ്ടാവുകയും അതിൽ യോഹന്നയുടെ സൈന്യത്തെ തോല്പിക്കുകയും ചെയ്തു. എന്നു തന്നെയല്ല, യോഹന്നയെ ശത്രുക്കൾ ഒരു തടവുകാരത്തിയായി പിടിക്കുകയും ചെയ്തു. ഈ വൎത്തമാനം ഇംഗ്ലീഷുകാർ അറിഞ്ഞു; പരാജിതയായ യോഹന്നയെ അവർ വിലയ്ക്കു വാങ്ങി. യോഹന്നയ്ക്കുണ്ടായ വിജയം മുഴുവൻ ക്ഷുദ്രപ്രയോഗംകൊണ്ടാണെന്നായിരുന്നു ആംഗ്ലേയരുടെ വിശ്വാസം. പണ്ടു ക്ഷുദ്രപ്രയോഗക്കാരെ അഗ്നിയിൽ നിരത്തി ദഹിപ്പിക്കുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. യോഹന്നയെ വിസ്തരിക്കുന്നതിന്നായി ഒരു വൈദികസംഘം ഏൎപ്പെടുത്തുകയും മൂഢഭക്തന്മാരായ വൈദികന്മാർ യോഹന്ന കുററക്കാരത്തിയാണെന്നു തീരുമാനിക്കുകയും ചെയ്തു. എന്തിനു വളരെ പറയുന്നു! 1431-ാമാണ്ടു മേമാസത്തിൽ നമ്മുടെ നായികയെ റവൻ എന്ന നഗരത്തിൽവെച്ച് ആംഗ്ലേയർ അഗ്നികുണ്ഡത്തിൽ ദഹിപ്പിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഈ

ക്രൂരകൃത്യം കാഴ്ചക്കാരുടേയും കേൾവിക്കാരുടേയും മനസ്സിന്ന് അസ്വാസ്ഥ്യം ഉണ്ടാക്കി എങ്കിലും യോഹന്നയുടെ മനസ്സിളക്കുവാൻ മതിയായില്ല. നമ്മുടെ ദേഹത്തിന്നുള്ള സുഖദുഃഖങ്ങളെ നാം അറിയുന്നതു മനസ്സിന്റെ വ്യാപാരംകൊണ്ടാണല്ലോ. ഐഹികവിഷയങ്ങളിൽ വിരക്തിയോടും ഈശ്വരങ്കൽ ഏകാഗ്രതയോടും കൂടിയിരുന്ന യോഹന്നയുടെ മനസ്സ് അഗ്നിയുടെ പ്രവൃത്തിയെക്കുറിച്ചു യാതൊന്നും ഗ്രഹിച്ചില്ല. നിശ്ചലമായ ഈശ്വരവിശ്വാസവും ആ വിശ്വാസത്തെ ദൃഢീകരിക്കുന്ന നിഷ്കളങ്കമായ മനസ്സാക്ഷിയും സദാ സമയവും സഹായിച്ചുകൊണ്ടിരിക്കുന്ന ഒരു മനുഷ്യന്റെ പ്രവൃത്തികൾ പ്രതിഫലകാംക്ഷയോടുകൂടിയതല്ലാത്തതിനാൽ, കൃത്യനിഷ്ഠയോടുകൂടി തന്റെ കർത്തവ്യങ്ങൾ നിർവഹിച്ചു എന്നുള്ള സംതൃപ്തിയേക്കാൾ അയാൾക്കു അധികമായ ആനന്ദം മറ്റൊന്നുമില്ല. അങ്ങിനെയുള്ള ദിവ്യമായ ആനന്ദത്തിൽ ലയിച്ചിരുന്ന യോഹന്നയ്ക്കു പ്രതിയോഗികൾ ചെയ്ത ദ്രോഹങ്ങൾ നിസ്സാരങ്ങളായിരുന്നു.

സത്യം പുറത്തുവരാതേയും ജയിക്കാതേയും നിവൃത്തിയില്ല. യോഹന്നയുടെ മരണശേഷം കുറേക്കാലം കഴിഞ്ഞിട്ടുംകൂടെ ആ മഹതിയുടെ സൽഗുണങ്ങൾ പ്രത്യേകം പ്രശോഭിക്കാതിരുന്നില്ല. യോഹന്നയുടെ പേരിൽ ആരോപിച്ച കുററങ്ങൾ ന്യായവിരുദ്ധമായിരുന്നു എന്നും യോഹന്നയെ വിസ്തരിച്ച കോടതി നിയമാനുസരണം ഏർപ്പെടുത്തപ്പെട്ടതല്ലന്നും മററും അന്നത്തെ പോപ്പായിരുന്ന 'കാലിക്ടസ്സ്' പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം താഴെ പറയുംപ്രകാരം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി: 'യോഹന്ന വാസ്തവത്തിൽ നിരപരാധിനിയാണെന്നു നാം കാണുന്നു. അവളെ വിസ്തരിച്ച കോടതിയും അവളിൽ ആരോപിച്ച കുററങ്ങളും ഒരുപോലെ നീചങ്ങളാകുന്നു. അതുകൊണ്ട് അവരുടെ വിധി അന്യായവും അവളെ ശിക്ഷിച്ചു എന്നു വിചാരിക്കാൻ പാടില്ലാത്തതുമാകുന്നു. എന്നുതന്നെയുമല്ല, അവൾ സത്യവതിയും പുണ്യവതിയുമായിരുന്നു എന്നുംകൂടെ നാം ഇതിനാൽ എല്ലാവരേയും അറിയിച്ചുകൊള്ളുന്നു'.

## ൧൨. മഹാറാണി സുവൎണ്ണമയി, സി. ഐ.

ഈ മഹതി ദൃഷ്ടാന്തയോഗ്യയായ ഒരു ഹിന്തുസ്ത്രീയാകുന്നു. പഴയ രീതിയിൽ സംസ്കൃതം മുതലായ പൂൎവ്വഭാഷകളിലൊ പുതിയ രീതിയിൽ ഇംഗ്ലീഷു മുതലായ പാശ്ചാത്യഭാഷകളിലൊ പുകഴ്ത്തപ്പെടത്തക്ക വൈദുഷ്യം സിദ്ധിച്ചിട്ടുണ്ടായിരുന്നില്ലെങ്കിലും, ഉത്തമമായ രീതിയിൽ പൂൎണ്ണമായ വിദ്യാഭ്യാസം സിദ്ധിച്ച ഒരു സ്ത്രീയെപ്പോലെ താൻ പ്രവൎത്തിച്ചിരുന്നു എന്നതിനു പല ദൃഷ്ടാന്തങ്ങളുമുണ്ട്. മനുഷ്യവൎഗ്ഗത്തിന്നു സാധാരണയായി നേരിടുന്ന സങ്കടങ്ങളെ നിവാരണം ചെയ്യാൻ സുവൎണ്ണമയി സദാ സന്നദ്ധയായിരുന്നു; വിധവകളുടെ ദുഃഖത്തെ കഴിയുന്നതും ശമിപ്പിക്കാൻ ശ്രമിച്ചിരുന്നു; ദരിദ്രന്മാൎക്ക് അന്നവസ്ത്രാദികൾ ദാനം ചെയ്യുന്നതിൽ ലേശം ലോഭം കാണിച്ചിട്ടില്ല; ശൈത്യാതപങ്ങളിൽനിന്നു രക്ഷ പ്രാപിപ്പാൻ ഒരു കുടിൽപോലും ഇല്ലാതെ കഷ്ടപ്പെട്ടിരുന്ന പല സാധുക്കൾക്കും വാസസ്ഥലം ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്; ദരിദ്രരായ വിദ്വാന്മാൎക്കും വിദ്യാൎത്ഥികൾക്കും സുവൎണ്ണമയി ഒരു കാമധേനുവായിരുന്നു; രോഗികളെ ചികിത്സിക്കുന്നതിന്നും ശുശ്രൂഷിക്കുന്നതിന്നും വേണ്ടതായ ഏൎപ്പാടുകൾ പല സ്ഥലങ്ങളിലും വളരെ ജാഗ്രതയോടെ നടത്തിപ്പോന്നു. നമ്മുടെ റാണിക്കു സ്വസന്താനങ്ങൾ ഉണ്ടായിരുന്നില്ലെങ്കിലും, മനുഷ്യവൎഗ്ഗം എന്ന മഹാകുടുംബത്തെ റാണി തന്റെ സ്വന്തകുടുംബമായി കരുതിയിരുന്നു. സുവൎണ്ണമയിയുടെ വിഭവകാപൂൎവ്വമായ ഔദാൎയ്യം ഔദാൎയ്യത്തിന്നുമാത്രമായിട്ടായിരുന്നു. റാണി സകല സൽപ്രവൃത്തികളും ചെയ്തിരുന്നതു മന്ത്രിയായ റായി രാജീവലോചൻ റായ് ബഹദൂരിന്റെ ബുദ്ധിപൂൎവ്വകമായ ഉപദേശങ്ങളെ അനുസരിച്ചാണ്. സൂൎയ്യൻ ഒരു ദിവസമെങ്കിലും ഈ മഹാറാണിയുടെ എന്തെങ്കിലും സൽക്കൎമ്മം കണ്ട് ആനന്ദിക്കാതെ അസ്തമിക്കുന്നില്ലെന്നു കവിവരന്മാർ പറഞ്ഞിട്ടുള്ളതു കേവലം അതിശയോക്തിയൊ മുഖസ്തുതിയൊ അല്ല. ഇപ്രകാരമുള്ള തരുണീരത്നം സ്ത്രീവൎഗ്ഗത്തിന്ന് എന്നു മാത്രമല്ല, തന്റെ മാതൃരാജ്യത്തിന്നും മനുഷ്യവംശത്തിന്നും ഒരു ശിരോലങ്കാര

മാകുന്നു. ബ്രിട്ടീഷ്കോയ്മ ഈ മഹതിയെ ബഹുമാനിച്ചതു സ ദ്വൃത്തിയേയും സമസൃഷ്ടികളിലുള്ള സമഭാവനയേയും മനഃശ്ശുദ്ധിയേയും ആദരിക്കുകയായിരുന്നു; സുവൎണ്ണമായിയുടെ അനിതരവനിതാസാധാരണമായ സൽഗുണങ്ങൾ കണ്ടു വളരെ സന്തുഷ്ടയായി,സി. ഐ. എന്ന ബഹുമതി നല്കി. ഈ ബഹുമാനം ഹിന്തുസ്ത്രീകളിൽ ആദ്യമായി സിദ്ധിച്ചതു മഹാറാണി സുവൎണ്ണമായിക്കാകുന്നു.

ആദ്യത്തെ ഗവൎണ്ണർ ജനറാളായ വാറൺഹസ്റ്റിങ്സിനു സാരമായ സഹായങ്ങൾ ചെയ്തുകൊടുത്തതുകൊണ്ടു ധനവും അധികാരവും സിദ്ധിച്ച ദിവാൻ കൃഷ്ണസ്കന്ധ നന്ദിയാൽ സ്ഥാപിക്കപ്പെട്ട കസീംബസാര രാജവംശത്തിലാണ് നമ്മുടെ റാണി ഒരു അലങ്കാരമായി വിളങ്ങിയിരുന്നത്. നന്ദിയുടെ വംശജനായ രാജാകൃഷ്ണനാഥറായി നമ്മുടെ മഹതിയുടെ ഭൎത്താവായിരുന്നു. അദ്ദേഹം 1844-ൽ മരിച്ചു. അന്ന് ഇന്ത്യാരാജ്യം ഭരിച്ചിരുന്ന ഈസ്റ്റിണ്ഡ്യാകമ്പനിക്കാർ അദ്ദേഹം ചെയ്തുവെച്ചിരുന്ന ഒരു മരണപത്രത്തെ അടിസ്ഥാനമാക്കി അദ്ദേഹത്തിന്റെ വസ്തുവഹകൾ കൈവശപ്പെടുത്തി. അതുകൊണ്ടു വിധവയായ നമ്മുടെ റാണി കമ്പനിക്കാരുടെ പേരിൽ വ്യവഹാരം ചെയ്തു. മരണപത്രം എഴുതിയ കാലത്തു തന്റെ ഭൎത്താവിന്റെ ബുദ്ധി സുസ്ഥിരമായിരുന്നില്ലെന്നുള്ള റാണിയുടെ വാദം അന്നത്തെ കല്ക്കത്തായിലെ സുപ്രീംകോൎട്ട സ്വീകരിച്ചു; റാണിക്ക് അനുകൂലമായ ഒരു വിധിയും കല്പിച്ചു. ഇങ്ങിനെ സിദ്ധിച്ച വസ്തുക്കളിൽനിന്നുണ്ടായ ആദായം പരോപകാരാൎത്ഥമായിട്ടല്ലാതെ മററു യാതൊരു വിധത്തിലും റാണി ഉപയോഗിച്ചിട്ടില്ല.

സുവൎണ്ണമായി 1827-ൽ ബർദ്ധവാൻ ഡിസ്ത്രിക്ടിൽപെട്ട ഭട്ടക്കൾ ഗ്രാമത്തിൽ ജനിച്ചു. 1838-ൽ പതിനൊന്നാമത്തെ വയസ്സിൽ, റാണിയുടെ വിവാഹം ബൈസാക്ക് എന്ന ദിക്കിൽ വെച്ചു നടന്നു. 1847-ൽ ചരമഗതനായ തന്റെ ഭൎത്താവിന്റെ സ്വത്തുക്കൾ കൈവശം വന്നസമയം ആ വഹകളിന്മേൽ വളരെ കട

മുണ്ടായിരുന്നു. എന്നാൽ തന്റെ ബുദ്ധിസാമൎത്ഥ്യത്തിന്റേയും മിതവ്യയത്തിന്റേയും ഫലമായി, ആ വസ്തുക്കളിന്മേൽ ഉണ്ടായിരുന്ന സകല കടങ്ങളും കാലക്രമേണ തീൎക്കുകയും അവയിൽ നിന്നു പൂൎവ്വാധികമായ ആദായം ഉണ്ടാക്കുകയും ചെയ്തു. നമ്മുടെ സ്ത്രീരത്നങ്ങൾ ഈ വിഷയത്തിലും ഈ മഹതിയെ അവശ്യം അനുകരിക്കേണ്ടതാകുന്നു. റാണിയുടെ യോഗ്യതകളും ഗുണങ്ങളും, സ്ഫടികക്കണ്ണാടികളുടെ പിമ്പുറത്തിടുന്ന രസം ഏതുവിധം പ്രതിഫലനത്തെ ചെയ്യുന്നുവോ അതുപോലെ, സമൎത്ഥനും സദ്വൃത്തനുമായ മന്ത്രിയുടെ ഉപദേശവൈശിഷ്ട്യംകൊണ്ടു പ്രകാശിച്ചു. ഉത്തരഇന്ത്യയിലെ സ്ത്രീകൾ 'ഘോഷാ' ആചാരനിരതകളാണ്. ഈ ആചാരം റാണിയുടെ സൽപ്രവൃത്തികൾക്ക് ഒരു തടസ്ഥമായിത്തീരാഞ്ഞതു തന്റെ ബുദ്ധിവിശാലതകൊണ്ടും ധീരോദാത്തതകൊണ്ടും മാത്രമല്ല, മന്ത്രിയുടെ സാമൎത്ഥ്യംകൊണ്ടും സദുപദേശംകൊണ്ടുമാകുന്നു. റാണിയുടെ സൽപ്രവൃത്തികളുടേയും യോഗ്യതകളുടേയും ഫലമായി 1871, ആഗസ്റ്റ് മാസം 10-ാംനു ബ്രിട്ടീഷുഗവൎമ്മേണ്ടു 'മഹാറാണി' എന്ന സ്ഥാനം നൽകി. ഗവൎമ്മേണ്ടിന് ഈ മഹതിയിലുണ്ടായ ബഹുമാനം ഇതുകൊണ്ടു കലാശിച്ചില്ല. 1874-ൽ ബങ്കാൾ സംസ്ഥാനത്തു കഠോരമായ ഒരു ക്ഷാമബാധയുണ്ടായി. ഈ അവസരത്തിൽ റാണി പ്രദൎശിപ്പിച്ച ഔദാൎയ്യവും ഔചിത്യവും ബഹുമാനിക്കത്തക്കതായിരുന്നു. ഈ സൽപ്രവൃത്തിയുടെ ഫലമായി ഗവൎമ്മേണ്ട് 1875-ൽ, റാണിയുടെ പിൻവാഴ്ചക്കാൎക്കും 'മഹാരാജാ' എന്ന സ്ഥാനം ശാശ്വതാവകാശമായി കൊടുക്കാമെന്നു സമ്മതിച്ചു. 1878-ലാണ് റാണിക്കു സി. ഐ. എന്ന സ്ഥാനം സിദ്ധിച്ചത്. ഈ കീൎത്തിമുദ്ര ദാനം ചെയ്യുന്നതിന്നായിച്ചെന്ന ഗവൎമ്മേണ്ടിന്റെ പ്രതിനിധി മിസ്റ്റർ എഫ്. ബി. പീകോക്ക് അന്നുകൂടിയ മഹായോഗത്തിൽവെച്ചു റാണിയുടെ യോഗ്യതകളെപ്പററി ഇപ്രകാരം പ്രസ്താവിച്ചു.

'ഈ ബഹുമാനപദം നിങ്ങൾക്കുനൽകുന്നതു നിങ്ങളുടെ പരോപകാരതല്പരതയേയും സീമാതീതമായ ഔദാൎയ്യത്തേയും കണ്ടു സന്തോഷിച്ചിട്ടാകുന്നു. നിങ്ങളുടെ സത്സ്വഭാവത്തേയും ഭരണശ

ക്തിയേയും പററി അറിയാവുന്നവർ ഈ യോഗത്തിൽ പലരുംഉ ണ്ടായിരിക്കാം. എന്നാൽ ഉദാരമായ നിങ്ങളുടെ പ്രവൃത്തികളുടെ പരിമാണത്തെപ്പററി സൂക്ഷ്മമായി അറിയുന്നവർ അധികമുണ്ടൊ എന്നു സംശയമാണ്. അതുകൊണ്ടു മഹാറാണിക്കു നിങ്ങളിൽ അതിയായ ബഹുമാനം ജനിക്കത്തക്കതായ നിങ്ങളുടെ നല്ലത്മ്മ ങ്ങളെപ്പററി അല്പം പ്രസ്താവിക്കുന്നത് ഈ അവസരത്തിൽ അ നുചിതമായിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു.' ഇവിടെ അനേ കം സല്ക്കമ്മങ്ങളെപ്പററി പ്രശംസിച്ചു.

'നിങ്ങൾ ഓരോരോ അവസരങ്ങളിൽ പൊതുജനക്ഷേമ ത്തെ ഉദ്ദേശിച്ചു ചെയ്തിട്ടുള്ള ധനസഹായത്തെപ്പററി പറയുകയാ ണെങ്കിൽ വളരെ അധികമുണ്ട്. പാഠശാലകൾക്കും ധമ്മശാല കൾക്കും മററമായി നിങ്ങൾ അഞ്ചരലക്ഷം ഉറപ്പിക ചിലവുചെ യ്തിട്ടുണ്ട്. ഇത് അനേകം സംവത്സരങ്ങളിൽകൂടി ചെയ്തിട്ടുള്ളത ല്ല. ഏകദേശം രണ്ടുകൊല്ലങ്ങൾക്കിടയിൽ ചെയ്തിട്ടുള്ളതാണ്. ഈ ചിലവു നിങ്ങളുടെ വരവിന്റെ ആറിൽ ഒരംശമാകുന്നു. ഇ ത്ര വലുതായ ഒരു സംഖ്യ ചിലവുചെയ്യുതിലല്ലാ ബഹുമാനം, അതു ചിലവഴിച്ച ഔചിത്യത്തിലാണ്. സാധാരണയായി പല രും അനവധി ധനം ധമ്മവിഷയങ്ങളിൽ ചിലവഴിച്ചിട്ടുള്ളതാ യി നമുക്ക് അറിയാം. എന്നാൽ അവരുടെ സൽപ്രവൃത്തികൾ കൊണ്ട് അവക്കു കീത്തിയും ബഹുമാനവും സമ്പാദിക്കേണമെ ന്നുള്ള ഉദ്ദേശത്തോടുകൂടി പലപ്പോഴും പ്രവത്തിക്കാറുണ്ട്. നിങ്ങ ളുടെ പ്രവൃത്തികൾ അങ്ങിനെയല്ല; ധമ്മം ചെയ്തിട്ടുള്ളതു ധമ്മ ത്തിനു മാത്രമായിക്കൊണ്ടാണ്. ധമ്മം ചെയ്യുന്ന കാൎയ്യത്തിൽ, 'വ ലത്തുകൈ ചെയ്യുന്നത് ഇടത്തുകൈ അറിയരുത്' എന്ന് ഇംഗ്ലി ഷിൽ ഒരു പഴഞ്ചൊല്ലുണ്ട്. അതുപോലെയാണ് നിങ്ങൾ ചെ യ്തിട്ടുള്ളത്'. മേല്പറഞ്ഞ ഓരോ സൽകമ്മങ്ങൾക്കു പുറമെ, റാണി മരിക്കുന്നതിനു കുറേക്കാലം മുമ്പുതന്നെ ധമ്മച്ചിലവിലേക്ക് ഓരോ ലക്ഷം ഉറപ്പിക കൊല്ലംതോറും നീക്കിവെച്ചിരുന്നു.

## ൨൩. മിസ്സിസ്സ് ഹച്ചിൻസൺ.

"ടൌവർ ഓഫ് ലണ്ടൻ" എന്നു പറയുന്ന കെട്ടിടം ഓരോ കാരണവശാൽ സുപ്രസിദ്ധിക്കും കുപ്രസിദ്ധിക്കും പാത്രീഭവിച്ചിട്ടുണ്ടെന്ന് ആംഗ്ലേയചരിത്രം വായിച്ചിട്ടുള്ളവക്കെല്ലാം അറിയാമല്ലോ. ഒന്നാമത്തെ ചാറൽസ് മഹാരാജാവിൻെറ കാലത്ത് ഈ കെട്ടിടത്തിലെ മേലുദ്യോഗസ്ഥൻ സർ. അല്ലൻ ആസ്സിലിയായിരുന്നു. നമ്മുടെ കഥാനായികയായ മിസ്സിസ്സ് ലൂസി ഹച്ചിൻസൻ സർ. അല്ലൻ ആസ്സിലിയുടെ പുത്രിയാണ്. ഇംഗ്ലീഷുഭാഷയിൽ എഴുതീട്ടുള്ള ജീവചരിത്രങ്ങളുടെ കൂട്ടത്തിൽ പ്രഥമസ്ഥാനത്തെ അഹിക്കുന്നതും താൻ തന്നെ എഴുതീട്ടുള്ളതുമായ തൻെറ ഭത്താവിൻെറ ജീവചരിത്രത്തിൽ ഈ മഹതി സ്വന്തം മാതാപിതാക്കന്മാരുടെ അന്യോന്യാനുരാഗം, വിശ്വാസം, വിവേകം, ഔദാൎയ്യം മുതലായ ഗുണങ്ങളെപ്പററി പ്രത്യേകം പ്രശംസിച്ചിട്ടുണ്ട്. സ്ത്രീകളെ മിരട്ടുവാൻ മാത്രമായി കച്ചകെട്ടിനടക്കുന്ന ഒരു തരം 'രസികന്മാരാ'യ യുവാക്കന്മാരോടു സർ. ആസ്സിലിക്കു വളരെ വെറുപ്പുണ്ടായിരുന്നു; എന്തുകൊണ്ടെന്നാൽ, പ്രയോജനകരമായ പ്രവൃത്തികളും വിദ്യകളും മാത്രമാണ് മാന്യതയുടെ ലക്ഷണങ്ങളെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. നമ്മുടെ ലൂസി ബാല്യത്തിൽതന്നെ പ്രദശിപ്പിച്ചിരുന്ന പ്രജ്ഞയും ശാന്തതയും ഗേഹിനീസ്വഭാവവും ആലോചനശക്തിയും സദാചാരനിരതരായ മാതാപിതാക്കന്മാരിൽനിന്നു സമ്പാദിച്ചവയാണ്. 'പിടിയാനപെറുംകുട്ടി കടിയാകിടിയാകുമൊ' എന്ന് ഒരു സരസകവി ചോദിച്ചതുപോലെ അന്യഥാ സംഭവിക്കുന്നതല്ലല്ലോ. ഏകദേശം നാലു വയസ്സു പ്രായമായപ്പോൾതന്നെ ലൂസിക്കു പുസ്തകങ്ങൾ വായിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല; എന്നുതന്നെയല്ല, ഒന്നുരണ്ടുതവണ കേട്ടിട്ടുള്ള പ്രസംഗങ്ങൾ കാണാപ്പാഠം ചൊല്ലുവാൻ മാത്രം ഓൎമ്മശക്തിയുമുണ്ടായിരുന്നു. തൻെറ സഹോദരന്മാർ വളരെ പരിശ്രമശീലവും സാമൎത്ഥ്യവുമുള്ളവരായിരുന്നു എങ്കിലും, ലാററിൻ ഭാഷ പഠിക്കുന്ന കാൎയ്യത്തിൽ ലൂസി അ

വരേക്കാൾ വളരെ മീതെയായിരുന്നു. സ്ത്രീകൾക്ക് അനുരൂപമല്ലാത്ത ജോലികളിലും വിനോദങ്ങളിലും ലൂസിക്കു താല്പൎയ്യമുണ്ടായിരുന്നില്ല.

പ്രസിദ്ധകവിയായ ബൈറൻപ്രഭുവിന്റെ വംശത്തിൽപെട്ട സർ. ജോൺ ബൈറന്റെ പുത്രിയായ ലേഡി മാർഗരെററിനെ സർ. തോമസ്സ് ഹച്ചിൻസൻ വിവാഹം ചെയ്തു. ഈ ദമ്പതിമാരുടെ സീമന്തപുത്രനാണ് നമ്മുടെ കഥാനായികയുടെ ഭർത്താവായ കർണ്ണൽ ഹച്ചിൻസൻ. ഇദ്ദേഹം വലിയ വിദ്വാനും സുഭഗനും സുശീലനുമായിരുന്നു. ഹച്ചിൻസൻ കുലീനനും കുടുംബസ്വത്തിന്ന് അവകാശിയുമായിരുന്നതുകൊണ്ട് അന്നു വിവാഹകാലം സമീപിച്ചിരുന്ന പുത്രിമാരുള്ള മാതാപിതാക്കന്മാരുടെ 'കണ്ണിലുണ്ണി'യായിരുന്നു എന്നു പ്രത്യേകം പറയേണ്ടതല്ലോ. ഹച്ചിൻസൻ സാഹിത്യത്തിലും സംഗീതത്തിലും അദ്ദേഹത്തിന്റെ തരക്കാരേക്കാൾ തുലോം മീതെയായിരുന്നു. സൎവ്വകലാശാലയിലെ പഠിപ്പു കഴിഞ്ഞ ഉടനെ ഫ്രാൻസുരാജ്യം മുഴുവൻ സഞ്ചരിച്ചു കണ്ടറിയണമെന്ന് ഹച്ചിൻസൻ തീൎച്ചയാക്കി. യാത്രയ്ക്കു വേണ്ടുന്ന ഒരുക്കങ്ങൾ പൂൎത്തിയാകുന്നതിന് അല്പം കാലതാമസമുണ്ടായിരുന്നതിനാൽ, അന്നു റിച്ച്മെണ്ട് എന്ന സ്ഥലത്ത് എഴുന്നള്ളി താമസിച്ചിരുന്ന യുവരാജാവിനെ ചെന്നു കാണേണമെന്നു ബന്ധുക്കൾ സിദ്ധാന്തിക്കുക നിമിത്തം ഹച്ചിൻസൻ അങ്ങോട്ടു പോയി. യുവരാജാവിനും അദ്ദേഹത്തിന്റെ സേവന്മാരായ രസികന്മാൎക്കും ഹച്ചിൻസന്റെ ആഗമനം വളരെ സന്തോഷപ്രദമായി.

ഹച്ചിൻസൻ കൊട്ടാരത്തിൽ താമസിക്കുന്ന കാലത്ത് ഒരു ദിവസം യുവരാജാവിന്റെ സ്നേഹിതന്മാരിൽ ഒരാൾ ഒരു പാട്ടു പാടുകയും മററുള്ളവരെല്ലാം അതു കേട്ടു കൊണ്ടാടുകയുംചെയ്തു. ആ പാട്ടു ആരുടെ കൃതിയാണെന്നുള്ള ചോദ്യം ശ്രോതാക്കളിൽനിന്നു സ്വാഭാവികമായി പുറപ്പെട്ടു. അതു രാജധാനിയ്ക്കുസമീപം താമസിക്കുന്ന ഒരു യുവതിയുടെ കൃതിയാണെന്ന് അറിഞ്ഞപ്പോൾ, അവിടെ കൂടിയിരുന്നവൎക്കെല്ലാം വളരെ അതിശയം

തോന്നി. എന്നാൽ ഹച്ചിൻസന്ന് ആ ഗാനത്തിൻെറ മാധുയ്യവും അതിൽ ഉപയോഗിച്ചിരുന്ന മനോധമ്മവും ആലോചിച്ചപ്പോൾ, അത് ഒരു സ്ത്രീയുടെ കൃതിയാണെന്നു വിശ്വാസം വന്നില്ല. ആ ഗാനത്തിൻെറ കത്രീ മിസ്സ് ലൂസി ആസ്സിലിയാണെന്നു ഗായകൻ ഉറപ്പായി പറഞ്ഞു എന്നുമാത്രമല്ല, ആ യുവതിയുടെ കവിതാവാസനയെക്കുറിച്ചു വളരെ സ്തുതിക്കുകയും ചെയ്തു. "എന്നാൽ എനിക്ക് ആ യുവതിയുമായി പരിചയമാവണം" എന്ന് ഹച്ചിൻസൻ പറഞ്ഞപ്പോൾ, "നിങ്ങൾ അത്ര മാത്രം മോഹിക്കണ്ട; ആ സ്ത്രീ പുരുഷന്മാരോടു പരിചയമാവില്ല", എന്നു മറെറാ വിദ്വാൻ പറഞ്ഞു. ലൂസിക്കു തൻെറ കൃതികൾ പരസ്യപ്പെടുത്തുന്നതിനു വളരെ വൈമനസ്യമുണ്ടായിരുന്നു എങ്കിലും, ആ ഗാനം എങ്ങിനെയൊ പുറത്തു വന്നു. ഈ യുവതിക്ക് ഏകാന്തവാസത്തിലായിരുന്നു സന്തോഷം; ആ സന്തോഷത്തിൽ പുരുഷന്മാരെ പങ്കുകാരാക്കുവാനുള്ള ഔദായ്യം ഉണ്ടായിരുന്നതുമില്ല.

മിസ്സ് ലൂസി ആസ്സിലിയെ കുറിച്ച് ഇങ്ങിനെയുള്ള അഭിപ്രായം കേട്ടപ്പോൾ, അസ്വാധീനത്തിൽ മനുഷ്യപ്രകൃതിക്കു സഹജമായ ആഗ്രഹം ഹച്ചിൻസനെ പിടികൂടി. ഒരു ദിവസം നേരമ്പോക്കുകൾ പറയുന്ന കൂട്ടത്തിൽ മിസ്സ് ലൂസിയുടെ വിവാഹം കഴിഞ്ഞു എന്ന് ആരോ പറഞ്ഞപ്പോൾ ഹച്ചിൻസൻെറ മുഖം വാടി. പിറെറന്നാൾ കായ്യത്തിൻെറ സൂക്ഷ്മസ്ഥിതി ഹച്ചിൻസന്നു മനസ്സിലായി. മിസ്സ് ലൂസിയുടെ വിവാഹവൃത്താന്തം തൻെറ മനസ്സിനെ, സ്വബോധം കൂടാതെ, അസ്വാസ്ഥ്യപ്പെടുത്തിയതിനെ കുറിച്ച് ഹച്ചിൻസൻ അത്യാശ്ചയ്യപ്പെട്ടു എന്നുമാത്രമല്ല, പിന്നീട് ആ യുവതിയെ ഒന്നു കാണേണമെന്നു തീച്ചയാക്കുകയും ചെയ്തു. ഒരു ദിവസം ഹച്ചിൻസൻ ലൂസിയുടെ സഹോദരിയെ 'വീട്ടിൽ കൊണ്ടുപോയാക്കാൻ' എന്ന വ്യാജേന ആ യുവതിയുടെ ഗൃഹത്തിൽ കടന്നു ചെന്നു. ലൂസി വളരെ സൌന്ദയ്യമുള്ള ഒരു യുവതിയായിരുന്നു എന്ന് ആ മഹതിയുടെ ഛായാപടത്തിൽനിന്നു വിശദമാകും. എങ്ങിനെയായാലും, ലൂസിയുടെ ആകൃതിയെപ്പ

ററി ഹച്ചിൻസന്ന് ആശാഭംഗത്തിന്നു വഴിയുണ്ടായില്ല. നാം ഓരോരുത്തരെക്കുറിച്ചു കേൾക്കുമ്പോൾ, നമുക്ക്, അകാരണമായിട്ടല്ലെങ്കിലും, അവരുടെ ആകൃതിയുടെ ഒരു ഭാവനയുണ്ടാവുകയും അതിനു വിപരീതമായി വാസ്തവം പ്രത്യക്ഷപ്പെട്ടുമ്പോൾ, അനാവശ്യമായി, അല്പം ആശാഭംഗം ഉണ്ടാവുകയും ചെയ്യുന്നതു സാധാരണയാകുന്നു. ഹച്ചിൻസന്നു ലൂസിയുടെ പ്രകൃതിയെക്കുറിച്ചു കേട്ടിട്ടുണ്ടായ സന്തോഷത്തേക്കാൾ അധികം സന്തോഷം ആകൃതി കണ്ടപ്പോൾ ഉണ്ടായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഹച്ചിൻസനെ കണ്ട മാത്രയിൽ തന്നെ ലൂസിയുടെ മനസ്സിൽ അതേവരെ അന്യപുരുഷന്മാരെ കുറിച്ചുണ്ടാവാത്ത ഒരു പ്രതിപത്തി പ്രത്യേകം ജനിച്ചു.

ഗുണകരമായി പരിണമിക്കാൻ വഴിയുണ്ടായിരുന്ന വിവാഹകാര്യത്തിൽ താൻ പല തവണയും വിസമ്മതം കാണിക്കുക നിമിത്തം, 'ഏറെ ചിത്രം ഓട്ടപ്പാത്രം' എന്നതുപോലെ, തൻെറ മനസ്സിനു തിരെ യോജിക്കാത്തതായ ഒരു പുരുഷനെ ഭത്താവായി സ്വീകരിക്കേണമെന്നു മാതാപിതാക്കന്മാർ നിർബ്ബന്ധിച്ചിരുന്നതിനാലുണ്ടായ മനശ്ശല്യം നിമിത്തം ഹച്ചിൻസൻ കാണുന്ന കാലത്തു ലൂസിയുടെ സ്വാഭാവികമായ മുഖപ്രസന്നത വളരെ കുറഞ്ഞിരുന്നു. മാതാപിതാക്കന്മാരുടെ ആജ്ഞയെ അനുസരിച്ചു പ്രവൎത്തിക്കേണ്ടതു വണക്കമുള്ള പുത്രിയുടെ മുറയാണെന്നുള്ള കൃത്യബോധത്തോടുകൂടി അവർ രീച്ചയാക്കിയ ഭൎത്താവിൽ പ്രീതിയുള്ളവളായിരിപ്പാൻ ലൂസി ശ്രമിച്ചുനോക്കിയെങ്കിലും, ആ ദാമ്പത്യം ഹേതുവായി തനിക്കും ഭൎത്താവിനും ഒരിക്കലും സുഖമുണ്ടാകുന്നതല്ലെന്നു തുറന്നുപറയാതെ നിവൃത്തിയില്ലെന്നായി. എന്നു തന്നെയല്ല, ഹച്ചിൻസനുമായുണ്ടായ പരിചയം മറേറ വിടനെ കുറിച്ചുണ്ടായ അപ്രീതിയെ വൎദ്ധിപ്പിക്കുകയും, നേരെ മറിച്ച്, ആ അപ്രീതിയുടെ ആധിക്യം ഹച്ചിൻസനോടുള്ള സഹവാസത്തിൽ അസാധാരണയായ താല്പൎയ്യത്തെ ജനിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് ഹച്ചിൻസൻ ദിവസേന ലൂസിയെ ചെന്നു കാണുക പതിവായി; പ്രായേണ അവർ ഭാൎയ്യാഭൎത്താക്കന്മാരായിരിക്കാമെന്ന് അന്യോന്യം വാഗ്ദത്തവും ചെയ്തു.

കല്യാണകാൎയ്യത്തെക്കുറിച്ച തീൎച്ചമാനമായ കരാറചെയ്യുന്ന തിന്ന വധൂവരന്മാരുടെ ബന്ധുക്കൾ വന്നുചേൎന്നദിവസം ലൂസി വസൂരിദീനത്താൽ കിടപ്പായി. രോഗത്തിൻെറ കാഠിന്യംകൊണ്ടു ലൂസി അതിൽനിന്ന രക്ഷപ്പെട്ടമെന്ന് ആരുംതന്നെ വിചാരിച്ചിരുന്നില്ല; എങ്കിലും, ഭാഗ്യവശാൽ ഒരുവിധം രോഗംമാറി സുഖപ്പെട്ടു. പക്ഷെ, ആ രോഗംനിമിത്തം ലൂസിയുടെ നിൎമ്മലമായ സൌന്ദൎയ്യം അല്പം മലിനപ്പെട്ടു. ലൂസിക്കു ദൈവഗത്യാ സംഭവിച്ച ബാഹ്യമായ സൌഭാഗ്യഭംഗ്യം ഹച്ചിൻസന്ന് ആ യുവതിയിൽ സ്ഥിരമായുണ്ടായിരുന്ന സ്നേഹത്തേയും ബഹുമാനത്തേയും ലേശംപോലും ബാധിച്ചില്ല. സ്ത്രീപുരുഷന്മാർ അന്യോന്യം ആദ്യമായി കേൾക്കുമ്പോഴൊ കാണുമ്പോഴൊ അവരുടെ ഹൃദയത്തിൽ, തല്ക്കാലം വിവരിക്കുവാൻ പ്രയാസമായവിധത്തിൽ, പരസ്പരം ഒരു ആകൎഷണം ഉണ്ടാവുകയും തന്നിമിത്തം ഒരു മമതയുണ്ടാവുകയും ചെയ്യുന്നതിനാൽ അവരുടെ ആത്മാവു പ്രത്യേകം ഒരു ഐക്യത്തെ പ്രാപിക്കും. ആത്മീയമായ ഈ ഐക്യതന്നിമിത്തം സ്ത്രീപുരുഷന്മാൎക്ക്, അന്യന്മാരുടെ ദൃഷ്ടിയിൽ അവരുടെ ആകൃതിക്കും പ്രകൃതിക്കും ന്യൂനതയുണ്ടെന്നുതോന്നിയാലും, 'ഞങ്ങളുടെ കണ്ണുകൊണ്ടുനോക്കു' എന്നു പറയുവാൻ തോന്നുന്ന അന്യോന്യവാത്സല്യമാണ് നിശ്ചലവും നിൎമ്മലവുമായ അനുരാഗം. അതുകൊണ്ടു രോഗംമൂലം സംഭവിച്ച സൌന്ദൎയ്യക്കുറവ് ഹച്ചിൻസന്ന് ആശാഭംഗം വരുത്തിയില്ല. ലൂസിയുടെ സുഖക്കേടുകളെല്ലാം മാറിയഉടനെ വിവാഹം നടത്തുകയുംചെയ്തു.

വിവാഹാനന്തരം നമ്മുടെ നായികയും ഭൎത്താവും അവരുടെ താമസം നാട്ടുപുറത്തുള്ള ഒരു സ്വന്തം സ്ഥലത്തേക്കു മാററി. ഇക്കാലത്തു മതസംബന്ധമായ വാദപ്രതിവാദങ്ങൾ വളരെ ബലമായി നടന്നിരുന്നതുകൊണ്ട് ഹച്ചിൻസൻ വേദാന്തവിഷയങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചുതുടങ്ങി. ഇവരുടെ ആദ്യത്തെ സന്താനങ്ങൾ 'ഇരട്ടപെററ' പുത്രന്മാരായിരുന്നു. ക്രമേണ സന്തതികൾ വൎദ്ധിച്ചുവന്നു. അപ്പോൾ അവരുടെ പാൎപ്പിടം താമസിക്കുവാൻ അധികം ചിലവു വേണ്ടിവരാത്തതായ ഒരു സ്ഥലത്താക്കണമെന്നു

രീച്ചുയാക്കി. ഉടനെതന്നെ, നൊട്ടിംഗാംഷയറിൽ ഓതോപ്പ് എന്ന ദേശത്ത് ഹച്ചിൻസന്റെ വകയായ ഒരു കളപ്പാട്ടിലേക്കു താമസം മാററുകയും ചെയ്തു. ഇവിടെ താമസമാക്കിയ ഉടനെ രാജ്യത്തെങ്ങും അന്തഃഛിദ്രം തുടങ്ങി. 1641-ാമാണ്ടിൽ ഐർലാണ്ടിൽ അനേകംജനങ്ങളെ നിർദ്ദയം നിഗ്രഹിച്ച ഭയങ്കരവൃത്താന്തം കേട്ടതുമുതൽ ഹച്ചിൻസൻ രാജ്യകാൎയ്യങ്ങളിൽ പ്രവേശിച്ചു. രാജാവും ജനപ്രതിനിധികളും തമ്മിൽ നടന്നിരുന്ന വാദവിഷയങ്ങളിൽ ഹച്ചിൻസൻ ജനപ്രതിനിധികളുടെ ഭാഗക്കാരനായിരുന്നെങ്കിലും, വഴക്കുനിമിത്തം യുദ്ധമുണ്ടാകുന്നതായാൽ, രാജ്യത്തേക്ക് അനേകം ദോഷങ്ങൾ സംഭവിക്കുവാൻ വഴിയുള്ളതുകൊണ്ടു, നിവൃത്തിയുണ്ടെങ്കിൽ, യുദ്ധംകൂടാതെ കഴിച്ചുകൂട്ടേണമെന്നു വിചാരിച്ചു വളരെ ശ്രമിച്ചു.

ഹച്ചിൻസൻ പാർളിമേണ്ടിന് അനുകൂലമായ അഭിപ്രായങ്ങൾ പരസ്യമായി പറഞ്ഞുതുടങ്ങിയപ്പോൾ, രാജകീയകക്ഷികൾ അദ്ദേഹത്തിനെ പിടിച്ചു തടവുകാരനാക്കുവാൻ പഠിച്ചപണി പതിനെട്ടും കഴിച്ചെങ്കിലും, അവരുടെ ശ്രമം നിഷ്ഫലമായതേയുള്ളു. പാർളിമേണ്ടുവകയായി എസെക്സ് പ്രഭുവിന്റെ ആധിപത്യത്തിൻകീഴിൽ സൈന്യം ശേഖരിച്ചപ്പോൾ ഹച്ചിൻസൻ ആ സൈന്യത്തിന്റെ ഒരു വിഭാഗത്തിലെ നായകനായി നിയമിക്കപ്പെട്ടു. നൊട്ടിംഗാംപട്ടണത്തേയും കോട്ടയേയും കീഴടക്കുവാൻ രാജകീയസൈന്യം സന്നദ്ധരായ അവസരത്തിൽ, ആ സ്ഥലം ശത്രുക്കളിൽനിന്നു രക്ഷിക്കുവാനായി ഹച്ചിൻസനെ അവിടത്തെ ഗവർണറായി നിയമിച്ചു. തന്റെ ഭൎത്താവിന്റെ സുഖദുഃഖങ്ങളുടെ അൎദ്ധാംശത്തിന്ന് അവകാശി ഭാൎയ്യയാണെന്നുള്ള ബോധത്തോടുകൂടി മിസ്സിസ്സ് ഹച്ചിൻസനും ഭൎത്താവിന്റെകൂടെ നൊട്ടിംഗാം കോട്ടയിലേക്കു പോയി.

ശത്രുക്കളാൽ വളയപ്പെട്ട ഒരു കോട്ട; ആലിപ്പഴംപോലെ അഹോരാത്രം വീഴുന്ന പീരങ്കിയുണ്ടകൾ; വിദ്യാവിഹീനന്മാരും വധോദ്യതന്മാരുമായ സൈന്യങ്ങൾ; ഇവയുടെ മദ്ധ്യത്തിൽ മിസ്സിസ്സ് ഹച്ചിൻസൻ, ഘോരാരണ്യത്തിൽ ഭയങ്കരമൃഗങ്ങളുടേയും രാ

ക്ഷസന്മാരുടേയും നടുക്ക സീതാദേവി രാമസാന്നിദ്ധ്യംകൊണ്ട് എന്നപോലെ, ഹച്ചിൻസന്റെ സമീപത്തിരുന്ന് അദ്ദേഹത്തിനെ സന്തോഷിപ്പിച്ചുംകൊണ്ടു നൊട്ടിംഗാം കോട്ടയിൽ സുഖമായി സമയം കഴിച്ചുകൂട്ടി. എന്നാൽ, മിസ്സിസ്സ് ഹച്ചിൻസന്നു മനഃക്ലേശത്തിന്നു വേറെ ഒരു കാരണമുണ്ടായിരുന്നു. തന്റെ ഭൎത്താവു പാർളിമെണ്ടിനുവേണ്ടി യുദ്ധംചെയ്യുകൊണ്ടിരിക്കുന്ന ആ സ്ഥലത്തുതന്നെ തന്റെ സഹോദരനായ സർ അല്ലൻആപ്സ്ലി രാജകീയസൈന്യത്തിന്റെ മേലധികാരത്തോടുകൂടി സഞ്ചരിക്കുന്നുണ്ടായിരുന്നു. ഇവർ രണ്ടുപേരും വിരോധകക്ഷികളുടെ മേലധികാരികളും വളരെ കൃത്യബോധമുള്ളവരുമായിരുന്നതിനാൽ, മിസ്സിസ്സ് ഹച്ചിൻസന്റെമനസ്സിൽ സഹോദരസ്നേഹവും ഭൎത്തൃസ്നേഹവും തമ്മിലുള്ള തമ്മിതല്ലു സഹിക്കാൻ പാടില്ലാതായി. പക്ഷെ, ദൈവാനുകൂലംകൊണ്ട് അവർ രണ്ടുപേരുംതമ്മിലുള്ള പൂൎവ്വസ്നേഹത്തിന്നു യാതൊരുഭംഗവും നേരിടാതെതന്നെ കഴിഞ്ഞുകൂടി. കോട്ടയിൽ സഹചാരികളുടെ വഞ്ചനകൊണ്ടും കോട്ടയ്ക്കുപുറത്തു ശത്രുക്കളുടെ ആക്രമണംകൊണ്ടും തന്റെ ഭൎത്താവു കഷ്ടപ്പെടുന്നകാലത്തു മിസ്സിസ്സ് ഹച്ചിൻസൻ ഏറവും ശ്ലാഘനീയമായവിധത്തിൽ ധൈൎയ്യത്തോടും സാമൎത്ഥ്യത്തോടും കാൎയ്യങ്ങൾ നിൎവ്വഹിച്ചു. പതിവ്രതയായ ഭാൎയ്യയുടെ സുപ്രസന്നതകൊണ്ടും ആൎദ്രമായ വാത്സല്യംകൊണ്ടും ബുദ്ധിപൂൎവ്വമായ ആലോചനകൊണ്ടും കർണ്ണൽ ഹച്ചിൻസന്റെ മനസ്സു സമാധാനപ്പെട്ടുകൊണ്ടിരുന്നു. മിസ്സിസ്സ് ഹച്ചിൻസന്റെ ധീരതയും ശുഷ്കാന്തിയും സൈന്യങ്ങളെ പ്രോത്സാഹിപ്പിച്ചു. മുറിവേററ ഭടന്മാരുടെ മുറിവുകൾ തേച്ചുകഴുകിമരുന്നുവെച്ചുകെട്ടിയിരുന്നതു നമ്മുടെ മഹതിതന്നെയാണ്. അതുകൊണ്ടു സൈന്യങ്ങൾക്ക് ഈ ഭാൎയ്യാഭൎത്താക്കന്മാരിൽ ബഹുമാനവും വണക്കവും പ്രായേണ വൎദ്ധിച്ചുവന്നു. ഈകോട്ടയിൽകിടന്നു കഷ്ടപ്പെടുന്നകാലത്തു നമ്മുടെ നായിക ഗൎഭിണിയായിരുന്നു. അന്നത്തെ മനഃക്ലേശവും കായക്ലേശവും നിമിത്തം ആ സന്താനം ഓജസ്സില്ലാതെ ശൈശവത്തിൽ തന്നെ മരിച്ചു

യുദ്ധം അവസാനിക്കുന്നതുവരെ കർണ്ണൽ ഹച്ചിൻസൻതന്നെയാണ് ആ കോട്ടയെ രക്ഷിച്ചിരുന്നത്. പക്ഷെ, അന്നത്തെ ബുദ്ധിമുട്ടുകൾ നിമിത്തം അദ്ദേഹത്തിൻെറ ആരോഗ്യം തീരെ നശിച്ചുപോയി. യുദ്ധം കഴിഞ്ഞപ്പോൾ ഹച്ചിൻസൻ പാർളിമേണ്ടിലെ ഒരു സാമാജികനായിത്തീൎന്നു; എന്നു തന്നെയല്ല, ഒന്നാമത്തെ ചാൎലസ് മഹാരാജാവിനെ വിസ്തരിച്ച ന്യായാധിപതിമാരിൽ ഒരാളായും നിയമിക്കപ്പെട്ടു. രണ്ടാമത്തെ ചാർലസ് മഹാരാജാവിൻെറ രാജ്യഭരണം ആരംഭിച്ചപ്പോൾ, പണ്ടത്തെ പാർളിമേണ്ടുകക്ഷികളെ പലപ്രകാരത്തിലും ശിക്ഷിച്ചു. എന്നാൽ ഹച്ചിൻസനെ സമ്മന്ധിച്ചിടത്തോളം ആ ശിക്ഷ വളരെ ലഘുവായിരുന്നു. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിനെ പാർളിമേണ്ടുസാമാജികസ്ഥാനത്തുനിന്നു നീക്കുകയും, മേലിൽ അദ്ദേഹത്തിനു ഗവൎമ്മേണ്ടുദ്യോഗമൊന്നും കൊടുക്കാൻ പാടില്ലെന്നു തീൎച്ചയാക്കുകയുംമാത്രമേ ചെയ്തുള്ളു. ഹച്ചിൻസൻ അതിനുശേഷം അദ്ദേഹത്തിൻെറ കുളപ്പാട്ടിലേക്കു പോയി അവിടെ സാഹിത്യവിഷയങ്ങളിൽ പരിശ്രമിച്ചുകൊണ്ട് ഒരുകൊല്ലത്തോളം സൈ്വരമായി താമസിച്ചു. 'കാച്ചിയവെള്ളത്തിൽവീണപൂച്ച പച്ചവെള്ളംകാണുമ്പോൾപേടിക്കും' എന്നതുപോലെ, രണ്ടാമത്തെ ചാർലസ്മഹാരാജാവിന് അച്ഛനെ ദ്രോഹിച്ചവരുടെ രാജഭക്തിയെക്കുറിച്ചു സംശയമൊഴിഞ്ഞിട്ടുള്ള സമയമുണ്ടായിരുന്നില്ല. കർണ്ണൽഹച്ചിൻസൻ രാജദ്രോഹമായ ഒരു ഗൂഢാലോചനയിൽ ചേൎന്നുഎന്ന സംശയത്തിന്മേൽ അദ്ദേഹത്തിനെപിടിച്ചു ലണ്ടൻപട്ടണത്തിലേക്കു കൊണ്ടുപോയി. മിസ്സിസ്സ് ഹച്ചിൻസനും കുട്ടികളും അദ്ദേഹത്തിൻെറകൂടെ പോയി. ഹച്ചിൻസനെ 'ടവ്വർ' എന്ന കെട്ടിടത്തിലാണ് താമസിപ്പിച്ചത്; അവിടെവെച്ച് അദ്ദേഹത്തിനെ വളരെ കഷ്ടപ്പെടുത്തി; എന്നുമാത്രമല്ല, ഭാൎയ്യയേയും കുട്ടികളേയും കാണുവാൻപോലും അദ്ദേഹത്തിനെ അനുവദിച്ചില്ല. പക്ഷെ, മിസ്സിസ്സ് ഹച്ചിൻസൻ അതുകൊണ്ടൊന്നും നിരാശപ്പെടാതെ, തനിക്കു ഭൎത്താവിൻെറ ബന്ധനസ്ഥലത്തേക്കു പ്രവേശനംകിട്ടുവാൻവേണ്ടി പലവിധത്തിലും പരിശ്രമിച്ചു. മിസ്സിസ്സ് ഹച്ചിൻസ

ന്റെ വിചാരം തനിക്ക് ആ 'ടവ്വറിൽ' തന്നെ ഒരുഭാഗത്തു താമസിക്കേണമെന്നായിരുന്നു; എങ്കിലും, മേലധികാരികൾ അതുവരെ, സർ അല്ലൻ ആസ്സിലിയുടെ ശിപാശിമൂലം, സമ്മതിച്ചു. അതുകൊണ്ടു നമ്മുടെ മഹതി പട്ടണത്തിൽ ഒരു സ്ഥലം വാടകയ്ക്കു വാങ്ങി അവിടെ താമസമാക്കി. അന്നു വർഷകാലമായിരുന്നതുകൊണ്ടു മിസ്സിസ്സ് ഹച്ചിൻസന്നു വാസസ്ഥലത്തുനിന്ന് ഉച്ചസമയത്തു ടവ്വറിലേക്കും രാത്രിയിൽ തിരിയെ വീട്ടിലേക്കും നടക്കേണ്ടിവന്നു. ടവ്വറിൽ താമസിക്കുന്നതു കർണ്ണലിന്നും വഴിനടന്നു കഷ്ടപ്പെടുന്നതു മിസ്സിസ്സ് ഹച്ചിൻസന്നും വെവ്വേറെ ഓരോമാതിരി ബുദ്ധിമുട്ടായിരുന്നു എങ്കിലും, അവരുടെ അന്യോന്യദർശനംകൊണ്ടു സകലസങ്കടങ്ങളും അവർ വിസ്മരിച്ചു. ഭർത്താവിന്റെ കഷ്ടാവസ്ഥയിൽ സ്നേഹമുള്ള ഭാര്യയുടെ വ്യസനം ദുസ്സഹമായിരിക്കും; എങ്കിലും, അതിൽനിന്നു നിവർത്തിപ്പാൻവേണ്ടുന്ന ധൈര്യവും ഉത്സാഹവും ഉണ്ടാകുന്നതു ഭാര്യയുടെ ആർദ്രമായ ശുശ്രൂഷകൊണ്ടും പ്രസന്നതകൊണ്ടും മാത്രമാണെന്നു മിസ്സിസ്സ് ഹച്ചിൻസന്നു നല്ല ബോദ്ധ്യമുണ്ടായിരുന്നതിനാൽ, തന്റെ കഷ്ടപ്പാടുകളും മനഃക്ലേശവും പുറത്തു കാണിക്കാതെ ഭർത്താവിന്നു സന്തോഷവും സമാധാനവും ഉണ്ടാകുവാൻ പ്രയത്നിച്ചുകൊണ്ടിരുന്നു.

കർണ്ണൽഹച്ചിൻസന്റെമേൽ ന്യായമായ വല്ല കുററം ചുമത്തുകയോ അദ്ദേഹത്തിനെ തടവിൽ പാർപ്പിക്കുവാൻ തക്ക കാരണങ്ങൾ കാണിക്കുകയോ ചെയ്തില്ലെങ്കിലും, അധികാരികൾ അനാവശ്യമായി അദ്ദേഹത്തെ പത്തുമാസം ടവ്വറിൽത്തന്നെ താമസിപ്പിച്ചു. മിസ്സിസ്സ് ഹച്ചിൻസൻ ഭർത്തൃശുശ്രൂഷചെയ്തു താമസിക്കുന്ന കാലങ്ങളിൽ ഭർത്താവിന്റെ മോചനത്തിന്നായി 'പടിച്ചപണി പതിനെട്ടും നോക്കി'. ഈ മഹതിയുടെ ന്യായങ്ങൾക്കു ശരിയായ മറുപടിപറയുവാൻ അധികാരികൾക്കു സാധിച്ചില്ല. 'യുക്തിക്കുതക്കുത്തര' മെന്നാണ് അധികാരികൾ പേരുപറഞ്ഞത്. 'ഉത്തരം മുട്ടിയാൽ കൊഞ്ഞനം കാട്ടാം' എന്നു കുട്ടികൾ പറയുന്നതുപോലെ, മിസ്സിസ്സ് ഹച്ചിൻസന്റെ വാദങ്ങൾക്കു ന്യായമായ സമാധാനമില്ലെന്നു കണ്ടപ്പോൾ, കർണ്ണലിനെ ടവ്വറിൽനിന്നു കെണ്ടിലുള്ള സ്സൌഡൻ കോട്ടയിലേക്കു മാററിക്കളയാമെ

ന്ന് അധികാരികൾ രീച്ച്യയാക്കുകയും ഒരു ദിവസം പെട്ടെന്ന് അദ്ദേഹത്തിനെ അങ്ങോട്ടു കൊണ്ടുപോവുകയും ചെയ്തു. അവിടെ ജീൎണ്ണിച്ച ഒരു മുറിയിൽ നീചനും നിഷ്ഠുരനുമായ ഒരു തടവുകാരന്റെ കൂട്ടത്തിലാണ് ഹച്ചിൻസനെ പാൎപ്പിച്ചത്. ഇവിടെ ഹച്ചിൻസൻ പതിനൊന്നുമാസം തടവിൽ കിടന്നതിനുശേഷം, 1664-ാമാണ്ടിൽ നാല്പത്തൊമ്പതാമത്തെ വയസ്സിൽ മരിച്ചു. അദ്ദേഹത്തിന്റെ മരണകാലത്തു നാലു പുത്രന്മാരും നാലു പുത്രിമാരും ഉണ്ടായിരുന്നു. ഈ സന്താനങ്ങളുടെ അറിവിനായിട്ടാണ് മിസ്സിസ്സ് ഹച്ചിൻസൻ ഭൎത്താവിന്റെ ജീവചരിത്രം എഴുതിയത്. ഭൎത്താവിന്റെ സമ്പത്തുകൾ മുഴുവൻ നശിച്ചതിനാൽ ഈ മഹതിയുടെ അന്ത്യകാലം കഴിച്ചുകൂട്ടിയതു വളരെ കഷ്ടപ്പെട്ടാണ്. ഭൎത്തൃവിയോഗാനന്തരം ഈ പതിവ്രത എത്രകാലം ജീവിച്ചിരുന്നു എന്നു സൂക്ഷ്മമായി അറിയുന്നില്ല. കൎണ്ണൽ ഹച്ചിൻസന്റെ ജീവചരിത്രം പ്രസിദ്ധപ്പെടുത്തിയത് 1806-ാമാണ്ടിലാകുന്നു. ഈ മഹതിയെ കുറിച്ച് 'എഡിൻബറൊ റവ്യൂ' എന്ന പത്രം താഴെ പറയുംപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്.

"നമ്മുടെ കാലത്തു വിദ്യാഭ്യാസത്തിനു പണ്ടത്തേക്കാൾ അധികം പ്രചാരമുണ്ടെന്നു മാത്രമല്ല, വിദ്വത്വം അന്നത്തേക്കാൾ വളരെ സാധാരണവുമാകുന്നു. എന്നാൽ, കൎണ്ണൽ ഹച്ചിൻസന്റെ ജീവചരിത്രം വായിക്കുമ്പോൾ, വാസ്തവമായ വിദുഷികളും വിശിഷ്ടകളും ഉണ്ടായിട്ടുള്ളതു പണ്ടല്ലേ? എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. ഇദാനീന്തനകളായ മഹതികൾ, മിസ്സിസ്സ് ഹച്ചിൻസനോടു താരതമ്യപ്പെടുത്തുമ്പോൾ; നിസ്സംശയം നിസ്സാരകളായി കാണപ്പെടും. മിസ്സിസ്സ് ഹച്ചിൻസന്റെ ഗൈഹികമായ സദാചാരത്തിലും ശാന്തവും ഉദാരവുമായ മനോവ്യാപാരത്തിലും 'കൊറിനസ്സി'നേയും 'ഹെലോയിസ്സസ്സി'നേയും നിസ്സാരമാക്കുന്ന ഒരു മാഹാത്മ്യമുണ്ട്. മിസ്സിസ്സ് ലൂസിഹച്ചിൻസനെപോലെയുള്ള ഭാൎയ്യമാരും മാതാക്കന്മാരും ഉണ്ടായിരിക്കുന്ന ഒരു രാജ്യക്കാർ അവശ്യം യോഗ്യരും ഭാഗ്യവാന്മാരുമായിരിക്കും".

SRI KRISHNA VILASAM READING ROOM * MALAYINKEEL *



റാണി ലക്ഷ്മീഭായി സി. ഐ. തിരുമനസ്സുകൊണ്ടു്.

# ൧൪. റാണിലക്ഷ്മീഭായി.

സി. ഐ.

---

നമ്മുടെ നാട്ടിലെ സ്ത്രീകളുടെ പ്രസിദ്ധിക്ക മററരാജ്യങ്ങളിലുള്ളതുപോലെ പ്രചാരമില്ലാത്തത് എന്താണെന്നു പലരും ആലോചിച്ചിട്ടുണ്ടായിരിക്കും. അംഗസൌന്ദൎയ്യത്തെ കുറിച്ചല്ലാ ഇവിടെ പറയുന്നത്. അതു സംബന്ധമായി ഒരു ദേശസഞ്ചാരിയായ പാശ്ചാത്യൻ ഇപ്രകാരം പറയുകയുണ്ടായി: 'കാശ്മീരത്തും കേരളത്തിലും ഉള്ളപ്രകാരം, സാധാരണയായി, അത്ര രൂപലാവണ്യമുള്ള സ്ത്രീകളുള്ള ദിക്ക്, ഞാൻ ഇന്ഡ്യയിൽ മററൊരിടത്തും കണ്ടിട്ടില്ല. കാശ്മീരത്തുള്ളവൎക്ക കായബലം കൂടും; എന്നാൽ വൃത്തിവിശേഷത്തിനു കേരളീയസ്ത്രീകളുടെ അടുത്തു മറേറവർ ചെല്ലുകയില്ല'. പക്ഷെ ഈ സംഗതിയെ കുറിച്ചല്ലാ പ്രസ്താവിക്കുന്നത് എന്നു പറഞ്ഞുവല്ലോ.

കീൎത്തിക്ക പാത്രമായിട്ട് ഈ നാട്ടിൽ സ്ത്രീകളില്ലെന്നുണ്ടോ? അതുണ്ടെന്നു ധൈൎയ്യമായി പറയാം. പിന്നെ എന്താണ് അവരുടെ ഖ്യാതി പുറത്തെങ്ങും പ്രസരിക്കാത്തത്? അതിനു പല കാരണങ്ങളുള്ളവയിൽ ചിലത് ഇവിടെ പറയാം. വിദ്യ, ബുദ്ധി, സ്ഥാനവലിപ്പം, ധനം മുതലായവയെ പരോപകാരത്തിനായി ഏതുവിധമാണ് ഉപയോഗിക്കേണ്ടത് എന്ന് ഇനിയുംനമ്മുടെ സ്ത്രീകൾ മനസ്സിലാക്കീട്ടില്ല.

പിന്നെ, സാധുക്കളേയും രോഗാതുരന്മാരേയും രക്ഷിക്കയും ശുശ്രൂഷിക്കയും ചെയ്യുന്നത് അവസ്ഥക്കു കുറവാണെന്നാകുന്നു ഈ ദിക്കകാർ വിചാരിച്ചുവരുന്നത്. ഈ ദുരഭിമാനം നിമിത്തം പല സൽപ്രവൃത്തികളും ചെയ്ത് എന്നെന്നേക്കും നിലനില്ക്കുന്ന യശസ്സു സമ്പാദിക്കാവുന്ന സ്ത്രീകൾ മൌനവ്രതം ദീക്ഷിച്ചും ശരീരമിളകാതെ സൂക്ഷിച്ചും പോരുന്നു. കൽക്കത്താ, ബോമ്പായി മദിരാശി മുതലായ പട്ടണങ്ങളിൽ വലിയ ഉദ്യോഗസ്ഥന്മാരുടേയും

പ്രഭുക്കന്മാരുടേയും ഭാൎയ്യമാർകൂടി അഗതികളെ പഠിപ്പിക്കുക, സാധുക്കൾക്ക് അന്നവസ്ത്രാദികൾ കൊടുക്കുക, ആശുപത്രികളിൽ പോയി രോഗികളെ ശുശ്രൂഷിക്കുക മുതലായ പ്രവൃത്തികൾ സാധാരണയായി ചെയ്തുവരുന്നുണ്ടെന്നും, ഇംഗ്ലാണ്ടു, ജപ്പാൻതുടങ്ങിയുള്ള രാജ്യങ്ങളിലെ അനവധി സ്ത്രീരത്നങ്ങൾ അവരുടെ സകല സുഖാനുഭോഗങ്ങളേയും ത്യജിച്ചു ജീവകാലത്തേയും സൎവ്വസ്വത്തുക്കളേയും മേല്പറഞ്ഞ സദ്വിഷയങ്ങൾക്കായി ഉഴിഞ്ഞുവെച്ചു പ്രവൎത്തിച്ചുവരുന്നുണ്ടെന്നും നമ്മുടെ സ്ത്രീജനങ്ങൾ നല്ലവണ്ണം മനസ്സിലാക്കുന്നതുകൊണ്ട് അവൎക്ക് ഇപ്പോൾ അധികമില്ലാത്തതായ ചില ഗുണങ്ങൾ ഉണ്ടാകുവാൻ നല്ല വഴിയായിത്തീരുന്നതണ്.

സ്ത്രീകളുടെ കീൎത്തി പരക്കാത്തതിന് അവരെത്തന്നെ കുററപ്പെടുത്തിക്കൂട. അവരവരുടെ ഗുണഗണങ്ങൾ അവരവർതന്നെ കൊട്ടിഘോഷിക്കുന്നതു നന്നല്ലല്ലൊ. മററുള്ളവർ അവയെ കണ്ട് അനുമോദിക്കുകയും അവയെ അധികമാക്കുന്നതിന്നു സ്ത്രീകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നില്ലെന്നു തന്നെയല്ല, വിദുഷികളായ സ്ത്രീകൾ വല്ല കൃതികളും ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തിയാൽ, അവ അവരുടെയല്ലെന്നും മററുചിലർ ഉണ്ടാക്കിക്കൊടുത്തതാണെന്നും ആക്ഷേപിച്ചുതുടങ്ങും.

ഈ വക ദുൎഘടങ്ങളെല്ലാം അഗണ്യമാക്കി കടന്നു തന്റെ ഗുണൌഘങ്ങളാലും സൽപ്രവൎത്തികളാലും സ്വദേശത്തുതന്നെയല്ല, ദൂരദിക്കുകളിൽകൂടി കീൎത്തിപരത്തി ശിമറാണിയിൽനിന്നു സി. ഐ. എന്ന സ്ഥാനംകൈക്കൊണ്ടു റാണീലക്ഷ്മീഭായിതിരുമനസ്സിലെ കുറിച്ചാകുന്നു ഇവിടെ പ്രസ്താവിക്കുവാൻ പോകുന്നത്.

൧൦൩൩-ൽ, മാവേലിക്കര രാജകുടുംബത്തിൽനിന്നു തിരുവിതാംകൂർ രാജകുടുംബത്തിലേക്കു രണ്ടു രാജകുമാരികളെ ദത്തെടുക്കുകയുണ്ടായി. അവരിൽ മൂത്തവരായിരുന്നു റാണിസേതു ലക്ഷ്മീഭായി. തിരുമനസ്സിലെ ജനനം ൧൦൨൩-ാമാണ്ടു കൎക്കിടകമാസം ൧൦-ാംനു-യാണ്; അച്ഛൻ പള്ളത്തു രവിവൎമ്മ കോയിത്തമ്പുരാൻ

തിരുമനസ്സുകൊണ്ടാകുന്നു. നമ്മുടെ നായിക മലയാളവും സംസ്കൃതവും ആദ്യം അഭ്യസിച്ചതു തന്റെ മാതാവിന്റെ കീഴിലാണ്. ദത്തെടുത്തതിനുശേഷം, തിരുവനന്തപുരത്തേക്കു മാറി താമസം തുടങ്ങിയതിൽ പിന്നെ, ചിത്രമെഴുത്തുമുതലായവ നമ്മുടെ നായിക അതാതിൽ നിപുണന്മാരായ ഗുരുക്കന്മാരുടെ അടുക്കൽ അഭ്യസിക്കുകയും അവയിൽ നല്ല പാണ്ഡിത്യം സമ്പാദിക്കുകയും ചെയ്തു. 1034-ൽ, വിശ്വവിശ്രുതനായ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു റാണീലക്ഷ്മീഭായിയെ പള്ളിക്കെട്ടു കഴിച്ചു. വിവാഹാനന്തരം വിദ്വാനായ ഭൎത്താവിന്റെ വൈദഗ്ദ്ധ്യം ഹേതുവായിട്ടു മഹാരാജ്ഞിക്കു വിദ്യാഭ്യാസം ഒരു വിനോദമായിട്ടാണ് പരിണമിച്ചത്. തിരുമേനിയുടെ വീണവായനയിലുള്ള സാമൎത്ഥ്യം ഓൎക്കുമ്പോൾ 'തന്ത്രീസ്വരസ്യ സമിതൌ തരുണീസ്വനസ്യ ജാനാതി യത്ര ചതുരോപി ന താരതമ്യം' എന്ന് അവിടത്തെപ്പററിയാണൊ പറഞ്ഞിരിക്കുന്നത് എന്നു തോന്നിപ്പോകും. രാജ്ഞി ഭൎത്താവിങ്കൽ നിന്നു സാഹിത്യം സമ്പാദിച്ചതിനുപകരം ഭൎത്താവിനു സംഗീതമാണ് ഗുരുദക്ഷിണചെയ്തതു.

അനശ്വരയശസ്സോടുകൂടി ജനിച്ചിട്ടുള്ള 'മയൂരസന്ദേശം' ഇവരുടെ ദാമ്പത്യത്തിന്റെ ഏകസന്താനമാകുന്നു. കേരളകാളിദാസൻ തന്റെ പ്രേമാവാസപ്രിയതമയുടെ ഒരു പ്രതിച്ഛായ ഇതിൽ നല്ലപോലെ വരുത്തീട്ടുണ്ട്.

'ഓജസ്സുജ്ജ്വലമുലകിലില്ലേവമന്യാംഗനാനാം
തേജസ്സോടൊത്തുടലിനിതുപോലാൎക്കു സൌന്ദൎയ്യമോൎക്കിൽ?
സൌജന്യത്തെപ്പറകിലതസാധാരണംതന്നെയാണേ
രാജന്യസ്ത്രീമണിയുടെഗുണൌഘങ്ങളന്യാദൃശങ്ങൾ'.

'ദൂനംചിത്തംദുരിതഹരമാംനാമപാരായണത്താ-
ലാനന്ദിപ്പിച്ചതിവിദുഷിതാൻകീൎത്തനംതീൎത്തനേകം
ഗാനംചെയ്യുന്നളവിലളവില്ലാത്തൊരാനന്ദപൂരേ
നൂനംമജ്ജിച്ചിടുമഹിമയൂരേന്ദ്ര! കൎണ്ണേന്ദ്രിയം തേ'.

സംഗീതത്തിൽ എന്നപോലെതന്നെ സാഹിത്യത്തിലും ഈ മഹാരാജ്ഞിക്കു വളരെ പാണ്ഡിത്യമുണ്ടായിരുന്നു. അവിടത്തെ കവിതാവാസനയുടെ മാധുര്യം ഓരോ ഗാനങ്ങളിൽ അതിവിശദമായിക്കാണുന്നുണ്ട്. ഈ രാജ്ഞിയുടെ ഒരു പ്രത്യേകഗുണം, തനിക്കു പാണ്ഡിത്യമുള്ള സകല വിഷയങ്ങളിലും തന്നെ സംബന്ധിക്കുന്നവൎക്കും യോഗ്യതയുണ്ടായിക്കാണേണമെന്നുള്ള ആഗ്രഹത്തോടുകൂടി പ്രയത്നം ചെയ്യാനുള്ള താല്പൎയ്യമാകുന്നു. ദയാധീനചേതയും വിനീതയുമായ ഈ തിരുമേനി, ഓരോ സന്ദൎഭങ്ങളിലായി എത്ര വിദ്യാൎത്ഥികളേയാണ്, എത്ര വിദ്യാലയങ്ങളേയാണ് സഹായിച്ചിട്ടുള്ളത് എന്നതിനു കണക്കില്ല. 'സന്താപന്താമ്മധുമൊഴിയകററട്ടഭിഷ്ടങ്ങളെല്ലാം സന്താനന്താനടിമലർപണിഞ്ഞീടുവോൎക്കേകിവന്നു', എന്നു മയൂരസന്ദേശത്തിൽ കാണുന്നത് ഒട്ടും അതിശയോക്തിയല്ല. സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ അവിടന്നു പ്രത്യേകം മനസ്സുവെച്ചിരുന്നു. ഇപ്പോൾ തിരുവിതാംകൂർ ഈ വിഷയത്തെ സംബന്ധിച്ചു വല്ല ബഹുമതിയും അൎഹിക്കുന്നുണ്ടെങ്കിൽ, അതിനുള്ള മുഖ്യഹേതുക്കളിലൊന്നു റാണിലക്ഷ്മീഭായിയുടെ അക്ഷീണമായ പരിശ്രമമാണെന്നുള്ളതു നിൎമ്മത്സരന്മാർ സമ്മതിക്കാതിരിക്കുകയില്ല. സ്ത്രീവിദ്യാഭ്യാസത്തിൻെറ പ്രചാരത്തിനായിക്കൊണ്ടു തൻെറ പ്രത്യേക മേലന്വേഷണത്തിൽ ഒരു പാഠശാല ഏൎപ്പെടുത്തുകയും അതിമധുരങ്ങളായ അനേകം ഗാനങ്ങൾ നിൎമ്മിച്ചു വളരെ ബാലികമാരെ താൻതന്നെ അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു. പരോപകാരാൎത്ഥമായ ഓരോ സൽപ്രവൃത്തികളുടേയും തൻെറ സഹജമായ മററുഗുണങ്ങളുടേയും വൈദഗ്ദ്ധ്യത്തിൻേറയും ഫലമായി വിക്ടോറിയാ മഹാരാജ്ഞി 'സി. ഐ.' എന്ന ബഹുമാനപദം നൽകി. ഈ സ്ഥാനം ലഭിച്ചത് 1056-ലാണ്. തിരുമനസ്സിലെ മാതുലൻ സിംഹാസനാരോഹണം ചെയ്ത ദിവസമായ പിറേറക്കൊല്ലത്തിൽ അതേദിവസംതന്നെയാണ് ബ്രിട്ടീഷ് റസിഡെണ്ടായിരുന്ന മിസ്റ്റർ ഹാനിംഗ്ടൻസായ്പ് വൈസ്രായി ആയ റിപ്പൺ പ്രഭുവിൻെറ ആജ്ഞപ്രകാരം ഈ മുദ്ര തിരുമേനിയെ ധരിപ്പിച്ചത്. ഈ ബഹുമതി കേരളീയ സ്ത്രീകളിൽ ആ

ദ്ധ്യമായി സിദ്ധിച്ചതു റാണി ലക്ഷ്മിഭായി തിരുമനസ്സിലേക്കാണ്. 'സന്ദേഹം വേണ്ട പരനുപകാരത്തിനാകാത്തതെങ്കിൽ കിംദേഹാകൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ?' എന്നു കേരളകാളിദാസൻ ചോദിച്ചിരിക്കുന്നതു തന്റെ പ്രിയതമയുടെ പരോപകാരതല്പരത കണ്ടിട്ടാണൊ എന്നുകൂടി തോന്നിപ്പോകും.

ഈ മഹതിയുടെ സൽഗ്ഗുണങ്ങൾ ഇത്രമാത്രമല്ല; തനിക്കു സ്വന്തസന്താനങ്ങളെ കണ്ട് ആനന്ദിക്കുവാൻ ഭാഗ്യമുണ്ടായില്ലെങ്കിലും, തന്റെ സഹോദരീപുത്രന്മാരായ നാലു രാജകുമാരന്മാരെ സ്വപുത്രന്മാരെപ്പോലെ സ്നേഹിച്ചു വളൎത്തുകയും അവരിൽനിന്നും പുത്രസുഖത്തെ അനുഭവിക്കുകയും ചെയ്തുവന്നു. മഹാരാജ്ഞിയുടെ സൽഗ്ഗുണം ഈ കാൎയ്യത്തിലും വളരെ പ്രകാശിച്ചിരുന്നു. ഈ രാജകുമാരന്മാരെ തിരുമേനി വാത്സല്യത്തോടും ശുഷ്കാന്തിയോടുംകൂടെ പരിപാലിച്ചിരുന്നതുകണ്ടാൽ, അവർ തന്റെ പുത്രന്മാരല്ലെന്നു ആരും സംശയിക്കുകയില്ലായിരുന്നു.

ഈ മഹാരാജ്ഞിയുടെ പാതിവ്രത്യനിഷ്ഠയും ബഹുമാനിക്കത്തക്കതാകുന്നു.

'പാതിവ്രത്യംപരമയിപയോജാക്ഷിയീനാട്ടിലെസ്ത്രീ-
ജാതിക്കില്ലെന്നൊരുപഴിചിരാൽജാതമായുള്ളതെല്ലാം
നീതിക്കൊക്കുംനിജനടപടിച്ചേതിയാൽനീക്കിനീതാൻ
ഖ്യാതിക്കേറാംമതിമതി! മഹാരാജ്ഞി! പാത്രീഭവിക്കും'.

എന്നു പറഞ്ഞിട്ടുള്ളതു വളരെ വാസ്തവമാകുന്നു. ഈ മഹതി ഭൎത്തൃസ്നേഹം നിമിത്തം പ്രദൎശിപ്പിച്ച ധൈൎയ്യാദിഗുണങ്ങൾ സകല യുവതികൾക്കും അനുകരിക്കത്തക്കതാകുന്നു.

'പ്രാണേശിത്രീപ്രണയമസൃണേ! വല്ലജോലിക്കുമായ് ഞാൻ
വാണേനെന്നാൽഒരുപകലകന്നല്പദൂരേപ്യഗാരേ
കേണേറാംനികരയുവതുഞാനോപ്പതുണ്ടെന്നതിന്നാ-
ലാണേചേതസ്സതിചകിതമാകുന്നതേണേക്ഷണേ! മേ'.

എന്നു പറഞ്ഞിട്ടുള്ളതു പതിവ്രതയും ഭർത്തൃസ്നേഹപരവശയുമായ ഈ രാജ്ഞിയുടെ അവസ്ഥക്ക് ഒട്ടും അപ്രകൃതമല്ല. ഭർത്തൃവിരഹം ദുഃഖകരമാകുന്നതു ഭർത്താവിങ്കലുള്ള സ്നേഹബഹുമാനാദികളുടെ പരമാവധിനിമിത്തവും ഭർത്താവിൻെറ അഭാവത്തിങ്കൽ അന്യവസ്തുക്കൾ ശൂന്യങ്ങളായി തോന്നുന്നതുകൊണ്ടാണല്ലോ. ഈ അവസ്ഥയാണ് പാതിവ്രത്യത്തിൻെറ ഫലം. അതു റാണിലക്ഷ്മീഭായിയിൽ ഒരു പ്രത്യേകഗുണമായി പ്രദൎശിച്ചിരുന്നു.

നമ്മുടെ റാണിയുടെ ഈശ്വരഭക്തി അവിടത്തെ ചില കീർത്തനങ്ങളിൽ നിന്നു തെളിയുന്നതാണ്. എന്നാൽ ഇത്രവളരെ ഗുണങ്ങൾക്ക് ഇരിപ്പിടമായിരുന്നിട്ടുകൂടി അവസാനകാലത്തു തിരുമനസ്സിലേക്കു വളരെ വ്യസനം അനുഭവിക്കേണ്ടിവന്നു. മനുഷ്യജീവിതം സുഖദുഃഖസമ്മിശ്രമായിട്ടാണല്ലോ കാണുന്നത്. തനിക്കു കുട്ടികളില്ലാത്തതിനാലും മററം സ്വന്തം കുട്ടികളെപ്പോലെ ലാളിച്ചു വളർത്തിവന്ന തൻെറ സഹോദരിയുടെ പുത്രന്മാർ അടുത്തടുത്ത് അകാലകാലഗതിയെ പ്രാപിക്കയാലുണ്ടായ തീവ്രമായ മനോവേദനയോടുകൂടിയാകുന്നു അവിടുന്നു 1076-ൽ തീപ്പെട്ടത്. ഇങ്ങിനെയുള്ള സാധ്വികൾക്കുകൂടി ഓരോ കഷ്ടാരിഷ്ടങ്ങൾ നേരിടുന്ന സ്ഥിതിക്ക് ഐഹികമായ നമ്മുടെ സൽക്കർമ്മങ്ങൾ നിരർത്ഥകങ്ങളാണെന്നു ചില കിഞ്ചിജ്ഞന്മാർ വാദിക്കുന്നതു വാസ്തവമല്ല. ഇങ്ങിനെയുള്ള അവസ്ഥകളിൽ നിന്നു നാം അനുമാനിക്കേണ്ടതു മനുഷ്യൻെറ ബുദ്ധിക്ക് അഗോചരമായ വേറെ ഒരു മഹൽശ്ശക്തിയുണ്ടെന്നും നാം അതിന്നു അധീനമാണെന്നുമാകുന്നു. അതുകൊണ്ട് ഈ മഹാരാജ്ഞിയുടെ ജീവചരിത്രം കേരളീയസ്ത്രീകൾക്കു ദൃഷ്ടാന്തയോഗ്യമായ ഒരു പാഠമാണെന്നതിനു സംശയമില്ല.

—ഠാഠഠ—

## ൧൫. റോസാ ബോണോർ.

സാധാരണ യുവാക്കളുടെ ബുദ്ധിസാമൎത്ഥ്യത്തെ പ്രദൎശിപ്പിച്ചു കീൎത്തി സമ്പാദിക്കുവാനുള്ള സൌകൎയ്യം വലിയ പട്ടണങ്ങളിലാകുന്നു. സകല കലാവിദ്യകളുടേയും ഇരിപ്പിടമായ പട്ടണങ്ങളിൽ താമസിക്കുന്നതുകൊണ്ടുതന്നെ വദിഗ്വാന്മാരുടെ ബുദ്ധിക്കു വികാസമുണ്ടാകുന്നതാണ്. അതുകൊണ്ടു വിദ്യാഭ്യാസം ചെയ്തതിനുശേഷം മാന്യമാകുംവണ്ണം കാലക്ഷേപം ചെയ്തു കീൎത്തിസമ്പാദിക്കേണമെന്ന് ആഗ്രഹിക്കുന്ന ഒരു യുവാവിനു പട്ടണനിവാസം ഒഴിച്ചുകൂടാത്ത ആവശ്യമാകുന്നു. എങ്കിലും, ക്രിസ്ത്വാബ്ദം 1820-ാമാണ്ടിൽ യുവാവും സമൎത്ഥനുമായ ഒരു ചിത്രകാരൻ, വാൎദ്ധക്യംകൊണ്ടും ദാരിദ്ര്യംകൊണ്ടും പരാധീനന്മാരായ മാതാപിതാക്കന്മാരുടെ സംരക്ഷണത്തിന്നായി, തന്റെ ഭാവിശ്രേയസ്സിലുള്ള ആഗ്രഹത്തേയും വാസസ്ഥലമായിരുന്ന പാരിസ് പട്ടണത്തേയും ഉപേക്ഷിച്ചു ജന്മഭൂമിയായ ബോർഡോവിൽ താമസമാക്കി. പുത്രധൎമ്മത്തെ നിൎവ്വഹിക്കുന്നതിനുവേണ്ടി റേമൺഡ് ബോണോർ ഇങ്ങിനെ ചെയ്തത് അയാളുടെ അഭ്യുദയത്തിന്ന് ഒരു തടസ്ഥമായിരുന്നെങ്കിലും, കുടുംബത്തിന്റെ ക്ഷേമത്തിന്നു മതിയായ മാൎഗ്ഗമായിത്തീൎന്നു. റേമൺഡ് ചിത്രമെഴുത്തു പഠിപ്പിക്കുന്നതിനു സ്വകാൎയ്യമായി ഒരു പാഠശാല ഏൎപ്പെടുത്തി. റേമൺഡിന്റെ ശിഷ്യവൎഗ്ഗത്തിൽ ആൽട്ടോണോ ദേശക്കാരിയായ ഒരു പെൺകുട്ടിയുണ്ടായിരുന്നു; ഈ ബാലിക തന്നെപ്പോലെതന്നെ നിൎദ്ധനയായിരുന്നെങ്കിലും, ചിത്രമെഴുത്തിൽ വളരെ വാസനയും ഉത്സാഹവുമുള്ളവളായിരുന്നു. അന്യോന്യം മമതയും സ്നേഹവും ബഹുമാനവും ഗുരുശിഷ്യന്മാർ തമ്മിൽ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണല്ലോ. ഇവരുടെ അവസ്ഥയിൽ അല്പം വ്യത്യാസമുണ്ടായി. ഗുരുവും ശിഷ്യയും തമ്മിലുണ്ടായിരുന്ന മനസ്സിശുദ്ധതയുടെ ലാളിത്യം അന്യോന്യാനുരാഗമായി പരിണമിച്ചു; ഇവരുടെ അനുരാഗം റേമൺഡിന്റെ മാതാപിതാക്കന്മാരുടെ അനുഗ്രഹത്തോടുകൂടി ദാമ്പത്യാവസ്ഥയെ പ്രാപിച്ചു. മാഡംബോണോർ പി

യാനോ വായിക്കുന്നതിൽ വളരെ വിദഗ്ദ്ധയായിരുന്നതുകൊണ്ട് അവർ സംഗീതം പഠിപ്പിക്കുന്നതിന്നു പ്രത്യേകം ഒരു പാഠശാല ഏൎപ്പെടുത്തി; ഈ യുവതിയുടെ കിഴിൽ സംഗീതം പഠിക്കുന്നതിന്നു അനേകം വിദ്യാൎത്ഥികൾ ഉണ്ടായി; ഈ ദമ്പതിമാർ ഇപ്രകാരം അവരുടെ ജോലികൾ ചെയ്തു സുഖമായി കാലക്ഷേപം ചെയ്യുവാനും തുടങ്ങി. ഇവരുടെ ദാമ്പത്യത്തിന്റെ സൌഖ്യപൂൎത്തിയായി പ്രായേണ നാലു സന്താനങ്ങളുണ്ടായി. ഇവരിൽ സീമന്തപുത്രിയായ റോസാ 1822-ാമാണ്ടു മാൎച്ചുമാസം 22-ാംനു ജനിച്ചു. ഈ ശിശുവാണ് അനിതരവനിതാസാധാരണമായ കീൎത്തി സമ്പാദിച്ച നമ്മുടെ കഥാനായിക.

ഏകദേശം 1832-ാമാണ്ടിൽ മാഡം ബോണോർ മരിച്ചു. തന്റെ പ്രാണപ്രേയസിയുടേയും മാതാപിതാക്കന്മാരുടേയും മരണംനിമിത്തം റേമൺഡ് അയാളുടെ താമസം പാറിസ് പട്ടണത്തിലേക്കു മാററി. ഈ കുടുംബത്തിനു സംഭവിച്ച ആപത്തിന്റെ ഫലം അനുഭവിച്ചതു ശിശുക്കളാണ്. റേമൺഡിന്റെ സമയം മുഴുവൻ ചിത്രമെഴുത്തിൽ ചിലവുചെയ്യാതെ നിവൃത്തിയുണ്ടായിരുന്നില്ല. വിട്ടുപിരിഞ്ഞ ചെങ്ങാതിമാരുടെ സ്ഥാനത്തു പുതിയ സ്ഥലത്തു നിന്നു റോസയ്ക്കും മററും ചെങ്ങാതിമാരെ കിട്ടുവാൻ പ്രയാസമായി; എന്നുതന്നെയല്ല, ആൎദ്രമായ മാതൃവാത്സല്യം അനുഭവിക്കേണ്ടതിനു പകരം വൃദ്ധയായ ഒരു ധാത്രിയുടെ സന്തോഷരഹിതമായ സംരക്ഷണയിൽ ഈ കുട്ടികൾ വളരേണ്ടതായും വന്നു. ഈ ധാത്രിയുടെ സംരക്ഷണയിൽപ്പെട്ട് അധികം കുഴങ്ങിട്ടുള്ളതു റോസയാണ്. എന്തുകൊണ്ടെന്നാൽ, ഈ ബാലികയ്ക്കു പല അസാധാരണ സ്വഭാവങ്ങളും ഉണ്ടായിരുന്നു; അവയെല്ലാം തെററാണെന്നായിരുന്നു ധാത്രിയുടെ വിശ്വാസം; അതുകൊണ്ടു റോസയുടെ സ്വാഭാവികമായ വികാരങ്ങൾക്കും അഭിരുചികൾക്കും ധാത്രിയുടെ ശാസനകൾ വലിയ ശല്യങ്ങളായിത്തീൎന്നു. അയൽപക്കത്തുള്ള വീടുകളിൽ വളൎത്തപ്പെടുന്ന പട്ടികളും പൂച്ചകളും റോസയുടെ ചെങ്ങാതിമാരായിരുന്നു. ചന്തസ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്ന കന്നുകാലികളുടെ കൂട്ടത്തിൽ നടന്നു

റോസ അവയെ തൊട്ടു തലോടുകയും അവയുടെ ചേഷ്ടകൾ കണ്ടു രസിക്കുകയും ചെയ്തിരുന്നു. "ഇതൊരു വല്ലാത്ത കുട്ടിയാണ്! ദൈവസങ്കീൎത്തനമൊ പ്രാൎത്ഥനാരീതിയൊ ഇവളെ പഠിപ്പിക്കുവാൻ പ്രയാസമാണ്. ഇവൾ അക്ഷരങ്ങൾ പഠിച്ചതുതന്നെ ഒരു തത്ത പറയുന്നതു കേട്ടിട്ടാണ്" എന്നു ധാത്രി റോസയെപ്പററി പറയാറുണ്ട്. റോസയുടെ ഈ ബാലസ്വഭാവം ധാത്രിയുടെ മനസ്സിൽ, മൂഢഭക്തകളായ വൃദ്ധകൾക്കു സഹജമായ ഭയത്തെ വൎദ്ധിപ്പിച്ചു. ഈശ്വരഭക്തിയും വിദ്യാഭ്യാസവും ഇല്ലാതെ ഒരു കുട്ടി വളരുന്നത് ആപൽക്കരമായതുകൊണ്ടു റോസയെ ഈ വിഷയങ്ങളിൽ പരിചയിപ്പിക്കുന്നതിനായി ചെല്ലട്ടിലെ കന്യാസ്ത്രീമഠത്തിലേക്ക് അയക്കേണമെന്നു ധാത്രി റേമൺഡിനോട് അപേക്ഷിച്ചു. റോസയെ അപ്രകാരം അയക്കുകയും ചെയ്തു. അവിടെ ചെന്നിട്ടും റോസ ക്രമമായി പാഠശാലയിലേക്കു പോയിരുന്നില്ല; എങ്കിലും, ആ ക്രമക്കേടു ശരിപ്പെടുത്തുവാൻ ആരും ശ്രമിച്ചില്ല. റോസ പാഠശാലയിലേക്കു നാട്ടുവഴിയിൽകൂടെ പോകാറില്ല. എന്നാൽ, വൃക്ഷലതാദികൾകൊണ്ടും നൈസൎഗ്ഗികമായ മററ കാഴ്ചകൾകൊണ്ടും പ്രശോഭിച്ചിരുന്ന 'ബോയിഡിബോളോൻ' എന്ന പ്രദേശത്തുള്ള മനോഹരമായ ഒരു വനമാൎഗ്ഗത്തൂടെയാണ് റോസ സാധാരണയായി പാഠശാലയിലേക്കു പോയിരുന്നത്. കന്യാസ്ത്രീമഠം വക പാഠശാലയിൽനിന്നു പഠിക്കാവുന്നതിനേക്കാൾ വളരെ അധികം പ്രയോജനകരമായ പാഠങ്ങൾ പ്രകൃതിയുടെ മനോഹരമായ കാഴ്ചകളിൽനിന്നു പഠിച്ചുംകൊണ്ട് ആ വനമാൎഗ്ഗത്തിൽ നമ്മുടെ ഉത്തരയായ സൈരന്ധ്രി അപഹൃതചിത്തയായി നിന്നു പോകാറുള്ളതിനാലാണ് പാഠശാലയിലേക്കു പോകുന്ന പതിവു വിപരീതമായിപ്പോയത്.

റോസയ്ക്കു പതിനഞ്ചു വയസ്സു പ്രായമായി. പരാശ്രയംകൂടാതെ കാലക്ഷേപം ചെയ്വാനുള്ള ഒരു മാൎഗ്ഗം അന്വേഷിക്കേണ്ടുന്ന കാലം അതിക്രമിച്ചുതുടങ്ങി എന്നു റേമൺഡിനു തോന്നി. റോസയുടെ കാൎയ്യത്തെപ്പററി ആലോചിക്കുവാനായി ഒരുദിവസം ചെല്ലട്ടിലെ കന്യാസ്ത്രീമഠത്തിലേക്കു പോകേണമെന്നു തീൎച്ചയാ

ക്കി. റോസയെക്കുറിച്ചു കന്യാസ്ത്രീമഠക്കാൎക്കുണ്ടായിരുന്ന അഭിപ്രായം കേട്ടപ്പോൾ റേമൺഡ് വല്ലാതെ വ്യസനിച്ചു. റോസ അസാധാരണയായ ഒരു പെൺകുട്ടിയാണെന്നും സാഹിത്യവിഷയങ്ങളിൽ തീരെ അശ്രദ്ധയാണെന്നും അതിനായി പണവും സമയവും വെറുതെ കളഞ്ഞിട്ടാവശ്യമില്ലെന്നും റോസയുടെ വാസന ഇന്നവിഷയത്തിലാണെന്നു തീൎച്ചയായി പറയുവാൻ തരമില്ലെന്നും കന്യാസ്ത്രീകൾ പറഞ്ഞു. സ്ത്രീകൾക്കു യോജിക്കുന്നതായ വേറെ ഒരു തൊഴിൽ തയ്യൽപ്പണിയായതുകൊണ്ടു റോസയെ ആ പണി പരിചയിക്കുവാൻ അയക്കണമെന്നു റേമൺഡ് തീൎച്ചയാക്കി, അതിനു വേണ്ടുന്ന ഏൎപ്പാടുകൾ ചെയ്തു. ഒരാഴ്ച കഴിഞ്ഞതിനുശേഷം റേമൺഡ് പുത്രിയെ കാണാൻചെന്നപ്പോൾ, റോസയുടെ വാസനയ്ക്കും ദേഹപ്രകൃതിക്കും ഈ ജോലിയും യോജിക്കുന്നതല്ലെന്ന് അവളുടെ ദീനാവസ്ഥയിൽനിന്ന് അദ്ദേഹത്തിനു മനസ്സിലായി. മക്കൾ എത്രതന്നെ ബുദ്ധി കുറഞ്ഞവരും സ്വഭാവഗുണമില്ലാത്തവരുമായിരുന്നാലും, മാതാപിതാക്കന്മാൎക്ക് അവരുടെ വ്യസനം കാണുവാൻ ധൈൎയ്യമുണ്ടാകുന്നതല്ല. റോസയെ തൻ്റെകൂടെ താമസിപ്പിക്കുന്നതുകൊണ്ടു മനസ്സിനു സമാധാനമുണ്ടാവുമെങ്കിലും, അതൊരു ഭാരമായിത്തീരുമെന്നു റേമൺഡിനു നല്ലവണ്ണം അറിയാമായിരുന്നു. വൈദുഷ്യമൊ പൂൎവ്വസ്വത്തൊ ഇല്ലാത്ത ഒരു യുവതി എത്രതന്നെ സൌന്ദൎയ്യമുള്ളവളായിരുന്നാലും, അതുകൊണ്ടുമാത്രം ഒരു ഭൎത്താവിനെ സമ്പാദിക്കാമെന്നു വിചാരിക്കുന്നതു വിഡ്ഢിത്തമാകയാൽ, റേമൺഡ് ആ കാൎയ്യത്തെപ്പററി ആലോചിച്ചില്ല. എന്തായാലും ഒരു കൊല്ലം കഴിഞ്ഞതിനുശേഷമേ റോസയുടെ കാൎയ്യത്തെപ്പററി ആലോചിച്ചിട്ടാവശ്യമുള്ളു എന്നും അതുവരെ അവൾ ചിത്രമെഴുത്തു ശീലിക്കട്ടേ എന്നും റേമൺഡ് തീൎച്ചയാക്കി. ചിത്രമെഴുത്തിൽ റോസ പ്രദൎശിപ്പിച്ച വാസനയും സാമൎത്ഥ്യവും അത്ഭുതകരമായിരുന്നു. തൻ്റെ പുത്രിയിൽ ഉണ്ടായ ഈ മാററം പിതാവിൻ്റെ മനസ്സിൽ സന്തോഷത്തേയും സമാധാനത്തേയും വൎദ്ധിപ്പിച്ചു. വാസനയ്ക്കനുരൂപമായ ജോലിയിൽ പ്രവേശിക്കുവാൻ സൌകൎയ്യം കിട്ടാതെ കഷ്ടപ്പെട്ടിരുന്ന

മനസ്സിനു സ്വാതന്ത്ര്യം സിദ്ധിച്ചപ്പോൾ, അഭ്യുദയത്തിന്നു കാരണമായിത്തിരുന്ന ക്ഷമയും ശുഷ്കാന്തിയും സഹജമായ ബുദ്ധിശക്തിയുടെ വ്യാപാരത്തിന്ന് അനുകൂലമായിത്തീരുകയാൽ, റോസ ചിത്രമെഴുത്തിൽ ദിനംപ്രതി അഭിവൃദ്ധി പ്രാപിച്ചുതുടങ്ങി. റോസ പാറിസ് പട്ടണത്തിലുള്ള ചിത്രശാലയിൽപോയി ഓരോ ചിത്രങ്ങൾനോക്കി പഠിക്കാറുണ്ടായിരുന്നു. പ്രസിദ്ധന്മാരായ ചിത്രകാരന്മാർ എഴുതിവെച്ചിട്ടുള്ള ഓരോചിത്രങ്ങളും റോസയുടെ ഉത്സാഹത്തെ വർദ്ധിപ്പിച്ചു. “ഇത്ര ഉത്സാഹത്തോടും ശുഷ്കാന്തിയോടുംകൂടെ പണിയെടുക്കുന്നതായി ഞാൻ ഇതേവരെ വേറെ ആരേയും കണ്ടിട്ടില്ല” എന്നു ലൌറിയിലെ അദ്ധ്യക്ഷൻ ഒരിക്കൽ റോസയെപ്പററി പറയുകയുണ്ടായി. വേറൊരിക്കൽ ഒരു ഇംഗ്ലീഷുകാരൻ റോസയുടെ ചിത്രത്തിൻെറ അടുക്കൽനിന്നു റോസയോട് ഇപ്രകാരം പറഞ്ഞു: “ബാലേ! ഭവതിയുടെ പ്രതിലേഖ അത്യന്തം ശോഭനവും ആക്ഷേപരഹിതവുമാകുന്നു. ഭവതി ഈ ഉദ്യമത്തിൽ സ്ഥിരമായി പരിശ്രമിക്കുന്നപക്ഷം അല്പകാലത്തിന്നുള്ളിൽ ഒരു പ്രസിദ്ധയായ ചിത്രലേഖയായിത്തീരുമെന്നു ഞാൻ നിസ്സംശയം പറയാം”. രണ്ടുകൊല്ലത്തെ അശ്രാന്തപരിശ്രമംകൊണ്ടും ആഗ്രഹിച്ചിരുന്ന യോഗ്യതയുണ്ടായിട്ടില്ലെന്നുകണ്ടപ്പോൾ, ചിത്രമെഴുത്തിൽ തനിക്ക് ഒരു ഉൽകൃഷ്ടപദംപ്രാപിപ്പാൻ തരമാകുന്നതല്ലെന്നനിരാശ റോസയെ ബാധിച്ചു. ശ്രേഷ്ഠമായ ജോലികളിൽ പ്രവേശിച്ചു കീർത്തിസമ്പാദിക്കണമെന്ന ഉദ്ദേശത്തോടുകൂടി പ്രയത്നിക്കുന്നവരുടെ ശ്രമം സഫലമാകുന്നില്ലെന്നു വരുമ്പോൾ, നിരാശനിമിത്തം അവർ മന്ദോത്സാഹികളായിത്തീരുന്നതു സ്വാഭാവികമാകുന്നു. എന്നാൽ ഇങ്ങിനെയുള്ള നിരാശയ്ക്കു കാരണം എന്താണെന്ന് ആരും ആരാഞ്ഞുകണ്ടുപിടിക്കാറില്ല. റോസയ്ക്കും തല്ക്കാലംപററിയത് ഇങ്ങിനെയാണ്. ചിത്രമെഴുത്തിനു വാസനയുണ്ടെന്നു റോസയ്ക്കും മററുള്ളവക്കും ബോദ്ധ്യമുണ്ടായിരുന്നു. ചിത്രമെഴുത്തുതന്നെ പലജാതിയുണ്ട്. അവയിൽ ഏതിലാണ് അധികം വാസനയുള്ളത് എന്നറിയാഞ്ഞതുകൊണ്ടാണ് റോസയുടെ പരിശ്രമത്തിൻെറ ഫലം പൂർണ്ണമായി സിദ്ധിക്കാ

ഞ്ഞത്. നമുക്ക് ഏതെങ്കിലുംവിഷയത്തിൽ വാസനയും അ
തിൽ പരിശ്രമിക്കുവാൻ താല്പൎയ്യവുമുണ്ടെങ്കിൽ, ആദ്യകാലത്തു
നാം ശരിയായവഴിക്കു പോയില്ലെങ്കിലും, ആ വിഷയത്തിലുള്ള
അഭിരുചി നമ്മെ ഏതുവിധമെങ്കിലും നേരുവഴിക്കു തിരിച്ചുവിടാ
തിരിക്കുന്നതല്ല. നമ്മുടെ അപജയത്തേയും കഴിഞ്ഞ കഥകളേ
യുംപററി പരിതപിക്കുന്നതിനിടയ്ക്കു നമ്മുടെ വാസന വിശ്രമിക്കു
ന്നവഴിയിൽ നാം യദൃച്ഛയായി ചെന്നുചേരും. ഇങ്ങിനെ ഒരു
അനുഭവം റോസയ്ക്കുമുണ്ടായി. താൻ ബാല്യത്തിൽ "ബോയ്ഡി
ബൊളോണിൽ" അലഞ്ഞുനടന്നിരുന്നപ്പോൾ, ആ പ്രദേശങ്ങ
ളിൽ കണ്ട് ആനന്ദിച്ചിട്ടുള്ള ഓരോ മനോഹരകാഴ്ചകൾ റോസയു
ടെ മനസ്സിൽ ഒരു ച്ഛായാപടംപോലെ പ്രത്യക്ഷപ്പെട്ടു. തല്ക്കാലം
ഉണ്ടായ വികാരത്തെ അനുസരിച്ചു തൂലികയെടുത്ത് ആകസ്മിക
മായി മനസ്സിൽ പ്രതിബിംബിച്ച ആ മനോഹരകാഴ്ചയുടെ ച്ഛായ
ചിത്രപടത്തിൽ എഴുതി; അപ്പോഴാണ് തന്റെ വാസനവിശ്രമി
ച്ചിരുന്ന വഴി കണ്ടുകിട്ടിയത്. പിറേറന്നാൾമുതൽ റോസ പ്രകൃ
തിവിലാസങ്ങൾ എഴുതുവാൻ തുടങ്ങി. അതേവരെ ലൌറിയിൽ
ചെയ്യപ്രയത്നം പ്രയോജനകരമായിത്തീൎന്നു എന്നു സമാധാനവു
മുണ്ടായി.

വൎഷകാലത്തു റോസയ്ക്കു പുറത്തുസഞ്ചരിച്ചു ചിത്രമെഴുതു
വാൻ സൌകൎയ്യമുണ്ടായിരുന്നില്ല. അതുകൊണ്ട് അയൽപക്ക
ത്തുണ്ടായിരുന്ന ഒരു കുതിരലായത്തിൽപോയി അവിടെയുള്ള കു
തിരകളുടേയും ലൌറിയിൽ എഴുതിവെച്ചിരിക്കുന്ന മൃഗങ്ങളുടേയും
ച്ഛായകൾ എഴുതിപഠിക്കുക പതിവായി. റോസയ്ക്ക് ഒരിക്കൽ ഒ
രു ആട്ടിൻകുട്ടിയെ കിട്ടി; അതിനെ ഒരു ചെങ്ങാതിയായും ചിത്ര
ങ്ങൾക്കു മാതൃകയായും വളൎത്തിക്കൊണ്ടുവന്നു. റോസ 1840-ൽ
രണ്ടു മുയലുകളുടേയും 1841-ൽ രണ്ടു കാളകളുടേയും ചിത്രമെഴുതി
പാറിസ്സിലെ കരകൌശലപ്രദൎശനത്തിന്നു അയച്ചു. ആ ശ്രമം
നിഷ്ഫലമായില്ല. പിന്നെ, കൊല്ലംതോറും പ്രദൎശനശാല റോസ
യുടെ ചിത്രങ്ങൾകൊണ്ട് അലങ്കരിച്ചിരുന്നു. ഈ കാലങ്ങളിൽ
റോസയുടെ ചിത്രങ്ങളെപററി പരിശോധകന്മാർ പുകഴ്ത്തിപറ

ഞ്ഞിരുന്നെങ്കിലും, പൊതുജനങ്ങൾക്കു ബഹുമാനം തോന്നിയിരുന്നില്ല. എന്നാൽ 1849-ാമാണ്ടിൽ നടത്തിയ പ്രദൎശനത്തിൽ വെച്ചാണ് റോസയുടെ യോഗ്യത പരസ്യമായത്. റോസയുടെ ഭാവിശ്രേയസ്സിന്നു കാരണമായ ചിത്രം 'സാണ്ടൽ എരുതുകൾ' എന്ന പേരോട്ടുകൂടി എണ്ണച്ചായത്തിൽ എഴുതിയ ഒരു കാളക്കൂട്ടമാകുന്നു. ഒരു ചിത്രത്തിന്റെ നന്മ, അതിന്റെ മാതൃകയുടെ വികാരങ്ങളും ചേഷ്ടകളും, ആ ചിത്രം എഴുതുന്നസമയത്ത്, ഇന്നതെല്ലാമായിരുന്നുഎന്നു ചിത്രം കാണുന്ന മാത്രയിൽ ഏവനും തോന്നുന്നതുതന്നെയാണല്ലൊ. റോസയുടെ 'സാണ്ടൽ എരുതുകൾ' പ്രകൃതിവിലാസവൎണ്ണനയുടെ ഒരു മാതൃകയായിരുന്നു. കാഴ്ചക്കാരിൽ ആബാലവൃദ്ധം ആ ചിത്രത്തെ കൊണ്ടാടി. തന്റെ ചിത്രം പരിശോധകന്മാരേയും കാഴ്ചക്കാരേയും തൃപ്തിപ്പെടുത്തിയതിനാൽ റോസ കൃതകൃത്യയുമായി. ചിത്രത്തിന്റെ നന്മക്ക് ഒരു സ്വൎണ്ണമുദ്ര പ്രദൎശനസംഘത്തിൽനിന്നു കിട്ടി; ഷോറെസ് വെൎന്നേഡ് പ്രൊവിൻഷ്യൽഗവൎമ്മെണ്ടുവകയായി വേറെ ഒരു സമ്മാനവും കൂടെ കൊടുത്തു. ഒരു ആംഗ്ലേയൻ അയാൾക്ക് ആ ചിത്രത്തെ കുറിച്ചുണ്ടായ ബഹുമാനം സൂചിപ്പിക്കുന്നതിന്നായി അത് അറന്നൂറപവൻകൊടുത്തു വാങ്ങി. ആ ചിത്രത്തിന്റെ സ്വഭാവം, കാളകൾ ഉറക്കംകഴിഞ്ഞു മയങ്ങികിടന്ന് അയവിറക്കുമ്പോൾ, താടിയെല്ലുകൾ ഇളകുന്നതും വായിൽനിന്നു വെളുത്തനുര വരുന്നതുമായിരുന്നു.

ഇതിനുശേഷം റോസയുടെ കീൎത്തി ലോകമെങ്ങും വ്യാപിക്കാൻതുടങ്ങി. ഏകദേശം 1865-ാമാണ്ടുവരെ ഫ്രഞ്ചുഗവൎമ്മേണ്ടു റോസയുടെ യോഗ്യതയെകുറിച്ചു ഗൌനിച്ചില്ല. റോസ ഒരു സ്ത്രീയായിരുന്നതുകൊണ്ടു "ലീജിയൺ ഓഫ് ഓണർ" എന്ന കീൎത്തിമുദ്ര കോടുക്കേണ്ടുന്നകാൎയ്യത്തിൽ വളരെ സംശയമുണ്ടായിരുന്നു. ഒടുവിൽ ഈ മഹതിക്ക് ആ മുദ്രകിട്ടി. പക്ഷെ, അതിനെപ്പററി ഒരു കഥകേൾക്കുന്നുണ്ട്: 1865-ാമാണ്ടിൽ ചക്രവൎത്തി ദേശസഞ്ചാരത്തിന്നായി പോയി. ചക്രവൎത്തിനിമാത്രമേ രാജധാനിയിൽ ഉണ്ടായിരുന്നുള്ളു. രാജധാനിയിൽനിന്നു റോസ താമസിക്കുന്ന

സ്ഥലത്തേക്ക വളരെ ദൂരമുണ്ടായിരുന്നില്ല. ഒരുദിവസം ചക്രവത്തിനി വേഷച്ഛന്നയായി, മുന്നറിവുകൊടുക്കാതെ, റോസ ചത്രമെഴുതിക്കൊണ്ടിരിക്കുന്ന മുറിയിലേക്ക കടന്നുചെന്നു. റോസ പെട്ടെന്ന് എഴുന്നേററ് എതിരേല്ക്കുവാൻ ചെന്നപ്പോൾ, വന്ന സ്ത്രീ റോസയെ സന്തോഷത്തോടെ ആലിംഗനംചെയ്ത് ഒന്നുംപറയാതെ തിരിച്ചു പുറത്തേക്കുതന്നെ പോയി. റോസ അല്പം പരിഭ്രമിച്ചുനിന്നു. വന്ന സ്ത്രീ ആ സമയംകൊണ്ടു വണ്ടിയിൽകയറി പോവുകയുംചെയ്തു. റോസയുടെ പരിഭ്രമംതീൎന്നു നോക്കിയപ്പോൾ "ലീജിയൺ ഓഫ് ഓണർ" എന്ന കീൎത്തിമുദ്ര തന്റെ കുപ്പായത്തിന്മേൽ തറച്ചിരിക്കുന്നതുകണ്ടു. പിന്നെ കാൎയ്യമെല്ലാം മനസ്സിലായി. ഒരു സ്ത്രീക്ക് ഈ കീൎത്തിമുദ്ര നേരിട്ടുകൊടുക്കുവാൻ ചക്രവത്തിക്ക ധൈൎയ്യമുണ്ടായില്ല; അതിനു ചക്രവത്തിനിയെക്കൊണ്ട് ഇങ്ങിനെ ചെയ്യിച്ചതാണ്.

റോസയുടെ പിതാവിനെ "ബാലികാകലാശാല"യിലെ മേലദ്ധ്യക്ഷനായി ഗവമ്മേണ്ടു നിശ്ചയിച്ചുഎങ്കിലും, അദ്ദേഹത്തിന് അധികം നാൾ ആ ഉദ്യോഗംഭരിക്കുവാൻ സാധിച്ചില്ല. റേമൺഡ്ബോണോരുടെ മരണശേഷം ആ കലാശാലയുടെ മേലദ്ധ്യക്ഷത പുത്രിയായ നമ്മുടെ നായികക്കു കിട്ടി. റോസയുടെ സഹോദരി, ജൂലിയട്ടും ആ കലാശാലയിൽ ഒരു ഉപാദ്ധ്യായിനിയായിത്തീൎന്നു. റോസയുടെ സഹോദരനും ഒരു പ്രസിദ്ധചിത്രകാരനായിത്തീരുകയും 1867-ൽ അയാൾക്ക "ലീജിയൻ ഓഫ് ഓണർ" എന്ന കീൎത്തിമുദ്ര സിദ്ധിക്കുകയുംചെയ്തു. രണ്ടാമത്തെ സഹോദരൻ കൊത്തുപണിയിൽ വളരെ വിശ്രുതനായി. ആ കുടുംബക്കാർ മുഴുവൻ ചിത്രമെഴുത്തിൽ വളരെ കീൎത്തിസമ്പാദിച്ചു. റോസയുടെ കൃത്യനിഷ്ഠയും സ്വഭാവവും സ്തുത്യൎഹമായിരുന്നു. റോസ ഒരു എഴുത്തിൽ താഴെ പറയുംപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്; അതിൽനിന്ന് ആ മഹതിയുടെ കൃത്യനിഷ്ഠയുംമററും വിശദമാകുന്നതാണ്.

"ഞാൻ പത്തുവയസ്സുമുതൽ ജാഗ്രതയോടെ പഠിക്കാൻതുടങ്ങി; എന്നാൽ, ഗുരുനാഥന്മാരെ അനുകരിച്ചിട്ടില്ല. ഞാൻ പ്ര

കൃതിയുടെ വിലാസംകണ്ട് ആനന്ദിക്കുകയും തന്നിമിത്തം എന്നിൽ അങ്കുരിച്ച വികാരത്തെ എൻെറ വാസനയ്ക്കൊത്തവണ്ണം വളൎത്തുകയുംചെയ്യു. കലാവിദ്യ വളരെ കഠിനമായി ശാസിക്കുന്ന ഒരു ഗുരുവാണ്. ആ ഗുരുനാഥന് ആദ്യംതന്നെ ഗുരുദക്ഷിണ ചെയ്യാതെ നിവൃത്തിയില്ല. പണവും മററുമല്ലാ ഗുരുദക്ഷിണയായി ആവശ്യപ്പെടുന്നത്; അത് ഒരു വിദ്യാൎത്ഥിയുടെ ഹൃദയം, ബുദ്ധി, ആത്മാവ്, എന്നു വേണ്ടാ അവൻെറ ശരീരവും കൂടെയാണ്. ഇവയിൽ എന്തെങ്കിലും കുറഞ്ഞാൽ, ഗുരുപ്രസാദം പ്രയാസംതന്നെ. എൻെറ സൎവ്വസ്വവും ചിത്രമെഴുത്താണ്. ഞാൻ മററൊന്നും അറിയുകയൊ അനുഭവിക്കുകയൊ ചെയ്യുന്നില്ല. എനിക്കു സമുദായങ്ങളിലും അതിലെ നിസ്സാരവിനോദങ്ങളിലും രസമില്ല. എൻെറ പ്രയത്നംമൂലം പ്രസിദ്ധിയുണ്ടാകുവാൻ മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു".

റോസയുടെ പ്രകൃതി വളരെ ഒതുങ്ങിയതായിരുന്നു; ആകൃതി വളരെ മനോഹരമായിരുന്നു എന്നു പറവാൻ പാടില്ലെങ്കിലും, ബുദ്ധിശക്തിയും സൽസ്വഭാവവും പ്രകാശിച്ചിരുന്ന മുഖം കാഴ്ചക്കാരിൽ റോസയെക്കുറിച്ചു ബഹുമാനവും സ്നേഹവും ജനിപ്പിച്ചിരുന്നു. റോസയ്ക്കു 1880-ാമാണ്ടിൽ, അതേവരെ സ്ത്രീകൾക്കു സിദ്ധിക്കാത്തതായ രണ്ടു കീൎത്തിമുദ്രകൾ കിട്ടി. അവയിൽ ഒന്നു ബെൽജിയത്തിലെ രാജാവിൽനിന്നും മററൊന്നു സ്പേയിനിലെ രാജാവിൽനിന്നുമാണ് കിട്ടിയത്. ഈ മഹതി 1899-ാമാണ്ടു മേ മാസം 25-ാംനു- മരിച്ചു. സ്ഥിരോത്സാഹംകൊണ്ടു സ്ത്രീകൾക്കു സമ്പാദിക്കാൻ കഴിയുന്ന യോഗ്യതയ്ക്കു നമ്മുടെ നായിക ഒരു ദൃഷ്ടാന്തമാകുന്നു.

——○○——

## ൧൬. റാണിസാഹിബ് ഗൌരി.

ക്രിസ്ത്വാബ്ദം 1793-ൽ സിക്ക്‌രാജ്യങ്ങളിൽവെച്ച വളരെ പ്രാബല്യമുള്ള പാററ്യാലാരാജ്യം ഭരിച്ചിരുന്നതു രാജാസാഹിബ് സിംഹൻ എന്ന രാജാവാകുന്നു. ഈ രാജാവ് ഒരു യുവാവും അവിവേകിയും ബലഹീനനുമായിരുന്നു. ഉത്തമരീതിയിൽ രാജ്യം ഭരിക്കുന്നതിനു സാമൎത്ഥ്യമൊ, തന്റെ സേവകന്മാരായ പ്രഭുക്കന്മാരെ വിശ്വസിക്കുന്നതിനു സമാധാനമൊ അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. അതുകൊണ്ടു സൎവ്വസമ്മതമായവിധത്തിൽ രാജ്യം ഭരിക്കുന്നതിന്ന് അദ്ദേഹം അസാധാരണയായ ഒരു കാൎയ്യംചെയ്തു. അഭൂതപൂൎവ്വകമായ ആ കാൎയ്യം ഒരു സ്ത്രീയെ തന്റെ മന്ത്രിയായി നിയമിച്ചതാണ്. ആ സ്ത്രീരത്നം രാജാവിന്റെ സഹോദരിയും സമൎത്ഥയും വിദ്യാവിശാരദയും നമ്മുടെ കഥാനായികയുമായ റാണിസാഹിബ് ഗൌരിയാകുന്നു.

ബാല്യത്തിൽതന്നെ തന്റെ രൂപലാവണ്യംകൊണ്ടും വിദ്യാനൈപുണ്യംകൊണ്ടും പ്രസിദ്ധപ്പെട്ട റാണിസാഹിബ് ഗൌരി അക്കാലത്തു ദില്ലിനഗരത്തിനു സമീപമുള്ള ബാരിദ്വാരത്തിലെ നായകനായ സൎദാർജയമൽസിംഹന്റെ പത്നിയായിരുന്നു. തന്റെ പ്രിയതമയുടെ സാമൎത്ഥ്യത്തെക്കുറിച്ചു ജയമൽസിംഹനു വളരെ അഭിമാനമുണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ അനുമതിയോടുകൂടിയാണ് നമ്മുടെ നായിക പാററ്യാലായിലെ മന്ത്രിസ്ഥാനം സ്വീകരിച്ചത്. രാജ്യഭാരം ശ്രമാവഹമായ ഒരു കാൎയ്യമാണെന്നു ഭൎത്താവിനും ഭാൎയ്യക്കും നല്ലവണ്ണം അറിയാമായിരുന്നു.

രാജ്യത്തിന്റെ അഭിവൃദ്ധിക്ക് അത്യാവശ്യമാണെന്നു തോന്നുന്ന മാററങ്ങൾ വരുത്തുന്നതിനും പരിഷ്കാരങ്ങൾ ഏൎപ്പെടുത്തുന്നതിനും പൂൎണ്ണാധികാരം കിട്ടിയതിൽ പിന്നെയാണ് നമ്മുടെ റാണി ഭാരമേറിയ ആ ഉദ്യോഗത്തിൽ പ്രവേശിച്ചത്. മന്ത്രിസ്ഥാനം സ്വീകരിച്ച നിമിഷംമുതൽ ഈ മഹതി രാജ്യകാൎയ്യങ്ങളിൽ ഓരോ പരിഷ്കാരങ്ങൾ വരുത്തിത്തുടങ്ങി. ഇപ്രകാരം ചുരുങ്ങിയ കാലത്തിന്നുള്ളിൽ രാജ്യത്തുണ്ടായിരുന്ന പല അക്രമങ്ങളും അനീതി

കളും ഉന്മൂലനംചെയ്തു; രാജ്യത്തെ മുതലെടുപ്പു വൎദ്ധിച്ചു; സമാധാനവും ക്ഷേമവും രാജ്യത്തെങ്ങും വ്യാപിച്ചു. മഹാരാജാവിനു സഹോദരിയിൽ നിസ്സീമമായ ബഹുമാനവും സന്തോഷവും ഉണ്ടായി. ജനങ്ങൾക്കും നമ്മുടെ നായികയിൽ വിശ്വാസവും ഭക്തിയും വൎദ്ധിച്ചു.

റാണി പാററ്യാലായിൽ താമസിച്ചു രാജ്യകാൎയ്യങ്ങൾ അന്വേഷിക്കുന്ന ഈ കാലത്തു ജയമൽസിംഹൻ ഒരു അപകടത്തിൽ അകപ്പെട്ട വൎത്തമാനം കേട്ടു. തന്റെ വംശക്കാരനായ പിതൃസിംഹന്റെ ശത്രുത്വംനിമിത്തം ജയമൽസിംഹനും അദ്ദേഹത്തിന്റെ ജനങ്ങൾക്കും പലവിധമായ ഉപദ്രവങ്ങൾ നേരിട്ടിരുന്നു. എന്നു മാത്രമല്ല, പിതൃസിംഹൻ ലാക്കുനോക്കി ജയമൽസിംഹനെ തടവുകാരനായി പിടിച്ചു 'ഫ്ത്തുഗർ' എന്ന സ്ഥലത്തു കൊണ്ടുപോയി താമസിപ്പിക്കുകയും ചെയ്തു. ഭൎത്താവിനു സംഭവിച്ച ആപത്തിനെ പററി കേട്ടപ്പോൾ റാണി രാജാവിന്റെ അനുമതിയോടുകൂടി സൈന്യസമേതം പുറപ്പെട്ടു ഫ്ത്തുഗർ എന്ന സ്ഥലത്തുചെന്നു പിതൃസിംഹന്റെ സൈന്യത്തെ തോല്പിച്ചു ജയമൽസിംഹനെരക്ഷിച്ചു. ഈയുദ്ധത്തിൽ സൈന്യാധിപത്യം വഹിച്ചതു റാണിതന്നെയാണ്. ഈ പ്രവൃത്തി അനന്യവനിതാസാധാരണമായിരുന്നതിനാൽ, റാണിയുടെ ധൈൎയ്യാദിസൽഗുണങ്ങളിൽ ജനങ്ങൾക്കെല്ലാം വളരെ ബഹുമാനം ജനിക്കുകയും, ഉദ്യോഗനിലയ്ക്കു പ്രത്യേകം ഒരു സ്ഥിരതയുണ്ടാവുകയും ചെയ്തു.

ക്രിസ്ത്വാബ്ദം 1794-ൽ ഒരു വലിയ മഹാരാഷ്ട്രസൈന്യം യമുനാനദികടന്നു പാററ്യാലാരാജ്യത്തേക്കു പുറപ്പെട്ടു. ഈ സൈന്യം പോയവഴിക്കുണ്ടായിരുന്ന പല സിക്ക്രാജ്യങ്ങളിലെ നേതാക്കന്മാരേയും യുദ്ധത്തിൽ തോല്പിച്ചു കഷ്ടപ്പെടുത്തി. പരാജിതരായ സിക്കുകാരെല്ലാം അശരണന്മാരായിത്തീൎന്നു. മഹരാഷ്ട്രസൈന്യം പാററ്യാലാരാജ്യത്തിന്നു സമീപം എത്തി. മററുള്ള സിക്കുകാർ കീഴടങ്ങിയതുപോലെ പാററ്യാലാരാജാവും കീഴടങ്ങേണമെന്നു മഹരാഷ്ട്രസൈന്യാധിപൻ രാജാസാഹിബ്സിംഹന് ഒരു സന്ദേ

ശം അയച്ചു. ദുർബ്ബലനായ ഒരു രാജാവിൻെറ രാജ്യം ഭരിക്കുന്നതിന് 'അബല'യായ ഒരു സ്ത്രീയാണെങ്കിൽ, പ്രബലന്മാരായ ശത്രുക്കൾക്ക് ആ രാജ്യത്തെ കുറിച്ചു നിസ്സാരമായ ഒരു അഭിപ്രായം ഉണ്ടാകുന്നത് ഒട്ടും അപ്രകൃതമല്ലല്ലൊ. അതുകൊണ്ടു മഹാരാഷ്ട്രസൈന്യാധിപൻ അയാളുടെ സന്ദേശത്തിന്നു പ്രതികൂലമായ ഒരു മറുപടിയുണ്ടാകുമെന്നു സ്വപ്നത്തിൽപോലും സംശയിച്ചിരുന്നില്ല. മന്ത്രിസ്ഥാനത്തിരുന്ന 'അബല'യായ റാണി അയച്ച മറുപടി കണ്ടപ്പോൾ, മഹാരാഷ്ട്രസൈന്യാധിപൻ മരാതിരിഞ്ഞുപോയി. എന്തുകൊണ്ടെന്നാൽ, "മഹാരാഷ്ട്രന്മാർ നമ്മെ അവമാനിച്ചതിനു പ്രതികാരം ചെയ്യാനാണ് വിചാരിക്കുന്നത്" എന്നായിരുന്നു റാണിയുടെ ഗൌരവമായ മറുപടി. മററുള്ളവരെക്കുറിച്ചു നിസ്സാരമായ അഭിപ്രായത്തോടുകൂടി പ്രവർത്തിക്കുന്ന ഗർവ്വിഷ്ഠന്മാൎക്കെല്ലാം പ്രതികൂലമായ സംഭവങ്ങൾ വളരെ ദുസ്സഹമായ ആശാഭംഗത്തെ ജനിപ്പിക്കുന്നതാകയാൽ, ഈ അവസരത്തിൽ മഹാരാഷ്ട്രസേനാധിപതിയുടെ ദുരഭിമാനം ഒന്നു കുറഞ്ഞു.

റാണിസാഹിബ് ഗൌരി പ്രദർശിപ്പിച്ച ധൈൎയ്യം സമീപസ്ഥന്മാരായ രാജാക്കന്മാരിലും വ്യാപിച്ചു. അവരൊക്കെ പാററ്യാലാ രാജാവിനോടു ചേൎന്നു. ഇവരുടെ സൈന്യത്തിൽ ആകപ്പാടെ ഏഴായിരം ഭടന്മാരുണ്ടായിരുന്നു. ഈ സൈന്യത്തിൻെറ നേതൃത്വം വഹിച്ചതു റാണിതന്നെയാണ്. ഈ അവസരത്തിൽ റാണിയുടെ സഹോദരനായ രാജാവ് അന്തഃപ്പുരത്തിൽനിന്നു പുറത്തിറങ്ങീട്ടില്ല. മഹാരാഷ്ട്രന്മാരുടേയും സിക്കുകാരുടേയും സൈന്യങ്ങൾതമ്മിൽ മൎദ്ദനപുരത്തിൽവെച്ച് ഒരു യുദ്ധമുണ്ടായി. മഹാരാഷ്ട്രസൈന്യം സംഖ്യയലും യുദ്ധസാമൎത്ഥ്യത്തിലും സിക്കുകാരെ കടന്നുനിന്നിരുന്നു. അതുകൊണ്ടു സിക്കുസൈന്യത്തിനു വളരെ നഷ്ടംപററുകയും അവർ തീരെ പരാജിതരാകുമെന്നു തോന്നിത്തുടങ്ങുകയും ചെയ്തു.

ഈ സന്ദൎഭത്തിൽ സിക്കുകാർ പിന്തിരിഞ്ഞ് ഓടുകയേയുള്ളൂ എന്നായി. ഭടന്മാരിൽ ഭയം കടന്നുകൂടി. സൈന്യനിരകളിൽ

ആകപ്പാടെ ഒരു ഇളക്കമുണ്ടായി. റാണി ഇതെല്ലാംകണ്ടു. പരിഭ്രമിച്ചു പിൻതിരിയുന്ന ഭടന്മാരെ യഥാസ്ഥാനങ്ങളിൽ നിറുത്തുവാനൊ മുമ്പോട്ടു നടത്തുവാനൊ അമിളിക്കൂടാതെ പിൻതിരിച്ചുകൊണ്ടുപോകാനൊ സാധിക്കുന്നതല്ല. ഇങ്ങിനെയുള്ള അവസരങ്ങളിലാണ് സൈന്യാധിപന്മാരുടെ സാമർത്ഥ്യം കാണേണ്ടത്. ഒരു രാജ്യം ഭരിക്കുന്നതിനുള്ള പോലെതന്നെ തനിക്ക് ഒരു സേനയെ ഭരിക്കുന്നതിനും സാമർത്ഥ്യമുണ്ട് എന്ന് ഈ അവസരത്തിൽ റാണി പ്രത്യക്ഷപ്പെടുത്തി. നമ്മുടെ നായിക വാഹനത്തിൽ വാളുരി പിടിച്ചുംകൊണ്ടു താഴത്തിറങ്ങി ഭടന്മാരോട് ഇപ്രകാരംപറഞ്ഞു: "പാററ്യാലാരാജ്യത്തെ ഭടന്മാരെ! നിങ്ങൾ ഇപ്പോൾ പിന്തിരിഞ്ഞ് ഓടുന്നപക്ഷം, നിങ്ങളുടെ മഹാരാജാവിൻെറ സഹോദരിയും നിങ്ങളുടെ നായികയുമായ ഒരു അബലയുടെ മരണം നിശ്ചയമാകുന്നു. നിങ്ങളുടെ ഭീരുത്വംകൊണ്ട് അങ്ങിനെ സംഭവിക്കുന്നതു നിങ്ങൾക്ക് എന്നും ദുഷ്കീർത്തിക്കു കാരണമായിത്തീരും. രണ്ടായാലും ഞാൻ പിൻതിരിയുവാൻ വിചാരിക്കുന്നില്ല. ഞാൻ ഇതാ ശത്രുക്കളുടെനേരെ ചെല്ലുന്നു. എന്നെ അനുഗമിക്കുവാൻ ധൈര്യമുള്ളവരുണ്ടെങ്കിൽ വരുവിൻ".

റാണി മേൽപ്രകാരം പറഞ്ഞുംകൊണ്ടു വാളുരി പിടിച്ചു ശത്രുസൈന്യത്തിൻെറ നേരെ നടന്നു. ധൈര്യം, ഭയം, ശോകം മുതലായ വികാരങ്ങൾ ഏകദേശം പകരുന്ന വ്യാധികൾ പോലെയാണ്. ധീരന്മാരുടെകൂട്ടത്തിൽപെട്ടാൽ ഏതുഭീരുവിനുംധൈര്യമുണ്ടാകും; നേരേ മറിച്ച് ഏതുധീരനും ഭീരുക്കളുടെ ഇടയിൽപെട്ടാൽ ഭീരുവായിത്തീരുന്നതുമാണ്. ഇതുപോലെതന്നെ, നാം എത്ര പ്രസന്നതയുള്ളവരായിരുന്നാലും, ദുഃഖിതന്മാരുടെ നടുവിൽ പെട്ടാൽ ആ ദുഃഖം മററുള്ളവരേയും ബാധിക്കും. അതുകൊണ്ട് അബലയായ റാണിയുടെ ധീരത ഭടന്മാരേയും ബാധിച്ചു. സിക്കുസൈന്യം അവരുടെ നായികയെ അനുകരിച്ചു വീണ്ടും ധൈര്യസമേതം യുദ്ധം ആരംഭിച്ചു. ഇത്തവണയും അവക്കു വളരെനഷ്ടം പററിയെങ്കിലും, ഒരു ഭടൻപോലും പിൻതിരിഞ്ഞില്ല. നേരം സന്ധ്യായി. യു

ദ്ധത്തിൻെറ തീരുമാനം വന്നില്ല. മഹരാഷ്ട്രസൈന്യം എണ്ണത്തിൽക്കൂട്ടതലായിരുന്നതുകൊണ്ടും സിക്കുസൈന്യം വണ്ണത്തിൽ കൂട്ടതലായിരുന്നതുകൊണ്ടും ഇരുകക്ഷികളും പിൻവാങ്ങാതെനിന്നു യുദ്ധം ചെയ്യുന്നതിനു തീർച്ചയാക്കി. "ആഹവം ചെയ്യില്ലെങ്കിൽ മൃത്യു നിശ്ചയമെന്നും ആഹവം ചെയ്യുന്നാൽ മൃത്യു സംശയമെന്നും വരും" എന്നായിരുന്നു സിക്കുകാരുടെ സ്ഥിതി. തല്ക്കാലം യുദ്ധം നിറുത്തി പിറേറന്നാൾ ആരംഭിക്കാൻ മാത്രം അവക്കു വേണ്ടുവോളം സൈന്യമില്ലാതിരുന്നതുകൊണ്ടു അന്നു രാത്രിയിൽതന്നെ യുദ്ധത്തിൻെറ തീരുമാനം വരുത്തേണമെന്നു റാണിയും, അതല്ലാ അപ്പോൾതന്നെ തിരിച്ചു പോകുന്നതാണ് അധികം നല്ലത് എന്ന് ഉദ്യോഗസ്ഥന്മാരും അഭിപ്രായപ്പെട്ടു. എങ്കിലും ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം റാണി സ്വീകരിച്ചില്ല. എന്നുതന്നെയല്ല, മഹരാഷ്ട്രസൈന്യത്തെ ആ രാത്രിയിൽതന്നെ യദ്ധരയായി എതിക്കണമെന്നും റാണി അഭിപ്രായപ്പെട്ടു.

ഉദ്യോഗസ്ഥന്മാരും ഭടന്മാരും ധൈയ്യപൂവ്വമായ ഈ അഭിപ്രായം സ്വീകരിച്ചു. ഉടനെതന്നെ ഭടന്മാരെല്ലാവരും യുദ്ധത്തിനു തയ്യാറായി; നശ്ശബ്ദരായി മഹരാഷ്ട്രസൈന്യത്തിൻെറ പാളയത്തിൽ കടന്നു; സിക്കുകാർ ശത്രുക്കളുടെ ഇടയിൽക്കൂടെ അങ്ങോട്ടും ഇങ്ങോട്ടും അവരുടെ കുതിരകളെ ഓടിച്ചു. മഹരാഷ്ട്രസൈന്യം വല്ലാതെ പരിഭ്രമിച്ചു. ശത്രുവിൻെറ സൂക്ഷ്മസ്ഥിതിയറിവാൻ നിവൃത്തിയില്ലാഞ്ഞതിനാൽ മഹരാഷ്ട്രന്മാക്കു വളരെ ദോഷം നേരിട്ടു. 'ധമ്മം കിട്ടിയില്ലെങ്കിലും വേണ്ടില്ലാ, പട്ടികടി കൊള്ളാഞ്ഞാൽ മതി,' എന്നു ധമ്മക്കാരൻ വിചാരിച്ചതുപോലെ പാഞ്ചാലരാജ്യം കിട്ടിയില്ലെങ്കിലും വേണ്ടില്ലാ, ജീവനോടുകൂടെ നാട്ടിലേക്കു പോയാൽ മതിയെന്നായി മഹരാഷ്ട്രന്മാരുടെ വിചാരം. വല്ല വിധത്തിലും മഹരാഷ്ട്രസൈന്യം അവിടെനിന്നു പോയാൽ മതിയെന്നു മാത്രമേ റാണിക്കും വിചാരമുണ്ടായിരുന്നുള്ളു. പുലച്ചയക്കുമുമ്പു ശത്രുക്കൾ പേടിച്ചു പിൻമാറിയില്ലെങ്കിൽ ചെമ്പു പുറത്താവുമെന്നു റാണിക്കു നല്ല നിശ്ചയമുണ്ടായിരുന്നതിനാലാണ് രാത്രിയിൽ ഈ സൂത്രം പ്രയോഗിച്ചത്. അവസ്ഥാ

നം റാണി ആഗ്രഹിച്ചതുപോലെ കാൎയ്യം കലാശിച്ചു. മഹരാഷ്ട്രന്മാരെല്ലാം രാത്രിയിൽതന്നെ ഓടി രക്ഷപ്പെട്ടു. ഇപ്രകാരം അന്തരവനിതാസാധാരണമായ ധൈൎയ്യംകൊണ്ടും അസാമാന്യമായ സാമൎത്ഥ്യംകൊണ്ടും റാണി സാഹിബ് ഗൌരി പാററ്യാലാരാജ്യം ശത്രുക്കളിൽനിന്നു രക്ഷിച്ചു.

ക്രിസ്ത്വാബ്ദം ൧൮൦൭-ൽ നഹൻ എന്ന രാജ്യത്തെ ജനങ്ങൾ അവരുടെ രാജാവിന്റെ നേരെ പരസ്യമായി ലഹളയ്ക്കൊരുങ്ങിയതിനാൽ, ആ രാജാവു പാററ്യാലാരാജാവിന്റെ സഹായം ആവശ്യപ്പെട്ടു. ഈ അപേക്ഷപ്രകാരം ആ രാജാവിന്റെ സഹായത്തിന്നായി ഒരു ചെറിയ സൈന്യത്തെ അയക്കേണ്ടിവന്നു. ഈ സൈന്യത്തിന്റെ നേതൃത്വം വഹിച്ചതു നമ്മുടെ കഥാനായികതന്നെയാണ്. ഈ സൈന്യം ഉദ്ദേശം സാധിച്ചുപോന്നു എന്നു പറയേണ്ടതില്ലല്ലൊ. ഈ അവസരത്തിലും റാണി കാണിച്ച യുദ്ധസാമൎത്ഥ്യവും ധൈൎയ്യവും സകല ജനങ്ങളേയും അതിശയിപ്പിച്ചു. ലഹളകൾ ഒതുക്കിയതിനുശേഷം റാണി മൂന്നുമാസത്തോളം ആ സ്ഥലത്തു താമസിക്കുകയും രാജ്യകാൎയ്യങ്ങൾ ശരിപ്പെടുത്തുകയും ലഹളക്കാരെ സമാധാനപ്പെടുത്തുകയും ചെയ്തു. മഹത്തായ ഈ പ്രവൃത്തികൊണ്ട് ആ രാജ്യത്തെ സകല ജനങ്ങളുടേയും സ്നേഹബഹുമാനാദികൾക്കും റാണി പാത്രീഭവിച്ചു. റാണി സ്വരാജ്യത്തേക്കു മടങ്ങിയപ്പോൾ, രാജാവ് അദ്ദേഹത്തിന്റെ കൃതജ്ഞതയെ സൂചിപ്പിക്കുന്നതിന്നായി ആ മഹതിക്ക് അനവധി സമ്മാനങ്ങൾ കൊടുത്തു.

ഏകദേശം ൧൮൦൯-ൽ, മേല്പറഞ്ഞ സംഭവം നടന്നു രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ, രാജ്യങ്ങൾ സമ്പാദിക്കേണമെന്ന ആഗ്രഹത്തോടുകൂടി പ്രയത്നിച്ചിരുന്ന ജോർജ്ജ് തോമസ്സ് എന്ന ആളെ ആക്രമിച്ചു കൂടുതൽ സ്ഥലങ്ങൾ, യൂറോപ്യൻ സഹകരുടെ രാജ്യത്തേയും, കൈവശപ്പെടുത്താനായി അടുത്തുകൂടത്തുടങ്ങി. സിക്കുനായകന്മാരെല്ലാം ഒത്തൊരുമിച്ചു തോമസ്സിനെ എതിൎക്കുവാൻ ഒരുങ്ങി. ശക്തികൊണ്ടും ശിക്ഷകൊണ്ടും സംഖ്യകൊണ്ടും തോമസ്സിന്റെ സൈന്യം ശത്രുക്കളേക്കാൾ തുലോം മേലേ

യായിരുന്നു. എങ്കിലും, പാറ്റ്യാലായിൽനിന്നു റാണിസാഹിബ്ഗൌരിയുടെ ആധിപത്യത്തിൻകീഴിൽ കുറെ സൈന്യം സമയോചിതമായി സഹായിച്ചതിനാൽ സിക്കുകാൎക്കു വലിയ നഷ്ടമൊന്നും പററിയില്ല. നമ്മുടെ റാണിയുടെ സന്നിധാനംകൊണ്ടുതന്നെ മററുള്ള സിക്കുസൈന്യങ്ങൾക്കു ശക്തിയും ശൌൎയ്യവുംകൂട്ടി. ഇതു കണ്ടപ്പോൾ തോമസ്സ് 'മിം' എന്ന സ്ഥലത്തേക്കു പിന്മാറി. പക്ഷേ, ഈ പ്രവൃത്തി റാണി മുമ്പൊരിക്കൽ പ്രയോഗിച്ചതുപോലെയായിരുന്നു. എന്തെന്നാൽ, രാത്രിയായപ്പോൾ തോമസ്സ് ഏകദേശം രണ്ടായിരം ഭടന്മാരോടുകൂടി തിരിയെ വന്നു സിക്കുകാരെ എതൃത്തു. അപ്രതീക്ഷിതമായ ഈ ആക്രമണത്തിന്നു റാണിയുടെ സൈന്യമൊഴികെ മററ സിക്കുസേനകളൊന്നും ഒരുങ്ങിയിരുന്നില്ല. അതുകൊണ്ടു മററുള്ള സിക്കുസൈന്യങ്ങളെല്ലാം നാലുപാടും ഓടി. ഒടുവിൽ പാളയങ്ങളിൽതന്നെ പടതുടങ്ങി എന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ. നായകന്മാർ തമ്മിൽ സ്വരച്ചേൎച്ച ഇല്ലാതായതുകൊണ്ടു യുദ്ധവും ദീൎഘിച്ചുതുടങ്ങി. മഹാരാഷ്ട്രന്മാർ ഈ രണ്ടുകൂട്ടരുടേയും ശത്രുക്കളായിരുന്നു. തോമസ്സിന്നു മഹാരാഷ്ട്രന്മാരെ തോല്പിക്കേണമെങ്കിൽ സിക്കുകാരുടെ സഹായം അത്യാവശ്യമായിരുന്നതിനാൽ തല്ക്കാലം തോമസ്സ് സിക്കുകാരുമായി ഒരു സമാധാന ഉടമ്പടിചെയ്തു.

ഇങ്ങിനെ യുദ്ധം അവസാനിച്ചു സമാധാനം ഉണ്ടായപ്പോൾ റാണി പാറ്റ്യാലായിലേക്കു മടങ്ങി. ശത്രുക്കളുടെ ബാധയൊഴിഞ്ഞു കുറച്ചു ദിവസം സ്വൈരമായി ഇരിക്കാമെന്നു വിചാരിച്ചപ്പോഴേക്കും സ്വരാജ്യത്തുതന്നെ ആഭ്യന്തരകലഹം ആരംഭിച്ചു. റാണീസാഹിബ്ഗൌരിയുടെ നയനൈപുണ്യവും യുദ്ധവിദഗ്ദ്ധതയും മററും കണ്ടു കണ്ണുകടി സഹിക്കാൻ പാടില്ലാതെ കുഴങ്ങുന്ന കുസൃതിക്കാരായ രാജസേവകന്മാരുടെ ദുരാലോചനനിമിത്തം രാജ്യത്തു കക്ഷിവഴക്കു തുടങ്ങിയെന്നു മാത്രമല്ല, അല്പബുദ്ധിയായ മഹാരാജാവു നമ്മുടെ നായികയുടെനേരെ അനേകമായി അനാദരവും അപ്രീതിയും പ്രദൎശിപ്പിക്കുകയും ചെയ്തുതുടങ്ങി. അല്പബുദ്ധികൾക്കു് അധികാരം സിദ്ധിക്കുന്നതു് അവ

ക്കാ മററുള്ളവക്കാ ആപൽക്കരമാകുന്നു. മഹാരാജാവു സേവകന്മാരുടെ കയ്യിൽ ഒരു ചട്ടുകമെന്നപോലെയായി. റാണിയുടെ സകല സൽപ്രവൃത്തികളും നീററിലെ വരപോലെ രാജാവിൻെറ മനസ്സിൽനിന്നു മാഞ്ഞു. റാണി തൊട്ടതെല്ലാം കുററമായി. എന്നുമാത്രമല്ല, തൻെറ ജീവഹാനിക്കുകൂടെ റാണി ശ്രമിക്കുന്നുണ്ട് എന്നു മഹാരാജാവു പറഞ്ഞുതുടങ്ങി. നാം മനപ്പൂവ്വമായി മററുള്ളവരുടെ ഗുണത്തിന്നുവേണ്ടി പ്രയത്നിക്കുന്നതിൻെറ പ്രതിഫലം അപ്രീതിയും അവിശ്വാസവുമാകുമ്പോഠം, കാലക്രമേണ നമ്മുടെ പ്രവൃത്തികളിൽ ശുഷ്കാന്തി കുറയുന്നതാണല്ലൊ. എന്നാൽ റാണിക്കു ശുഷ്കാന്തി കുറയുകയല്ലാ, കൃതഘ്നനായ സഹോദരൻെറ പേരിൽ സഹതാപം ജനിക്കുകയാണുണ്ടായത്. എങ്കിലും ഇനി പാറ്റ്യാലയിൽ കഴിച്ചുകൂട്ടുന്നതു ദോഷകരമാണെന്നു കരുതി റാണി മനസ്സാപത്തോടുകൂടി തൻെറ സ്വന്തം കോവിലെക്കു പോയി.

റാണിയുടെ ഈ പ്രവൃത്തി രാജാവിൻെറ അന്യായമായ സംശയങ്ങളെ വദ്ധിപ്പിച്ചതേയുള്ളു. അതുകൊണ്ട് അവിടെനിന്നും റാണിയുടെ ഭത്താവിൻെറ രാജ്യത്തേക്കു പൊയ്ക്കൊള്ളണം എന്നു മഹാരാജാവു പറഞ്ഞു. റാണിയുടെ വിചാരവും അങ്ങിനെ പോകേണമെന്നായിരുന്നു എങ്കിലും മഹാരാജാവിൻെറ ആ കല്പന അനുചിതവും അനാവശ്യവുമായിരുന്നതിനാൽ, റാണി അപ്രകാരം ചെയ്തില്ല. അല്പന്മാരായ ഭീരുക്കളുടെ അധികാരത്തെ ആദരിക്കുന്നതുകൊണ്ടു പലപ്പോഴും അപകടങ്ങഠം സംഭവിക്കുന്നതാകയാൽ, മഹാരാജാവിനെ ഒരു പാഠം പഠിപ്പിക്കേണമെന്നു റാണി തീച്ചയാക്കി. കല്പനയെ ലംഘിച്ചതുകൊണ്ടു രാജാവു കോപിച്ചു. റാണിയെ ശിക്ഷിക്കേണമെന്ന ഉദ്ദേശത്തോടുകൂടി റാണിയിരിക്കുന്ന കോട്ടയുടെ സമീപം ചെന്നു കോട്ട നശിപ്പിക്കാൻ വട്ടംകൂട്ടി. രാജാവിൻെറ സേവകന്മാക്കു റാണിയുടെ സ്വഭാവം നല്ലവണ്ണം അറിയാമായിരുന്നതുകൊണ്ടു സഹോദരിയിലുള്ള സ്നേഹം എന്ന വ്യാ

ജനരാജാവിനെ ആ ഉദ്യമത്തിൽനിന്ന് അവർ പിൻവലിപ്പിച്ചു. അതിനുശേഷം അവർ മദ്ധ്യസ്ഥന്മാരായിനിന്നു രാജാവിനെ സമാധാനപ്പെടുത്തുകയും റാണി തിരിയെ പാററ്യാലയിലേക്കു പോകാമെന്നു സമ്മതിക്കുകയും ചെയ്തു.

മഹാരാജാവു റാണിയെ പാററ്യാലയിലേക്കു ക്ഷണിച്ചതു ചെണ്ടകൊട്ടിക്കാനാണെന്നു വഴിമദ്ധ്യേ വെച്ചു റാണിക്കു മനസ്സിലായി. അതുകൊണ്ടു റാണി സൂത്രത്തിൽ പിൻമാറി തിരിയെ സ്വന്തം കോട്ടയിൽതന്നെ ചെന്നു ചേൎന്നു. രാജാവിനു കോപവും ആശാഭംഗവും സഹിക്കാൻ പാടില്ലാതായി; വീണ്ടും റാണിയുടെ കോട്ടപിടിക്കുവാൻ വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തു. ഈ അവസരത്തിൽ രാജാവു വേറെ ഒരു സൂത്രവുംകൂടെ പ്രയോഗിച്ചുനോക്കി: അതായത്, ആ മഹതിയെ ഉപദ്രവിക്കുകയില്ലെന്നു സത്യം ചെയ്തു. സഹോദരൻ സത്യലംഘനം ചെയ്യത്തക്ക നീചനാണെന്നു റാണി വിചാരിച്ചില്ല. രാജാവും റാണിയും തോഡാ എന്ന സ്ഥലത്തെത്തിയപ്പോൾ, ഉപായത്തിൽ റാണിയെ ആ കോട്ടയിൽ തടവുകാരിയായി പാൎപ്പിച്ചു. റാണിക്കു കുറേ കാലം തടവുകാരിയായി അവിടെ താമസിക്കേണ്ടിവന്നു എങ്കിലും, ഒടുവിൽ വിശ്വസ്ഥന്മാരായ ചില ഭൃത്യന്മാരുടെ സഹായത്തോടുകൂടി അവിടെനിന്നു ചാടി രക്ഷപ്പെട്ടു. ഇത്തവണ റാണി വെറുതെയിരുന്നില്ല. തൻെറ അനുചരന്മാരെല്ലാം വളരെ വിശ്വസ്ഥന്മാരും ധീരന്മാരുമായിരുന്നതിനാൽ, മഹാരാജാവ് ആക്രമിക്കാൻ വരുന്നപക്ഷം, ഒരു കയ്യു നോക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടി റാണി കോട്ടയുടെ കേടുപാടുകൾ പോക്കി, യുദ്ധത്തിന്നു വേണ്ടുന്ന ഒരുക്കങ്ങളോടുകൂടിയിരുന്നു. പക്ഷെ, മഹാരാജാവു പിന്നേയും റാണിയെ ഉപദ്രവിക്കാൻ ഒരുങ്ങിയില്ല. എന്തുകൊണ്ടെന്നാൽ, ഒന്നാമതു റാണിയെ ജയിക്കുന്ന കാൎയ്യം വളരെ സംശയമായിരുന്നു; രണ്ടാമതു റാണി ഇനി തിരിയെ പാററ്യാലാ രാജ്യത്തുചെന്നു രാജ്യം ഭരിക്കുന്നതല്ലെന്നു രാജാവിൻെറ സേവകന്മാൎക്കു ബോദ്ധ്യവുമുണ്ടാ

യിരുന്നു. അതുകൊണ്ടു റാണിക്കു സ്വന്തം കോട്ടയിൽ സൈ്വരമായി താമസിക്കാറായി. അവിടെ താമസിച്ച കാലങ്ങളിൽ സ്ത്രീകൾക്കു യോഗ്യമായ കൃത്യങ്ങളിൽ മാത്രമേ റാണി മനസ്സിരുത്തിയിരുന്നുള്ളു. അക്കാലങ്ങളിൽ റാണിയുടെ ഭൎത്താവും കൂടെക്കൂടെ അവിടെ ചെന്ന് ഒന്നിച്ചു താമസിക്കാറുണ്ടായിരുന്നു. സംഗതിവശാൽ ഈ ദമ്പതിമാൎക്ക് എല്ലായ്പ്പോഴും ഒന്നിച്ചുതാമസിക്കാൻ സൌകൎയ്യമുണ്ടായിരുന്നില്ലെങ്കിലും, അവർ ജീവാവസാനംവരെ ദൃഢമായ സ്നേഹവിശ്വാസാദിയോടുകൂടിയാണിരുന്നത്.

ഈ മഹതിയുടെ യൌവനദശ മുഴുവൻ കഴിച്ചുകൂട്ടിയതു പോൎക്കളങ്ങളിലും കച്ചേരികളിലുമായിരുന്നു എങ്കിലും, 'കാൎയ്യഗൌരവാൽ' സ്ത്രീത്വത്തിന്നു പകരം പുരുഷത്വം പ്രദൎശിപ്പിക്കേണ്ടിയിരുന്നു എങ്കിലും, വാസ്തവത്തിൽ നമ്മുടെ നായിക ഒരു ഉത്തമസ്ത്രീയുടെ സ്വഭാവഗുണങ്ങളിൽനിന്നു ഭേദപ്പെട്ട യാതൊരു അനുചിതകൎമ്മവും ചെയ്തിട്ടില്ല. എന്നുതന്നെയല്ല, ഒരു സ്ത്രീയുടെ സകല സുഖങ്ങളും ഗൈഹികകൃത്യങ്ങളിൽനിന്നു മാത്രമേ സിദ്ധിക്കയുള്ളു എന്നുമായിരുന്നു റാണിയുടെ വിശ്വാസം. ഗൃഹഭരണം, ബാലപരിചരണം, ഭൎത്തൃശുശ്രൂഷ, ഈശ്വരഭജനം മുതലായ സൽകൎമ്മങ്ങൾകൊണ്ടു സമ്പാദിക്കാൻ കഴിയുന്ന സൽകീൎത്തിയും സുഖവും ഒരു സ്ത്രീയുടെ ജന്മസാഫല്യമാണെന്നു റാണി പലപ്പോഴും പറയാറുണ്ട്. രാഷ്ട്രീയവിഷയങ്ങളിൽനിന്നു നിവൃത്തയായതിനുശേഷം റാണി സമസൃഷ്ടിസ്നേഹത്തോടുകൂടി പലേ സൽപ്രവൃത്തികളും ചെയ്തു. ഈ സ്ത്രീരത്നം ൧൦൯൯-ൽ മരിച്ചു. റാണിയുടെ മരണവൃത്താന്തം കൃതഘ്നനും ദുഷ്ടനുമായ സഹോദരനെക്കൂടെ വ്യസനിപ്പിച്ചു എന്നു കേൾക്കുമ്പോൾ, നമ്മുടെ നായിക എത്ര ഗുണവതിയായിരുന്നു എന്ന് ആലോചിക്കാമല്ലോ.

## ൧൭. ലേഡിജേയിൻഗ്രേ.

ഡോർസെററ് പ്രഭുവായ ഹെൻറിഗ്രേയുടെ മൂത്തമകളാണ് ലേഡിജേയിൻഗ്രേ. എട്ടാമത്തെ ഹെൻറി മഹാരാജാവിൻെറ ഇളയ സഹോദരിയായ മേരി ട്യൂഡറിൻെറ മകൾ, ലേഡിഫ്രാൻസിസ് ബ്രാണ്ടൻ ആണ് ഈ മഹതിയുടെ മാതാവ്. ലേഡിഗ്രേ ജനിച്ചത് ൧൫൩൭-ാമാണ്ടിലാകുന്നു. ഇപ്രകാരം ലേഡിജേയിൻ ഇംഗ്ലാണ്ടിലെ രാജവംശത്തിൻെറ ഒരു താവഴിയിൽ രാജ്യത്തിന്ന് അവകാശിയായിത്തീൎന്നു. എട്ടാമത്തെ ഹെൻറി എന്ന മഹാരാജാവിൻെറ സന്തതികളും ജ്യേഷ്ഠസഹോദരിയായ സ്കോട്ട്ലാണ്ടിലെ മാർഗരേററ് രാജ്ഞിയും രാജ്യം ഭരിക്കാൻ ഇടവരാതെയിരുന്നാൽ, ലേഡിജേയിൻ ഇംഗ്ലാണ്ടിലെ രാജസിംഹാസനത്തിന് അവകാശിയായിത്തീരുമായിരുന്നു.

ഈ മഹതി തൻെറ മാതാപിതാക്കന്മാരുടെ വകയായി നാട്ടുപുറത്തുണ്ടായിരുന്ന ഒരു ഗൃഹത്തിലാണ് വളൎത്തപ്പെട്ടത്; തന്നേക്കാൾ അധികം അടുത്ത രാജ്യാവകാശികൾ അക്കാലത്തു വളരെ ഉണ്ടായിരുന്നതിനാൽ, ആംഗ്ലേയരാജകിരീടം തനിക്കു കിട്ടുമെന്ന് അന്നു സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. ഈ സ്ത്രീരത്നം അളവററ സൌഭാഗ്യത്തോടുകൂടിയവളായിരുന്നെന്നാകുന്നു വിവരിക്കപ്പെട്ടിരിക്കുന്നത്. അവയവങ്ങൾ മനോഹരങ്ങളാകുംവണ്ണം വിഭക്തങ്ങളായിരുന്നു; വിശാലവും സൌമ്യവുമായ നേത്രങ്ങൾ നിൎമ്മലവും നിശ്ചലവുമായ ആത്മാവിൻെറ പ്രതിച്ഛായയായിരുന്നു; എന്നുതന്നെയല്ല, അത് എല്ലായ്പോഴും ശാന്തവും സംതൃപ്തിയുള്ളതുമായിരുന്നു. അനിതരവനിതാസാധാരണമായ മനോവിശാലതയ്ക്കു ലേഡിജേയിൻ വളരെ സുപ്രസിദ്ധയായിരുന്നു. ഈ മഹതിയുടെ ദായാദിയായ എലിസബെത്ത് മഹാരാജ്ഞിയുടെ ഉപദേഷ്ടാവു തൻെറ പരിചയത്തിൽനിന്നു ലേഡിജേയിൻെറ സ്വഭാവത്തെപ്പററി ഇപ്രകാരം പറയുന്നു. 'അവൾക്കു ലൌകികമൎയ്യാദയും വിവേകവും വേലചെയ്യാൻ ആഗ്ര

ഹവും ഉണ്ട്; സാധാരണ സ്ത്രീകളിൽ കാണുന്ന ന്യൂനതയില്ലാതെ, അവൾക്ക് എല്ലാററിനും സാമത്ഥ്യമുണ്ട്; മാതൃഭാഷയായ ഇംഗ്ലീഷുപോലെതന്നെ പരന്ത്രീസുഭാഷയും ഇത്താലിയൻഭാഷയും അവൾ നല്ലവണ്ണം സംസാരിക്കും; അവൾ ക്ലസ്സൽക്കൂടാതേയും ഗൌരവമായും എഴുതും; അവൾ പല തവണയും എന്നോടു ഗ്രീക്കുഭാഷയിൽ സംസാരിച്ചിട്ടുണ്ട്. ഞാൻ ജമ്മനിയിലേക്കു പോകുന്നതിനു മുമ്പായി ലേഡിജേയിനെ കാണുവാൻ ബ്രോഡ്ഗേററിൽ പോയിട്ടുണ്ടായിരുന്നു. അന്ന് അവളുടെ മാതാപിതാക്കന്മാർ അവരുടെ സ്നേഹിതന്മാരോടും അനുചരന്മാരോടുംകൂടെ ഉപവനത്തിൽ നായാട്ടിനു പോയിരുന്നു. എന്നാൽ ആ സമയത്തു ലേഡി ജേയിൻ അവളുടെ അകത്തിരുന്ന് ഒരു ഗ്രീക്കുഗ്രന്ഥം രസമായി വായിച്ചുകൊണ്ടിരിക്കുന്നതായിട്ടാണ് ഞാൻ കണ്ടത്. കുശലപ്രശ്നങ്ങൾ ചെയ്തതിനുശേഷം ചില നാട്ടുവത്തമാനങ്ങൾ പറഞ്ഞുകഴിഞ്ഞപ്പോൾ, വിനോദകരമായ നായാട്ടിൽനിന്ന് അവൾ പിൻവലിഞ്ഞിരിക്കുന്നത് എന്താണെന്നു ഞാൻ ചോദിച്ചു. 'അവരുടെ ഉപവനത്തിലുള്ള വിനോദങ്ങൾ ഞാൻ പ്ലേറേറാ എന്ന തത്വജ്ഞാനിയിൽ കാണുന്ന രസത്തിന്റെ ഒരു നിഴൽ മാത്രമാകുന്നു. കഷ്ടം! ഇവർ വാസ്തവമായ വിനോദം എന്താണെന്ന് അനുഭവിച്ചറിഞ്ഞിട്ടില്ല, എന്ന് അല്പം മന്ദഹാസത്തോടുകൂടി എന്റെ ചോദ്യത്തിനു മറുപടി പറഞ്ഞു. വളരെ സ്ത്രീകൾക്ക് എന്നുവേണ്ട ചുരുക്കം പുരുഷന്മാക്കുപോലും സിദ്ധിക്കാത്തതായ ഈ അറിവു ഭവതിക്കു കിട്ടിയത് എങ്ങിനെ? അതിലേക്കു ഭവതിയെ പ്രധാനമായി പ്രേരിപ്പിച്ചത് എന്ത്? എന്നു ഞാൻ ചോദിച്ചു. 'ഞാൻ പറയാം' എന്ന് അവൾ പറഞ്ഞു. 'ഞാൻ നിങ്ങളോട് ഒരു സത്യാവസ്ഥയെപ്പററി പറയാം; പക്ഷെ നിങ്ങൾ അതിശയിക്കുമായിരിക്കാം. ദൈവം എനിക്കു നൽകീട്ടുള്ള മഹത്തായ അനുഗ്രഹങ്ങളിൽ ഒന്ന്, എനിക്കു വളരെ നിർദ്ദാക്ഷിണ്യന്മാരായ മാതാപിതാക്കന്മാരേയും വളരെ ശാന്തനായ ഒരു ഗുരുനാഥനേയും കല്പിച്ചതാണ്. ഞാൻ എന്റെ അച്ഛന്റേയൊ അമ്മയുടേയൊ

മുമ്പിൽ നില്ക്കുകയൊ ഇരിക്കുകയൊ, എന്നുവേണ്ടാ എന്തുത ന്നെ ചെയ്യുന്നതായാലും, അത് അവൎക്ക രസിക്കുന്ന മാതിരി യിൽ ആയിത്തീൎന്നില്ലെങ്കിൽ, എന്നെ അവർ പലവിധമായി ഉ പദ്രവിക്കാറുണ്ട്; അവരുടെ മുമ്പിൽ നില്ക്കുമ്പോൾ ഞാൻ നര കത്തിലാണെന്നാകുന്നു എന്റെ വിചാരം; എന്നാൽ മിസ്റ്റർ എൽമറുടെ അടുക്കൽ ഇരുന്നു പഠിക്കുമ്പോൾ, അദ്ദേഹത്തിന്റെ ശാന്തശീലംകൊണ്ടും വിദ്യയിൽ എനിക്ക് അഭിരുചി ഉണ്ടാക്കി ത്തരുന്ന രീതികൊണ്ടും, ഞാൻ വേറെ യാതൊരു ദുഃഖവും അറി യാറില്ല; അദ്ദേഹത്തിന്റെ അടുക്കൽനിന്ന് എന്നെ വിളിച്ചാൽ ഞാൻ പൊട്ടിക്കരഞ്ഞുപോകും; എന്തുകൊണ്ടെന്നാൽ, പഠിപ്പ് ഒഴികെ എന്തുതന്നെ ചെയ്യുന്നതും എനിക്ക് അനിഷ്ടവും വ്യസ നവും ഭയങ്കരവും ആകുന്നു. ഇപ്രകാരം എന്റെ പുസ്തകങ്ങൾ എന്റെ വിനോദങ്ങളായിത്തീരുകയും മറ്റുള്ളതെല്ലാം എനിക്കു നിസ്സാരങ്ങളും ബുദ്ധിമുട്ടുകളുമായിത്തീരുകയും ചെയ്തു".

ലേഡിജേയിൻ ആറാമത്തെ എഡ്വേഡ് മഹാരാജാവൊ ന്നിച്ചാണ് വിദ്യാഭ്യാസം ചെയ്തിരിക്കുന്നത്; ഇവർ രണ്ടുപേരും ഒരേ പ്രായക്കാരായിരുന്നു; എഡ്വേഡ് ഒരു ബുദ്ധിയുള്ള യുവാ വായിരുന്നു എങ്കിലും, വിദ്യാഭ്യാസത്തിൽ ലേഡിജേയിനാണ് അന്നു മുന്നിട്ടു നിന്നിരുന്നത്. ഇംഗ്ലണ്ടിൽ അന്നു പുതുതായി ഏൎപ്പെടുത്തിയ പ്രോട്ടസ്റ്റാണ്ടുമതത്തിൽ, എഡ്വേഡിനെപ്പോ ലെതന്നെ ലേഡിജേയിനും വളരെ പ്രതിപത്തിയുണ്ടായി. 1553-ൽ യുവാവായ രാജാവിന്റെ ആരോഗ്യം ക്ഷയിച്ചുതുടങ്ങു കയും ജനങ്ങൾ പിന്നത്തെ പിൻവാഴ്ചക്കാരൻ ആരാണെന്ന് ആ ലോചിച്ചുതുടങ്ങുകയും ചെയ്തു. ശരിയായ അവകാശി രാജാവി ന്റെ ജ്യേഷ്ഠസഹോദരിയായ മേറിയായിരുന്നു എങ്കിലും, രാജ്ഞിക്കു കത്തോലിക്കാമതത്തോടുണ്ടായിരുന്ന പ്രതിപത്തി, പ്രധാനമന്ത്രി യായ നോൎത്തംബർലാണ്ട് പ്രഭുവിന്റെ ഉപദേശപ്രകാരം, ആംഗ്ലേ യരാജ്യാവകാശത്തിൽ ഭേദഗതിയെ ഉണ്ടാക്കാൻ എഡ്വേഡ് മ ഹാരാജാവിനെ പ്രേരിപ്പിച്ചു. ജ്യേഷ്ഠസഹോദരിയായ മേറിയും ര ണ്ടാമത്തെ സഹോദരിയായ എലിസബെത്തും രാജ്യത്തിന് അ

വകാശികളല്ലെന്നു പാർളിമേണ്ടുനിയമപ്രകാരം വിളംബരംചെയ്തു; അവരുടെ പിതാവിൻെറ ഒസ്യത്തുപ്രകാരം അവർ ന്യായമായ സ്ഥാനത്തിന് അവകാശികളായിരുന്നു എങ്കിലും, അവരുടെ സ്ഥാനഭ്രംശത്തിന് അല്പം നിയമസംബന്ധമായ ന്യായവും ഉണ്ടായിരുന്നു. സ്കോട്ട്ലാണ്ടിലെ മേറി എന്ന രാജ്ഞി കത്തോലിക്കാമതക്കാരിയും അന്യദേശക്കാരിയും ആയിരുന്നതുകൊണ്ട് ആ ഭാഗം ആരും അത്ര ആലോചിക്കുകപോലും ഉണ്ടായില്ല. ഈ അവകാശികളുടെ അവകാശത്തെ നിഃഷേധിക്കുവാൻ വഴിയുണ്ടെന്നു കണ്ടപ്പോൾ, പ്രധാനമന്ത്രി, 1553-ാമാണ്ടു മേമാസത്തിൽ, ലേഡിജേയിൻഗ്രേയും തൻെറ നാലാമത്തെ പുത്രനായ ഗിൽഫോഡ്ഡഡ്ലി എന്ന പ്രഭുവും തമ്മിൽ ഒരു വിവാഹഉടമ്പടി ചെയ്യിച്ചു; ഈ വിവാഹബന്ധംകൊണ്ട്, മഹാരാജാവു മരിക്കുന്നപക്ഷം, വളരെ കാലത്തേക്കു തൻെറ അധികാരം അനുഭവിക്കാമെന്നായിരുന്നു മന്ത്രിയുടെ വിചാരം.

പ്രാപ്തനും നിർദ്ദാക്ഷിണ്യനുമായ ഈ പ്രഭുവിൻെറ ദുരാഗ്രഹം ആദ്യം സാധിച്ചു. ആസന്നമരണനായിരിക്കുന്ന ആ രാജാവ്, പ്രോട്ടസ്റ്റാണ്ടുമതത്തിൻെറ സുസ്ഥിരതയിൽ ഭീതനായി, തൻെറ രണ്ടു സഹോദരിമാരേയും രാജ്യഭ്രംശകളാക്കുന്നതും ലേഡിജേയിനെ രാജ്യാവകാശിയാക്കുന്നതുമായ ഒരു ഒസ്യത്ത് എഴുതി. ആ കൊല്ലത്തിൽ ജൂലായിമാസം 6-ാംനു- മഹാരാജാവു തീപ്പെട്ടു; 9-ാംനു- പ്രധാനമന്ത്രി, മററു ചില പ്രഭുക്കന്മാരോടുകൂടി, ലേഡിജേയിനെ മഹാറാണിയായി അഭിവാദ്യം ചെയ്യുന്നതിന് ആ മഹതിയുടെ വാസസ്ഥലമായ സയൺഹൌസ്സിലേക്കു ചെന്നു. പതിനാറു വയസ്സു തികയാത്തതും തല്ക്കാലാവസ്ഥയിൽ സ്വതന്ത്രയെന്നു വിചാരിക്കാൻ പാടില്ലാത്തതുമായ ആ നിർഭാഗ്യവതി ഈ വർത്തമാനം അത്യന്തം വ്യസനത്തോടും ഭയത്തോടുംകൂടെ മനസ്സിലാക്കുകയും, തൻെറ മുമ്പിൽ മുട്ടുകുത്തുവാൻ വന്ന പ്രബലന്മാരായ ആ പ്രഭുക്കന്മാരെ നമസ്കരിക്കുകയും ചെയ്തു. ആ യുവതി, താൻ ഇഷ്ടപ്പെടുന്ന വിജനവാസം അനുഭവിപ്പാൻ അനുവദിക്കേണമെന്നു കണ്ണുനീരോടെ തൻെറ ശ്വശുരനോട് അപേക്ഷിച്ചതു വൃഥാവായി. പ്രബലന്മാരായ രണ്ടു പ്രഭുക്കളുടെ അതിമോ

ഹം സാധിക്കുവാനായി തങ്ങളുടെ സ്നേഹത്തിന്നും മററ് അധികാരങ്ങൾക്കും അധീനയായ ഒരു പെൺകുട്ടിയിൽ അവർ ഗൌരവമുള്ള രാജത്വം ആരോപിച്ചു. താൻ റാണിയെന്നു വിചാരിക്കപ്പെട്ടുവാൻ വിസമ്മതിക്കാതിരിക്കുന്നതു തൻെറ മറയാണെന്നുള്ള വിചാരത്തോടുകൂടി, ആചാരപ്രകാരം താൻ കുറേനാൾ താമസിക്കേണ്ടതായ 'ടൌവർ' എന്ന രാജധാനിയിലേക്കു, ലേഡിജേയിൻഗ്രെ യോഗ്യരായ തൻെറ ബന്ധുക്കളൊന്നിച്ചു പോയി.

ഈ റാണിയുടെ അധികാരത്തിൻെറ ദുസ്ഥിരതയ്ക്ക് ആസ്പദം തൻെറ ശ്വശുരൻെറ പ്രധാന മന്ത്രിസ്ഥാനവും സാധാരണസൈന്യത്തിൻെറ മേലധികാരവും പ്രൊട്ടസ്റ്റാണ്ടുമതത്തിൽ തനിക്കുള്ള പ്രതിപത്തിയും തീപ്പെട്ട മഹാരാജാവിൻെറ ആജ്ഞയ്ക്ക് അനുസരണമായ പ്രവൃത്തിയുമായിരുന്നു. എന്നാൽ ഇതിനു പ്രതികൂലമായ സംഗതികൾ, രാജ്യാധികാരം ന്യായമായ അവകാശിക്കു കൊടുക്കാതിരുന്നതും പ്രധാനമന്ത്രിയുടെ ജനസ്വാധീനക്കുറവും കത്തോലിക്കാമതക്കാൎക്കു മേറിയോടുണ്ടായിരുന്ന പ്രതിപത്തിയും ആയിരുന്നു; എന്നു മാത്രമല്ല, റാണിയുടെ സ്നേഹിതന്മാൎക്കു പ്രധാനമന്ത്രിയുടെ നിഷ്കളങ്കതയെപ്പററി സംശയം ജനിക്കുകനിമിത്തം അവൎക്കു ധൈൎയ്യമായി യാതൊന്നും പ്രവൎത്തിപ്പാൻ മനസ്സുമുണ്ടായിരുന്നില്ല. രാജാവിൻെറ മരണത്തിന് അല്പം മുമ്പായി, പ്രധാനമന്ത്രി, തൻെറ സഹോദരിമാരെ കാണുവാൻ രാജാവ് ആഗ്രഹിക്കുന്നു എന്ന നാട്യത്തിൽ, വാസ്തവത്തിൽ അവരെ തടവുകാരാക്കുവാനുള്ള ഉദ്ദേശത്തോടുകൂടി, മേറി രാജകുമാരിയേയും എലിസബെത്ത് രാജകുമാരിയേയും കൂട്ടിക്കൊണ്ടുവരുവാൻ ആളെ അയച്ചു. അവർ വന്നുചേരട്ടെ എന്നു വിചാരിച്ചു രണ്ടു ദിവസത്തേക്ക് അവരെ രാജാവിൻെറ മരണവൃത്താന്തം അറിയിക്കപോലും ചെയ്തില്ല. മേറി രാജസ്ഥാനത്തിന് അടുത്തെത്തിയപ്പോൾ, തൻെറ ചില സ്നേഹിതന്മാർ മുഖേന രാജാവിൻെറ മരണവൃത്താന്തം ഗ്രഹിക്കുകയും, ക്രമപ്രകാരമുള്ള അറിവു കിട്ടാതിരുന്നതുകൊണ്ടു ഭയപ്പെട്ടു സഫോക്ക് എന്ന സ്ഥലത്തേക്കു തിരിച്ചുപോകുകയും ചെയ്തു; അവിടെ താൻ വലുതായ

ഒരു സൈന്യത്താൽ സ്വീകരിക്കപ്പെട്ടു. പതിരായിരം ഭടന്മാരോടുകൂടി ലണ്ടൻപട്ടണത്തിലേക്കു ചെന്ന മേറിയെ എതിക്കുന്നതിനു പ്രധാനമന്ത്രിക്ക് ഏകദേശം ആറായിരം ഭടന്മാരെ മാത്രമേ ശേഖരിക്കുവാൻ കഴിഞ്ഞുള്ളു. പ്രധാനമന്ത്രി സ്ഥലത്തില്ലാതിരുന്നതുകൊണ്ടു രാജസ്ഥാനത്ത് ഒരു അന്തഃഛിദ്രം ഉണ്ടാവുകയും, ബാലയായ രാജ്ഞിയുടെ പിതാവായ സഫോക്ക് പ്രഭുവിനു മേറിയുടെ സ്നേഹിതന്മാൎക്കു 'ടൌവർ' ഒഴിഞ്ഞുകൊടുക്കേണ്ടി വരുകയും ചെയ്തു. പിതാവു റാണിയോട് ഈ ഭാഗ്യദോഷത്തെ ധൈൎയ്യത്തോടെ സഹിക്കേണമെന്ന് ഉപദേശിച്ചപ്പോൾ, റാണി ഇപ്രകാരമാണ് പറഞ്ഞത്. 'എനിക്ക് അവകാശമോ യോഗ്യതയൊ ഇല്ലാത്തതായ ഒരു ഉന്നതാവസ്ഥയെ സ്വീകരിപ്പാൻ ഞാൻ പ്രേരിക്കപ്പെട്ടതിനേക്കാൾ ഈ സംഭവം എനിക്കു വളരെ സന്തോഷകരമാകുന്നു. അങ്ങയോടും മാതാവിനോടുമുള്ള അനുസരണമായി ഞാൻ, എനിക്കുതന്നെ ദ്രോഷം ചെയ്തു; ഇപ്പോഴത്തേത് എൻെറ സ്വന്തം പ്രവൃത്തിയാണ്; അതുകൊണ്ടു ഞാൻ സന്തോഷപൂൎവ്വം അതിനു കീഴടങ്ങുന്നു'. പിറേറദിവസം ലേഡ ജേയിൻ വിജനവാസത്തിനായി സയൺ എന്ന കന്യകാമഠത്തിലേക്കു പോയി. ഈ യുവതി ആകെ പത്തുദിവസം മാത്രമേ റാണിയായിരുന്നുള്ളു. സജ്ജനങ്ങളുടെ കഷ്ടാവസ്ഥയെ പരിഹാസവിഷയമാക്കി പറയുന്ന ചില മന്നന്മാർ ഈ മഹതിയെ 'ദശദിനറാണി' എന്നു ഹസിച്ചിരുന്നു. മേറിയുടെ സൈന്യങ്ങളെ തടുക്കാൻ പാടില്ലാതെ, പ്രധാനമന്ത്രി തൻെറ ശത്രുവിനെ റാണിയായി സ്വീകരിച്ചു. മന്ത്രിയെ ഉടനെ തടവിലാക്കുകയും രാജദ്രോഹകുററത്തിനു വിസ്തരിച്ചു ശിരച്ഛേദം ചെയ്കയുംചെയ്തു.

മേറിയുടെ അധികാരങ്ങൾ ഉപയോഗിച്ചവയിൽ ഒന്നു ജേയിൻ രാജകുമാരിയേയും ബന്ധുക്കളേയും ബന്ധനസ്ഥരാക്കിയതാണ്. അല്പദിവസംമുമ്പു തൻെറ രാജധാനിയായിരുന്നതും ഇപ്പോൾ തടവുമുറിയുമായ ടൌവർ കെട്ടിടത്തിലേക്കു നിർഭാഗ്യവതിയായ ആ യുവതിയെ കൊണ്ടുപോയി. മനസ്സില്ലാതെ രാജ്യാധിപത്യം കൈകേറിയതിനു, ഗൎവ്വിഷ്ടയും, ദുഷ്ടയുമായ മേറി ലേഡി

ജേയിനു മാപ്പുകൊടുക്കേണ്ടതായിരുന്നു. മാപ്പുകൊടുക്കപ്പെട്ട സഫോൿ പ്രഭു, മേറിയുടെ രാജ്യാധിപത്യത്തിന് ഇളക്കം തട്ടത്തക്കവിധം ഉണ്ടായ ഒരു കലഹത്തിൽചേൎന്നു. ഈ സംഗതിനിമിത്തം മേറി കോപാന്ധയായി രാജദ്രോഹകുററത്തിനു ലേഡി ജേയിനേയും ഭൎത്താവിനേയും വിസ്തരിക്കുവാൻ കല്പനകൊടുക്കുകയും, ദിവസം തീൎച്ചപ്പെടുത്താതെ, അവരെ മരണശിക്ഷയ്ക്കു വിധിക്കുകയും ചെയ്തു. അവകാശത്തിൽനിന്നു പുറപ്പെടുവിക്കാൻ വഴിയുള്ള ഈ യുവതിയെ അകററുവാനായി മേറി ഒടുക്കം തീൎച്ചയാക്കി. ൧൫൫൪-ാമാണ്ടു ഫെബ്രുവരിമാസം ൨-ാംനു റാണി, ഗിൽഫോൎഡ ഡഡ്ലിയേയും ഭാൎയ്യയേയും ശിരച്ഛേദം ചെയ്യാൻ ഒരു കല്പനകൊടുത്തു. ൧൨-ാംനു രാവിലെ അദ്ദേഹത്തെ കൊല്ലുവാനായി ടൌവർഹിൽ എന്ന സ്ഥലത്തേക്കു കൊണ്ടുപോയി. തന്റെ പ്രിയതമയായ ജേയിനെ ഒന്നു കണ്ടാൽ കൊള്ളാമെന്നു ഡഡ്ലി അപേക്ഷിച്ചു. പക്ഷെ, അതുകൊണ്ട് അവൎക്കു രണ്ടുപേൎക്കും വരാനടുത്തിരിക്കുന്ന സംഭവത്തെ അനുഭവിക്കാൻ ത്രാണിയില്ലാതെവരുമെന്നു ഭയപ്പെട്ടു ലേഡിജേയിൻ അതു സമ്മതിച്ചില്ല. അദ്ദേഹത്തെ കൊലസ്ഥലത്തേക്കു കൊണ്ടുപോകുന്നത് ആ സാദ്ധ്വി ടൌവറിൽനിന്നു കണ്ടു; ഉടനെതന്നെ, അതേ ജനേലയിൽകൂടെ, രക്തമണിഞ്ഞതും മുഴുവൻ മൂടാത്തതുമായ അദ്ദേഹത്തിന്റെ ശവശരീരം വണ്ടിയിൽ കയററി തിരിയെ കൊണ്ടുപോകുന്നതും കണ്ടു. വെസ്റ്റമിനിസ്റ്ററിലെ പാതിരി ലേഡിജേയിനോടു കത്തോലിക്കാമതം സ്വീകരിക്കാൻവളരെ ഉപദേശിച്ചുനോക്കി. അദ്ദേഹം സൽസ്വഭാവിയും വാചാലനുമായിരുന്നെങ്കിലും, വിവേകത്തോടും സ്ഥൈൎയ്യത്തോടും കൂടിയ ഈ സ്ത്രീരത്നത്തിന്റെ വിശ്വാസത്തെ ഇളക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ലേഡിജേയിൻ അദ്ദേഹത്തോടു ശാന്തമായും സൌമ്യമായും വൎത്തിച്ചതുകൊണ്ട് അദ്ദേഹം ഒരു ദിവസത്തെ അവധിയുംകൂടെ വാങ്ങിക്കൊടുത്തു. മരിക്കുന്നതിനുമുമ്പായി ലേഡി ജേയിൻ പിതാവിനു താഴെ പറയുംപ്രകാരം ഒരു എഴുത്തയച്ചു.

"എന്റെ നിരപരാധമായ രക്തം ദൈവത്തിന്റെ മുമ്പിൽ 'നിൎദ്ദോഷികളിൽ കരുണകാണിക്കേണമേ' എന്നു പ്രാൎത്ഥിക്കും".

തന്റെ സഹോദരിയായ ലേഡി കാതറൈന് ഗ്രീക്കുഭാഷയിൽ

ഒരു എഴുത്തയച്ചു; അത് ഇവിടെ എടുത്തുകാണിക്കുന്നത് അനാവശ്യമാകുന്നു; എന്നാൽ ആ എഴുത്തിൽനിന്നു യൂറോപ്പിലെ സകലജനങ്ങളും ഈ സ്ത്രീരത്നത്തിന്റെ വൈദുഷ്യത്തേയും ബുദ്ധിവിശാലതയേയും കണ്ട് അത്യന്തം ആശ്ചൎയ്യപ്പെട്ടു; എന്നുതന്നെയല്ല, ദുഃഖമോ അപകടമോ ആ സ്ത്രീരത്നത്തിന്റെ മഹത്തായ മനോവിശ്വാസങ്ങളെ ഇളക്കുവാൻ കഴിഞ്ഞിട്ടില്ലെന്നതിന് അതു ബഹുമാനിക്കത്തക്ക ഒരു ലക്ഷ്യമായിത്തീൎന്നു. മരണദിവസം രാവിലെ ഈ തരുണി തന്റെ ദിനസരിപുസ്തകത്തിൽ; ഗ്രീക്ക്, ലത്തിൻ, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ മൂന്നുവാചകങ്ങൾ എഴുതി; അവയിൽ ഇംഗ്ലീഷിൽ എഴുതിയതിന്റെ സാരം 'എന്റെ കുറ്റം ശിക്ഷായോഗ്യമായിരുന്നു എങ്കിലും, എന്റെ ബാല്യവും ബുദ്ധിക്കുറവും അഭയാൎഹമായിരുന്നു. ദൈവവും പിൻഗാമികളും എന്നിൽ ആൎദ്രതയുള്ളവരായിരിക്കും'.

ഈ സ്ത്രീരത്നത്തിനെ ടൌവർ എന്ന കെട്ടിടത്തിൽവെച്ചുതന്നെയാണ് കൊന്നത്; ഇങ്ങിനെ ചെയ്തത് അനുകമ്പയോടുകൂടിയ ജനങ്ങളെ കാണിക്കേണ്ടായെന്നു വിചാരിച്ചിട്ടോ ഏഴാമത്തെ ഹെൻറി മഹാരാജാവിന്റെ സന്തതിക്ക് അവകാശമുള്ള ബഹുമതിയായിട്ടോ ആയിരിക്കാം. കൊലസ്ഥലത്തുവെച്ച് ഇങ്ങിനെ പറഞ്ഞു: 'നിൎദ്ദോഷത അധൎമ്മത്തിൽനിന്ന് എങ്ങിനെ നിൎമ്മലമായിരിക്കുന്നുവോ, അതുപോലെയാണ് എന്റെ ആത്മാവു മേറിറാണിയോടുള്ള പ്രതികൂലഭാവത്തിൽ നിൎമ്മലമായിരിക്കുന്നത്; ഞാൻ സിദ്ധാന്തിക്കപ്പെട്ട കാൎയ്യത്തിൽ സമ്മതിച്ചു എന്നേയുള്ളു'.

ദുഷ്കൎമ്മത്തിന്റെ ചരിത്രത്തിൽ, പിതാവിന്റെ ആജ്ഞയെ അനുസരിച്ചു പതിനേഴുവയസ്സായ ഒരു യുവതിയെ, മറെറാരു സ്ത്രീയുടെ കല്പനപ്രകാരം, ഒരു രാജ്യത്തിന് അഭിമാനമായി കരുതാവുന്ന പ്രഭുക്കളുടെ പ്രാധാന്യം, നിയമത്തിന്റെ ഗൌരവം, മതത്തിന്റെ ദിവ്യത-ഇ മുതലായവയുടെ അനുമതിയോടുകൂടി കൊല്ലുവാൻ അനുവദിച്ചതിനുതുല്യമായി വേറെ ഒരു ദൃഷ്ടാന്തം കാണുന്നതല്ല. നിസ്തുല്യമായ യൌവനം, സൌന്ദൎയ്യം, ബുദ്ധിവിശേഷം, വൈദുഷ്യം, സദാചാരം, ഈശ്വരഭക്തി മുതലായവയോടുകൂടിയ ഒരു

സ്ത്രീരത്നത്തിൽ ഈ ദുഷ്ടത പ്രദൎശിപ്പിച്ചതുകൊണ്ടാണ് അധികം അനുതാപകരമായിരിക്കുന്നത്; ഈ സ്ത്രീരത്നത്തിന്റെ സ്നേഹംവളരെ ശക്തിയുള്ളതായിരുന്നെങ്കിലും, വികാരങ്ങൾ തനിക്കു സ്വാധീനങ്ങളായിരുന്നു. ആ മരണം ഒരുകാലത്തെ ബഹുമാനിക്കുന്നതിനും അപമാനിക്കുന്നതിനും മതിയായതാണ്.

## ൧൮. തരുലതദത്താ.

ജീവനുതരുവാൻ കഴിയും
കേവലമതിയോഗ്യമായസമ്മാനം
യൌവനദശയതിൽമരണം
ഭുവിയതിലന്യംഭവിക്കുമോസുഖദം?

ചിലർ ചെറുപ്പകാലത്തിൽതന്നെ അസാധാരണയായ ബുദ്ധിവൈഭവത്തെ പ്രദൎശിപ്പിക്കാറുണ്ട്. അവർനിമിത്തം ജനസാമാന്യത്തിനു മേൽക്കുമേൽ ഗുണങ്ങൾ സിദ്ധിക്കുമെന്നു പലരും പൂൎണ്ണമായി വിശ്വസിക്കാറുമുണ്ട്. എന്നാൽ പലപ്പോഴും ഇങ്ങിനെയുള്ളവർ ചെറുപ്പത്തിൽത്തന്നെ നിസ്തുല്യമായ ബഹുമാനം സമ്പാദിച്ചു മറവുള്ളവൎക്കൊക്കേയും വലിയ ആശാഭംഗംവരുത്തി പരലോകം പ്രാപിക്കുന്നവരായിട്ടാണ് കാണപ്പെടുന്നത്. ഈ പ്രസ്തുതവിഷയത്തിനു കാരണഭൂതയായതരുലതദത്തയും അങ്ങിനെതന്നെ.

സകലവിദുഷികൾക്കും ഒരു ശിരോഭൂഷണമായിരുന്ന ഈ സ്ത്രീരത്നത്തിന്റെ അപരിമിതമായ ഖ്യാതിമുഴവനും തന്റെ ദേഹവിയോഗാനന്തരമാണ് ഉണ്ടായിട്ടുള്ളതെന്നു വായനക്കാരെ വ്യസനപൂൎവ്വം അറിയിക്കേണ്ടിയിരിക്കുന്നു. ഈ ഹിന്തുയുവതിയുടെ ചരിത്രം എത്രയും ചെറിയതും പറയുവാൻ വളരെ വ്യസനകരമായിട്ടുള്ളതുമാകുന്നു.

വിഖ്യാതയായ ഈ സ്ത്രീ യാതൊരു വിദ്വാന്മാൎക്കും വിദുഷികൾക്കും അപരിചിതയല്ല. ഈ വിദുഷിയുടെ ബുദ്ധിവിലാസ

അടനേകവിധത്തിൽ വെളിപ്പെട്ടിട്ടുള്ളതു, ഫ്രാൻസിലും ഇംഗ്ലാണ്ഡിലും ഉള്ള സകല വിദ്വാന്മാരും, ബഹുമാനപുരസ്സരം സ്വീകാരയോഗ്യമെന്ന്, അഭിപ്രായപ്പെട്ടിരിക്കുന്നു. അതിബുദ്ധിശാലിനിയായ ഈ യുവതിക്ക്, അകാലമരണം സംഭവിച്ചതിനാൽ, തന്റെ കൃതികളിൽ ഒന്നുമാത്രമേ, താൻ ചരമഗതിയെ പ്രാപിക്കുന്നതിനു മുമ്പിൽ, പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ളു. ഇതു യൂറോപ്പിൽനിന്നു തനിക്കു സിദ്ധിച്ചിട്ടുള്ള പാണ്ഡിത്യത്തെ കാണിക്കുന്ന ഒരു പുസ്തകമാകുന്നു. ഈ പുസ്തകത്തിനു യൂറോപ്പിൽ നല്ല പ്രചാരവും അതുനിമിത്തം ഈ ഗ്രന്ഥകത്രിക്കു വളരെ ബഹുമാനവും സിദ്ധിച്ചിട്ടുണ്ട്. ഈ പുസ്തകത്തിൽനിന്നു രസകരമായിട്ടുള്ള ഒരു ഭാഗം വായനക്കാരുടെ സന്തോഷത്തിന്നായി താഴെ തർജ്ജിമചെയ്യുചേക്കുന്നു.

ദ്വാരങ്ങൾതേനിയതമഗ്ഗളബന്ധമൂലം
തീരെപ്രവേശവുമശക്യമതാക്കിടുന്നു
ഭൂരിപ്രഭാകലിതമായിതുപൂവ്വദിക്കും
ചാരുപ്രഭാതപവനൻവിലസുന്നമന്ദം. ൧

നന്നായടുത്തുപനിനീർക്കുസുമത്തെയെല്ലാം
ഒന്നായ്പിടത്തുടനുണത്തിട്ടുമീപ്രഭാതം
മന്ദംതപ്പിദിയവുരുനിദ്രയുണത്തിടാത്ത
തിന്നിനമുക്കുബഹുതാപമണച്ചിടുന്നു. ൨

എല്ലാംതവാലോകനകൌതുകത്താ-
ലുല്ലാസമോടത്രവസിച്ചിടുന്നു
ചൊല്ലാമിതേതൊക്കെയതെന്നുഞാനും
കല്യാണമോതുന്നതിലുണ്ടപാരം. ൩

പ്രേമം,പ്രകാശം,പ്രിയമായഗാനം,
വ്യോമത്തിലെങ്ങുംവിലസുന്നരാഗം,
സാമത്ഥ്യമേറുന്നവിഹംഗമത്തി-
ന്നാമോദനാദം,മമസത്യരാഗം. ൪

അയ്യോ! ചതിച്ചോ വിധിയീവിയോഗം
വയ്യാ പൊറുപ്പാൻ; ശരി! യവമായോ?
ഇയ്യുള്ളോരെൻ പ്രേമവിശേഷമെല്ലാം
പൊയ്യല്ലതേ ജീവനുവേണ്ടിയല്ലേ? ൫

നിരുപമഭംഗിവിളങ്ങു
ന്നൊരുതവവപുമൈവിലാസമഖിലവുമേ
കരുതുകിലെൻ നയനോത്സവ
മൊരുസുഖമതിനായ്പിരിഞ്ഞു നാൽ രചിതം. ൬

ഇനിമതിയുണരുക വേഗം
കനിവൊടു ചെവി തന്നു കേൾക്കമമവചനം
മനമുരുകിക്കരയുന്നേൻ
ഘനതരമൌനം നിനക്കിലനുചിതമാം. ൭

ഇവിടെ പ്രസ്താവിതയായ ഈ തരുലതദത്താ ബങ്കാളദേശത്തിലെ ഒരു ഉൽകൃഷ്ടഹിന്ദു ദമ്പതിമാരുടെ മൂന്നു സന്താനങ്ങളിൽ ഏററവും ഇളയവളായിരുന്നു. ഇവരുടെ പിതാവു ബാബുഗോവിന്ദ ചന്ദ്രദത്തൻ എന്ന മഹാനായിരുന്നു. ഇദ്ദേഹം അഭിപ്രായവിശാലതകൊണ്ടും ബുദ്ധിവിശേഷംകൊണ്ടും സ്വദേശീയരിൽ വെച്ച് ഏററവും വിശ്രുതനായിരുന്നു. ഇദ്ദേഹത്തിന്റെ ഏകപുത്രനായിരുന്ന അബ്ജു പതിന്നാലാമത്തെ വയസ്സിൽ പരലോകം പ്രാപിച്ചു. അതിന്റെ ശേഷം രണ്ടു സഹോദരിമാരും മാതാപിതാക്കന്മാരെ ആശ്വസിപ്പിച്ചു. മൂത്ത പുത്രിയുടെ പേര് അരു എന്നായിരുന്നു. അരു ൧൮൫൪-ൽ ജനിച്ചു. അരു തന്റെ സഹോദരിയായ തരുലതദത്തയേക്കാൾ പതിനെട്ടുമാസത്തോളം മൂത്തവളായിരുന്നു. തരുലതദത്താ ൧൮൫൬ മാർച്ച് മാസം ൯-ാംനു കാളീഘട്ടത്തിൽ ജനിച്ചു. ഒരുകൊല്ലം ബമ്പായിൽ താമസിച്ചതൊഴിച്ച് ഇവരുടെ കുട്ടിക്കാലം മുഴുവനും കാളീഘട്ടത്തിലുള്ള പിതാവിന്റെ ആരാമ ഗൃഹത്തിലാണ് കഴിച്ചുകൂട്ടിയിരുന്നത്. ഇവിടെ തരുകിസലയങ്ങളാൽ പരിവേഷ്ടിതമാ

യ വനത്തേയും വൃത്താകാരങ്ങളിലുള്ള കുമുദദളങ്ങളെക്കൊണ്ടു പ്രശോഭിതമായ സരസ്സിനേയും ആരാമ മദ്ധ്യസ്ഥിതമായ ഒരു മൂളിമരത്തിന്റെ അനേക ശാഖകളിൽ നിന്നുത്ഭവിക്കുന്ന മർമ്മരദ്ധ്വനിയോടുകൂടി വരുന്ന സന്ധ്യാസമയത്തേയുംപററി തനിക്കുള്ള ആദ്യകാലസ്മരണകളെ ഒരു പദ്യകൃതിയിൽ ബഹുവിശേഷമായി വർണ്ണിച്ചിട്ടുള്ളതിനെ തർജ്ജിമചെയ്തു താഴെ ചേർത്തുകൊള്ളുന്നു.

## നമ്മുടെ മൂളിമരം.

——oooo——

ഒട്ടൊട്ടായിട വിട്ടിടച്ചു മുഴപൊങ്ങിത്തെല്ലു കാഠിന്യമാ-
യിട്ടുള്ളോരു മരം വളഞ്ഞുജഗരം പോലെവളന്നങ്ങിനേ
വട്ടം വേഷ്ടിതമായിടുന്ന ലതയോടൊന്നിച്ചയന്നംബര-
ത്തട്ടിൽത്തട്ടിയ മൂളിവൃക്ഷവരനെച്ചിത്തേസ്മരിക്കുന്നു ഞാൻ. ൧

പാരംശക്തി കലന്നൊരിത്തരുലതാബന്ധത്തിൽ വേരോമരം
നീരെക്കെൽപ്പു വെടിഞ്ഞൊടിഞ്ഞുപൊടിയാമ്പ്യോമില്ലകില്ലേതുമേ;
നേരിട്ടുള്ളൊരു ഭാരമായതു മഹാനിസ്സാരമെന്നോത്തുകൊ-
ണ്ടേറെശ്ശൌയ്യമിയന്നിട്ടുന്നൊരുതരുശ്രേഷ്ഠൻമഹാൻനീസഖേ! ൨

എങ്ങുംപൂങ്കുല രക്തവൎണ്ണമൊട്ടു മാശ്ശാഖാന്തരാളങ്ങളിൽ
ഭംഗ്യാതൂങ്ങി മുലഞ്ഞതങ്കൽ മധുപാനത്തിങ്കലാസക്തരായ്
ഭംഗം നല്ല വിഹംഗമങ്ങളിവയെല്ലാ നേരവുംവന്നതിൽ
തങ്ങിടുന്നൊരു നല്ലകാഴ്ചയൊരുനാളുംഞാൻ മറന്നീടുമോ? ൩

പാരം കൂരിരുളുള്ള രാത്രിയിൽ നരന്മാർ ഗാഢനിദ്രാവശ-
ന്മാരാകുന്നളവിൽപ്പലപ്പൊഴുമിതിൽ പ്പാക്കുംപതത്രീവ്രജം
ഓരോ നിസ്തുല ഗാനമമ്പൊടു മുഴക്കീടുന്ന കോലാഹലം
നേരേ മാനസതാരിലിന്നു മുളവാക്കീടുന്നു മേ കൌതുകം. ൪

മിത്രൻ തന്നുദയത്തിലേൻ ഗൃഹമതിൻവാതായനത്തേമുദാ
നിത്യം ഞാൻ വെളിവിൽത്തുറക്കുമളവെൻ നേത്രങ്ങളാത്താദരം
എത്തീടുന്നു സഖേ! ഭവാനിലിളകാതൊന്നാമതായെന്നതും
ചിത്തേ നിൻ സ്മരണാസുഖത്തെയുളവാക്കീടുന്നതെല്ലായ്പ്പൊഴും.

തക്കത്തിൽശ്ശിശിരേ പലപ്പോഴുമിതിൻ മൂദ്ധാവിലേറിസ്സുഖം
പാക്കുന്നോക്കു ശിലാകൃതം പ്രതിമയെപ്പോലേതനിച്ചങ്ങിനേ
അക്കൻ തന്നുദയത്തെ നോക്കിയമരും വെള്ളക്കരങ്ങുംകളി-
ച്ചക്കൊമ്പിന്നിടചാടിടുംശിശ്ശുവുമെന്നുൾക്കാമ്പിൽവാഴുന്നഹോ.

നന്നായ്പ്പാസരമാഗമിക്കുമളവിൽക്കൌതുഹലാൽക്കോകിലം
മന്ദം മന്ദമടുത്തുമൊട്ടുകളെയും പാടി സ്തുതിക്കുന്നതും
നിദ്രാതല്പരരായ ഗോക്കൾ തൃണമുള്ളേടം തിരഞ്ഞൊക്കവേ
ഭദ്രം ചെന്നണയുന്നതും സതതമെന്നുൾക്കാമ്പിലോക്കുന്നു ഞാൻ.

വിസ്താരം പരമുള്ള നല്ലൊരു സരസ്സുണ്ടത്ര യീമൂളിവൃ-
ക്ഷത്തിൻ ശുഭ്രമതായിടും നിഴലതിൽത്താഴേപതിക്കും സദാ
നിസ്തുല്യപ്രഭയുള്ള കൈരവമസംഖ്യം പൊങ്ങിനില്ക്കുന്നതോ
പാത്താൽ ശ്വേതതുഷാര ചാരു നിരയോയെന്നോന്നു തോന്നും ദ്ര
[ന്ധം. വൃ

ഇന്നീമൂളിമര പ്രവീരനിലെനിക്കുൾപ്രേമമേറീടുവാൻ
നന്നായുള്ളൊരു മൂലമിത്തരുവരശ്രീ ശോഭയൊന്നല്ലഹോ
ഒന്നിച്ചിത്തരുമൂലമായതിലനേകംസ്നേഹമുള്ളോരുമായ്
മുന്നംകേളികളാടിവാണകഥയാണാനന്ദമേകുന്നതും. ൯

കാലം പോയിതനേകമെങ്കിലുമതീവ സ്നേഹബന്ധത്തൊടും
ലീലാവൈഭവമുള്ളൊരെൻ പ്രിയജനം വാഴുന്നു ഹൃത്താരിൽമേ
ആലോചിക്കുമൊരന്തരത്തിലിവരേയോമ്മപ്പെടുത്തുന്നതിൻ
മൂലം മന്മനതാരിലിത്തരുവരൻ പാരം പ്രിയപ്പെട്ടവൻ. ൧൦

സന്താപാശ്രു നിറഞ്ഞു മന്മിഴിയടഞ്ഞീടും വരെക്കുംസദാ
സ്വാതന്ത്ര മൽപ്രിയരും തരുപ്രവരനും വാഴും മുഴക്കുംമുദാ
എന്തായാലുമെനിക്കുനല്ല സുഖമുണ്ടാക്കിടുമീ നിങ്ങളെ
ച്ചിന്തിക്കാതെയിരിപ്പതും ബത മരിച്ചീടുന്നതും തുല്യമാം. ൧൧

എന്താണെൻശ്രവണങ്ങളിൽജ്ജലധിതീരത്തിൽശ്ശിലാഘാതമേ
റന്തിത്തള്ളി വരുന്ന മർമ്മരതിരാരാവോപമം കേൾപ്പതും?

അന്തസ്സാരമെഴും പ്രിയപ്രകൃതിനല്ലോണം ഗ്രഹിച്ചുള്ള ഞാൻ
ചിന്തിച്ചാലിതറിഞ്ഞുകൊള്ളു മതിനില്ലേതും പ്രയാസം ദൃഢം. ൧൨

ഉണ്ടായുള്ളൊരു ദൈവയോഗമതിനാലജ്ഞാതമാം ദിക്കിലേ-
ക്കിന്നുതൽപ്പെട്ടു വരുന്നൊരീ രവമതെന്താവാം നിരൂപിക്കിലോ?
വേണ്ടാസംശയമേതുമത്തരുവരൻ തന്റെ വിലാപങ്ങളേ
ക്കൊണ്ടിങ്ങോട്ടുവരുന്നു മന്ദപവനൻ ദൂരത്തിൽ ഞാനെങ്കിലും.

കേൾക്കുമ്പോളറിയാത്തതെങ്കിലു മകക്കാമ്പിങ്കലോക്കും വിധൌ
നേക്കേതും പറയാതെ വേഗമറിയാം ധാരാളമെന്തെന്നതും
ചൊൽക്കൊള്ളുന്നൊരു വാരിരാശികൾ വളഞ്ഞോട്ടേറെദൂരത്തി
[ൽ ഞാൻ
പാക്കുംഫ്രാൻസിലു മിററലീയിലു മുഴന്നെത്തീടിനാനീരവം. ൧൩

മോഹാവേശമിയന്നു ഭൂമിമുഴവൻ ചന്ദ്രപ്രകാശത്തിനാൽ
നീഹാരത്തിൽ മറഞ്ഞുകൊണ്ടഥ ലയിച്ചോണം കിടക്കും വിധൌ
ഹാ! ഹാ! മേശ്രവണേന്ദ്രിയങ്ങളിലനല്പാനന്ദ ഗാനത്തോടും
മാഹാത്മ്യാകലരും തരുപ്രവര! നിൻപൂമേനികാണായ്വരും. ൧൪

കല്യാണപ്രദജന്മഭൂമിയതിൽ വെച്ചെൻ നല്ലബാല്യത്തിൽ ഞാ-
നല്ലേ ഭൂരുഹവീര! നിൻമഹിതമാം പൂമേനി ദർശിച്ചപോൽ
നല്ലോണം ദൃഢമായതെൻ ഹൃദി സദാ വാഴുന്നതിൻമൂലമാ-
യുല്ലാസാൽ സ്മരണാർത്ഥ ഗീതമിതു ഞാനുണ്ടാക്കിടുന്നൂ സഖെ!

ഇപ്പോൾ ശാശ്വതമായ നിദ്രയിലണഞ്ഞേറാം സുഖിച്ചീടുമാ
ച്ചൊൽപ്പൊങ്ങും പ്രിയരൊക്കയും തവദൃഢം സ്നേഹാതുരന്മാർ സഖെ!
എപ്പോഴും മമജീവനിൽപ്പരമതീവസ്നേഹഭാവേന ഞാ-
നുൾപ്പൂവിൽക്കരുതീടിനോരവർ പിരിഞ്ഞത്യോ ഗമിച്ചീടിനാർ.

എൻകാലം കഴിയും വിധൌ പ്രിയമെഴും നിൻനാമധേയം സദാ
പിൻകാലത്തു മനശ്ശരസ്ഥിതിയിലായുന്നേ ഭവിക്കും സഖേ!
ചൊൽപ്പെറ്റൊങ്ങും സുരപാദപപ്രവരരേപ്പോലേ ഭവാനും ഭവി-
ച്ചുൾക്കാമ്പിങ്കലെനിക്കനല്പ കുതുകം നൽകീടുമാറാകുമേ. ൧൭

പാരം ഭീരുതയും വിറച്ചു പതറന്നാശാ കദംബങ്ങളും
നേരെമൃത്യുവു മാകവേ ബത നശിപ്പിക്കുന്നവൻ കാലവും
ഓരോന്നിവിധ നാശകാരണമടുത്തേത്തും വരാതെ സദാ
ദൂരെച്ചുററിനടക്കുമേ തവയശസ്സെന്നും ഭവിച്ചിട്ടുമേ. ൧൯

ഞാൻതീൎത്തുള്ളോരു പദ്യജാലമിഹതേ മാഹാത്മ്യമോതീടുവാ-
നേതും കെൽപു കലൎന്നനല്ലവിധമല്ലെന്നാലുമൊന്നുണ്ടതൽ
ഖ്യാതിപ്പെട്ട ഭവാനെ ലോകരഖിലം മാനിക്കുമെല്ലായ്പൊഴും
ചേതസ്സിങ്കലവൎക്കു വിസ്മൃതിയുമുണ്ടാകാതിരിക്കും ദൃഢം. ൨൦

പിതാവിന്റെ ആരാമഗൃഹത്തിൽ പലപ്പോഴും വിജനപ്രദേശത്തിലിരുന്ന് ആലോചിച്ചതിൽനിന്നാകുന്നു ഈ വിശിഷ്ട യുവതിയുടെ ബുദ്ധിക്കു വികാസമുണ്ടായിട്ടുള്ളത്. ഈ യശസ്വിനി തന്റെ വംശത്തിനു ദൃഷ്ടാന്തഗുണങ്ങളോടുകൂടിയ ഒരു പരിശുദ്ധാത്മാവായിരുന്നു. ഹിന്തുമതത്തിലുള്ള അനേക ഗീതങ്ങളേയും ഇതിഹാസങ്ങളേയും തന്റെ മാതാവിൽനിന്ന് ഈ വിദുഷി ഗ്രഹിച്ചിട്ടുണ്ടായിരുന്നു. അവയെല്ലാം യഥായോഗ്യം പദ്യരീതിയിൽ ഇംക്ലീഷിൽ ഈ യുവതിതന്നെ തൎജ്ജിമ ചെയ്തിട്ടുമുണ്ട്. ഇവ, സാവിത്രീചരിതം, ലക്ഷ്മണകഥ, വിഷ്ണുപുരാണത്തിൽനിന്നു ചില കഥകൾ, ധ്രുവചരിതം, പ്രഹ്ലാദചരിതം, സീതാവൃത്താന്തം മുതലായവയാകുന്നു.

൧൮൭൭-ൽ നമ്മുടെ തരുലതദത്തയുടെ ജ്യേഷ്ഠത്തിയായ അരുദത്താ ക്ഷയരോഗം ഹേതുവായി പരലോകം പ്രാപിച്ചു. ഈ യുവതിക്കു തന്റെ അനുജത്തിയെപ്പോലെതന്നെ സാഹിത്യവിഷയത്തിൽ ദൃഢതയും കീൎത്തിയിൽ കാംക്ഷയുമുണ്ടായിരുന്നില്ലെങ്കിലും, വിനയാദിസൽസ്വഭാവഗുണങ്ങളിൽ അനുജത്തിയേക്കാൾ ഒട്ടുംതന്നെ താന്നവളായിരുന്നില്ല. രണ്ടുപേൎക്കും സംഗീതത്തിൽ സാമാന്യമായ വൈദഗ്ദ്ധ്യമുണ്ടായിരുന്നു. ഇവരുടെ വീണവായന സൎവ്വശ്രോതാക്കളുടേയും ശ്രവണേന്ദ്രിയങ്ങൾക്കു പീയൂഷധാരതന്നെയായിരുന്നു. സ്വരങ്ങളുടെ ആരോഹാവരോഹങ്ങളിൽ ഇവൎക്കുള്ള ദൃഢതയും സാമൎത്ഥ്യവും അനിതരവനിതാസാമാന്യമായിരുന്നു.

ഗൃഹകൃത്യങ്ങളെ നിൎവ്വഹിക്കുന്നതിലും ഈ വിദുഷികൾ ഒട്ടുംതന്നെ കുറഞ്ഞവരായിരുന്നില്ല. ഹിന്തുക്കളുടെ ഇടയിൽ ഗൃഹകൃത്യങ്ങൾ നിൎവ്വഹിക്കുന്നതു മിക്കവാറും സ്ത്രീകളാണെന്നുള്ളത് എല്ലാവൎക്കും അറിയാമല്ലൊ. ഇവർ മാതാപിതാക്കന്മാരെ ശുശ്രൂഷിക്കുന്നതിലും സമയോചിതമായും വീഴ്ചകൂടാതേയും വീട്ടുജോലികൾ നടത്തുന്നതിലും കാണിച്ചിരിക്കുന്ന വൈഭവം അനിൎവ്വചനീയമെന്ന് ഇവരുടെ പിതാവ്, ഇവരുടെ ദേഹവിയോഗാനന്തരം, സന്താപശിഥിലമായ ഹൃദയത്തോടുകൂടി ഒരിക്കൽ പറയുകയുണ്ടായിട്ടുണ്ട്.

സഭയിൽ സംസാരിക്കുവാനൊ ജനങ്ങളുടെ ഇടയിൽ ധൈൎയ്യസമേതം പ്രവേശിക്കുവാനൊ തരുലതദത്തയേപ്പോലെ അരുദത്തയ്ക്കു സാമൎത്ഥ്യമുണ്ടായിരുന്നില്ല. എങ്കിലും തന്റെ സഹോദരിയുടെ ബുദ്ധിവിലാസത്തെ കാണിക്കുന്ന സരസപ്രസംഗങ്ങളെ താൻ അതിശ്രദ്ധയോടെ കേൾക്കുകയും കൊണ്ടാടുകയും ചെയ്യുക പതിവായിരുന്നു.

തരുലതദത്തയുടെ ബുദ്ധിക്ക് അധികമായ ഓൎമ്മശക്തിയുണ്ടായിരുന്നു. താൻ തൎജ്ജിമചെയ്തിട്ടുള്ള ഏതു പദ്യഭാഗവും തരുലതദത്തയുടെ ഹൃദയത്തിൽ എപ്പോഴും തോന്നിക്കൊണ്ടിരുന്നു. അരുദത്ത തൎജ്ജിമചെയ്യുന്നതിൽ സ്ഥിരോത്സാഹത്തോടുകൂടിയവളായിരുന്നില്ല. എന്നാൽ ഓരോരൊ കഥാഭാഗങ്ങളിലുള്ള പാത്രങ്ങളെ ചിത്രങ്ങളേക്കൊണ്ടു വായനക്കാരെ രസിപ്പിക്കുവാൻ അധികമായ സാമൎത്ഥ്യമുണ്ടായിരുന്നു. തരുലതദത്തയ്ക്ക് ഒരു നോവൽ എഴുതുവാനും അരുദത്തയ്ക്ക് അതിലെ സകല കഥാഭാഗങ്ങളേയും ചിത്രങ്ങളെക്കൊണ്ട് ഉദാഹരിച്ച് അലങ്കരിക്കുവാനും മോഹമുണ്ടായിരുന്നു.

തരുലതദത്തയുടെ പതിമൂന്നാമത്തെ വയസ്സിലാണ് പിതാവ് ഈ രണ്ടു സഹോദരിമാരേയും യൂറോപ്പിലേക്കു കൊണ്ടുപോയത്. അവിടെവെച്ച് ഇവർ ഇംഗ്ലീഷുഭാഷയും ഫ്രഞ്ചുഭാഷയും പഠിച്ചു. തരുലതദത്തയ്ക്ക് ഇംഗ്ലീഷുഭാഷയിലുണ്ടായിരുന്നതിനേക്കാൾ അധികം പരിജ്ഞാനവും പാണ്ഡിത്യവും ഫ്രഞ്ചുഭാഷയിലാ

യിരുന്നു. ഈ വിദുഷി ഫ്രഞ്ചുഭാഷയിൽ അധികലാളിത്യത്തോടും സാരസ്യത്തോടുംകൂടിയുള്ള ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ട്. പിതാവിനോടുകൂടി താനും തന്റെ ജ്യേഷ്ഠത്തിയും ൧൮൭൩ാമാണ്ട് അവസാനത്തിലാണ് യൂറോപ്പിൽ എത്തിയത്. അവിടെ ഈ ബാലികമാർ കുറേക്കാലം ഒരു ഫ്രഞ്ചുപാഠകശാലയിൽ പഠിച്ചു. അതിന്റെശേഷം ഇവർ ഇററലിയിലേക്കും ഇംഗ്ലാണ്ടിലേക്കും പോയി. ഒടുവിൽ, ഇവർ കേംബ്രിഡ്ജിൽ സ്ത്രീകൾക്കുള്ള ഉപദേശപ്രസംഗങ്ങളെ വളരെ താല്പര്യത്തോടുകൂടി കുറേക്കാലം കേട്ടു. ഇവർ ൧൮൭൬ാമാണ്ട് അവസാനം വരെ ഇംഗ്ലാണ്ടിൽ താമസിച്ചു. നവമ്പർമാസത്തിൽ തിരിയെ ബങ്കാളത്തേക്കു മടങ്ങിപ്പോന്നു. ഇവർ യൂറോപ്പിൽ താമസിക്കുന്ന കാലത്തു തരുലതദത്ത ഒരു പത്രഗ്രന്ഥം നടത്തുകയും താൻ യൂറോപ്പിൽ കാണുകയും കേൾക്കുകയും ചെയ്തിട്ടുള്ള സകല വിശേഷസംഗതികളേയും ആ ഗ്രന്ഥത്തിൽ പ്രസ്ഥാപിച്ച് ഇൻഡ്യയിലുള്ള ബാലികമാരുടെ ബുദ്ധിവികാസത്തെ വരുത്തുകയും ചെയ്തിട്ടുണ്ട്. സ്വദേശത്തിൽ എത്തിയതിന്റെശേഷം തരുലതദത്തയുടെ ജീവിതകാലത്തിൽ ബാക്കിയുണ്ടായിരുന്ന നാലുകൊല്ലവും കാളിഘട്ടത്തിലുള്ള തന്റെ പിതാവിന്റെ ആരാമഗൃഹത്തിൽവെച്ചു ധീഗുണസമ്പന്നോദ്യമങ്ങളെക്കൊണ്ടും ഭാവനാസാമർത്ഥ്യപരിശ്രമങ്ങളെക്കൊണ്ടും കഴിച്ചുകൂട്ടി. ഏകദേശം നാലുകൊല്ലത്തോളമുള്ള ഏകാന്തവാസത്തിനിടയിൽ തനിക്കു സിദ്ധിച്ചിട്ടുള്ള അതിശയാതീതമായ വിദ്യാനൈപുണ്യത്തെ വിചാരിക്കുമ്പോൾ, ഈ ബലഹീനയായ കൃശാംഗിയുടെ അകാലപരലോകപ്രാപ്തിക്കു കാരണം തന്റെ പരിശ്രമാധിക്യമല്ലാതെ മററൊന്നുമല്ലെന്നു പറയേണ്ടിയിരിക്കുന്നു.

സ്വദേശത്തിൽ മടങ്ങിവന്ന ഉടനെ ഈ യുവതി സംസ്കൃതഭാഷ അഭ്യസിക്കുവാൻ തുടങ്ങുകയും അല്പകാലത്തിനിടയിൽ ഈ ഭാഷയിൽ അതിശയിക്കത്തക്ക വൈദഗ്ദ്ധ്യം സമ്പാദിക്കുകയും അതിലുള്ള ഗഹനവിഷയങ്ങളിൽ മുഴുകിപ്പോകയുംചെയ്തു. തന്റെ പതിനെട്ടാമത്തെ വയസ്സിലാണ് താൻ ഒന്നാമതായി ഒരു കൃതിയുണ്ടാക്കിയത്. ഇതിനാൽ തനിക്കു യൂറോപ്പിലെങ്ങും ഖ്യാതി സിദ്ധിക്കുകയുംചെയ്തു.

തരുലതദത്താ ൧൮൭൭-ആമാണ്ട് ആഗസ്റ്റ് ൩൦-ാംനു തന്റെ ൨൧-ാമത്തെ വയസ്സിൽ പിതാവിന്റെ ആരാമഗൃഹത്തിൽവെച്ചു പരലോകം പ്രാപിച്ചു. ദീനം തന്റെ ജ്യേഷ്ഠത്തിക്കുണ്ടായിരുന്നപോലെതന്നെ ക്ഷയമായിരുന്നു. മരണശേഷം ഈ യുവതിയുടെ ഖ്യാതി ലോകത്തിലെങ്ങും വ്യാപിക്കുവാൻതുടങ്ങി. താൻ സംസ്കൃതത്തിൽനിന്നും തൎജ്ജിമ ചെയ്തിട്ടുള്ളവയേയും മററും തന്റെ പിതാവു പ്രസിദ്ധപ്പെടുത്തുകയും അതുഹേതുവായി തനിക്ക് അനശ്വരമായ യശസ്സും ബഹുമാനവും സിദ്ധിക്കുകയുംചെയ്തു. പ്രകൃതിവിശേഷംകൊണ്ടും വയസ്സിനെ അതിക്രമിപ്പിച്ചിരുന്ന വിദ്യാനൈപുണ്യംകൊണ്ടും പദ്യരചനയിൽ തനിക്കുണ്ടായിരുന്ന വാസനാബലംകൊണ്ടും ഈ തരുണി വിദ്വാന്മാരുടെ പരമസന്തോഷത്തിന് ഒരു കാരണഭൂതയായിരുന്നു.

---

## ൧൫. ലേഡി ഗ്രിസൽ ബേയിലി.

—*—

രണ്ടാമത്തെ ചാൎല്സ് മഹാരാജാവിന്റെ വാഴ്ചകാലത്തു മതസംബന്ധമായും മററുമുള്ള സ്വാതന്ത്ര്യത്തിന്നായി പ്രയത്നിക്കുകനിമിത്തം രാജദ്രോഹകുററത്തിന്നു കൊല്ലപ്പെട്ട റസ്സൽപ്രഭു ആൽഗറ്റൻ സിഡ്നി മുതലായ മഹത്തുക്കളുടെ കൂട്ടത്തിൽ ഒട്ടും അപ്രധാനന്മാരല്ലാത്ത സർ പാട്രിക്ക് ഹ്യൂം എന്നും റോബട്ട് ബേയിലി എന്നും രണ്ടു സ്വേച്ഛകാരുണ്ടായിരുന്നു. ബർവിക്ക്ഷെയറിന്റെ മദ്ധ്യത്തിലുള്ള പോൾവാത്ത് എന്ന ചെറിയ ഗ്രാമത്തിലാണ് ഹ്യൂം വംശക്കാരുടെ വസ്തുവകകൾ; എന്നുമാത്രമല്ല; അവരുടെ തറവാട്ടും ആ ഗ്രാമത്തിൽതന്നെയാണ്. റോബട്ട് ബേയിലി ജർവിസ്‌വുഡിലെ ഒരു ജന്മിയായിരുന്നു. സർ പാട്രിക്ക് തന്റെ കുടുംബസമേതം താമസിച്ചിരുന്നതു പോൾവാത്തിൽനിന്നു രണ്ടുനാഴിക ദൂരത്തുള്ള ‘റെഡ്ബ്രേസ്’ കോട്ടയിലാണ്. സർ പാട്രിക്കിനു പതിനെട്ടു സന്താനങ്ങൾ ഉണ്ടായിരുന്നവരിൽ മൂത്തപുത്രിയാണ് നമ്മുടെ കഥാനായികയായ ഗ്രിസ്സൽ. ഗ്രിസ്സൽ ജനിച്ചത് 1665-ാമാണ്ടു ജനവരിമാസത്തിലാകുന്നു.

മതസംബന്ധമായി രാജാവിന്നുണ്ടായിരുന്ന അഭിപ്രായങ്ങൾക്കു വിപരീതമായ അഭിപ്രായത്തോടുകൂടിയ ജനങ്ങളുടെ സ്വാതന്ത്ര്യത്തിന്നു ഭംഗംവരുത്തുന്ന ചില നിയമങ്ങൾ നടപ്പാക്കിയതുകൊണ്ട് ഇക്കാലത്തു സ്കോട്ട്ലാണ്ടുരാജ്യം വളരെ ക്ഷോഭിച്ചിരുന്നു. 1673-ൽ സർ പാട്രിക്ക് സ്കോട്ടുലാണ്ടിലെ മഹാജനസഭയിലെ ഒരു അംഗമായിത്തീൎന്നു. ആ സഭയിൽ പൊതുജനങ്ങൾക്കു ദോഷകരമായ ചില അഭിപ്രായങ്ങൾ രാജകീയകക്ഷികൾ പുറപ്പെടുവിച്ചപ്പോൾ, സർ പാട്രിക്ക് ധീരതയോടെ അവയുടെ അനൌചിത്യത്തെക്കുറിച്ചു പരസ്യമായി പ്രസ്താവിച്ചതിനാൽ, അന്നുമുതൽ അദ്ദേഹം രാജകീയകക്ഷികളുടെ ദൃഷ്ടിയിൽ ഒരു രാജദ്രോഹിയായിത്തീരുകയും തന്നിമിത്തം അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ അഗണ്യമാക്കുകയും ചെയ്തുതുടങ്ങി. ഇങ്ങിനെ രണ്ടു കൊല്ലം കഴിഞ്ഞതിനുശേഷം, ജനങ്ങളെ അമൎച്ചചെയ്യുന്നതിനായി ഒരു സൈന്യം ശേഖരിക്കേണമെന്നു സഭക്കാരിൽ ചിലർ അഭിപ്രായപ്പെട്ടതിനു വിരോധാഭിപ്രായം പുറപ്പെടുവിച്ചതുകൊണ്ടു സർ പാട്രിക്കിനെ ഒരു രാജദ്രോഹിയുടെ നിലയിൽ തടവുകാരനാക്കി എഡിൻബറോ ജേയിലിൽ പാൎപ്പിച്ചു; കുറച്ചുദിവസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിനെ അവിടെനിന്നു സ്റ്റർളിങ്ങ്കോട്ടയിലേക്ക് അയയ്ക്കുകയും ഏകദേശം ആറുമാസത്തോളം അവിടെ സൂക്ഷിക്കുകയും ചെയ്തു. സർ പാട്രിക്ക് ചില സ്നേഹിതന്മാരുടെ സഹായംകൊണ്ടു തടവിൽനിന്നു വിട്ടയയ്ക്കപ്പെട്ടു എങ്കിലും, ഏറെക്കാലതാമസംകൂടാതെ വീണ്ടും തടവുകാരനാക്കപ്പെടുകയും ആ തവണ രണ്ടു കൊല്ലത്തോളം തടവിൽ പാൎപ്പിക്കപ്പെടുകയും ചെയ്തു. സർ പാട്രിക്കിനെ കൊല്ലുവാനുംകൂടെ ശത്രുക്കൾ ശ്രമിച്ചു. മരണഭയം നിമിത്തം സർ പാട്രിക്ക് കുറെക്കാലം ഇംഗ്ലാണ്ടിൽതാമസിച്ചു.

സർ പാട്രിക്ക് ഇംഗ്ലാണ്ടിൽനിന്നു തിരിയെ റെഡ്ബ്രേസ് കോട്ടയിലേക്കു വന്നപ്പോൾ, ആരും അറിയാതെ അവിടെ താമസിക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. പക്ഷെ, രാജ്യകാൎയ്യങ്ങൾ പണ്ടത്തെക്കാൾ കുഴപ്പത്തിലായിരുന്നു എന്നു മാത്രമല്ല, 'കവനണ്ടർസ്' എന്ന മതവിഭാഗക്കാരുടെനേരെ രാജ

കീയകക്ഷികൾക്കുണ്ടായിരുന്ന വൈരം വളരെ വൎദ്ധിച്ചുമിരുന്നു. 1679-ാമാണ്ടു ജൂൺമാസം 22-ാംനു 'ബോത്തവൽബ്രിഗ്' എന്ന സ്ഥലത്തു വെച്ചുണ്ടായ യുദ്ധത്തിൽ രാജകീയകക്ഷികൾ ജയിച്ചു; ശത്രുക്കളിൽ ആയിരത്തിരുനൂറപേരെ തടവുകാരായി പിടിച്ച് എഡിൻബറോവിൽ കൊണ്ടുപോയി കന്നുകാലികളെ മുളയ്ക്കുന്നതുപോലെ ജേയിലിൽ പാൎപ്പിച്ചുംകൊണ്ട് അവരുടെ സംഖ്യ കുറയുന്നതുവരെ തൂക്കിക്കൊല്ലുകയും നാടുകടത്തുകയും ചെയ്തു. ഇതിനും പുറമെ, രാജദ്രോഹികളാണെന്നു സംശയിക്കുവാൻ വഴിയുള്ള സാധാരണന്മാരെ പിടിച്ചു ശിക്ഷിക്കുന്നതിനും പ്രമാണികളെ പിടിച്ച് എഡിൻബറോവിലേക്ക് അയക്കുന്നതിനും 'ക്ലാവർഹൌസി'ന്റെ കീഴിൽ ഒരു സൈന്യം രാജ്യത്തെങ്ങും സഞ്ചരിക്കുന്നുണ്ടായിരുന്നു. ഇങ്ങിനെ നിൎദ്ദയമായി ഓരോന്നു പ്രവൎത്തിച്ചതുകൊണ്ടാണ് സ്റ്റൂവാൎട്ട് രാജവംശത്തിന്റെ ദുഷ്കീൎത്തിക്കും പ്രായേണ സ്ഥാനഭ്രംശത്തിന്നും കാരണമായത്.

ഈ അവസരത്തിൽ ജർവിസ്‌വൂഡിലെ റോബൎട്ട് ബേയിലി തന്റെ സ്നേഹിതനായ സർ പാട്രിക്കിനേക്കാൾ കഷ്ടസ്ഥിതിയിലായിരുന്നു. റോബൎട്ട്ബേയിലി ഒരിക്കൽ, രാജകീയകക്ഷികളിൽ ഒരാളായ ബിഷോപ്പ്ഷാപ്പിന്റെ വിരോധിയും തന്റെ ഭാൎയ്യയുടെ സഹോദരനുമായ കൎക്ക്ടൻ എന്ന പാതിരിയെ ശത്രുവിന്റെ കയ്യിൽനിന്നു രക്ഷപ്പെടുത്തിയ കുറ്റത്തിനു തടവിൽ പാൎപ്പിക്കപ്പെട്ടു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ, അദ്ദേഹത്തിനെ ചില സ്നേഹിതന്മാരുടെ ശിപാൎശികൊണ്ടു തടവിൽനിന്നു വിട്ടയച്ചു എങ്കിലും, "റൈഹൌസ്പ്ലോട്ട്" എന്നു കുപ്രസിദ്ധമായ ഗൂഢാലോചനയിൽ റോബൎട്ട്ബെയിലിയും പെട്ടിട്ടുണ്ടെന്നു ശത്രുക്കൾ മനഃപൂൎവ്വം ദോഷാരോപണം ചെയ്ത് അദ്ദേഹത്തെ വീണ്ടും തടവുകാരനായി പിടിച്ച് എഡിൻബറൊ കാരാഗൃഹത്തിൽ താമസിപ്പിച്ചു. എന്നു തന്നെയല്ല, അദ്ദേഹത്തിന്റെ സകലസ്വത്തുക്കളും സൎക്കാരിലേക്കു കണ്ടുകെട്ടുകയും ചെയ്തു.

ഇക്കാലത്തു നമ്മുടെ കഥാനായികയായ ഗ്രിസ്സൽഹ്യൂമിനു പതിനേഴവയസ്സു പ്രായമായിരുന്നു. ഗ്രിസ്സലിന് അക്കാലത്തെ

സമ്പ്രദായമനുസരിച്ച വേണ്ടുംവണ്ണം സാഹിത്യത്തിലും സംഗീതത്തിലും വിദ്യാഭ്യാസം സിദ്ധിച്ചിരുന്നതുകൂടാതെ, ഗൈഹികമായ സകലജോലികളിലും നല്ല പരിചയവുമുണ്ടായിരുന്നു. മിസ്സിസ്സ് ഹ്യൂമിനു നിർഭാഗ്യവശാൽ ശരീരസുഖമില്ലാതിരുന്നതിനാൽ ബാല്യത്തിൽതന്നെ കുടുംബഭരണം ഗ്രിസ്സലിൻെറ ഭാരമായിത്തീൎന്നു. മിസ്റ്റർ ഹ്യൂം അദ്ദേഹത്തിനെ സംബന്ധിച്ച സകലസംഗതികളും ഗ്രിസ്സലിനോടാണ് ആലോചിച്ചിരുന്നത്. എന്നാൽ ഈ വക കാൎയ്യാലോചനകളിൽ ബാലയായ ഗ്രിസ്സലിൻെറ ബുദ്ധിപൂൎവ്വമായ ഉപദേശങ്ങൾ ഒരിക്കലും അവിവേകമായിപ്പോയി എന്നു വന്നിട്ടില്ല. റോബർട്ട് ബെയിലി എഡിൻബറോവിലെ കാരാഗൃഹത്തിൽ കിടന്നിരുന്ന കാലത്ത് ഒന്നുരണ്ടുതവണ പിതാവിൻെറ സന്ദേശം വഹിച്ച ഗ്രിസ്സൽബേയിലിയെ ചെന്നുകണ്ടിട്ടുണ്ട്. അന്നത്തെ കാലാവസ്ഥയ്ക്കു ഗൂഢമായ സന്ദേശങ്ങൾ വഹിക്കുന്നതിനു വിശ്വസ്ഥന്മാരായ ദൂതന്മാരില്ലാതിരുന്നതിനാലാണ് ഹ്യൂം പുത്രിയെ തന്നെ ദൂതിയാക്കിയത്. നമ്മുടെ നായിക മിസ്സ് ഹ്യൂമാണെന്നും റോബർട്ട് ബേയിലിയുടെ അടുക്കലേക്കാണ് പോകുന്നത് എന്നും രാജകീയകക്ഷികളിൽ ആരെങ്കിലും ഒരു സംശയത്തിനുപോലും സംഗതിയായിരുന്നെങ്കിൽ, അതുനിമിത്തം സംഭവിക്കാനിടയുണ്ടായിരുന്ന ആപത്തുകളെകുറിച്ച വിചാരിക്കുന്നതുതന്നെ ഭയങ്കരമായിരുന്നു. അതുകൊണ്ട് ഈ വക യാത്രകളിൽ മിസ്സ് ഹ്യൂം അനുഭവിച്ചിട്ടുള്ള കഷ്ടപ്പാടുകൾ ഒട്ടും ചില്ലറയല്ല. ഒരിക്കൽ ഗ്രിസ്സൽ കുറത്തിയുടെ വേഷംധരിച്ച് ഒരുകൂട്ടം കുറത്തികളുടെ കൂട്ടത്തിൽ യാത്രചെയ്തു. താൻ മുമ്പ് ഉപകാരം ചെയ്തിട്ടുണ്ടായിരുന്ന ഒരു കുറത്തിയുടെ സഹായംകൊണ്ടാണ് ആ തവണ അപകടംകൂടാതെ എഡിൻബറോവിൽ ചെന്നുചേൎന്നത്.

ഗ്രിസ്സൽ എഡിൻബറോവിൽ ചെന്നപ്പോൾ കണ്ട കാഴ്ച അത്യന്തം ഭയങ്കരമായിരുന്നു. രാജദ്രോഹികളെന്നു സംശയിച്ച കാരാഗൃഹത്തിൽ പാൎപ്പിച്ചിരുന്ന ഭാഗ്യഹീനന്മാരുടെ തലകൾകൊണ്ട് ആ പുരാതനപട്ടണത്തിൻെറ കോട്ടവാതലുകളിൽ തോരണം തൂക്കിയിരുന്നു. സാധാരണ പുരുഷന്മാർപോലും പേടിച്ച

പിൻമാറന്ന ആ കാരാഗൃഹത്തിൽചെന്നു ഗ്രിസ്സൽ കാൎയ്യം സാധ
ച്ചു പോന്നിരുന്നതു പിതൃഭക്തിയുടെ മാഹാത്മ്യംകൊണ്ടാണെന്നു
തന്നെ പറയാം. ഇങ്ങിനെ സന്ദേശം വഹിച്ചുപോയിരുന്ന കാ
ലത്തു ഗ്രിസ്സൽ രണ്ടുമൂന്നു തവണ റോബൎട്ട്ബേയിലിയുടെ മൂത്ത
പുത്രനായ ജോൎജ് ബേയിലുമായി കണ്ടുസംസാരിച്ചിട്ടുണ്ട്. ഈ
യുവാവു നമ്മുടെ കഥാനായികയേക്കാൾ രണ്ടുവയസ്സിനു മൂത്തതാ
യിരുന്നു. തുല്യമായ ആപത്തു നേരിട്ടിരിക്കുന്ന മനുഷ്യർ തമ്മിൽ
മമതയുണ്ടാകുന്നതു സ്വാഭാവികമാണല്ലൊ. ഈ മമതയുടെ പ
രിമാണത്തേയൊ പരിണാമത്തേയൊ പരിശോധിക്കുവാനുള്ള
സൌകൎയ്യം അന്നവൎക്ക് ഇതുപേക്ഷം ഉണ്ടായിരുന്നില്ല.

1684-ാമാണ്ടു ഡിസമ്പർമാസം 23-ാംനു- റോബൎട്ട്ബേയി
ലിയെ ഹൈക്കോൎട്ടുമുമ്പാകെ ഹാജരാക്കി. കാരാഗൃഹനിവാസ
ത്താൽ ബേയിലിയുടെ ആരോഗ്യം തീരെ ക്ഷയിച്ചിരുന്നതിനാൽ,
വിചാരണസമയം മുഴുവൻ അദ്ദേഹം തന്റെ സഹോദരിയുടെ
കയ്യിൽനിന്നു മരുന്നുമേടിച്ചു കുടിച്ചുകൊണ്ടാണ് കഴിച്ചുകൂട്ടിയത്.
ബേയിലിയുടെമേൽ ആരോപിച്ചിരുന്ന കുറ്റം രാജദ്രോഹമാ
യിരുന്നു. രാജാവിന്റെ ജീവഹാനിക്കായി ദുരാലോചന ചെയ്തു
എന്നും രാജകീയരാജ്യഭരണത്തിനു വിരോധിയായിരുന്നു എന്നു
മുള്ള ദോഷാരോപണങ്ങൾ അടിസ്ഥാനമില്ലാത്തവയും വാസ്തവ
വിരുദ്ധവുമാണെന്നു കോടതിയിൽ ധൈൎയ്യസമേതം ബേയിലി വാ
ദിച്ചു. നിൎദ്ദോഷിയായ ഒരുവന്റെ വാദം എത്രതന്നെ ന്യായവും
യുക്തിയുക്തവുമായിരുന്നാലും, സ്വാൎത്ഥകതല്പരന്മാരായ ഭീരു
ക്കൾക്ക് അനൎഹമായ അധികാരം സിദ്ധിക്കുമ്പോൾ, ശത്രുക്കളു
ടെ സത്യാവസ്ഥയും ന്യായങ്ങളും അവരുടെ ഉദ്ദേശസാദ്ധ്യത്തിന്നു
പ്രതിബന്ധമായിത്തീരുന്നതിനാൽ, സ്വീകാരയോഗ്യമായ വാദ
ങ്ങളൊന്നും അവർ സ്വീകരിക്കുന്നതല്ല. ബേയിലിയെ വിസ്തരിച്ച
ന്യായാധിപതിമാർ മനസ്സാക്ഷിയൊ മഹാമനസ്കതയൊ ഇല്ലാത്ത
വരായിരുന്നതിനാൽ, അദ്ദേഹത്തിനെ നിൎദ്ദയമായി തൂക്കിക്കൊ
ല്ലുവാൻ വിധിച്ചു. വിധി വായിച്ചുകേട്ടപ്പോൾ ബേയിലി ഇപ്രകാ
രം പറഞ്ഞു: "പ്രഭുക്കളെ! സമയം ചുരുക്കം; വിധിയൊ കഠിനം;

നിങ്ങളെ ീവിച്ചിരിക്കുവാൻ യോഗ്യരാക്കിയതുപോലെ എന്നെ മരിക്കുവാൻ യോഗ്യനാക്കിയ എൻെറ ദൈവത്തോടു ഞാൻ വളരെ കൃതജ്ഞനായിരിക്കുന്നു". ബേയിലി അനന്യസാധാരണമായ ശാന്തതയോടും നിശ്ചലമായ ഈശ്വരഭക്തിയോടുംകൂടെ സഹോദരിയുടെ കൈപിടിച്ചുംകൊണ്ടു തൂക്കുമ്പാടിന്മേൽ കയറിനിന്നു താൻ നിർദ്ദോഷിയാണെന്നു ദൃഢമായി പറഞ്ഞുമരിക്കാൻ സന്നദ്ധനായി.

വളരെ യോഗ്യനും നിർദ്ദോഷിയും ഗുണവാനുമായ റോബർട്ട് ബേയിലിയെ നില്ലജ്ജം വധിച്ചു എങ്കിലും, അദ്ദേഹം ജനങ്ങളാൽ "സ്കോട്ടിഷ്സിഡ്നി" എന്നു സസ്മരിക്കപ്പെട്ടു. ബേയിലിയുടെ വസ്തുവഹകൾ കണ്ടു കെട്ടിയതുകൊണ്ടു കുടുംബംതീരെ നശിച്ചുപോയി. അദ്ദേഹത്തിൻെറ പുത്രൻ, ജോർജ്ജ്, അക്കാലത്തു മററു കുടുംബക്കാർ ചെയ്തതുപോലെ, ഹോളണ്ടിൽ ചെന്നു രക്ഷപ്പെട്ടു.

ഇനി നമ്മുടെ കഥാനായികയുടെ കുടുംബസ്ഥിതിയെപ്പററി അല്പം അന്വേഷിക്കാം. സർ പാട്രിക് ഹ്യൂം കുറച്ചുകാലം ഒളിച്ചിരുന്നു. ഹ്യൂം ഒളിച്ചിരുന്ന ആ സ്ഥലം തൻെറ പൂർവ്വന്മാരുടെ ശവക്കല്ലറയായിരുന്നു. സർ പാട്രിക്ക് ഇരിക്കുന്നത് ഇന്ന സ്ഥലത്താണെന്ന് അദ്ദേഹത്തിൻെറ ഭാര്യയും പുത്രിയും വിശ്വസ്തനും ആശ്രിതനുമായ ഒരു മരാശാരിയും മാത്രമേ അറിഞ്ഞിരുന്നുള്ളു. ശുദ്ധവായുവും വെളിച്ചവും വേണ്ടുംവണ്ണം കിട്ടായ്കനിമിത്തം സർ പാട്രിക്കിൻെറ ആരോഗ്യത്തിന്നു വളരെ കുറവുവന്നു; എങ്കിലും പുത്രിയായ നമ്മുടെ നായികയുടെ പരിചരണവൈശിഷ്ട്യം കൊണ്ട് അത് അത്ര ശോഭിച്ചില്ല. ഒരുദിവസം സർ പാട്രിക്ക് മനോരാജ്യത്തിൽ ഇരിക്കുമ്പോൾ അദ്ദേഹത്തിൻെറ കാൽക്കൽ കിടന്നിരുന്ന ഒരു തലയോട് അല്പാല്പം അനങ്ങുന്നതായി കണ്ടു. അന്ധവിശ്വാസം പ്രബലമായിരുന്ന കാലം; പൂർവ്വന്മാരുടെ മൃതശരീരങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലം; മതസംബന്ധമായ ഭിന്നാഭിപ്രായം നിമിത്തം സംഭവിച്ച ആപത്ത്; ഈ അവസ്ഥ

യിൽ ഒരുവൻ എത്രതന്നെ ധീരനും തത്വജ്ഞാനിയുമായിരുന്നാലും, ആകസ്മികമായി സംഭവിക്കുന്ന ചില സംഗതികളിൽ അകാരണമായി മനസ്സിൽ അസ്വാസ്ഥ്യമുണ്ടാകുന്നതു സ്വാഭാവികമാകയാൽ, തലയോടിന്റെ ചലനം സർ പാട്രിക്കിനെ വല്ലാതെ പരിഭ്രമിപ്പിച്ചു. അസാധാരണ സംഭവംകൊണ്ടുണ്ടാകുന്ന ഭയത്തിൽനിന്നു രക്ഷപ്പെടുവാൻ മാൎഗ്ഗമില്ലെന്നു ബോദ്ധ്യംവരുമ്പോൾ നിരാശനിമിത്തം അസംഗതമായ ധൈൎയ്യമുണ്ടാകുന്നതു സാധാരണയാകയാൽ, ഈ അവസരത്തിൽ സർ പാട്രിക്ക് അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന ചൂരൽവടികൊണ്ടു ധൈൎയ്യത്തോടെ തലയോടു മറിച്ചിട്ടു. അപ്പോൾ അതിന്റെ ഉള്ളിൽനിന്ന് ഒരു ചുണ്ടെലിപുറത്തു ചാടി. ഇതു കണ്ടപ്പോൾ അദ്ദേഹത്തിനു സമാധാനമുണ്ടായി എങ്കിലും, തന്റെ പരിഭ്രമത്തെക്കുറിച്ചു ലജ്ജതോന്നാതിരുന്നില്ല. അപ്രകൃതമായ ചില കാഴ്ചകളിൽ മനുഷ്യൎക്കു ഭയമുണ്ടാകാതിരിക്കാൻ പിൻകാലങ്ങളിൽ സർ പാട്രിക്ക് ഈ സംഭവത്തെപ്പറ്റി നേരമ്പോക്കു പറയാറുണ്ടായിരുന്നു.

നമ്മുടെ നായികയായ ഗ്രിസ്സലിന്റെ ധീരത അന്നിതരവനിതാസാധാരണമായിരുന്നു. ഈ യുവതി ദിവസംതോറും അൎദ്ധരാത്രി സമയത്ത് ഏകാകിനിയായി വിജനമായ വീഥികളിൽകൂടെ പിതാവിനുള്ള ഭക്ഷണപാനാദികൾ പതിവായി കൊണ്ടുപോയി കൊടുത്തു കുറെനേരം പിതാവിനെ ആശ്വസിപ്പിച്ചുകൊണ്ട് അവിടെ താമസിച്ചു പ്രഭാതത്തിനു മുമ്പായി വീട്ടിലേക്കു പോരും. ഗ്രിസ്സലിന് അൎദ്ധരാത്രിയിൽ ഇരുട്ടത്തു സഞ്ചരിക്കുന്നതിനല്ലായിരുന്നു പേടി; പിതാവിനെ പിടിച്ചു കൊണ്ടുപോകുവാൻ നടന്നിരുന്ന പട്ടാളക്കാരെ കുറിച്ചായിരുന്നു. ഇങ്ങിനെ പോകുമ്പോൾ ഒരു ഇലപോലും അനങ്ങുന്ന ശബ്ദം കേട്ടാൽ, ആ ശബ്ദത്തിന്റെ കാരണം സൂക്ഷ്മമായി അറിയുന്നതുവരെ ഗ്രിസ്സൽ വല്ലിടത്തും ഒളിച്ചുനിന്നതിനുശേഷമേ നടക്കുകയുള്ളൂ. വീട്ടിൽ വേലക്കാരേയും വഴിയിൽ പട്ടാളക്കാരേയും ഒരുപോലെ ഭയപ്പെടേണ്ടിയിരുന്നു. ഭൃത്യന്മാൎക്കു യാതൊരു സംശയവും കൂടാതെ പിതാവിനുള്ള ഭക്ഷ്യ

ങ്ങൾ കൊണ്ടുപോകാനായിരുന്നു അധികം പ്രയാസം. ആടിൻെറ തലകൊണ്ടുണ്ടാക്കിയ കറി സർ പാട്രിക്കിനു വളരെ ഇഷ്ടമായിരുന്നു. ഒരു ദിവസം എല്ലാവരും ഭക്ഷണത്തിന്നിരുന്നു. കുട്ടികൾ 'ബ്രോത്തു'കുടിക്കുന്ന സമയത്തു ഗ്രിസ്സൽ ആരും അറിയാതെ മേല്പറഞ്ഞ കറിയിൽ മുക്കാൽഭാഗവും ഒളിച്ചുവെച്ചു. ഗ്രിസ്സലിൻെറ സഹോദരൻ സാണ്ടി ബ്രോത്തു കുടിച്ചു കഴിഞ്ഞ് അത്ഭുതത്തോടെ "അമ്മേ! ഇതു നോക്കൂ! ഞങ്ങൾ ബ്രോത്തുകുടിക്കുന്നതിനിടയ്ക്കു ഗ്രിസ്സൽ ആട്ടിൻതല മുക്കാലും തിന്നു" എന്നു പറഞ്ഞു. ഈ സംഭവം അവർക്കൊക്കെ വളരെ രസമായി. സർ പാട്രിക്ക് അന്നു സുഖമായി ഭക്ഷിച്ചു; പക്ഷേ, "ഇനി ഈ കറിയുണ്ടാക്കുമ്പോൾ സാണ്ടിക്കു ധാരാളം കൊടുക്കണം" എന്നു ഗ്രിസ്സലിനെ ശട്ടം കെട്ടി.

സർ പാട്രിക്കിൻെറ വാസസ്ഥലം ശവക്കല്ലറയിൽനിന്നു മാറേണമെന്നു തീർച്ചയാക്കി. സ്വന്തം ഗൃഹത്തിൽത്തന്നെ ഒരു നിലമറയുണ്ടാക്കി അതിൽ താമസിക്കാമെന്നാണ് വിചാരിച്ചത്. പക്ഷെ, 'ആപത്തു വരുമ്പോൾ കൂട്ടത്തോടെ' എന്ന പഴമൊഴി പ്രകാരം അവിടേയും താമസിക്കാൻ സൌകര്യമില്ലാതായി. വെള്ളംകൊണ്ടു നിലമറ മുങ്ങി. ഈ അവസരത്തിലാണ് റോബർട്ട് ബേയിലിയെ തൂക്കിക്കൊന്ന വർത്തമാനം കേട്ടതു; ഇനി സ്വരാജ്യത്തു താമസിക്കുന്നത് ആപൽക്കരമാണെന്നു തീർച്ചയാക്കി. ഒരു ദിവസം സർ പാട്രിക്ക് വേഷച്ഛന്നനായി ഒരു ഭൃത്യനോടുകൂടെ ദേശാടനത്തിന്നു പുറപ്പെട്ടു. കുറെ ദൂരം ചെന്നപ്പോൾ, സർ പാട്രിക്ക് മനോരാജ്യം നിമിത്തം വഴിതെററി ഭൃത്യനെ വിട്ടുപിരിഞ്ഞു തനിച്ചായി. ഈ സംഭവം 'ഉർവ്വശിശാപം'പോലെ പരിണമിച്ചു. വഴിതെററിപ്പോകാതെ, ശരിയായ വഴിയിൽക്കൂടെ പോയിരുന്നെങ്കിൽ, സർ പാട്രിക്കിനെത്തന്നെ അന്വേഷിച്ചു നടന്നിരുന്ന പട്ടാളക്കാരുടെ കയ്യിൽ പെട്ടുമായിരുന്നു. ദൈവഗത്യാ യാതൊരു അപകടവും സംഭവിക്കാതെ വൈദ്യനാണെന്നുള്ള കപടവേഷത്തിൽ സർ പാട്രിക്ക് ഹോളണ്ടിൽ ചെന്നു ചേർന്നു. പി

താവ് അവിടെ ചെന്നു ചേൎന്ന വൎത്തമാനം മനസ്സിലായപ്പോൾ ഗ്രിസ്സൽ മാതാവിനേയും കുട്ടികളേയും കൂട്ടികൊണ്ടു ഹോളണ്ടിലേക്കു പുറപ്പെട്ടു. ഈ കുടുംബക്കാർ 'ഉട്രെച്ചിൽ' സ്ഥിരതാമസവുമാക്കി.

സർ പാട്രിക്കിന്റെ വസ്തുവഹകൾ ഗവൎമ്മേണ്ടിലേക്കു കണ്ടുകെട്ടുകനിമിത്തം കേവലം ദരിദ്ര്യന്മാരുടെ നിലയിലാണ് 'ഉട്രെച്ചിൽ' താമസിച്ചിരുന്നത്. എങ്കിലും ഗ്രിസ്സലിന്റെ ഗൃഹഭരണനൈപുണ്യംകൊണ്ട് ആ കുടുംബക്കാർ ദാരിദ്ര്യം അനുഭവിച്ചില്ലെന്നുമാത്രമല്ല, സമയോചിതമായ ഔദാൎയ്യംകൊണ്ടും മററം അന്യന്മാൎക്ക് അവരുടെ ദാരിദ്ര്യാവസ്ഥയെ കുറിച്ചു സംശയിക്കുവാൻ പോലും സംഗതിയുമുണ്ടായിട്ടില്ല. അക്കാലത്തു സർ പാട്രിക്കന്റെ സ്വദേശികളായ അനേകം ബഹിഷ്കൃതന്മാർ ഉട്രെച്ചിൽ താമസിച്ചിരുന്നതിനാൽ, ഒരുദിവസമെങ്കിലും ഭക്ഷണത്തിന്ന് ഒന്നും രണ്ടും വിരുന്നുകാർ ഇല്ലാതിരിക്കാറില്ല. താൻ പട്ടിണികിടന്നാലും മററുവിധത്തിൽ കഷ്ടപ്പെട്ടാലും പിതാവിന്റെ ഔദാൎയ്യത്തിന്നും കുടുംബത്തിന്റെ അഭിമാനത്തിനും കുറവുവരാത്തവിധം ഗ്രിസ്സൽ ഗൃഹകൃത്യങ്ങൾ നടത്തിയിരുന്നു. ഈ കുടുംബക്കാർ മൂന്നരകൊല്ലത്തോളം ഇങ്ങിനെ ഹോളണ്ടിൽ താമസിച്ചു. ഈ കാലങ്ങളിൽ ഗ്രിസ്സൽ ഒരു ഗൃഹിണിയുടേയും ദാസിയുടേയും മുറകൾ ശരിയായി നടത്തിയിരുന്നു; എന്നുതന്നെയല്ല, മററകാൎയ്യങ്ങളിൽ പിതാവിന്റെ ആലോചനപ്രകാരം പ്രവൎത്തിക്കുന്നതിനും ഉപദേശിക്കുന്നതിനും ഒരു വിശ്വസ്ഥമിത്രവുമായിരുന്നു. ഈ കുടുംബക്കാർ ഹോളണ്ടിലേക്കു പുറപ്പെട്ടപ്പോൾ ഗ്രിസ്സലിന്റെ അനുജത്തിയായ ജൂലിയാനയ്ക്കു ശരീരസുഖമില്ലാതിരുന്നതിനാൽ തൽക്കാലം ആ കുട്ടിയെ സ്കോട്ട്ലാണ്ടിൽതന്നെ താമസിപ്പിച്ചുപോകേണ്ടിവന്നു. പിന്നെ നമ്മുടെ നായിക തനിയേ ഹോളിണ്ടിൽനിന്നു പോയി സ്കോട്ട്ലാണ്ടിൽ ചെന്ന് ആ കുട്ടിയെ കൂട്ടിക്കൊണ്ടുപോന്നു.

വില്യം എന്ന മഹാരാജാവിന്റേയും മേറി എന്ന മഹാരാജ്ഞിയുടേയും രാജ്യഭരണകാലത്ത് ഈ കുടുംബക്കാരുടെ കഷ്ടപ്പാ

ട്ടകളെല്ലാം തീൻ്റു. സർ പാട്രിക്കിൻെറ മേൽ ചുമത്തിയിരുന്ന കുററങ്ങളെല്ലാം ഇല്ലായ്മചെയ്യു. അദ്ദേഹത്തിൻെറ യോഗ്യതകളും അദ്ദേഹം അനുഭവിച്ച കഷ്ടപ്പാടുകളും ആലോചിച്ചു സര പാട്രിക്കിനു പോൾവാത്ത് പ്രഭുവെന്ന സ്ഥാനവും മററപദവികളും കൊടുത്തു. 1696-ൽ അദ്ദേഹത്തിനെ മാച്ച്മേണ്ട് പ്രഭുവാക്കി. ഈ സുപ്രസിദ്ധനായ സ്വദേശാഭിമാനി 1724-ൽ മരിച്ചു. ഇദ്ദേഹത്തിൻെറ സ്ഥാനത്തിനു പിന്നീട് അവകാശിയായതു നാം മുൻപ്രസ്താവിച്ച സാണ്ടി എന്ന പുത്രനാണ്.

റോബട്ട്ബേയിലിയുടെ മൂത്തപുത്രനായ ജോജ്ജ്ബേയിലിയും ഗ്രിസ്സലും തമ്മിൽ മുമ്പുതന്നെ ആദ്രമായ മമതയുണ്ടായിരുന്നു എന്നു പറഞ്ഞിട്ടുണ്ടല്ലോ. ഇവരുടെ ഈ വികാരം ഹോളണ്ടിൽ താമസിക്കുന്ന കാലത്തും ഗൂഢമായി വളന്നുകൊണ്ടിരുന്നു. ജോജ്ജ്ബേയിലിക്ക് അദ്ദേഹത്തിൻെറ വസ്തുവഹകൾ മുഴുവൻ വിട്ടുകിട്ടുന്നതുവരെ ഇവർ അന്യോന്യാനുരാഗത്തെ പരസ്യപ്പെടുത്തിയില്ല. 1692-ാമാണ്ടു സെപ്റ്റമ്പർമാസം 17-ാംനു- ഇവർ തമ്മിൽ വിവാഹം നടത്തി. പിതാവിൻെറ പ്രഭുത്വംനിമിത്തം നമ്മുടെ നായികയ്ക്കു 'ലേഡി' എന്ന സ്ഥാനപ്പേരിന് അവകാശമുണ്ടായി; അതുകൊണ്ടാണ് ഈ മഹതി 'ലേഡിഗ്രിസ്സൽ ബേയിലി' എന്നു സുപ്രസിദ്ധയായ്ത്തീന്നത്. ലേഡീഗ്രിസ്സലിന് അസാധാരണയായ ദാമ്പത്യഭാഗ്യം ഉണ്ടായിരുന്നു എന്നും താൻ തൻെറ കത്തവ്യകമ്മങ്ങളെല്ലാം ഒരു ഗൃഹിണിയുടെ നിലയിൽ ദൃഷ്ടാന്തയോഗ്യമാകുംവണ്ണം നിവ്വഹിച്ചിരുന്നു എന്നും പറഞ്ഞിട്ടുണ്ട്. ഈ മഹതിക്കു ഗ്രിസ്സൽ എന്നും റച്ചേൽ എന്നും രണ്ടു പുത്രിമാരും ഒരു പുത്രനുമുണ്ടായിരുന്നു. ഇവരിൽ പുത്രൻ ബാല്യത്തിൽതന്നെ മരിച്ചുപോയി. ഗ്രിസ്സൽ എന്ന പുത്രി സ്റ്റാൻഹോപ്പിലെ സർ അലക്സാണ്ടർ മുറെ എന്ന വിദ്വാനെ വിവാഹംചെയ്യു; റച്ചേൽ ബിന്നിങ്ങ്പ്രഭുവിനേയും വിവാഹംചെയ്യു. തൻെറ ഭത്താവിൻെറ മരണാനന്തരം എട്ടുകൊല്ലം ജീവിച്ചിരുന്നതിൽപിന്നെ 1746-ൽ നമ്മുടെ നായിക ലണ്ടൻപട്ടണത്തിൽവെച്ചു മരി

ച്ചു. ഈ മഹതിയുടെ അവസാനകാലത്തെ ആഗ്രഹം തൻെറ ഭ ത്താവിൻെറ സമീപം തന്നേയും സംസ്കരിക്കേണമെന്നായിരുന്നു. ഈ വക ചിലവിന്നായി, തനിക്കു സഹജമായ മുൻകരുതലോടു കൂടി, നമ്മുടെ നായിക ഒരു മടിശ്ശീല പവൻ സൂക്ഷിച്ചുവെച്ചിരു ന്നു. ലേഡിഗ്രിസ്സൽ ബേയിലിയുടെ ഓൎമ്മയെ നിലനിൎത്തുന്നത് ആ സ്ത്രീരത്നം ബാല്യത്തിൽ പ്രദൎശിപ്പിച്ചിട്ടുള്ള പിതൃഭക്തി, ധീര ത മുതലായവകൊണ്ടു മാത്രമല്ല; കവിതാവാസനനിമിത്തം സ്കോ ട്ട്ലാണ്ടിലെ ഗായകികളുടെ കൂട്ടത്തിൽ ഒരു മുഖ്യപദവിയെ അ ഹിച്ചിരുന്നതുകൊണ്ടും ഈ സ്ത്രീരത്നം അനശ്വരമായ കീൎത്തിക്കു പാത്രീഭവിച്ചു.

നമ്മുടെ കഥാനായികയുടെ പ്രകൃതിയേയും ആകൃതിയേയും പററി പൂൎണ്ണമായ ഒരു ഭാവനയുണ്ടാകുന്നതിനു പുത്രിയായ ലേ ഡിമുറെ ഈ മഹതിയുടെ ജീവചരിത്രത്തിൽ താഴെ പറയുംപ്രകാ രം പ്രസ്താവിച്ചിരിക്കുന്ന സംഗതികൾ മതിയാവുന്നതാണ്: "മാ താവു പതിവായി ചന്തയിൽപോയി സാമാനങ്ങൾ വാങ്ങികൊ ണ്ടുവരും; താൻതന്നെ ധാന്യങ്ങൾ പൊടിക്കും; വീട് അടിച്ചുവാ രി തുടക്കും; ഭക്ഷണം പാകംചെയ്യും; കുട്ടികൾക്കു മററം വേണ്ടുന്ന ഉടുപ്പുകൾ തുന്നും; എന്നുവേണ്ടാ, ഒരു വീട്ടിൽ, വേലക്കാരില്ലാതി രുന്നാൽ, ഒരു ഗൃഹിണി എന്തെല്ലാം വേലകൾ ചെയ്യേണമോ അതെല്ലാം ചെയ്യും. ചിററമ്മയ്ക്കു പാടുവാനും പിയാനൊ വായി ക്കുവാനും നല്ല സാമൎത്ഥ്യമുണ്ടായിരുന്നതല്ലാതെ, ഗൃഹകൃത്യങ്ങളി ലൊന്നും പരിചയമുണ്ടായിരുന്നില്ല. എൻെറ മാതാവിനും സംഗീ തത്തിൽ വാസനയും സാമൎത്ഥ്യവുമുണ്ടായിരുന്നു; പക്ഷെ, 'വെള്ള ത്തോടൻെറ അലക്കൊഴിഞ്ഞിട്ടു കാശിക്കുപോകാൻ നേരമില്ലാ' എ ന്നു പറയുന്നതുപോലെ, വീട്ടുവേലകൾ കഴിഞ്ഞിട്ടു മറെറാന്നിനും സമയമുണ്ടായിരുന്നില്ല. അമ്മയും ചിററമ്മയും അവരവരുടെ ജോലികളെ കുറിച്ചു പല ഫലിതങ്ങളും പറയാറുണ്ട്. മാതാവു ദി വസംതോറും പുലച്ചെയ്ക്കുഴുനേററു മുത്തച്ഛൻെറ നെരിപ്പോടുകത്തി ച്ചു തയാറാക്കി അദ്ദേഹത്തെ ഉണൎത്തി പ്രാതലിനുള്ള ബിയറും മററും ഒരുക്കിവെക്കും. അതിനുശേഷം കുട്ടികളെ എടുത്തു മുത്ത

ച്ഛൻെറ മുറിയിൽ കൊണ്ടുപോയാക്കും; അവിടെവെച്ചാണ് അദ്ദേഹം ഓരോരുത്തരുടെ പ്രായത്തിന്ന് അനുസരിച്ച പാഠങ്ങൾ പഠിപ്പിച്ചിരുന്നത്. എൻെറ മാതാവു സമയം കിട്ടുമ്പോഴൊക്കെ മുത്തച്ഛൻെറ അടുക്കൽ ഇരുന്നു ഫ്രഞ്ചും ഡച്ചും ഭാഷകൾ പഠിക്കുകയും അദ്ദേഹത്തിനെ പാട്ടുപാടി സന്തോഷിപ്പിക്കുകയും ചെയ്തിരുന്നു. മാതാവ് ഹോളണ്ടിൽ താമസിച്ചിരുന്ന കാലത്ത് എഴുതിയ ഒരു പാട്ടുപുസ്തകം ഇന്നും എൻെറ കൈവശമുണ്ട്; ചിലപാട്ടുകൾ പകുതിമാത്രമേ എഴുതീട്ടുള്ളു; ചില പാദങ്ങൾ പോലും പൂരിപ്പിക്കാതെ കിടപ്പുണ്ട്. തൻെറ ജോലികൾക്കു വീഴ്ചവരാതെ മററുള്ളവരോടുകൂടി വെടിപറയുന്നതു മാതാവിനും രസകരമായിരുന്നു".

"എൻെറ മാതാവിൻെറ പ്രവൃത്തി അവരുടെ ചിത്തവൃത്തിയെ തെളിയിച്ചിരുന്നു. അതുപോലെതന്നെ ആകൃതിയും അല്പം അസാധാരണയായിരുന്നു. മാതാവിൻെറ ദേഹം വളരെ തനുവോ കൃശമോ ആയിരുന്നില്ല. അവയവങ്ങൾ വിഭക്തങ്ങളും വളരെ സൌന്ദൎയ്യമുള്ളവയുമായിരുന്നു. നേത്രങ്ങൾ അനിതരസാധാരണമായ സുപ്രസന്നതയും സൌമ്യതയുമുള്ളവയായിരുന്നു. ലളിതമായ ചേഷ്ടകൾ; കറുത്തിരുണ്ട തലമുടി; ജീവകാലം മുഴുവൻ ആചരിച്ചുപോന്ന മിതമായ ദിനചൎയ്യം നിമിത്തം, പതിനഞ്ചുവയസ്സുപ്രായമുള്ള യുവതികളുടെ അധരങ്ങളിലും കപോലങ്ങളിലും ഉണ്ടായിരിക്കുന്നതുപോലുള്ള രക്തപ്രസന്നതയോടുകൂടിയ ദേഹകാന്തി; ഇവയുടെ ഭംഗിക്ക് ഒരിക്കലും കുറവുണ്ടായിട്ടില്ല.. മററുള്ളവർ ഉപയോഗിക്കുന്ന ഭക്ഷ്യങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടു തനിക്കു യാതൊരു സുഖക്കേടും ഉണ്ടാകുന്നതല്ലായിരുന്നെങ്കിലും താൻ അധികമായി ഇഷ്ടപ്പെട്ടിരുന്നതും ഉപയോഗിച്ചിരുന്നതും പാലുമുതലായ സുഖജീൎണ്ണപദാൎത്ഥങ്ങളാകുന്നു. ലഹരിദ്രവ്യത്തേക്കാൾ ശുദ്ധജലമാണ് ഇഷ്ടപ്പെട്ടിരുന്നത്. പലപ്പോഴും വീഞ്ഞു കുടിക്കേണ്ടതായി വന്നിട്ടുണ്ടെങ്കിലും, അതു കുടിച്ചിട്ടുള്ളതു വൈമനസ്യത്തോടുകൂടിയാണ്".

SRI KRISHNAVILASAM READING ROOM
MALAYINKEEL



POORAMTHIRUNAL AMMATHAMPURAN

## ൨൦. പൂരംതിരുനാൾതമ്പുരാട്ടി.

'സകലകലാവല്ലഭന്മാർ' എന്ന മാന്യപദത്തെ അർഹിക്കുന്ന അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ തിരുമനസ്സിനേയും കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിനേയും അറിയാത്തവർ മലയാളികളിൽ ഉണ്ടോ എന്നു സംശയമാണ്. എന്നാൽ ഫലങ്ങളുടെ മാധുര്യാദിവൈശിഷ്ട്യത്തെപ്പററി അറിഞ്ഞിട്ടുള്ളവരിൽ മിക്കവരും അവയുടെ ജന്മഹേതുവായ വൃക്ഷത്തിന്റെ മാഹാത്മ്യത്തെകുറിച്ച് അന്വേഷിക്കാതേയും ഗ്രഹിക്കാതേയുമിരിക്കുന്നതുപോലെയാകുന്നു ഈ മഹാനുഭാവന്മാരുടെ സകല അഭ്യുദയങ്ങൾക്കും ഹേതുഭൂതയായ നമ്മുടെ കഥാനായികയെക്കുറിച്ചു വിവരമായ അറിവു മലയാളികൾക്ക് ഇല്ലാതിരിക്കുന്നത്. ഗൈഹികവൃത്തിയിലും ബാലപരിചരണത്തിലും മററും മലയാളസ്ത്രീകൾ അനുകരിക്കത്തക്ക ഗുണങ്ങളോടുകൂടിയ ഈ തമ്പുരാട്ടിയുടെ ഒരു സംക്ഷിപ്തജീവചരിത്രം വളരെ ഉപകാരപ്രദമായിരിക്കുമെന്നുള്ളതിനു സംശയമില്ല.

പൂരംതിരുനാൾ അനന്തപുരത്തു വലിയതമ്പുരാട്ടി കൊല്ലവഷം 1000-മാണ്ടു ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ ജനിച്ചു. അവിടത്തെ ജനനി സുശീലയും ഗൃഹകൃത്യങ്ങളിൽ അതിനിപുണയുമായിരുന്നു; ജനകൻ വിദ്വാനായ പുലപ്പാക്കരനമ്പൂരിയായിരുന്നു. അക്കാലത്തു പെൺകുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്ന സമ്പ്രദായം പരക്കെ നടപ്പുണ്ടായിരുന്നില്ല; എങ്കിലും പ്രഭുക്കന്മാരുടെ ഗൃഹങ്ങളിലെ ഏപ്പാടനുസരിച്ചു കൊച്ചുതമ്പുരാട്ടിയേയും, ശേഷം കുട്ടികളുടെ കൂട്ടത്തിൽ, ആശാൻ വാരിയരുടെ അടുക്കൽ എഴുതാൻ അയച്ചു. പഴയസമ്പ്രദായപ്രകാരം കുട്ടികളെ പഠിപ്പിക്കുന്നതിൽ നമ്മുടെ വാരിയർ വളരെ സമത്ഥനായിരുന്നതുകൊണ്ടും നമ്മുടെ നായിക വളരെ പ്രാജ്ഞയായിരുന്നതുകൊണ്ടും തമ്പുരാട്ടിക്ക് ഏകദേശം പന്ത്രണ്ടുവയസ്സു പ്രായമായപ്പോഴേക്കും കാവ്യങ്ങളിൽ വ്യുല്പത്തിയും ജ്യോതിഷത്തിനുവേണ്ടുന്ന ഉപകരണങ്ങളുടെ മുഖപാഠവും ലഭിച്ചു. ബാല്യത്തിൽത്തന്നെ അവിടത്തെ

പള്ളിക്കെട്ടും കഴിഞ്ഞു. 'വലിയതമ്പാട്ടി' പോയി 'കൊച്ചുതമ്പുരാട്ടി' ആയിത്തീൎന്നാൽ ഉടനെ പ്രഭുകടുംബങ്ങളിലെ കുമാരിമാർ പ്രായേണ ഗ്രന്ഥങ്ങൾ കെട്ടിവെക്കും; പിന്നെ വിജ്ഞാനവൎദ്ധനക്കുവേണ്ടിയ വഴികളെല്ലാം അടച്ചുസൂക്ഷിക്കുന്നതാണ് പതിവ്. പിന്നീട്ടു വിദ്യാഭിവൃദ്ധിക്കുള്ള സൌകൎയ്യവും വളരെ കുറവായിരിക്കും. എന്നാൽ നമ്മുടെ നായികയുടെ സ്ഥിതി അങ്ങിനെയല്ലായിരുന്നു. അവിടത്തെ പ്രിയഭൎത്താവായ മുല്ലപ്പിള്ളിനമ്പൂരി വളരെ വിദ്വാനായിരുന്നതുകൊണ്ടും തമ്പുരാട്ടിക്കു വിദ്യാവിഷയത്തിൽ പ്രത്യേകം പ്രതിപത്തിയുണ്ടായിരുന്നതുകൊണ്ടും സാധാരണതമ്പുട്ടിമാരേപ്പോലെ വൃഥാ കാലക്ഷേപം ചെയ്യേണ്ടിവന്നില്ല. എന്നുതന്നെയുമല്ല, ഭൎത്താവിന്റെ സഹവാസംനിമിത്തം തമ്പുരാട്ടി ക്രമേണ ഒരു വിദുഷിയായിത്തീരുകയുംചെയ്തു.

ദാമ്പത്യസുഖത്തിന്റെ സ്ഥായിയായ ഫലവും മാനുഷജന്മത്തിന്റെ പൂൎണ്ണമായ കൃതാൎത്ഥതയും ദമ്പതിമാൎക്കു സൽപുത്രപ്രാപ്തിയാണല്ലോ. നമ്മുടെ തമ്പുരാട്ടി പതിമ്മൂന്നാമത്തെ വയസ്സിലാണ് അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ തിരുമനസ്സിനെ പ്രസവിച്ചത്. അവിടത്തെ ദ്വിതീയപുത്രനാണ് നമ്മുടെ കേരളകാളിദാസൻ എന്നു ശ്രുതിപ്പെട്ട കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്. തമ്പുരാട്ടിക്ക് ഈ മഹാനുഭാവന്മാർ കൂടാതെ അഞ്ചു പുത്രന്മാരും രണ്ടു പുത്രിമാരും ജനിച്ചു; എങ്കിലും അവരിൽ രണ്ടു പുത്രന്മാരും പുത്രിമാരും അകാലകാലഗതിയെ പ്രാപിച്ചു. എന്നാൽ അതിനുശേഷം ഒരു പുത്രിയുംകൂടെ ജനിച്ചതിനാൽ ഈ ദമ്പതിമാരുടെ ദുഃഖത്തിനു വളരെ ശാന്തതയുണ്ടായി. ഗൈഹികമായ ചില അസൌകൎയ്യങ്ങൾ നിമിത്തം തമ്പുരാട്ടി ൧൦൪൦-ാമാണ്ടിൽ കാൎത്തികപ്പള്ളിയിൽഎഴുന്നള്ളിതാമസമാക്കി. പിന്നിട്ടു മൂത്തകോയിത്തമ്പുരാൻ തിരുമനസ്സിലെ ഉത്സാഹത്തിന്മേൽ അരിപ്പാട്ടു 'അനന്തപുരം' എന്ന് ഒരു കൊട്ടാരം പണിയിക്കുകയും തമ്പുരാട്ടി അതിലേക്ക് എഴുന്നള്ളുകയുംചെയ്തു.

നമ്മുടെ നായികയ്ക്കു നേരിട്ടിരിക്കുന്ന ദുഃഖങ്ങൾ ഇന്നിന്ന വിധമാണെന്നു വിവരിക്കുവാൻ പ്രയാസമാണ്. സന്താനങ്ങളുടെ മരണം മാതാക്കന്മാക്കു തീൎത്താലും തീരാത്ത ദുഃഖമാണെന്ന് എല്ലാവക്കും അറിയാമല്ലോ. നമ്മുടെ തമ്പുരാട്ടിക്ക് ആ ദുഃഖത്തിനുംപുറമെ, സന്താനങ്ങളെപ്പററിയുണ്ടാകാവുന്ന പലവിധമായ മനോവേദനകളും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇവയെല്ലാം വിവേകത്തോടും ക്ഷമയോടും ധൈൎയ്യത്തോടും സഹിച്ചുകൊണ്ട് ഈശ്വരാരാധനയിങ്കൽ വളരെ താല്പൎയ്യത്തോടെയാണ് ദിവസം കഴിച്ചിരുന്നത്. ആപത്തുകളിൽ സാധാരണ സ്ത്രീകൾക്കുണ്ടാകുന്ന പരിഭ്രമം നമ്മുടെ തമ്പുരാട്ടിക്കു തീരെ ഉണ്ടായിരുന്നില്ല. ഗൃഹഭരണം എന്ന കൃത്യം നിസ്സാരമാണെന്നു പലക്കും അഭിപ്രായമുണ്ടായേക്കാം. എന്നാൽ വാസ്തവം അങ്ങിനെയല്ല. അതിനുള്ള സാമൎത്ഥ്യം ഒന്നു വേറെതന്നെയാണ്. ഈ സാമൎത്ഥ്യം എല്ലാ സ്ത്രീപുരുഷന്മാക്കും ഉണ്ടാകുന്നതല്ല. പൂരംതിരുനാൾ തമ്പുരാട്ടിക്ക് ഈ വിഷയത്തിൽ ഉണ്ടായിരുന്ന സാമൎത്ഥ്യം മററു സ്ത്രീകളിൽ സാധാരണ അധികമായി കാണാത്തവിധമായിരുന്നു. മലയാളത്തിലെ പ്രഭുക്കളുടെ കുടുംബങ്ങളിലെ സ്ത്രീകൾക്കു ഭൎത്തൃശുശ്രൂഷയിൽ സാധാരണയായി ആലസ്യം കണ്ടുവരുന്നുണ്ട്. അതിനു കാരണം ദമ്പതിമാരുടെ അവസ്ഥാഭേദമായിരിക്കാം. എന്നാൽ നമ്മുടെ നായികയുടെ സ്ഥിതി അങ്ങിനെയല്ലായിരുന്നു. 'ഭാൎയ്യയാകുന്നതവളേവൾ മന്ദിരദക്ഷാ; ഭാൎയ്യയാകുന്നതവളേവൾ വല്ലഭപ്രാണാ; ഭാൎയ്യയാകുന്നതവളേവൾ അഥിതിപ്രിയാ' എന്നെല്ലാമാണല്ലോ നിശ്ചയം. ഈവക സകലഗുണങ്ങളും തികഞ്ഞ 'ഭാൎയ്യ'യായിരുന്നു ഈ തമ്പുരാട്ടി. ബാലപരിചരണത്തിൽ അവിടയ്ക്കുണ്ടായിരുന്ന സാമൎത്ഥ്യം അതിശയിക്കത്തക്കതായിരുന്നു. മാതാവിൻെറ പരിചരണസമ്പ്രദായത്തെ അനുസരിച്ചിരിക്കും കുട്ടികളുടെ ഭാവിയായ യോഗ്യതായോഗ്യതകൾ എന്ന് അവിടന്നു ധരിച്ചിട്ടുണ്ടായിരുന്നു. ഈ വിഷയത്തിൽ തമ്പുരാട്ടിക്കുണ്ടാ

യിരുന്ന പ്രത്യേകസാമത്ഥ്യത്തിൻെറ ഫലമാകുന്നു അവിടത്തെ മഹാമനസ്കന്മാരായ പുത്രന്മാർ. ഈ മഹാത്മാക്കളിൽ നാം ഇപ്പോൾ കാണുന്ന ഔദാൎയ്യാദിനന്മകൾ ഇവർ ഈ മാതാവിങ്കൽ നിന്നു് ആൎജ്ജിച്ചവയാകുന്നു. ഈ തമ്പുരാട്ടിക്കു ധൎമ്മംചെയ്യുന്നതിലും അന്യന്മാൎക്കു് ഉപകാരം ചെയ്യുന്നതിലും വളരെ താല്പൎയ്യമുണ്ടായിരുന്നു. സൽക്കൎമ്മങ്ങൾ ചെയ്തിരുന്നതു് അവശ്യമായിക്കൊണ്ടു മാത്രമല്ലാതെ, മറെറാരു ഉദ്ദേശത്തോടുകൂടിയല്ല. ഈ കീൎത്തിമതി ൧൦൫൯-ാമാണ്ടു കൎക്കിടകമാസത്തിൽ തൻെറ ൪൯-ാമത്തെ വയസ്സിൽ യോഗ്യന്മാരായ നാലു പുത്രന്മാരാൽ പരിചരിതയായി സ്വൈരമായി ഐഹികത്തെ വെടിഞ്ഞു പാരത്രികപദത്തെ പ്രാപിച്ചു.

---

## ൪൯. വലിയ ഇക്കുഅമ്മതമ്പുരാൻ

### തിരുമനസ്സുകൊണ്ടു്.

---

പാശ്ചാത്യനാരിമാരുടെ മാതിരി ഹിന്ദുസ്ത്രീകളുടെ കീൎത്തിക്കു് അത്ര പ്രചാരമില്ല. വിദുഷികളായ നമ്മുടെ വനിതാരത്നങ്ങളുടെ സഹജമായ വിനയംനിമിത്തം അവരുടെ യോഗ്യതകളെ വെളിപ്പെടുത്തുന്നതിൽ വളരെ വൈമനസ്യം കാണുന്നുണ്ടു. തന്മൂലം അവരുടെ ദൃഷ്ടാന്തയോഗ്യമായ ജീവചരിത്രം മിക്കവാറും വിസ്മരിച്ചുപോകുന്നു. മനുഷ്യർ ഇത്ര പരിഷ്കാരത്തെ പ്രാപിച്ചിരിക്കുന്നതു് അവരുടെ അനുകരണശക്തികൊണ്ടാണു്. സ്ത്രീകളുടെ അഭ്യുദയവും അനുകരണത്തേയാണു് ആശ്രയിക്കുന്നതു്. ഇതിനു ജാപ്പാനിയരുടെ തല്ക്കാലസ്ഥിതി മതിയായ ദൃഷ്ടാന്തമാണല്ലൊ. നമ്മുടെ ഇടയിലുള്ള ഓരോ മഹതികളുടെ ജീവചരിത്രം മലയാളത്തിലെ സ്ത്രീജനങ്ങൾക്കു് ഓരോ നല്ല പാഠമായിരിക്കും.

'മുമ്പിൽഗമിച്ചീടിനഗോവുതൻെറ പിമ്പേഗമിക്കുംബഹുഗോക്കു

SRI KRISHNA VILASAM READING ROOM
MALAYINKEEL



വലിയ ഇളയമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ട്.

ളെല്ലാം' എന്നുള്ളത് അനുകരണവിഷയത്തിൽ വളരെ വാസ്തവമായിട്ടുള്ളതാകുന്നു.

ഈ തിരുമനസ്സിലെ ജീവചരിത്രം നമ്മുടെ സ്ത്രീകൾക്കു ദൃഷ്ടാന്തയോഗ്യമായ ഒരു പാഠമാണെന്നതിനു സംശയമില്ല. ഈ തിരുമനസ്സിലെ ജനനം ൧൦൪൦-ാമാണ്ടു മേടമാസം ൧൬-ാംനു-തിങ്കളാഴ്ച മകയിരം നാളിലാകുന്നു. ഇപ്പോൾ ൬൦ വയസ്സു പ്രായമായി. തിരുമനസ്സിലെ മാതാപിതാക്കന്മാരുടെ യോഗ്യത വിചാരിക്കുമ്പോൾ, 'പിടിയാന പെറുംകുട്ടി കടിയാ കിടിയാകുമൊ?' എന്നു സരസനായ ഒരു കവി ചോദിച്ചതുപോലെ അന്യഥാ സംശയിക്കുവാനില്ല. ഈ തിരുമേനി തീപ്പെട്ട കുഞ്ഞമ്മതമ്പുരാൻ തിരുമനസ്സിലെ ദ്വിതീയപുത്രിയാണ്. മാതാവു വളരെ ലോകവ്യുല്പത്തിയും സംഗീതത്തിലും കവിതയിലും വളരെ വാസനയും ഉള്ള ഒരു രാജ്ഞിയായിരുന്നു. പിതാവു വളരെ ഈശ്വരഭക്തനും സദാചാരനിരതനും, പ്രത്യേകിച്ചു സത്യസന്ധനുമായ കൂടലാറ്റുപുറത്തു കുഞ്ചുനമ്പൂരിപ്പാടായിരുന്നു. ഈ തിരുമേനി സാഹിത്യവിഷയത്തിലും സദ്വൃത്തിയിലും മാതാപിതാക്കന്മാരുടെ നേരുപകർപ്പും സ്ത്രീജനങ്ങൾക്ക് ഒരു മാതൃകയും ആകുന്നു. ഈ തിരുമേനിക്കു വളരെ വിദ്വാന്മാരായ നാലു സഹോദരന്മാരുണ്ടായിരുന്നു; നിർഭാഗ്യവശാൽ അവരിൽ ആരുംതന്നെ ഇപ്പോൾ ജീവിച്ചിരിക്കുന്നില്ല. നാലു സഹോദരിമാരുള്ളവരിൽ മൂത്തത് ഇപ്പോഴത്തെ കുഞ്ഞമ്മതമ്പുരാൻതിരുമനസ്സുകൊണ്ടാകുന്നു.

തിരുമനസ്സിലെ ശൈശവം മുഴുവൻ മാതാവിന്റെ പരിചരണത്തിൻകീഴിലായിരുന്നു. ആദ്യകാലത്തു വിദ്യ അഭ്യസിപ്പിച്ചിരിക്കുന്നതു മൂഴിക്കുളത്തു കുഞ്ഞുണ്ണിനമ്പ്യാരാകുന്നു. പാലപ്പുറത്തു ഗോവിന്ദൻനമ്പ്യാരുടെ കീഴിലാകുന്നു കാവ്യനാടകാലങ്കാരാദികൾ പഠിച്ചിരിക്കുന്നത്. തർക്കസംഗ്രഹം പഠിച്ചിരിക്കുന്നതു സാക്ഷാൽ പട്ടത്തോൾ വിദ്വാൻനമ്പൂതിരിപ്പാട്ടിലെ അടുക്കലാണ്. എടപ്പലസ്സനമ്പൂതിരിപ്പാട്ടിലെ അടുക്കലൊണ് വ്യാകരണം

പഠിച്ചിരിക്കുന്നത്. സിദ്ധാന്തകൌമുദി, തത്വബോധിനി, പരിഭാഷേന്ദുശേഖരം എന്നീ വ്യാകരണഗ്രന്ഥങ്ങളാണ് പഠിച്ചിരിക്കുന്നത്. തിരുമനസ്സിലേക്ക് ആദ്യകാലത്തുതന്നെ വ്യാകരണത്തിലായിരുന്നു അധികമായ അഭിരുചി.

തിരുമനസ്സിലെ വിവാഹം ൧൦൩൨-ാമാണ്ടു വൃശ്ചികമാസം ൧൭-ാംനു-യായിരുന്നു. വിവാഹംചെയ്തു ആഠ മഠസ്യ നമ്പൂരിയാണ്. തിരുമനസ്സിലേക്ക് അഞ്ചു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. ഇവരിൽ ഇപ്പോഠ രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരും മാത്രമേയുള്ളു. പുത്രന്മാർ ബി. ഏ. പാസ്സായ രണ്ടു യുവരാജാക്കന്മാരാകുന്നു; പുത്രിമാർ തക്കശാസ്ത്രത്തിൽ സമത്ഥകളായ രണ്ടു വിദുഷികളാണ്.

ഈ തിരുമനസ്സിലെ വൈദുഷ്യം പ്രചരിക്കാതിരിക്കുവാനുള്ള കാരണം സഹജമായ വിനയവും ശാസ്ത്രപഠനത്താൽ സിദ്ധിച്ച വിഷയവൈരാഗ്യവുമാണ്. അവയ്ക്കുംപുറമെ, വളരെ കാലമായിട്ടു തിരുമനസ്സിലെ വിചാരം ദൈവികവിഷയത്തിലേക്കാണ് തിരിഞ്ഞിരിക്കുന്നത്. പ്രകൃത്യാ സദ്വൃത്തയായ ഈ മനസ്സിനെ പ്രത്യേകമായ ചില സംഗതികളുംകൂടെ ഈ വിഷയത്തിലേക്കു തിരിക്കുവാൻ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ൧൦൭൭-ാമാണ്ടു മീനമാസത്തിൽ മാതാവു തീപ്പെട്ടു. അതിനുശേഷം ഏഴു കൊല്ലങ്ങഠക്കിടയിൽ, അടുത്തടുത്തു സഹോദരന്മാർ എല്ലാവരും, പ്രത്യേകിച്ചു ഗയയിൽ തീപ്പെട്ട വിരകേരളതമ്പുരാൻ തിരുമനസ്സുകൊണ്ടും, പരലോകപ്രാപ്തരായി. ഈ സംഭവം പ്രത്യേകം ഒരു ദൈവശിക്ഷയാണെന്നുള്ള വിചാരമാണ് ഈശ്വരഭജനത്തിൽ ഇത്ര ആസക്തിയെ വദ്ധിപ്പിച്ചത്.

ഇത്ര വിദുഷിയും ശാസ്ത്രജ്ഞയുമായ ഒരു രാജ്ഞിയുടെ ശീലഗുണത്തെപ്പററി വളരെ വിവരിച്ചേ കഴിയൂയെന്നില്ല. എങ്കിലും സ്ത്രീകഠക്ക് അനുകരിക്കത്തക്കതായ അവിടത്തെ ചില ഗുണങ്ങഠ പ്രസ്താവയോഗ്യമാകുന്നു. സ്ത്രീജനങ്ങഠക്കു പ്രത്യേകം വേ

ണ്ടതായ വിനയവും അധൎമ്മഭീരുതയും ഈ തിരുമനസ്സിലേക്കു സഹജമായുള്ള ഗുണങ്ങളാണ്. തന്നോട് എടപെടുവാൻ സംഗതിയായിട്ടുള്ള എല്ലാവരോടും സന്മാൎഗ്ഗത്തിൽ ചരിക്കേണമെന്ന് ഉപദേശിക്കുക പതിവാണ്. ആ ഉപദേശപ്രകാരം നടക്കാത്തവരുടെ പേരിൽ, സാധാരണ ജനങ്ങൾക്കുണ്ടാകുന്നതുപോലെ ദ്വേഷ്യമല്ലാ, അനുകമ്പയാണ് അവിടെക്കുണ്ടാകുന്നത്. അവസ്ഥാവിശേഷംകൊണ്ട്, എത്രതന്നെ വിജ്ഞാനമുണ്ടെങ്കിലും, സാധാരണ ചിലരിൽ കാണുന്നതുപോലെ, 'ഞാൻ പിടിച്ച മുയലിനു കൊമ്പു നാല്' എന്നുള്ള വാശി ലേശവും അവിടെക്കില്ല. തന്നാൽ കഴിയുന്ന സഹായം ആൎക്കും ചെയ്വാൻ തയാറാണ്. സാധാരണ സംഭാഷണം വളരെ സ്നേഹത്തോടും അനഹങ്കാരത്തോടും ഭംഗിയോടും കൂടിയാണ്. തനിക്കു വേണ്ടിയുള്ളവരെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നതു കണ്ടാൽ, താൻ അവരുടെ നിലയിൽ നിന്ന് ഒട്ടുംതന്നെ ഉന്നതാവസ്ഥയിൽ ഇരിക്കുന്ന ഒരാളല്ലെന്നു തോന്നിപ്പോകും. അവരുടെ സൌഖ്യത്തിലും സൌകൎയ്യത്തിലും തനിക്കുള്ള ശ്രദ്ധ വളരെ കലശലാണ്. അവിടെക്കു ബാലപരിചരണത്തിൽ, മാതാവിനെപ്പോലെ തന്നെ, വളരെ സാമൎത്ഥ്യവും ശുഷ്കാന്തിയുമുണ്ട്. നമ്മുടെ ഇടയിൽ സാധാരണ ഉന്നതസ്ഥിതിയിൽ ഇരിക്കുന്ന മാതാക്കന്മാർ അവരുടെ സന്താനങ്ങളെ ധാത്രികളുടെ അനൎഹമായ ആൎദ്രതയെ അവലംബിച്ചു വിടുന്നതു പതിവാണല്ലോ. എന്നാൽ ഈ തിരുമേനി അങ്ങിനെയല്ല. സ്വന്തസന്താനങ്ങളെ തന്റെ ദൃഷ്ടിയിൽത്തന്നെ പരിപാലിക്കുന്നതിൽ പ്രത്യേകം ശ്രദ്ധവെക്കുന്നുണ്ട്. അതിനു ദൃഷ്ടാന്തം അവിടത്തെ വിദ്വാന്മാരായ രണ്ടു പുത്രന്മാരും വിദുഷികളായ രണ്ടു പുത്രിമാരും തന്നെയാണ്.

തിരുമനസ്സിലെ വക അനേകം കൃതികളുണ്ട്. അവയ്ക്കു വളരെ പ്രചാരമില്ലാതിരിക്കുന്നതിനു മുഖ്യമായി രണ്ടു കാരണങ്ങളുണ്ട്. ഒന്നാമതു ദൈവിക വിഷയങ്ങളെ സംബന്ധിച്ച കൃതികൾ

മിക്കതും സംസ്കൃതഭാഷയിലായത്; രണ്ടാമത്തു ഭാഷാകവിതകൾ പഴയ രീതിയെ അനുസരിച്ചവയായത്. തിരുമനസ്സിലെ അനേകം ഒററശ്ലോകങ്ങളും വേറെ കൃതികളും പ്രസിദ്ധം ചെയ്യിട്ടില്ല. വളരെ കുറച്ചെണ്ണം മാത്രമേ പ്രസിദ്ധം ചെയ്യിട്ടുള്ളൂ. ഈ വിഷയത്തിൽ കുറെ കീൎത്തിസമ്പാദിക്കേണമെന്ന മോഹമില്ലായ്കയും അവിടത്തെ കവിതയുടെ അപ്രസിദ്ധിക്കു കാരണമാകുന്നു. കവിതയ്ക്കു പ്രത്യേകമായുള്ള ഗുണം അനാവശ്യവും അപ്രസിദ്ധവുമായ പദപ്രയോഗമില്ലായ്കയും, ഭംഗിക്കു ദീക്ഷിച്ച് അൎത്ഥഭംഗം മുതലായതു വരുത്തായ്കയും,തനിക്കു പറവാനുള്ളതു പ്രയത്നംകൂടാതെ പറയുകയുമാകുന്നു. ഉദാഹരണമായി ഓരോ കൃതികളിൽ നിന്നും ഏതാനും ഭാഗം എടുത്തു ചേൎക്കുന്നതുകൊണ്ടു വിഷയം ദീൎഘിച്ചുപോകുവാനിടയുള്ളതിനാൽ, അങ്ങിനെ ചെയ്യുന്നില്ല. എങ്കിലും ഏതാനും ചിലതു താഴെ ചേൎക്കുന്നു. സംസ്കൃതകൃതികൾ: (൧) സൌഭദ്രസ്തവം. (൨) ഭഗവത്യഷ്ടകം. (൩)പൂൎണ്ണത്രയീശന്റെ കേശാദിപാദം വൎണ്ണന (൧൨ ശ്ലോകം.) (൪) പഴയന്നൂർ ഭഗവതിയുടെ കേശാദിപാദം വൎണ്ണന (൧൨ ശ്ലോകം). (൫) വഞ്ചുളേശസ്തവം. (൬) തൃപ്പൂണിത്തുറപ്പനെക്കൊണ്ടുള്ള സംസ്കൃതപാന. ഇവയിൽ ഒടുക്കം പറഞ്ഞ നാലു കൃതികളും അച്ചടിച്ചിട്ടില്ല. സംസ്കൃതകൃതികളുടെ സമ്പ്രദായം കാണിക്കുന്നതിനായി രണ്ടു ശ്ലോകങ്ങൾ താഴെ ചേൎക്കുന്നു. എന്നാൽ ഈ ശ്ലോകം എല്ലാററിലും നല്ലവയാണെന്നു വായനക്കാർ സംശയിച്ച് ഇവയിൽ നിന്നു മററുള്ളവയുടെ ഗുണദോഷത്തെ അനുമാനിക്കരുത്.

'ജാതോവേദസ്യഹേതോഃ പുരുതരമകര-
    സ്സച്ഛഭൂപേണഭൂയ-
സ്സ്വായേനൈകാംഗൃഹീത്വാ ദ്രവിഡനരപതിം
    താരയൽ സംകടാദ്യഃ
അശ്വഗ്രീവഞ്ചവിശ്വദ്രുഹമഥവിഗത-
    ഗ്രീവമാധായവേദാ

നാദായബ്രഹ്മണേദാഃ പ്രമുദിതഹൃദയഃ
 പാഹിപൂർണ്ണത്ര്യധീശ'. ൧
'ഗർവ്വിഷ്ഠംചാദിദൃഷ്ടംമധുമസുരവരം
 കൈടഭാചാപിദൃഷ്ട്വാ
ജാതോദ്വേഗസ്സുധാതാദ്ധ്യരഗശയനനാ-
 ഭ്യുത്ഥ്യപത്മനിഷണ്ണഃ
വാംഛന്നവിഷ്ണോഃ പ്രബോധം ബഹുവിധനുതിഭി-
 സ്സ്തുതാംചകാരപ്രസന്നാം
മായാംസാപോഹ്യപായസ്സദയമയിപുരാ-
 ണാലയാധീശ്വരീ ത്വം'. ൨

പദങ്ങൾക്കും മററുമായി അധികം ദീക്ഷിക്കുന്ന പതിവില്ലെന്നും, ഉള്ളതു നിഷ്പ്രയാസമായി പുറപ്പെടുവിക്കാൻ കഴിയുമെന്നും മേൽപറഞ്ഞ ശ്ലോകങ്ങളിൽ നിന്ന് ഏകദേശം ഗ്രഹിക്കാവുന്നതാണല്ലോ.

## ഭാഷാകൃതികൾ:—

(൧) തൃപ്പൂണിത്തുറപ്പന്റെ പാദാദികേശം ഭഗവദ്ധ്യാനപ്പാന. ഇത് ഇപ്പോഴത്തെ മഹാരാജാവിന്റെ മാതാവു തീപ്പെട്ട വലിയമ്മതമ്പുരാൻ തിരുമനസ്സിലെ ആവശ്യപ്രകാരം ഉണ്ടാക്കിയതാണ്. (൨) അഷ്ടമിരോഹിണി മാഹാത്മ്യം കിളിപ്പാട്ട്. (൩) കംസവധം ചീതങ്കൻ തുള്ളൽ. (൪) അമൃതാഹരണം പറയൻ തുള്ളൽ. (൫) ഭിക്ഷുഗീത ചീതങ്കൻ തുള്ളൽ. (൬) പൂതനാമോക്ഷം കൈകൊട്ടിക്കളിപ്പാട്ട് (൧൮ വൃത്തം). (൭) തൃണാവൃത്തവധം കൈകൊട്ടിക്കളിപ്പാട്ട് (൧൨ വൃത്തം). (൮) ജ്ഞാനവിഷയത്തിൽ ഒരു പാന. (൯) ധർമ്മനിർണ്ണയപ്പാന. (൧൦) രാമായണം യുദ്ധകാണ്ഡം പാന. വെള്ളാരപ്പിള്ളിയിൽ തീപ്പെട്ട വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു സുന്ദരകാണ്ഡം മുഴവനും പാനയാക്കി ഉണ്ടാക്കീട്ടുള്ളതുകൊണ്ടു പട്ടാഭിഷേകംവരെ പാനയാക്കി ഉണ്ടാക്കിയാൽ കൊള്ളാമെന്നു തമ്പുരാട്ടിമാർ ആവശ്യപ്പെട്ടതുകൊണ്ടാണ്

ഇരുണ്ടാക്കിയത്. (൧൧) അക്ഷരമാലയായിട്ടുള്ള വേറെ ചില ഗാനകൾ. ഇവ പ്രസിദ്ധം ചെയ്യിട്ടില്ല.

ഭാഷാകവിതയുടെ രീതി അറിയുന്നതിനു ചിലതു താഴെ ചേക്കാം. സാധാരണ കവിതയെപ്പററി ഗുണദോഷനിരൂപണം ചെയ്യുമ്പോൾ, ഏററവും നല്ലതും മോശവും ആയ ചില ഭാഗങ്ങളെ എടുത്തു കാണിക്കുന്ന ഒരു പതിവുണ്ട്. എന്നാൽ ഇവിടെ അതു ചെയ്യിട്ടില്ല.

കിളിപ്പാട്ട്– 'സംസാരാമയത്തിൻെറഹിംസയെച്ചെയ്യീടുവാൻ
കംസാരിചരിത്രത്തെസംസാരിപ്പതുപോലെ
കിംസുഖമായമാർഗ്ഗംശംസിപ്പാനെന്തൊന്നുള്ളു
തത്വംസദാവർണ്ണിച്ചാലുംസംസൃതീഹരൻകഥാ'

പാന– 'ചിത്തപത്മമധോമുഖമായുന്നെ
വത്തിക്കുന്നുകുടപ്പൻകണക്കനെ
മത്ത്യന്മാരതങ്ങൂദ്ധ്വമുഖമാകി
നിത്തിനന്നായ്പിട്ടത്തിവഴിപോലെ'.

തുള്ളക്കഥ– 'പങ്കജദളനയനാപരിവൃഢഗുണസദനാ
പന്നഗവരശയനാപരവനദവദഹനാ
പാർവ്വണശശിവദനാപശുപവധൂമദനാ
പാലയമധുമഥനാപരിചൊടുമാമധുനാ'

'മെല്ലവേപീലിത്തിരുമുടിയുംനിശാ
വല്ലഭൻതങ്കലാപോലുള്ളഫാലവും
ചില്ലീയുഗളവുംകാരുണ്യപൂർണ്ണമാ–
യുള്ളോരുനേത്രദ്വയവുംകടാക്ഷവും'

'ഹസ്തിയെക്കണ്ടനേരത്താമുകുന്ദനും
ഹസ്തങ്ങൾകൊണ്ടുതൻകുന്തളംമെല്ലവേ
സത്വരംബന്ധിച്ചുറപ്പിച്ചുതന്നുടെ
വസ്ത്രവുംനല്ലവണ്ണംമുറുക്കീടിനാൻ'

ഈ വിവരണം വളരെ സ്വാഭാവികമായിട്ടുണ്ടെന്നു കുട്ടികളുടെ തമ്മിത്തല്ലു കണ്ടിട്ടുള്ളവൎക്കെല്ലാം നല്ലവണ്ണം അറിയാവുന്നതാണ്.

‘കടിതന്നിൽച്ചിലർഹാരംമടിക്കൂടാതണിഞ്ഞുംകൊ-
ണ്ടുടനേതന്റെഹാരിത്വംദൃഢമായ്സ്പഷ്ടമാക്കുന്നു’
‘വിക്രമിക്കേണ്ടതുപാരംമുഷ്ക്കരോടല്ലയോവേണ്ടു’

ഇത്യാദിഫലിതങ്ങളും നീതിവാക്യങ്ങളും ഓരോ കൃതികളിൽ ധാരാളമുണ്ട്. ലേഖനം ദീൎഘിച്ചുപോകുന്നതിനെ ഭയന്നാണ് ഇനിയും ഓരോ ഉദാഹരണങ്ങളെ എടുത്തു ചേൎക്കാത്തത്. ഈ തിരുമേനി ‘ശാരദ’ എന്ന മാസികയുടെ രക്ഷാധികാരിണിമാരിൽ ഒരാളായിരുന്നു. അക്കാലത്തു തിരുമേനിയുടെ കവിതകൊണ്ട് ആ മാസികയെ അലങ്കരിച്ചിരുന്നു. അവിടത്തെ ഭാഷാശ്ലോകങ്ങളുടെ രീതി കാണിക്കുന്നതിനായി ഒരു ശ്ലോകം താഴെ ചേൎക്കുന്നു.

അന്തേമാധവനാമകീൎത്തനമഹാ
    പുണ്യത്തിനാൽത്തല്പദേ
ചന്തത്തോടമരുന്നമങ്കമഹിതേ!
    ചിററമ്മപെററോമനേ!
ഞാന്തീൎത്തഷ്ടമിരോഹണീവ്രതമതാ-
    ണിപ്പാട്ടുനൽകുന്നത-
ങ്ങാന്തെന്നാലുമിതച്ച്യുതപ്രിയജനം
    നന്നാക്കിടുംനിൎണ്ണയം’.

SRI KRISHNAVILASAM READING ROOM * MALAYINKEEL *